سورة النور

24. സൂറത്തുന്നൂർ

മദീനയിൽ അവതരിച്ചത് - വചനങ്ങൾ 64 - വിഭാഗം (റുകൂഉ്) 9

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ ﴿١﴾

പരമ കാരുണികനും, കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ.

سُورَةٌ أَنزَلۡنَٰهَا وَفَرَضۡنَٰهَا وَأَنزَلۡنَا فِيهَآ ءَايَٰتِۭ بَيِّنَٰتٖ لَّعَلَّكُمۡ تَذَكَّرُونَ ﴿١﴾

﴾1﴿ ഒരു (പ്രധാന) അദ്ധ്യായം! നാം അത് അവതരിപ്പിക്കുകയും, നിയമമാക്കുകയും ചെയ്തിരിക്കുന്നു. (അങ്ങനെയുള്ളതാണത്.) നിങ്ങൾ ഓർമിക്കുവാൻവേണ്ടി, വ്യക്തമായ പല ദൃഷ്ടാന്തങ്ങളും അതിൽ നാം അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു.

﴾1﴿ سُورَةٌ ഒരു അദ്ധ്യായമാണ് (ഇത്), ഒരു സൂറത്താണ് أَنزَلْنَاهَا നാമത് അവതരിപ്പിച്ചിരിക്കുന്നു وَفَرَضْنَاهَا നാമത് നിയമമാക്കിയിരിക്കുന്നു وَأَنزَلْنَا فِيهَا നാമതിൽ അവതരിപ്പിക്കുകയും ചെയ്തു آيَاتٍ പല ദൃഷ്ടാന്തങ്ങൾ, ലക്ഷ്യങ്ങൾ بَيِّنَاتٍ വ്യക്തമായ, തെളിവുകളായ لَعَلَّكُمْ നിങ്ങളാകുവാൻവേണ്ടി, നിങ്ങളായേക്കാം تَذَكَّرُونَ ഓർമിക്കും, ഉറ്റാലോചിക്കും

ആചാരമര്യാദകൾ, ശിക്ഷാനിയമങ്ങൾ, വ്യക്തിപരമായ കടമകൾ, സാമൂഹ്യബാധ്യതകൾ എന്നിങ്ങിനെ പലതുറകളിലുമുള്ള മതനിയമങ്ങൾ വളരെയധികം വിവരിച്ചിട്ടുള്ള ഒരു അദ്ധ്യായമാണ് ഈ സൂറത്ത്. ഈ വസ്തുത സൂചിപ്പിച്ചുകൊണ്ടാണ് 'നാം അത് നിയമമാക്കുകയും ചെയ്തു' എന്ന് പറഞ്ഞത്. കൂടാതെ, അല്ലാഹുവിന്റെ സൃഷ്ടിമാഹാത്മ്യവും ഏകത്വവും സ്ഥാപിക്കുന്ന പല പ്രകൃതിദൃഷ്ടാന്തങ്ങളും ഈ സൂറത്തിൽ വിവരിച്ചു കാണാം. പുരുഷൻമാരെയും സ്ത്രീകളെയും വെവ്വേറെയും, കൂട്ടായും ബാധിക്കുന്ന വളരെ നിയമങ്ങൾ ഉൾക്കൊള്ളുന്നതും ഈ സൂറത്തിന്റെ ഒരു വിശേഷതയാകുന്നു. താരതമ്യേന സ്ത്രീകളെ സംബന്ധിക്കുന്ന കാര്യങ്ങൾ കൂടുതൽ ഉൾക്കൊ

ള്ളുന്നതുകൊണ്ടാണ് -ഉമർ (റ) മുജാഹിദ് (റ) മുതലായവരിൽനിന്ന് നിവേദനം ചെയ്യ പ്പെട്ടിട്ടുള്ളത് പോലെ- സ്ത്രീകൾക്ക് സൂറത്തുന്നൂർ പഠിപ്പിക്കുവാൻ പ്രത്യേകം പ്രോത്സാ ഹിപ്പിക്കപ്പെട്ടിരിക്കുന്നത്.

ٱلزَّانِيَةُ وَٱلزَّانِي فَٱجْلِدُوا۟ كُلَّ وَٰحِدٍ مِّنْهُمَا مِا۟ئَةَ جَلْدَةٍ ۖ وَلَا تَأْخُذْكُم بِهِمَا رَأْفَةٌ فِي دِينِ ٱللَّهِ إِن كُنتُمْ تُؤْمِنُونَ بِٱللَّهِ وَٱلْيَوْمِ ٱلْـَٔاخِرِ ۖ وَلْيَشْهَدْ عَذَابَهُمَا طَآئِفَةٌ مِّنَ ٱلْمُؤْمِنِينَ ﴿٢﴾

﴾2﴿ വ്യഭിചാരം ചെയ്തവളാകട്ടെ, വ്യഭിചാരം ചെയ്തവനാകട്ടെ, -അവരിൽ ഓരോരുത്തരെയും- നിങ്ങൾ നൂറ് അടി അടിക്കുവിൻ! അല്ലാഹുവിന്റെ മതനടപടിയിൽ, അവരെ സംബന്ധിച്ച് യാതൊരു ദയയും- നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുണ്ടെങ്കിൽ- നിങ്ങൾക്ക് പിടിപെട്ടുപോകരുത്! അവരുടെ ശിക്ഷ നടക്കുന്നിടത്ത് സത്യവിശ്വാസികളിൽ നിന്നുള്ള ഒരു വിഭാഗമാളുകൾ സന്നിഹിതരാകുകയും ചെയ്തുകൊള്ളട്ടെ.

﴾2﴿ الزَّانِيَةُ വ്യഭിചാരം ചെയ്യുന്നവൾ وَالزَّانِي വ്യഭിചാരം ചെയ്യുന്നവനും فَاجْلِدُوا നിങ്ങൾ അടിക്കുവിൻ كُلَّ وَاحِدٍ എല്ലാ ഓരോരുവരെയും مِنْهُمَا അവർ രണ്ടാളിൽനിന്നും مِائَةَ جَلْدَةٍ നൂറടി (വീതം) وَلَا تَأْخُذْكُم നിങ്ങൾക്ക് പിടിപെടരുത് بِهِمَا അവരെ രണ്ടാളെയും സംബന്ധിച്ച് رَأْفَةٌ ഒരു ദയയും, കൃപയും فِي دِينِ اللهِ അല്ലാഹുവിന്റെ മതനടപടിയിൽ إِنْ كُنتُمْ നിങ്ങളാണെങ്കിൽ تُؤْمِنُونَ വിശ്വസിക്കുന്ന(വർ) بِاللهِ അല്ലാഹുവിൽ وَالْيَوْمِ الآخِرِ അന്ത്യദിനത്തിലും وَلْيَشْهَدْ സന്നിഹിതരാവുക (ഹാജരുണ്ടാവുക)യും ചെയ്തുകൊള്ളട്ടെ عَذَابَهُمَا അവരുടെ ശിക്ഷയുടെ (ശിക്ഷ നടത്തുന്നതിന്റെ) അടുക്കൽ طَائِفَةٌ ഒരു വിഭാഗം, ഒരു കൂട്ടർ مِنَ الْمُؤْمِنِينَ സത്യവിശ്വാസികളിൽ നിന്നുള്ള

വ്യഭിചാരത്തെയും, അതുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ള കാര്യങ്ങളെയും കുറിച്ചാണ് ഈ സൂറത്തിലെ അധികഭാഗവും വിനിയോഗിക്കപ്പെട്ടിരിക്കുന്നത്. ആദ്യമായി പ്രസ്താവിക്കുന്നത് വ്യഭിചാരത്തിന്റെ ശിക്ഷാനിയമമാകുന്നു. ശിർക്കും, കൊലയും കഴിച്ചാൽ പിന്നെ, ഇസ്ലാമിന്റെ ദൃഷ്ടിയിൽ ഏറ്റവും ഭയങ്കരമായ പാപം വ്യഭിചാരമാകുന്നു. സൂ: ഫുർകാൻ 68 ലും മറ്റും ഇത് കാണാം. ഇഹത്തിൽ അതുമൂലമുണ്ടാകുന്ന ആപത്തുകളും, പരത്തിൽ ഉണ്ടാകുന്ന ശിക്ഷയും ഭീമമായതാകുന്നു. ക്വുർആനിലും, ഹദീഥിലും ഇതിനെപ്പറ്റി ധാരാളക്കണക്കിൽ വിവരിച്ചിരിക്കുന്നത് കാണാം. ഇമാം ബൈഹക്വി (റ) മുതലായവർ ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ അതിന്റെ രത്നച്ചുരുക്കം ഉൾക്കൊള്ളുന്നതുകൊണ്ട് അതിവിടെ ഉദ്ധരിക്കാം. നബി ﷺ പറയുകയാണ്:-

يامعشر الناس اتقوا الزنافان فيه ست خصال ثلاث فى الدنيا وثلاث في الاخرة فاما اللاتى في الدنيا فيذهب البهاء و يورث الفقر وينقص العمر وأما اللاتى في الاخرة فيوجب السخطة وسوء الحساب والخلود في النار-البيهقي وغيره

സാരം: 'മനുഷ്യരേ, നിങ്ങൾ വ്യഭിചാരം സൂക്ഷിക്കണേ! കാരണം; അതിൽ ആറ് കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്. മൂന്നെണ്ണം ഇഹത്തിലും, മൂന്നെണ്ണം പരത്തിലും ഉള്ളതാകുന്നു. ഇഹത്തിൽവെച്ചുള്ളത് ഏതെന്നുവെച്ചാൽ: അത് മനുഷ്യന്റെ ലാവണ്യം നശിപ്പിക്കുന്നു, ദാരിദ്ര്യത്തെ അവകാശപ്പെടുത്തുന്നു, ആയുസ്സ് ചുരുക്കിക്കളയുകയും ചെയ്യുന്നു. പരലോകത്ത് വെച്ചുണ്ടാകുന്നവയാകട്ടെ, അത് (അല്ലാഹുവിന്റെയും സൃഷ്ടികളുടെയും) ക്രോധത്തെയും, കഠിനമായ വിചാരണയെയും, നരകത്തിൽ സ്ഥിരവാസത്തെയും ഉണ്ടാക്കിത്തീർക്കുകയും ചെയ്യുന്നു.'

നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അവരിൽ ശിക്ഷ നടത്തുന്ന കാര്യത്തിൽ യാതൊരു ദയയും ഉണ്ടാകുവാൻ പാടില്ല എന്നും, ശിക്ഷ നടത്തുന്നത് ഒരു വിഭാഗം ആളുകളുടെ മുമ്പാകെവെച്ച് പരസ്യമായിട്ടായിരിക്കണമെന്നും കൽപിക്കുമ്പോൾ, അല്ലാഹുവിന്റെ അടുക്കൽ അത് എത്രമാത്രം ഭയങ്കരമായ പാപമായിട്ടാണ് ഗണിക്കപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാക്കാം. കുടുംബബന്ധങ്ങളും, പിതൃബന്ധങ്ങളും താറുമാറാക്കുന്ന ഒരു വമ്പിച്ച മൃഗീയ നീചവൃത്തിയത്രെ വ്യഭിചാരം. ഇത്രയും നീചവും നികൃഷ്ടവുമായ ഒരു പാപമായത് കൊണ്ടുതന്നെയാണ്, ഒരാളെപ്പറ്റി വ്യഭിചാരാരോപണം പറയുന്നവൻ - നാല് സാക്ഷികൾ മുഖാന്തരം അവനത് തെളയിക്കാത്തപക്ഷം- 80 അടി ശിക്ഷ നൽകപ്പെടണമെന്നും മറ്റും 4-ാം വചനത്തിൽ കൽപിക്കപ്പെട്ടിട്ടുള്ളതും.

ഒരാൾ ഈ നീചപ്രവൃത്തി ചെയ്തതായി ഒന്നോ, രണ്ടോ, മൂന്നോ പേർ അറിഞ്ഞാൽപോലും അത് രഹസ്യമാക്കി വെക്കണമെന്ന് ഇതുകൊണ്ട് വരുന്നു. അത് ഗോപ്യമാക്കിവെക്കാതെ, അവന്റെമേൽ ജനമദ്ധ്യേ ദുഷ്കീർത്തിയുണ്ടാക്കരുതെന്നാണ് ഇതിന്റെ അർത്ഥം. ഒരു പക്ഷേ, അവൻ സ്വയം ഖേദിച്ചുമടങ്ങിയേക്കാം. അല്ലെങ്കിൽ അല്ലാഹു അവന്റെമേൽ നടപടി എടുത്തുകൊള്ളും എന്ന് സമാധാനിക്കാം. എനി, നാലോ അധികമോ പേർ കാണുകവഴി അത് പരസ്യപ്പെടുന്നപക്ഷം, അപ്പോൾ അതിന് തക്ക ശിക്ഷ നൽകപ്പെടാതിരുന്നാൽ അത് ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും ചീത്തപ്പേരാണെന്ന് മാത്രമല്ല, സമുദായത്തിന്റെ അച്ചടക്കത്തിനും, സാമൂഹ്യനന്മക്കും, നിയമത്തിന്റെ ഭദ്രതക്കും ദോഷകരവുമായിരിക്കും. അതുകൊണ്ട് എനിയത് അഗണ്യമാക്കുവാൻ വയ്യ. ചുരുക്കിപ്പറഞ്ഞാൽ, ഒരാളിൽ വല്ല നീചപ്രവൃത്തിയും കണ്ടാൽ കഴിയുന്നതും അത് പരസ്യമാക്കാതിരിക്കണം. അത് രംഗത്ത്‌വന്നു തെളിഞ്ഞുകഴിഞ്ഞാൽ അതിന് തക്ക നടപടി എടുക്കാതെ വിട്ടുകളയുകയും ചെയ്യരുത്. ഇതാണ് ശിക്ഷാനടപടികളെ സംബന്ധിച്ചിടത്തോളം ഇസ്‌ലാമിന്റെ പൊതുനില. വ്യഭിചാരം ചെയ്തതായി സ്വയം ഏറ്റുപറയുകയും, ശിക്ഷാനടപടി നടത്തിക്കൊള്ളുവാൻ സ്വയം ആവശ്യപ്പെടുകയും ചെയ്ത ചിലരോട്, ആദ്യത്തിൽ നബിﷺ കേട്ടഭാവം നടിക്കാതെ കണ്ണടക്കുകയും, വീണ്ടും വീണ്ടും അപേക്ഷിച്ചപ്പോൾ മാത്രം ശിക്ഷ വിധിക്കുകയും ചെയ്തിട്ടുള്ളത് ഈ സന്ദർഭത്തിൽ സ്മരണീയമാകുന്നു. നബി തിരുമേനിﷺ ഇപ്രകാരം അരുളിച്ചെയ്തതായി ഹദീഥിൽ കാണാം.

تعافوا الحدود فيما بينكم فما بلغنى من حدفقد وجب – ابوداود والنسائى

സാരം: 'നിങ്ങൾക്കിടയിൽ 'ഹദ്ദ്'കളെ (ശിക്ഷാനിയമത്തിന് വിധേയമായ കുറ്റങ്ങളെ) അന്യോന്യം വിട്ടുവീഴ്ച ചെയ്യുവിൻ. എന്നാൽ, എന്റെ അടുക്കൽ വല്ല 'ഹദ്ദും' എത്തിക്കഴിഞ്ഞാൽ പിന്നെ അത് (ശിക്ഷാനടപടി എടുക്കൽ) നിർബന്ധമാക്കി.' അതായത്: അധികൃതസ്ഥാനത്ത് എത്തിക്കഴിഞ്ഞാൽ തെളിവനുസരിച്ച് ശിക്ഷിക്കാതിരിക്കുവാൻ പാടില്ല. കഴിയുന്നതും അതവിടെ എത്താതിരിക്കത്തക്കവണ്ണം അഗണ്യമാക്കു

വാൻ ശ്രമിക്കേണ്ടതാണ് എന്ന് താൽപര്യം.

നമ്മുടെ സ്ഥിതിയോ? ആരെങ്കിലും, എന്തെങ്കിലും ഒരു ദുഷ്പ്രവൃത്തി ചെയ്തതായോ, ചെയ്യാൻ ഭാവമുള്ളതായോ വല്ല കേട്ടുകേൾവിയും ലഭിക്കേണ്ട താമസം, അത് ഏറ്റുപാടുകയും, പറഞ്ഞുപരത്തുകയും ചെയ്യുക സാധാരണമാകുന്നു. എനി, ഉത്തരവാദപ്പെട്ട സ്ഥാനത്ത് കേസ്സുകൾ എത്തിയാലത്തെ കഥയാണെങ്കിൽ, അവിടെ സത്യത്തിനോ, നീതിക്കോ നിയമത്തിനോ അല്ല-സ്വാർത്ഥത്തിനും ശിപാർശക്കും കക്ഷിമനസ്ഥിതിക്കുമാണ്- പ്രാബല്യം കാണപ്പെടുന്നതും. അതോടൊപ്പം, ഇന്ന് നിലവിലുള്ള ശിക്ഷാനിയമങ്ങളാകട്ടെ, വേദന തീണ്ടാത്തതും, ബുദ്ധിമുട്ട് കൂടാതെ അനുഭവിക്കാവുന്നതും! അങ്ങനെ, സമുദായമാകമാനം ധാർമികമായ ഒരുതരം അരാജകത്വത്തിലേക്ക് ദിനംപ്രതി നീങ്ങിക്കൊണ്ടിരിക്കുന്നതാണ്. വ്യസനകരം!

നബി തിരുമേനിﷺ യുടെ പ്രിയപ്പെട്ട പോറ്റുപുത്രൻ ഉസാമത്തുബ്നുസൈദ് (റ) ഒരിക്കൽ ഒരു ഭേദപ്പെട്ട സ്ത്രീ മോഷണംചെയ്ത കേസ്സിൽ ശുപാർശ നടത്തുകയുണ്ടായി. മറ്റാരും തിരുമേനിയുടെ അടുക്കൽ ശുപാർശക്ക് ചെല്ലുവാൻ ധൈര്യപ്പെടാതിരുന്നത് കൊണ്ട് കേവലം ചെറുപ്പക്കാരനും, തിരുമേനിയുടെ വാത്സല്യപാത്രവുമായ ഉസാമഃ (റ)യെ പ്രതിഭാഗം തിരഞ്ഞെടുത്തയച്ചതായിരുന്നു. 'അല്ലാഹുവിന്റെ ശിക്ഷാനടപടികളിൽ ശുപാർശക്ക് വന്നിരിക്കുകയാണോ നീ?!' എന്ന് ദ്വേഷ്യപ്പെട്ടുകൊണ്ട് ആക്ഷേപിക്കുകയും അതിനെത്തുടർന്ന് ഒരു പ്രസംഗം തന്നെ നടത്തുകയുമാണ് തിരുമേനി ചെയ്തത്. അതിൽ അവിടുന്ന് ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'പ്രമാണിമാർ കളവ് നടത്തിയാൽ വിട്ടുകളയുകയും, അബലരായ ആളുകൾ കളവ് നടത്തിയാൽ ശിക്ഷാനടപടി എടുക്കുകയും ചെയ്തിരുന്ന സമ്പ്രദായമാണ്, നിങ്ങൾക്ക് മുമ്പുള്ളവരെ (വേദക്കാരെ) നാശത്തിലാക്കിയത്. അല്ലാഹു തന്നെയാണ സത്യം! മുഹമ്മദിന്റെ മകൾ ഫാത്വിമഃതന്നെ കളവ് നടത്തിയാലും ഞാൻ അവളുടെ കൈ മുറിച്ചുകളയും!' **(ولو ان فاطمة بيت محمد سرقت لقطعت يدها)**

ഈ ഹദീഥ് ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ചിട്ടുള്ളതാണ്.

ഇസ്‌ലാമിലെ ശിക്ഷാനിയമങ്ങളെപ്പറ്റി, 'പഴഞ്ചൻ, അപരിഷ്കൃതം, നിർദ്ദയം' എന്നൊക്കെ ആക്ഷേപിക്കപ്പെടാറുണ്ട്. 'പരിഷ്കൃതാശയക്കാരെ'ന്നഭിമാനിക്കുന്ന ചില മുസ്‌ലിംകൾപോലും ഈ അഭിപ്രായക്കാരാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. മനഃശാസ്ത്രത്തെയും, പരിഷ്കൃത യുഗത്തെയും ചൊല്ലി, മതനിയമങ്ങളെ ആക്ഷേപിക്കുന്ന ആളുകളാൽ നിർമിതങ്ങളായ ഇന്നത്തെ ശിക്ഷാനിയമങ്ങളാകട്ടെ, കുറ്റങ്ങൾ കുറക്കുവാനും, അച്ചടക്കവാസനയുണ്ടാക്കുവാനും പര്യാപ്തങ്ങളല്ലെന്ന് നിത്യാനുഭവങ്ങൾ തെളിയിച്ചുകൊണ്ടിരിക്കയാണ്. നമ്മുടെ നാട്ടിൽതന്നെ, ഗവർമെണ്ട് അതിന്റെ പരാജയം സമ്മതിക്കേണ്ടിവന്ന പല നിയമങ്ങളും നിലവിലുള്ളത് നമുക്കറിയാമല്ലോ. കൊലശിക്ഷ എടുത്ത് കളഞ്ഞശേഷം വീണ്ടും അത് നടപ്പിലാക്കുവാൻ ചില രാഷ്ട്രങ്ങൾ നിർബന്ധിതമായ വാർത്തകളും നാം കേട്ടുകൊണ്ടിരിക്കുന്നു. ചിന്തകൻമാരായ പല വ്യക്തികളും ഇതിന്റെയെല്ലാം പശ്ചാത്തലം മനസ്സിലാക്കിയിട്ടുണ്ടെങ്കിലും, ഭരണച്ചെങ്കോലുകൾ കൈവശം വെക്കുന്നവരുടെഗതി പിന്നെപ്പിന്നെ അധഃപതനത്തിലേക്കാണെന്ന് പറയേണ്ടിയിരിക്കുന്നു. വ്യഭിചാരവിഷയകമായി നോക്കുകയാണെങ്കിൽ, ബലാൽസംഗം മാത്രമാണ് ഇന്നത്തെ നിയമപ്രകാരം പല രാഷ്ട്രങ്ങളിലും ശിക്ഷാർഹമായിട്ടുള്ളതെന്ന് പറയാം. നിയമപരമായി നോക്കുമ്പോൾ വ്യഭിചാരത്തിന് പ്രോൽസാഹനമോ, നിർബന്ധമോ എവിടെയും നിലവിലില്ല എന്നത് ശരിയാണ്. എങ്കിലും, പല

കലാവിനോദങ്ങളും, പുതുതായി നടപ്പിൽ വന്നുകൊണ്ടിരിക്കുന്ന ഏതാനും സർക്കാർ നിയമങ്ങളും ഇക്കാലത്ത് വ്യഭിചാരവൃത്തിക്ക് തികച്ചും പ്രോൽസാഹനം നൽകുന്നുവെന്നത് ഒരു വാസ്തവം മാത്രമാണ്. മനുഷ്യത്വത്തെയും, ധാർമികത്വത്തെയും നില നിറുത്തേണമെങ്കിൽ, മനുഷ്യസ്രഷ്ടാവിനാൽ നിയമിക്കപ്പെട്ട ധാർമിക നടപടികൾ സ്വീകരിച്ചേ തീരൂ.

ക്വുർആൻ വ്യാഖ്യാതാക്കളും, ഇസ്‌ലാമിക കർമശാസ്ത്ര (**الفقه الاسلامى**) പണ്ഡിതൻമാരും വളരെയധികം വിസ്തരിച്ചു വിവരിച്ചിട്ടുള്ള ഒരു ആയത്താണ് നാം വായിച്ചത്. ഈ ആയത്തിൽ നിന്നും, അതിനോട് ബന്ധപ്പെട്ട ഹദീഥുകളിൽ നിന്നുമായി അനവധി സംഗതികൾ ഇവിടെ അവർ വിവരിച്ചു കാണാം. അവയിൽ മുഖ്യമായ ഒന്ന് രണ്ട് സംഗതികൾ ഇവിടെ ചുരുക്കി പ്രസ്താവിക്കുന്നത് ആവശ്യമാകുന്നു. അതിനുമുമ്പായി, ഇസ്‌ലാമിന്റെ ഒരു അടിസ്ഥാനതത്വം ഇവിടെ ഓർക്കേണ്ടതുണ്ട്. ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങൾ ക്വുർആനും ഹദീഥുമാകുന്നു. വേദഗ്രന്ഥവും, സാക്ഷാൽ അടിസ്ഥാനവും ക്വുർആൻ തന്നെ. നബി തിരുമേനിﷺയുടെ വചനങ്ങളും, മാതൃകാപ്രവർത്തനങ്ങളുമാകുന്ന സുന്നത്ത്- അല്ലെങ്കിൽ ഹദീഥ്- അതിന്റെ വ്യാഖ്യാനവുമാണ്. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, ക്വുർആന്റെ വ്യാഖ്യാതാവാണ് നബി തിരുമേനിﷺ. അവിടുത്തെ വ്യാഖ്യാനത്തിന് നിരക്കാത്ത ഏത് വ്യാഖ്യാനവും സ്വീകാര്യമല്ല തന്നെ. ഇതിന് തെളിവായി പലതും ഉദ്ധരിക്കുവാനുണ്ടെങ്കിലും, അൽപം ചില ക്വുർആൻ വചനങ്ങൾകൊണ്ട് നമുക്ക് ഇവിടെ മതിയാക്കാം:-

(١) و أنزلنا إليك الذكر لتبين لناس ما نزل إليهم - النحل

(٢) وما ينطق عن الهوى إن هو إلاّ وحيٌ يوحى - النجم

(٣) وما آتاكم الرسول فخذوه وما نهكم عنه فانتهوا واتقوالله ان الله شديد العقاب - الحشر

സാരങ്ങൾ: 1. ജനങ്ങൾക്ക് ഇറക്കപ്പെട്ടിട്ടുള്ളതിനെ അവർക്ക് നീ വിവരിച്ചു കൊടുക്കുവാനാണ് നിനക്ക് നാം 'ദിക്റി' നെ ഇറക്കിയിട്ടുള്ളത്. 16:44 (ഇവിടെ 'ദിക്ർ' (ذِكر) എന്ന പദത്തിന് 'ബോധനം, സ്മരണ, ഉപദേശം' എന്നിങ്ങനെയുള്ള ഏത് വാക്കർത്ഥം കൊടുത്താലും ശരി, ക്വുർആൻ മാത്രമോ, അല്ലെങ്കിൽ ക്വുർആൻ അടക്കമുള്ള ദിവ്യ ബോധനങ്ങളോ ആണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന കാര്യത്തിലും, നബിﷺയെ അഭിമുഖീകരിച്ചുകൊണ്ടാണിത് പറഞ്ഞിട്ടുള്ളതെന്ന കാര്യത്തിലും സംശയമില്ല.)

2. അദ്ദേഹം- നബി- തന്നിഷ്ടപ്രകാരം മിണ്ടുകയില്ല. (സംസാരിക്കുകയില്ല) അത് അദ്ദേഹത്തിന് നൽകപ്പെടുന്ന 'വഹ്‌യ്'ല്ലാതെ മറ്റൊന്നുമല്ല. 53: 3, 4.

3. റസൂൽ നിങ്ങൾക്ക് കൊണ്ടുവന്നതെന്തോ അത് നിങ്ങൾ സ്വീകരിക്കുവിൻ; അദ്ദേഹം നിങ്ങളോട് ഏതൊന്നിനെപ്പറ്റി വിരോധിച്ചുവോ അത് നിങ്ങൾ വർജ്ജിക്കുകയും ചെയ്യുവിൻ! 59:7 (സ്വീകരിക്കുവാൻ പറയുന്നിടത്ത് അദ്ദേഹം 'കൽപിച്ചത്' എന്ന് പറയാതെ, അദ്ദേഹം കൊണ്ടുവന്നത് (مَا آتَاكُمُ) എന്ന് പറഞ്ഞഭാഗം പ്രത്യേകം ഗൗനിക്കേണ്ടതാകുന്നു. അദ്ദേഹത്തിന്റെ വാക്കിൽ മാത്രമല്ല; പ്രവൃത്തിയിലും മാതൃകയുണ്ടെന്നാണത് കാണിക്കുന്നത്).

ഉദ്ദേശ്യം വിവരിക്കുക, സാമാന്യമായിപ്പറഞ്ഞതിനെ വിസ്തരിച്ചു കാണിക്കുക, സൂച

നകൾ വെളിപ്പെടുത്തുക, പരിധികളും ഉപാധികളും നിർണയിക്കുക, മൊത്തമായിപ്പറഞ്ഞതിനെ വിശദീകരിക്കുക മുതലായതിനാണല്ലോ വ്യാഖ്യാനമെന്ന് പറയുന്നത്. *(*)*

الزانية والزاني (വ്യഭിചാരം ചെയ്തവളും വ്യഭിചാരം ചെയ്തവനും) എന്ന വാക്കുകൾ വിവാഹം കഴിഞ്ഞവർക്കും, വിവാഹം കഴിയാത്തവർക്കും ഉപയോഗിക്കാവുന്നതാണ്. പക്ഷേ, ഹദീഥിൽ, വ്യഭിചാരം ചെയ്യുന്നവരെ 'മുഹ്സ്വൻ' (**المحصن**)എന്നും, 'മുഹ്സ്വൻ' അല്ലാത്തവൻ (**غير المحصن**) എന്നും വിഭജിച്ചിരിക്കുന്നു. 'മുഹ്സ്വാൻ' എന്ന വാക്ക് ഒന്നിലധികം അർത്ഥത്തിൽ ഉപയോഗിക്കപ്പെടാറുണ്ട്. അതിനെപ്പറ്റി 4-ാം വചനത്തിന്റെ വിവരണത്തിൽ കാണാം. അംഗീകരിക്കപ്പെട്ട വിവാഹം വഴി, ഭാര്യാഭർത്തൃസഹവാസം നടന്നിട്ടുള്ള സ്വതന്ത്രനായ- അടിമയല്ലാത്ത- ആൾ എന്നാണ് ഇവിടെ ഈ വാക്കുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഭാര്യാഭർത്തൃ സഹവാസം നടന്നിട്ടില്ലാത്തവരും, അംഗീകൃത വിവാഹം കഴിയാത്തവരും, അടിമകളും 'മുഹ്സ്വന'ല്ലാത്തവരിൽ ഉൾപ്പെടുന്നു.

ആയത്തിൽ പ്രസ്താവിച്ച അടിശിക്ഷ 'മുഹ്സ്വന' ല്ലാത്തവനുള്ളതാണെന്നും, 'മുഹ്സ്വന്റെ' ശിക്ഷ എറിഞ്ഞുകൊല്ലലാണെന്നും നബി തിരുമേനിﷺവാക്ക് മുഖേനയും, പ്രവൃത്തി മുഖേനയും വ്യക്തമാക്കിയിരിക്കുകയാണ്. നിഷ്പക്ഷഹൃദയനായ ഏതൊരു മുസ്‌ലിമിനും നിഷേധിക്കാൻ കഴിയാത്തവണ്ണം ബലവത്തായ അനേകം ഹദീഥുകൾ വഴി ഇത് സ്ഥാപിതമായിട്ടുണ്ട്. അബൂബക്ർ, ഉമർ, അലി, ജാബിർ, അബൂസഈദിൽ ഖുദ്‌രീ, അബൂഹുറയ്റഃ, സൈദുബ്നു ഖാലിദ്, ബുറൈദത്തുൽ അസ്‌ലമീ (رضى الله عنهم) തുടങ്ങിയ പല സ്വഹാബികളിൽ നിന്നും നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതും, ബുഖാരീ, മുസ്‌ലിം (റ) തുടങ്ങിയ എല്ലാ പ്രധാന ഹദീഥ് പണ്ഡിതൻമാരും രേഖപ്പെടുത്തിയിട്ടുള്ളതുമാണ് അവ. ഒരൊറ്റ സ്വഹാബിയോ, താബിഈ (സ്വഹാബികളുടെ പിൻഗാമി)യോ, ഇമാമോ ഇതിൽ എതിരഭിപ്രായക്കാരുമില്ല. നബി തിരുമേനിﷺ തന്നെ, എറിഞ്ഞുകൊല്ലുവാൻ വിധി നടത്തിയ സംഭവങ്ങൾ മൂന്നെണ്ണം രേഖപ്പെടുത്തപ്പെട്ടിട്ടുമുണ്ട്. ഖുലഫാഉർറാശിദിന്റെ കാലത്തും അത് നടന്നിരിക്കുന്നു. അവ മുഴുവനോ, ഏതാനുമോ ഇവിടെ വിവരിക്കുന്നപക്ഷം ഈ വിവരണം വളരെ ദീർഘിച്ചുപോകുന്നത്കൊണ്ടും ആർക്കും അന്വേഷിച്ചറിയാവുന്നവിധം അവ ശ്രുതിപ്പെട്ടതാകകൊണ്ടും ഇവിടെ അവ ഉദ്ധരിക്കുന്നില്ല.

ചുരുക്കിപ്പറഞ്ഞാൽ, മേൽകാണിച്ചത്പോലെയുള്ള ക്വുർആൻ വാക്യങ്ങളിൽ വിശ്വസിക്കുന്ന ഏതൊരാൾക്കും, നബിﷺയുടെ സുന്നത്ത് (വാക്കും പ്രവൃത്തിയും) ക്വുർആന്റെ വിവരണമായി അംഗീകരിക്കുന്ന ആർക്കും ഈ വിഷയത്തിൽ ഭിന്നാഭിപ്രായം- അഥവാ, എല്ലാ തരം വ്യഭിചാരികൾക്കുമുള്ള ശിക്ഷ നൂറ് അടിമാത്രമാണ് എന്നുള്ള വാദം- ഉണ്ടായിരിക്കുവാൻ നിവൃത്തിയില്ല, ഇതേവരെ അങ്ങനെ ഉണ്ടായിട്ടുമില്ല. മുൻകാലത്ത് ഈ വിഷയത്തിൽ എതിരഭിപ്രായം ഉണ്ടായിട്ടുള്ളത്, 'ഖവാരിജ്' എന്ന പേരിൽ അറിയപ്പെടുന്ന കക്ഷി *(*)*ക്ക് മാത്രമാണ്. അടിസ്ഥാനപരമായിത്തന്നെ മുസ്‌ലിംകളുമായി ഭിന്നിച്ചുനിന്ന ഒരു കക്ഷിയാണത്. ഈ അഭിപ്രായത്തിൽ അവരെ അനുകരിക്കുന്ന ചില

(*) മുഖവുര നാലാം ഖണ്ഡികയിൽ ക്വുർആൻ വ്യാഖ്യാനത്തെ സംബന്ധിച്ച് നാം വിവരിച്ചിട്ടുള്ള പലതും ഇവിടെ സ്മരിക്കാം. കർമശാസ്ത്രനിദാനഗ്രന്ഥങ്ങളിലും (اصول الفقه) ക്വുർആൻ വ്യാഖ്യാനശാസ്ത്രഗ്രന്ഥങ്ങളിലും (علوم التفسير) ഈ വിഷയം സവിസ്തരം പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

വ്യക്തികൾ പിന്നീടും ചുരുക്കത്തിൽ ഇല്ലാതില്ല. ഒന്നുകിൽ അവർ, ആദർശപരമായി 'ഖവാരിജി'നോട് യോജിക്കുന്നവരായിരിക്കും, അല്ലെങ്കിൽ, ക്വുർആൻ മാത്രമേ ഇസ്‌ലാമിന്റെ ലക്ഷ്യപ്രമാണമായുള്ളൂവെന്ന് പ്രത്യക്ഷമായോ പരോക്ഷമായോ വാദിച്ചുകൊണ്ട് സുന്നത്തിനെ നിഷേധിച്ചുകളയുന്ന 'അഹ്‌ലുൽ ക്വുർആൻ' വിഭാഗത്തിൽപെട്ടവരായിരിക്കും. അതുമല്ലെങ്കിൽ, ആധുനിക ലഹരിനിമിത്തം ഇസ്‌ലാമിക വിധികളെ ജനഹിതത്തിനൊത്തും, കാലത്തിനൊത്തും ചിത്രീകരിക്കുവാൻ മുതിരുന്നവരായിരിക്കും. മറ്റാർക്കും അതിനുള്ള ആവശ്യമോ ധൈര്യമോ ഉണ്ടാകുന്നതല്ല.

നബി തിരുമേനി ﷺയും, ഉമർ (റ) മുതലായ ചില മഹാൻമാരും ഇങ്ങനെയുള്ളവരെപ്പറ്റി മുമ്പേ ചെയ്തിട്ടുള്ള പ്രവചനങ്ങൾ കാണുമ്പോൾ, ചിന്തിക്കുന്ന സത്യവിശ്വാസികൾക്ക് വിശ്വാസവർദ്ധനവുണ്ടാകുകയാണ് ചെയ്യുക. നബി ﷺ പറയുന്നു:-

لا ألفين أحدكم متكأ على اريكته يأتيه الأمر من أمرى مما أمرت أو نهيت عنه فيقول لا أدرى ما وجدنا فى كتاب الله اتبعناه– أحمد وأبو داود وابن ماجه والبيهقي

സാരം: നിങ്ങളൊരാൾ അവന്റെ സോഫായിൽ– അഥവാ അലംകൃതമായ കട്ടിലിൽ –ചാരിയിരുന്ന് (സുഖിച്ചു) കൊണ്ടിരിക്കെ, ഞാൻ കല്പിച്ചതോ, ഞാൻ വിരോധിച്ചതോ ആയ എന്റെ നിർദ്ദേശത്തിൽപെട്ട ഒരു കാര്യം അവന്റെയടുക്കൽ എത്തുമ്പോൾ അവൻ ഇങ്ങനെ പറയുന്നത് ഞാൻ കാണാതിരിക്കട്ടെ: 'എനിക്ക് അതറിഞ്ഞുകൂടാ, അല്ലാഹുവിന്റെ കിതാബിൽ കണ്ടതേതോ അത് നമുക്ക് പിൻപറ്റാം.') ക്വുർആനും, സുന്നത്തും വേണ്ടത്പോലെ ഗ്രഹിക്കുകയും സ്വീകരിക്കുകയും, ചെയ്യാത്ത സുഖിയൻമാരെയും, മടിയൻമാരെയും സൂചിപ്പിച്ചുകൊണ്ടാണ് തിരുമേനി ഇത് അരുളിച്ചെയ്യുന്നതെന്നത്രെ, 'സോഫയിൽ ചാരിയിരുന്നുകൊണ്ട്' (متكأ على اريكته) എന്ന വാക്ക് മനസ്സിലാക്കിത്തരുന്നത്. ഈ വിഷയകമായി വേറെയും ഹദീഥുകൾ വന്നിട്ടുണ്ട്. വ്യഭിചാരിയെ എറിഞ്ഞു കൊല്ലുന്നതിനെ നിഷേധിക്കുന്നവരെപ്പറ്റി ഉമർ (റ) പറയുന്നത് നോക്കുക:-

خشيت أن يطول بالناس زمان حتى يقول قائل لا نجد الرجم في كتاب الله تعالى فيضلوا بترك فريضة أنزلها الله ألا وأن الرجم حق على من زنى وقد أحصن إذا قامت البينة أو كان الحبل أو الاعتراف– البخاري ومسلم وغيرهما

സാരം: ജനങ്ങളിൽ കുറേകാലം ദീർഘിക്കുമ്പോൾ വല്ലവരും: 'അല്ലാഹുവിന്റെ കിതാബിൽ 'റജ്മു' (എറിഞ്ഞുകൊല്ലൽ) നാം കാണുന്നില്ലല്ലോ' എന്ന് പറഞ്ഞേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു. അങ്ങനെ, അത്മൂലം, അല്ലാഹു അവതരിപ്പിച്ചിട്ടുള്ള ഒരു നിർബന്ധനിയമം ഉപേക്ഷിച്ചുകൊണ്ട് അവർ പിഴച്ചുപോയേക്കും. അല്ലാ! (അറിയുക:) എറിഞ്ഞുകൊല്ലുക (الرجم) എന്നത് 'മുഹ്സ്വനാ'യ നിലയിൽ വ്യഭിചാരം ചെയ്തവന്റെ പേരിൽ നടത്തൽ കടമയാകുന്നു– തെളിവ് സ്ഥാപിതമാകുകയോ, അല്ലെങ്കിൽ ഗർഭമോ കുറ്റം സമ്മതിക്കലോ ഉണ്ടാവുകയോ ചെയ്താൽ. (ബു; മു; മുതലായ പലതും.) ഉമർ (റ)ന്റെ ദീർഘദൃഷ്ടി നോക്കുക! അദ്ദേഹത്തിന്റെ കാലത്ത് 'റജ്മി'നെ നിഷേധിക്കുന്നവർ ആരുംതന്നെ ഉണ്ടായിരുന്നില്ല. എന്നിട്ട് പോലും, കാലാന്തരത്തിൽ അങ്ങനെ ഒരു കൂട്ടർ ഉടലെടുക്കുമെന്ന് അദ്ദേഹത്തിന്റെ ദീർഘദൃഷ്ടികൊണ്ട് അദ്ദേഹം മനസ്സിലാക്കി. അവരെ താൻ മുൻകൂട്ടി താക്കീതും ചെയ്തു. നബിﷺക്ക് ശേഷം പ്രവാചകൻമാ

(*) ഖവാരിജ് (الخوارج): ഖിലാഫത്തിനെതിരായി വമ്പിച്ച വിപ്ലവമുണ്ടാക്കിയ ഒരു കക്ഷിയാണ് ഇത്. അലി (റ)യുടെ കാലത്താണ് ഇവരുടെ ഉൽഭവം. ഇവർക്ക് സ്വന്തമായ പല അഭിപ്രായങ്ങളും ആദർശങ്ങളുമുണ്ടായിരുന്നു. ഇന്ന് ഈ കക്ഷി നിലവിലില്ല. ഇവരുടെ ചരിത്രം പ്രസിദ്ധമാണ്.

രുണ്ടാകുമായിരുന്നുവെങ്കിൽ 'ഉമർ പ്രവാചകനുമായിരുന്നു'വെന്ന് കാണിക്കുന്ന നബിവചനങ്ങൾ ഇവിടെ സ്മരണീയമാകുന്നു.

ഉമർ (റ)ന്റെ പ്രസ്താവനയിൽനിന്ന് ചില സംഗതികൾ മനസ്സിലാക്കുവാനുണ്ട്: (1) മുഹ്സ്വനാ'യ വ്യഭിചാരിയെ എറിഞ്ഞുകൊല്ലണമെന്ന വിധി നബിﷺയുടെയോ മറ്റോ അഭിപ്രായമല്ല- അല്ലാഹുവിൽനിന്ന് വഹ്യ്മൂലം അവതരിച്ചത് തന്നെയാണ്. അതാണ് 'അല്ലാഹു അവതരിപ്പിച്ചിട്ടുള്ള നിർബന്ധനിയമം' (فريضة انزلها الله) എന്ന പ്രയോഗം കാണിക്കുന്നത്. ഈ വാസ്തവവും, ആ അവതരിച്ച വഹ്‌യിന്റെ വാക്യങ്ങളും വേറെ ഹദീഥുകളിൽ വ്യക്തമായി പ്രസ്താവിച്ചിട്ടുമുണ്ട്.

(2) കുറ്റവാളിയുടെ മേൽ ശിക്ഷ നടത്തണമെങ്കിൽ മൂന്നിലൊരു കാര്യം കൂടാതെ കഴിയുകയില്ല; ഒന്നുകിൽ സാക്ഷിമൂലം തെളിയുക, അല്ലെങ്കിൽ കുറ്റവാളി കുറ്റം സമ്മതിക്കുക, അല്ലെങ്കിൽ സ്ത്രീക്ക് ഗർഭം പ്രത്യക്ഷത്തിൽ കാണുക. ഒന്നാമത്തേതിനെക്കുറിച്ച് നാലാം വചനത്തിൽ കാണാം. രണ്ടാമത്തേതിന്റെ അടിസ്ഥാനത്തിലാണ് നബിﷺയുടെ കാലത്ത് നടന്ന ശിക്ഷകൾ നടത്തപ്പെട്ടത്. ശിക്ഷാർഹമായ മാർഗേണ ഗർഭം ധരിച്ച സ്ത്രീകൾക്ക് മാത്രം ബാധകമായതാണ് മൂന്നാമത്തേത്. ഉമർ (റ) ഇപ്രകാരംകൂടി പറഞ്ഞതായിചില ഹദീഥ് ഗ്രന്ഥങ്ങളിൽ വന്നിട്ടുണ്ട്: لولا ان يقال زاد عمر فى الكتاب لكتبتها على حاشية المصحف – ابوداود وغيره (അല്ലാഹുവിന്റെ വേദഗ്രന്ഥങ്ങളിൽ ഉമർ കൂട്ടിച്ചേർത്തു എന്ന് പറയപ്പെട്ടേക്കുമായിരുന്നില്ലെങ്കിൽ ഞാൻ ഇത്-എറിഞ്ഞുകൊല്ലലിനെ സംബന്ധിച്ച വാക്യങ്ങൾ -'മുസ്ഹഫി'ന്റെ ഓരത്തിൽ എഴുതിച്ചേർക്കുമായിരുന്നു.)

ചില ഹദീഥുകളിൽ വന്നിട്ടുള്ളത് പ്രകാരം, 'മുഹ്സ്വന'ല്ലാത്തവന് 100 അടിക്ക് പുറമെ ഒരു കൊല്ലം നാടുകടത്തൽ കൂടി ശിക്ഷ നൽകേണ്ടതുണ്ടോ എന്നതിലും, 'മുഹ്സ്വനാ'യവനെ എറിയുന്നതിനുമുമ്പ് അടിശിക്ഷ കൂടി നടത്തേണ്ടതുണ്ടോ എന്നതിലും പണ്ഡിതൻമാർക്കിടയിൽ ഭിന്നാഭിപ്രായമുണ്ട്. ഒന്നാമത്തേതിൽ, അതുവേണ്ടതില്ലെന്നും, ഭരണകർത്താവിന്റെ യുക്തംപോലെ ചെയ്യാമെന്നുമാണ് ഒരഭിപ്രായം. രണ്ടാമത്തേതിൽ, എറിഞ്ഞുകൊല്ലപ്പെടേണ്ടവന് അടിശിക്ഷ ഇല്ല എന്നാണ് ഭൂരിപക്ഷാഭിപ്രായം. ഓരോ അഭിപ്രായങ്ങൾ ഉടലെടുക്കുവാനുള്ള കാരണവും ന്യായവും വിസ്തരിക്കുന്ന പക്ഷം അത് വളരെ ദീർഘിച്ചുപോയേക്കും.

'നിങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അല്ലാഹുവിന്റെ മതനടപടി നിർവ്വഹിക്കുന്നതിൽ അവരെക്കുറിച്ച് യാതൊരു ദയയും നിങ്ങളെ പിടികൂടരുത്' എന്ന് അല്ലാഹു ചെയ്ത താക്കീത് വളരെ ഗൗരവമുള്ളതാകുന്നു. രക്തബന്ധമോ, സ്നേഹബന്ധമോ നിമിത്തം, പ്രകൃത്യാ തോന്നിയേക്കുന്ന അനുകമ്പയെക്കുറിച്ചല്ല ഇവിടെ വിലക്കുന്നത്. ശിക്ഷ ഇല്ലാതാക്കുകയോ, ഇളവ്ചെയ്തുകൊടുക്കുകയോ ചെയ്യാൻ പാടില്ല എന്നത്രെ താൽപര്യം. ഒരുകൂട്ടം സത്യവിശ്വാസികളുടെ മുമ്പാകെ വെച്ചായിരിക്കണം ശിക്ഷ നടത്തുന്നത് എന്ന കൽപനയും, ഈ കുറ്റത്തിന്റെ ഗൗരവത്തെ ചൂണ്ടിക്കാട്ടുന്നു. മേലിൽ ഇത്തരം വമ്പിച്ച നീചകൃത്യത്തിൽ അകപ്പെട്ടുപോകാതിരിക്കുവാൻ ജനങ്ങൾക്ക് അത് പാഠം നൽകണമെന്ന് അതുമൂലം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. വ്യഭിചാരം എത്രമാത്രം കടുത്ത പാപമായിട്ടാണ് ഇസ്‌ലാം കണക്കാക്കുന്നതെന്ന് ഇതിൽനിന്നൊക്കെ ഗ്രഹിക്കാവുന്നതാണ്. എങ്കിലും, അല്ലാഹു പരമകാരുണികനും കരുണാനിധിയുമാണ്. ഓരോ കുറ്റത്തിനും അവൻ പശ്ചാത്താപം നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ച് ഖേദിച്ചുമടങ്ങുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുമെന്ന്

അവൻ വാഗ്ദാനവും ചെയ്തിരിക്കുന്നു. (സൂ: ഫുർക്വാൻ 70 മുതലായ സൂക്തങ്ങളിൽ ഇതിനെപ്പറ്റി പ്രസ്താവിക്കുന്നത് കാണാം). നബി ﷺ യുടെ കാലത്ത് എറിഞ്ഞുകൊല്ലപ്പെട്ട ഒരുവനെപ്പറ്റി തിരുമേനി ഇങ്ങനെ പറയുകയുണ്ടായി: 'അവൻ ഒരു പശ്ചാത്താപം പശ്ചാത്തപിച്ചിട്ടുണ്ട്': മദീനാനിവാസികൾ (മുഴുവനും കൂടി) അത്ര പശ്ചാത്തപിക്കുന്നപക്ഷം അവരിൽനിന്നും അത് സ്വീകരിക്കപ്പെടുന്നതാണ്.
(لقد تاب توبة لو تابها أهل المدينة لقبل منهم– الترمذي و أبوداود)

ٱلزَّانِي لَا يَنكِحُ إِلَّا زَانِيَةً أَوْ مُشْرِكَةً وَٱلزَّانِيَةُ لَا يَنكِحُهَآ إِلَّا زَانٍ أَوْ مُشْرِكٌ ۚ وَحُرِّمَ ذَٰلِكَ عَلَى ٱلْمُؤْمِنِينَ ﴿٣﴾

《3》 വ്യഭിചാരി, വ്യഭിചാരം ചെയ്യു ന്നവളെയോ, അല്ലെങ്കിൽ ബഹുദൈ വവിശ്വാസക്കാരിയെയോ അല്ലാതെ വിവാഹം ചെയ്യാറില്ല. വ്യഭിചാരിണി യാകട്ടെ, വ്യഭിചാരിയോ, ബഹുദൈ വവിശ്വാസിയോ അല്ലാതെ അവളെ വിവാഹം ചെയ്യാറുമില്ല. അത് സത്യ വിശ്വാസികളുടെമേൽ വിരോധിക്ക പ്പെട്ടിരിക്കുകയാണ്.

《3》 الزَّانِي വ്യഭിചാരി لَا يَنكِحُ അവൻ വിവാഹം ചെയ്യുകയില്ല إِلَّا زَانِيَةً വ്യഭിചാരം ചെയ്യുന്നവളെയല്ലാതെ أَوْ مُشْرِكَةً അല്ലെങ്കിൽ ബഹുദൈവവിശ്വാസക്കാരിയെ وَالزَّانِيَةُ വ്യഭിചാരിണി لَا يَنكِحُهَا അവളെ വിവാഹം ചെയ്യുകയില്ല إِلَّا زَانٍ വ്യഭിചാരി ഒഴികെ أَوْ مُشْرِكٌ അല്ലെങ്കിൽ ബഹുദൈവവിശ്വാസി وَحُرِّمَ വിരോധിക്കപ്പെട്ടിരിക്കുന്നു ذَٰلِكَ അത് عَلَى الْمُؤْمِنِينَ സത്യവിശ്വാസികളുടെമേൽ

നീചപ്രവൃത്തികളും തോന്ന്യാസങ്ങളും പതിവാക്കിയ ആളുകളും, സദ്വൃത്തരായ ആളുകളും തമ്മിൽ യോജിപ്പും ഇണക്കവും ഉണ്ടാവുകയില്ലല്ലോ. നേരെമറിച്ച് ദുർവൃത്തൻമാർ തമ്മതമ്മിലും, സദ്വൃത്തൻമാർ തമ്മതമ്മിലും ഇണക്കത്തോടും യോജിപ്പോടുംകൂടി വർത്തിക്കുക സ്വാഭാവികമാണ്. ചീത്ത പുരുഷൻമാർ നല്ല സ്ത്രീകളെയും, നല്ല പുരുഷൻമാർ ചീത്ത സ്ത്രീകളെയും വിവാഹം കഴിക്കുന്നതിൽ താൽപര്യം പ്രകടിപ്പിക്കാറില്ല. സ്ത്രീകളുടെ നിലയും ഇതുപോലെത്തന്നെ. 'ഇണ ഇണയോട് ചേരുമല്ലോ. സാധാരണക്കെതിരായി എപ്പോഴെങ്കിലും ഇതിന് വിപരീതമായ ഉദാഹരണങ്ങൾ ഉണ്ടായിക്കൂടാ എന്ന് ഇതിന്നർത്ഥമില്ല. ഏതായാലും ദുർജ്ജനങ്ങളുമായുള്ള കൂട്ടുകെട്ട് പല നിലക്കും മനുഷ്യനെ ദുഷിപ്പിക്കുന്നതാകകൊണ്ട് തോന്നിയവാസികളുമായും അവിശ്വാസികളുമായുമുള്ള വൈവാഹികകൂട്ടുകെട്ടിൽനിന്ന് അകന്ന് നിൽക്കുവാൻ സത്യവിശ്വാസികളോട് അല്ലാഹു നിർദ്ദേശിക്കുകയാണ്. മേൽപറഞ്ഞ തത്വം 26-ാം വചനത്തിലും പ്രതിപാദിക്കപ്പെട്ടുകാണാം. സജ്ജനങ്ങളുമായുള്ള വൈവാഹിക കൂട്ടുകെട്ടിനെ 32-ാം വചനത്തിൽ പ്രോൽസാഹിപ്പിക്കുന്നതും കാണാം.

സ്വദേശം വിട്ടുപോന്ന 'മുഹാജിറു'കളായ ചില സ്വഹാബികൾ, ദാരിദ്ര്യം മൂലം വിവാഹം കഴിപ്പാൻ നിവൃത്തിയില്ലാതെവന്നപ്പോൾ തോന്ന്യാസികളായി അറിയപ്പെട്ടിരുന്ന ചില സ്ത്രീകളെ വിവാഹം ചെയ്യാൻ മുതിർന്നതിനെത്തുടർന്നാണ് ഈ ആയത്ത് അവതരിച്ചതെന്ന് പറയപ്പെടുന്നു. الله اعلم

وَٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ثُمَّ لَمْ يَأْتُوا۟ بِأَرْبَعَةِ شُهَدَآءَ فَٱجْلِدُوهُمْ ثَمَٰنِينَ جَلْدَةً وَلَا تَقْبَلُوا۟ لَهُمْ شَهَٰدَةً أَبَدًا ۚ وَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٤﴾

إِلَّا ٱلَّذِينَ تَابُوا۟ مِنۢ بَعْدِ ذَٰلِكَ وَأَصْلَحُوا۟ فَإِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٥﴾

《4》 ചാരിത്ര്യം സിദ്ധിച്ച സ്ത്രീകളെ (വ്യഭിചാര) ആരോപണം ചെയ്യുകയും, പിന്നീട് (അതിന്) നാല് സാക്ഷികളെ കൊണ്ടുവരാതിരിക്കുകയും ചെയ്യുന്നവരാകട്ടെ, അവരെ നിങ്ങൾ എൺപത് അടി (വീതം) അടിക്കുവിൻ. ഒരിക്കലും അവരുടെതായ സാക്ഷ്യം നിങ്ങൾ സ്വീകരിക്കുകയും ചെയ്യരുത്. അവർ തന്നെയാണ് തോന്നിവാസികൾ;-

《5》 അതിന് ശേഷം പശ്ചാത്തപിക്കുകയും (സ്ഥിതി) നന്നാക്കുകയും ചെയ്തവരൊഴികെ. കാരണം, അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

《4》 وَالَّذِينَ يَرْمُونَ ആരോപണം ചെയ്യുന്നവർ, അപവാദം പറയുന്നവർ الْمُحْصَنَاتِ ചാരിത്ര്യം സിദ്ധിച്ച സ്ത്രീകളെ, ചാരിത്ര്യം സംരക്ഷിക്കപ്പെട്ടവരെ ثُمَّ لَمْ يَأْتُوا പിന്നെ അവർ കൊണ്ടുവന്നതുമില്ല بِأَرْبَعَةِ شُهَدَاءَ നാല് സാക്ഷികളെ فَاجْلِدُوهُمْ അവരെ നിങ്ങൾ അടിക്കുക ثَمَانِينَ جَلْدَةً എൺപത് അടി وَلَا تَقْبَلُوا നിങ്ങൾ സ്വീകരിക്കുകയും അരുത് لَهُمْ അവരുടെ شَهَادَةً സാക്ഷ്യം أَبَدًا ഒരിക്കലും, എന്നും وَأُولَٰئِكَ هُمُ അക്കൂട്ടർതന്നെ الْفَاسِقُونَ തോന്ന്യാസികൾ, ദുർന്നടപ്പുകാർ 《5》 إِلَّا الَّذِينَ യാതൊരു കൂട്ടരൊഴികെ تَابُوا അവർ പശ്ചാത്തപിച്ചു, മടങ്ങി مِنْ بَعْدِ ذَٰلِكَ അതിന്ശേഷം وَأَصْلَحُوا അവർ നന്നാക്കുകയും ചെയ്തു, നന്നായിത്തീരുകയും ചെയ്തു فَإِنَّ اللَّهَ കാരണം നിശ്ചയമായും അല്ലാഹു غَفُورٌ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയാണ്

مُحْصَنَة ('മുഹസ്വനത്ത്') എന്ന വാക്ക് 'വിവാഹം കഴിഞ്ഞവൾ, പതിവ്രത, ചാരിത്ര്യശുദ്ധിയുള്ളവൾ, ചാരിത്ര്യം സംരക്ഷിക്കപ്പെട്ടവൾ' എന്നിങ്ങനെയുള്ള അർത്ഥങ്ങളിൽ സന്ദർഭോചിതം ഉപയോഗിക്കപ്പെടുന്നതാണ്. സ്വതന്ത്രകളും പ്രായപൂർത്തി എത്തിയവരുമായ പതിവ്രതകൾക്കാണ് മിക്കപ്പോഴും ഈ വാക്ക് ഉപയോഗിക്കാറുള്ളത്. ചാരിത്ര്യശുദ്ധിയുള്ള മാന്യസ്ത്രീകളെ വ്യഭിചാരാരോപണം നടത്തുന്നവരുടെ ശിക്ഷയാണ് മേൽകണ്ടത്. പുരുഷൻമാരെ ആരോപണം ചെയ്യുന്നവരും ഈ ശിക്ഷക്ക് വിധേയർ തന്നെ. എങ്കിലും വ്യഭിചാരാരോപണം നിമിത്തമുണ്ടാകുന്ന ദുഷ്കീർത്തിയും അതിന്റെ പ്രത്യാഘാതവും കൂടുതൽ ബാധിക്കുന്നത് സ്ത്രീകൾക്കാണെന്ന് പറയേണ്ടതില്ല. അതുകൊണ്ടാണ്, സ്ത്രീകളെ ആരോപിക്കുന്നവരെക്കുറിച്ച് പ്രത്യേകം എടുത്തുപറയുന്നത്. മുമ്പ് നാം സൂചിപ്പിച്ചത്പോലെ, ഇസ്‌ലാം വ്യഭിചാരത്തിന് കൽപിക്കുന്ന വെറുപ്പിന്റെയും, അറപ്പിന്റെയും കാഠിന്യമാണ് ഈ ശിക്ഷാനിയമവും കാണിക്കുന്നത്. ഉത്തരവാദപ്പെട്ടവരുടെ മുമ്പിൽ നാല് സാക്ഷികൾ മുഖേന തെളിയിക്കപ്പെടാത്ത പക്ഷം, അന്യ

നെപ്പറ്റി വ്യഭിചാരാരോപണവാക്കുകൾ പറയുന്നവരെ- അവർ എത്രപേരുണ്ടായാലും ശരി- ഓരോരുത്തനെയും 80 അടി വീതം അടിക്കണമെന്ന് പറയുമ്പോൾ, ഈ ആരോപണം എത്രമേൽ ഭയങ്കരമായിരിക്കണം?! പിന്നീട് ഒരു കാലത്തും ഒരു കേസ്സിലും അവരെ സാക്ഷികളായി സ്വീകരിക്കാൻ പാടില്ലെന്നും അല്ലാഹു കൽപിക്കുന്നു! سُبْحَانَ الله വ്യഭിചാരത്തിന് ധാരാളം അനുകൂലവും പ്രചാരവും സിദ്ധിക്കുന്ന ഇക്കാലത്ത് മാന്യന്മാരായ ആളുകളെപ്പറ്റി തക്ക തെളിവൊന്നും കൂടാതെ ആരോപണങ്ങൾ പുറപ്പെടുവിക്കാനും, അത് കേട്ടമാത്രയിൽ പരസ്യമായി ഏറ്റുപറയുവാനും ആളുകൾ മുതിരുന്നതിൽ അത്ഭുതപ്പെടുവാനില്ല. എന്നാൽ, അല്ലാഹുവിന്റെ കഠിനമായ ശിക്ഷയെ അവർ ഭയപ്പെടേണ്ടിയിരിക്കുന്നു.

'അവർ തന്നെയാണ് തോന്ന്യാസികൾ' എന്ന വാക്യം ശ്രദ്ധേയമാണ്. തോന്ന്യാസികളായതുകൊണ്ടാണ് സജ്ജനങ്ങളുടെ ചാരിത്ര്യശുദ്ധിയെ കളങ്കം വരുത്തുവാൻ അവർ മുതിരുന്നതെന്നും, അവരുടെ ഈ പ്രവൃത്തി അവർ തോന്ന്യാസികളാണെന്നതിന്റെ ലക്ഷണമാണെന്നും അത് കാണിക്കുന്നു. സംഭവം തെളിയിക്കുവാൻ കഴിഞ്ഞില്ലെങ്കിലും, ഒരു പക്ഷേ, ആരോപിക്കപ്പെട്ട സംഗതി വാസ്തവത്തിൽ ശരിയായിരുന്നുകൂടേ, എന്ന് ചോദിക്കപ്പെട്ടേക്കാം. അതെ, ശരിയാവാം. എന്നാലും, മാന്യവനിതകളായി കരുതപ്പെട്ടുവരുന്നവർക്ക് മാനഭംഗം വരുത്തുവാനും, ഒളിഞ്ഞുകിടക്കുന്ന അവരുടെ രഹസ്യം പുറത്ത് ചോർത്തി സമുദായമദ്ധ്യേ ദുഷ്പ്രചാരമുണ്ടാക്കുവാനും ധൈര്യപ്പെട്ടത് തന്നെ അതിന് തെളിവാണല്ലോ. മറ്റുള്ളവരുടെ കുററവും കുറവും വെളിപ്പെടുത്തുന്നത് മാന്യൻമാർക്ക് യോജിച്ചതല്ലെന്നും, ശിക്ഷാർഹമാണെന്നും ആയത്ത്- ഹദീഥുകളിൽനിന്ന് പരക്കെ അറിയപ്പെടുന്നതും, ആലോചിച്ചറിയാവുന്നതുമാണ്.

ഏത് പാപം ചെയ്താലും, അതിനെപ്പറ്റി ഖേദിച്ചു മടങ്ങുന്നവന് അല്ലാഹു പൊറുക്കുന്നതാണ്. ഈ ഭയങ്കര കുറ്റം ചെയ്തവർക്കും ഈ നിയമം ബാധകം തന്നെ. പക്ഷേ, ഖേദിച്ചുമടങ്ങിയെന്ന് പറഞ്ഞത് കൊണ്ടായില്ല, അവന്റെ സ്ഥിതിഗതികളിൽനിന്ന് അവൻ നന്നായിത്തീർന്നിട്ടുണ്ടെന്ന് മനസ്സിലാവുകകൂടി വേണ്ടതുണ്ട്. എന്നാൽ മാത്രമേ പിന്നീട് അവന്റെ സാക്ഷ്യം സ്വീകരിക്കുവാൻ പാടുള്ളൂ. 'അവർ തങ്ങളുടെ സ്ഥിതി നന്നാക്കുകയും' എന്ന വാക്ക് ഇതാണ് കാണിക്കുന്നത്. വ്യഭിചാരാരോപണത്തിൽ ശിക്ഷക്ക് വിധേയനായവന്റെ സാക്ഷ്യം ഒരു കാരണത്താലും സ്വീകരിക്കപ്പെടുകയില്ലെന്നും, പൊറുത്തു കൊടുക്കുമെന്ന വാഗ്ദാനം പരലോക ശിക്ഷയെ സംബന്ധിച്ച് മാത്രമാണെന്നും ചില മഹാൻമാർ അഭിപ്രായപ്പെട്ടിട്ടുള്ളതും ഇവിടെ പ്രസ്താവ്യമാണ്. أَبَدًا (ഒരിക്കലും) എന്നും മറ്റും ഊന്നിപ്പറഞ്ഞിട്ടുള്ളതിന്റെ ഗൗരവം അതാണ് മനസ്സിലാക്കുന്നത് എന്നത്രെ അവർ പറയുന്നത്.

ഭാര്യാഭർത്താക്കൾ തമ്മിൽ വ്യഭിചാരാരോപണം ചെയ്താലുള്ള ശിക്ഷയും മേൽപറഞ്ഞത് തന്നെ. എന്നാൽ, ഒരാൾ തന്റെ ഭാര്യ ദുർന്നടപ്പുകാരിയാണെന്ന് കണ്ടുകഴിഞ്ഞാൽ, അതിന് നാല് ദൃക്സാക്ഷികളെ സമ്പാദിക്കുക മിക്കപ്പോഴും പ്രയാസകരമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. സംഭവം വെളിക്ക് വരുത്തിയാൽ 80 അടിയും, വമ്പിച്ച വഷളത്തവുമാണ് ലഭിക്കുക. മൗനമവലംബിക്കുകയാണെങ്കിലോ, അതെത്രമാത്രം ദുഷ്കരമായിരിക്കുമെന്ന് പറയേണ്ടതുമില്ല. ദുർനടപ്പുകാരിയായ ഭാര്യയെ വെച്ചുകൊണ്ടിരിക്കുന്നതിലുള്ള വിഷമങ്ങൾ ഇരിക്കട്ടെ, അവനിൽനിന്നല്ലാതെ ജനിക്കുന്ന അവളുടെ കുട്ടിയെ അവൻ ഏറ്റെടുക്കുക തുടങ്ങിയ പലതും അതിനാൽ നേരിടുകയും ചെയ്യുമല്ലോ. അസഹനീയമായ ഈ ധർമസങ്കടത്തിൽപെട്ടു ഗതിമുട്ടുന്ന ഭാര്യാഭർത്താ

ക്കളിൽ കൈക്കൊള്ളേണ്ടുന്ന ഇസ്ലാമിക നിയമമാണ് അടുത്ത വചനത്തിൽ വിവരിക്കുന്നത്:-

وَٱلَّذِينَ يَرْمُونَ أَزْوَٰجَهُمْ وَلَمْ يَكُن لَّهُمْ شُهَدَآءُ إِلَّآ أَنفُسُهُمْ

فَشَهَٰدَةُ أَحَدِهِمْ أَرْبَعُ شَهَٰدَٰتٍۭ بِٱللَّهِ ۙ إِنَّهُۥ لَمِنَ ٱلصَّٰدِقِينَ ﴿٦﴾

《6》 തങ്ങളുടെ ഭാര്യമാരെ (വ്യഭിചാര) ആരോപണം ചെയ്യുകയും, തങ്ങൾക്ക് തങ്ങൾ തന്നെയല്ലാതെ (മറ്റ്) സാക്ഷികൾ ഇല്ലാതിരിക്കുകയും ചെയ്യുന്നവരാകട്ടെ,-

അവരിൽ ഓരോരുത്തന്റെ സാക്ഷ്യം: 'നിശ്ചയമായും, താൻ സത്യം പറയുന്നവരിൽപെട്ടവൻ തന്നെയാണ്' എന്ന് അല്ലാഹുവിന്റെ പേരിൽ നാല് (വട്ടം സത്യ) സാക്ഷ്യം നിർവ്വഹിക്കലാകുന്നു.

وَٱلْخَٰمِسَةُ أَنَّ لَعْنَتَ ٱللَّهِ عَلَيْهِ إِن كَانَ مِنَ ٱلْكَٰذِبِينَ ﴿٧﴾

《7》 അഞ്ചാമത്തേത് 'താൻ കളവ് പറയുന്നവരിൽപെട്ടവനാണെങ്കിൽ, തന്റെ മേൽ അല്ലാഹുവിന്റെ ശാപം ഭവിക്കട്ടെ!' എന്നാകുന്നു (പറയേണ്ടത്).

《6》 وَالَّذِينَ യാതൊരു കൂട്ടർ يَرْمُونَ അവർ ആരോപണം ചെയ്യുന്നു أَزْوَاجَهُمْ തങ്ങളുടെ ഭാര്യമാരെ وَلَمْ يَكُن لَّهُمْ അവർക്ക് ഇല്ലതാനും شُهَدَاءُ സാക്ഷികൾ إِلَّا أَنفُسُهُمْ തങ്ങൾ തന്നെയല്ലാതെ فَشَهَادَةُ എന്നാൽ സാക്ഷ്യം أَحَدِهِمْ അവരിൽ ഒരാളുടെ أَرْبَعُ شَهَادَاتٍ നാല് സാക്ഷ്യങ്ങളാണ് (സത്യസാക്ഷ്യം പറയലാണ്) بِاللَّهِ അല്ലാഹുവിന്റെ പേരിൽ (സത്യം ചെയ്തുകൊണ്ട്) إِنَّهُ നിശ്ചയമായും താൻ لَمِنَ الصَّادِقِينَ സത്യം പറയുന്നവരിൽപെട്ടവൻ തന്നെ (സത്യം പറയുന്നവനാണ്) 《7》 وَالْخَامِسَةُ അഞ്ചാമത്തേത് أَنَّ لَعْنَةَ اللَّهِ നിശ്ചയമായും അല്ലാഹുവിന്റെ ശാപം عَلَيْهِ തന്റെ മേൽ ഭവിക്കട്ടെ (എന്നാണ്) إِن كَانَ താൻ ആണെങ്കിൽ مِنَ الْكَاذِبِينَ കളവ് പറയുന്നവരിൽ പെട്ടവൻ

അധികാരപ്പെട്ടവരുടെ മുഖേന ഇപ്രകാരം അഞ്ചുപ്രാവശ്യം, അല്ലാഹുവിനെ മുൻനിറുത്തി സ്വയം സാക്ഷിമൊഴികൊടുക്കുന്നപക്ഷം, പുരുഷന്റെ ഭാഗത്ത് നിന്ന് ആരോപിച്ച കുറ്റം നിയമപരമായി അവൻ സ്ഥാപിച്ചു കഴിഞ്ഞു. അവളുടെ പേരിൽ വ്യഭിചാരത്തിന്റെ കുറ്റപത്രം തയ്യാറാവുകയും ചെയ്തു. പക്ഷേ, പുരുഷന്റെ അത്രതന്നെ അവൾക്കും നിയമപരമായ അവകാശം ഉണ്ട്. وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ (അവരുടെ -സ്ത്രീകളുടെ- മേലുള്ളത് പോലെ അവർക്കും അവകാശമുണ്ട്.) എന്ന് അല്ലാഹു പറഞ്ഞിട്ടുള്ളതാണ്. ആകയാൽ അവളുടെ ഭാഗം അവൾക്കും തെളിയിക്കാം:-

وَيَدْرَؤُا۟ عَنْهَا ٱلْعَذَابَ أَن تَشْهَدَ أَرْبَعَ شَهَـٰدَٰتٍۭ بِٱللَّهِ ۙ إِنَّهُۥ لَمِنَ ٱلْكَـٰذِبِينَ ﴿٨﴾

﴾8﴿ നിശ്ചയമായും അവൻ [ഭർത്താവ്] കളവ് പറയുന്നവരിൽ പെട്ടവൻ തന്നെയാണ്, എന്ന് അല്ലാഹുവിന്റെ പേരിൽ (സത്യം ചെയ്ത്) നാല് സാക്ഷ്യവചനങ്ങൾ അവൾ പറയുന്നത്, അവളിൽനിന്ന് ശിക്ഷയെ തടഞ്ഞുകളയുന്നതാണ്.

وَٱلْخَـٰمِسَةَ أَنَّ غَضَبَ ٱللَّهِ عَلَيْهَآ إِن كَانَ مِنَ ٱلصَّـٰدِقِينَ ﴿٩﴾

﴾9﴿ 'അവൻ സത്യം പറയുന്നവരിൽ പെട്ടവനാണെങ്കിൽ, അല്ലാഹുവിന്റെ കോപം തന്റെമേൽ ഭവിക്കട്ടെ!' എന്ന് അഞ്ചാമത്തേതും (പറയണം).

﴾8﴿ وَيَدْرَأُ തടഞ്ഞുകളയും, തട്ടിക്കളയും عَنْهَا അവളിൽനിന്ന് الْعَذَابَ ശിക്ഷയെ أَنْ تَشْهَدَ അവൾ സാക്ഷ്യം പറയൽ أَرْبَعَ شَهَادَاتٍ നാല് സാക്ഷ്യങ്ങൾ بِاللهِ അല്ലാഹുവിന്റെ പേരിൽ إِنَّهُ നിശ്ചയമായും അവൻ لَمِنَ الْكَاذِبِينَ കളവ് പറയുന്നവരിൽ പെട്ടവൻ തന്നെ ﴾9﴿ وَالْخَامِسَةَ അഞ്ചാമത്തേതും أَنَّ غَضَبَ اللهِ നിശ്ചയമായും അല്ലാഹുവിന്റെ കോപം عَلَيْهَا അവളുടെ (തന്റെ) മേൽ ഭവിക്കട്ടെ എന്ന് إِنْ كَانَ അവനാണെങ്കിൽ مِنَ الصَّادِقِينَ സത്യം പറയുന്നവരിൽ പെട്ടവൻ (സത്യവാൻ)

ഓരോരുത്തരും നൽകേണ്ടുന്ന സാക്ഷ്യമൊഴികൾ അവനവന്റെ സത്യതയും നിരപരാധിത്വവും, മറ്റേയാളുടെ അസത്യതയും അപരാധിത്വവും സ്ഥാപിക്കുന്നതാകുന്നു. അഞ്ച് സാക്ഷ്യമൊഴികൾ കൊടുക്കുന്നപക്ഷം അവളുടെ ഭാഗം അവളും സ്ഥാപിച്ചു. ഇപ്പോൾ രണ്ടിൽ ഒരാളെ മാത്രം കുറ്റക്കാരനാക്കുവാൻ നിവൃത്തിയില്ല. എങ്കിലും യാഥാർത്ഥത്തിൽ രണ്ടിലൊരാൾ കുറ്റക്കാരനും മറ്റേയാൾ നിരപരാധിയുമായിരിക്കുമെന്ന് തീർച്ചയുമാണ്. സൂ: അൽ കഹ്ഫ് 72 ന്റെ വിവരണത്തിൽ നാം ചൂണ്ടിക്കാട്ടിയത് പോലെ, ബാഹ്യമായ തെളിവുകൾ അനുസരിച്ച് നീതിന്യായം പാലിക്കുവാനേ ഈ ലോകത്ത് മനുഷ്യർക്ക് നിവൃത്തിയുള്ളൂ. രഹസ്യവും, യാഥാർത്ഥ്യവും അനുസരിച്ചുള്ള വിധി അല്ലാഹു പിന്നീട് നടത്തിക്കൊള്ളും. ഏതായാലും, ഇരുഭാഗക്കാരും അന്യോന്യം ഇപ്രകാരം തെളിവ് സ്ഥാപിച്ചുകഴിഞ്ഞ സ്ഥിതിക്ക് എനി അവർ യോജിച്ചു കഴിയുകയെന്നത് ന്യായവും സാധ്യവുമല്ല. അതുകൊണ്ട് അവർ തമ്മിലുള്ള ബന്ധം ഇത് മുതൽ നിറുത്തലാക്കപ്പെടുന്നതും, നിയമാനുസൃതമല്ലാത്ത നിലയിൽ ജനിച്ചേക്കാവുന്ന കുട്ടി അവന്റേതല്ലെന്ന് തീരുമാനിക്കപ്പെടുന്നതുമാകുന്നു.

ഇരുകക്ഷികളും ഇത്രയും ധൈര്യത്തോടെ സത്യമൊഴി കൊടുക്കുമ്പോൾ, വാസ്തവത്തിൽ അവരിൽ ഒരാൾ നിഷ്ഠൂരവും നീചവുമായ മനഃസ്ഥിതിയുള്ള ആളായിരിക്കണമല്ലോ ആകയാൽ, ഈ സാക്ഷിമൊഴികൾ കൊടുക്കുവാൻ മുന്നോട്ടുവരുന്നത് വളരെ ഗൗരവപൂർവ്വം ആലോചിച്ചു ചെയ്യേണ്ടതാണ്; ഐഹികശിക്ഷയെക്കാൾ വളരെ വമ്പിച്ചതാണ് പരലോകശിക്ഷ എന്ന് ഓർക്കേണ്ടതുണ്ട്; തൽക്കാലം രഹസ്യം പുറത്താക്കാതെ മൂടിവെക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹം മാത്രമാണ് എന്നൊക്കെ അടുത്ത വചനം ചൂണ്ടിക്കാട്ടുന്നു:-

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ وَأَنَّ ٱللَّهَ تَوَّابٌ حَكِيمٌ ﴿١٠﴾

《10》 അല്ലാഹുവിന്റെ ദാക്ഷിണ്യവും അവന്റെ കാരുണ്യവും നിങ്ങളിൽ ഉണ്ടായിരിക്കുകയും, അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും ജ്ഞാനയുക്തനുമാണെന്നുള്ളതും ഇല്ലായിരുന്നുവെങ്കിൽ (-ഹാ, നിങ്ങൾക്ക് കാണാമായിരുന്നു)!

《10》 وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ فَضْلُ اللهِ അല്ലാഹുവിന്റെ ദാക്ഷിണ്യം, അനുഗ്രഹം, ദയവ് عَلَيْكُمْ നിങ്ങളിൽ وَرَحْمَتُهُ അവന്റെ കാരുണ്യം وَأَنَّ اللهَ അല്ലാഹുവാണെന്നതും تَوَّابٌ പശ്ചാത്താപം സ്വീകരിക്കുന്നവൻ حَكِيمٌ അഗാധജ്ഞാനിയും, ജ്ഞാനയുക്തനും.

സത്യവിശ്വാസികളുടെ വന്ദ്യമാതാവായ ആഇശഃ (റ)യുടെ പേരിലുണ്ടായ അപവാദം

(حديث الإفك على أم المؤمنين عائشة رضي الله عنها)

അടുത്ത ആയത്ത് മുതൽ കുറെ ആയത്തുകളിലെ പ്രതിപാദ്യവിഷയം ആഇശഃ (റ)യുടെ പേരിലുണ്ടായ ആരോപണസംഭവവും, തൽസംബന്ധമായ പല കാര്യങ്ങളുമാകുന്നു. പ്രസിദ്ധമായ ആ സംഭവം, അനേകം മതവിജ്ഞാനങ്ങളടങ്ങുന്ന ഈ സൂറത്തിലെ പല വചനങ്ങളുടെയും അവതരണഹേതുവാകുന്നു. ആഇശഃ (റ)യുടെയും, അവരുടെ കുടുംബത്തിന്റെയും ശ്രേയസ്സും മഹത്വവും വർദ്ധിക്കുവാൻ അത് ഇടയാക്കിയിട്ടുമുണ്ട്. പ്രധാന ഹദീഥ് ഗ്രന്ഥങ്ങളിലെല്ലാം രിവായത്ത് ചെയ്യപ്പെട്ടിട്ടുള്ള ആ സംഭവം താഴെപറയും പ്രകാരമാകുന്നു: ആഇശഃ (റ) പ്രസ്താവിച്ചതായി അവരുടെ ജ്യേഷ്ഠസഹോദരിയുടെ പുത്രനായ ഉർവഃ (عروة بن الزبير – رض) മുതലായവർ ഉദ്ധരിക്കുന്നു:-

'നബി തിരുമേനി ﷺ വല്ല യാത്രക്കും ഉദ്ദേശിക്കുമ്പോൾ, ഭാര്യമാർക്കിടയിൽ നറുക്കിടുകയും, ആരുടെ പേരാണ് കിട്ടിയതെങ്കിൽ അവരെ കൂടെ കൊണ്ടുപോകുകയും പതിവായിരുന്നു. അങ്ങനെ, ഒരു പടയെടുപ്പ് യാത്രയിൽ എന്റെ പേര് വന്നു. ഇത് പർദ്ദയുടെ (സ്ത്രീകൾ പർദ്ദ ആചരിക്കണമെന്ന് കൽപിക്കുന്ന) ആയത്ത് അവതരിച്ചതിന് ശേഷമായിരുന്നു. അതിനാൽ, ഒരു കൂടാരത്തിലായിക്കൊണ്ടാണ് എന്നെ വാഹനത്തിൽ ഏറ്റുകയും ഇറക്കുകയും ചെയ്തിരുന്നത്. ഞങ്ങൾ യാത്ര കഴിഞ്ഞു തിരിച്ചുപോരുമ്പോൾ മദീനയുടെ അടുത്തുള്ള ഒരു താവളത്തിലിറങ്ങി. അവിടെനിന്ന് യാത്ര തുടരുവാൻ അറിയിപ്പുണ്ടായി. ഈ അവസരത്തിൽ ഞാൻ എന്റെ മലമൂത്രവിസർജ്ജനാദി ആവശ്യങ്ങൾക്കുവേണ്ടി സൈന്യത്തിൽ നിന്ന് കുറച്ച് അകലെ വിട്ടുപോയിരുന്നു. അത് കഴിഞ്ഞു മടങ്ങിവന്നു മാറിൽ തൊട്ടുനോക്കുമ്പോൾ, എന്റെ മാല കൊഴിഞ്ഞുപോയതായിക്കണ്ടു. ഞാൻ തിരിച്ചുപോയി അത് തേടിക്കൊണ്ട് കുറച്ചുസമയം കഴിഞ്ഞു. എന്നെ വാഹനപ്പുറത്ത് കയറ്റിത്തരാറുള്ള ആളുകൾ എന്റെ കൂടാരമെടുത്ത് ഒട്ടകപ്പു

റത്ത് വെച്ചു. കേവലം കനം കുറഞ്ഞ ഒരു ചെറുപ്പക്കാരിയായിരുന്നതുകൊണ്ട് ഞാൻ അതിൽ ഇല്ലാത്തതായി അവർക്ക് സംശയം തോന്നുകയുണ്ടായില്ല. അവർ ഒട്ടകവുമായി നടന്നു. സൈന്യം സ്ഥലം വിട്ടതിന്ശേഷമായിരുന്നു എനിക്ക് മാല കിട്ടി ഞാൻ സ്ഥലത്ത് തിരിച്ചെത്തിയത്. വന്നുനോക്കുമ്പോൾ വിളിക്കുവാനാകട്ടെ, പറയുവാനാകട്ടെ ആരുമില്ല! ഞാൻ അതേ സ്ഥലത്ത് തന്നെ ഇരുന്നു. അവർ പിന്നീട് എന്നെ കാണാതാവുകയും, അന്വേഷിച്ചു തേടിവരുകയും ചെയ്യുമെന്ന് ഞാൻ വിചാരിച്ചു.

'ഞാൻ അവിടെ ഇരുന്നുകൊണ്ടിരിക്കെ, എനിക്ക് കണ്ണിൽ ഉറക്ക് പിടിച്ചു. സൈന്യത്തിന് പിന്നാലെയായി (ഇത്തരം കാര്യങ്ങളെപ്പറ്റി അന്വേഷിച്ചറിയുവാൻ നിയോഗിക്കപ്പെട്ട) സ്വഫ്‌വാൻ (صفوان بن المعطل – رض) ഉണ്ടായിരുന്നു. അദ്ദേഹം വെളുക്കാൻ കാലത്ത് അവിടെ എത്തി. അദ്ദേഹം ഒരു മനുഷ്യന്റെ നിഴൽ കണ്ടു. പർദ്ദാനിയമത്തിന് മുമ്പ് അദ്ദേഹം എന്നെ കണ്ടിരുന്നതുകൊണ്ട് എന്നെ അറിഞ്ഞു. ഉടനെ അദ്ദേഹം 'ഇസ്തിർജാഉ്' ചൊല്ലി *(*)* അത് കേട്ടാണ് ഞാൻ ഉണർന്നത്. ഉടനെ ഞാൻ എന്റെ മൂടുവസ്ത്രംകൊണ്ട് മുഖം മറച്ചു. അല്ലാഹു തന്നെയാണ! അദ്ദേഹം, 'ഇസ്തിർജാഇ'ന്റെ വാക്കല്ലാതെ എന്നോടൊന്നും പറയുകയുണ്ടായിട്ടില്ല. ഞാനതല്ലാതെ ഒന്നും കേട്ടിട്ടുമില്ല. അദ്ദേഹം വേഗം ഇറങ്ങി ഒട്ടകത്തെ മുട്ടുകുത്തിച്ചു. അതിന്റെ കൈക്ക് തന്റെ കാൽകൊണ്ട് ചവിട്ടിത്തന്നു. ഞാൻ ഒട്ടകപ്പുറത്തുകയറി. അദ്ദേഹം എന്നെയുമായി ഒട്ടകത്തെ നയിച്ചുംകൊണ്ട് നടന്നു. സൈന്യം ഇറങ്ങിയിരുന്ന താവളത്തിലെത്തി. അവർ വെളുപ്പാൻ കാലത്ത് ഒരു താവളത്തിലിറങ്ങിയിട്ടുണ്ടായിരുന്നു.

'അങ്ങനെ എന്റെ കാര്യത്തിൽ (അപരാധം പറഞ്ഞുണ്ടാക്കുക നിമിത്തം) നാശത്തിൽപെട്ടവരൊക്കെ നാശത്തിലായി! അതിൽ നേതൃത്വം വഹിച്ചത് (കപടവിശ്വാസികളുടെ നേതാവായ) അബ്ദുല്ലാഹിബ്നു ഉബയ്യ് (عبد الله بن ابى بن سلول) ആയിരുന്നു. ഞങ്ങൾ മദീനയിലെത്തി. എനിക്ക് ഒരു മാസത്തോളം രോഗം പിടിപെട്ടു. ജനങ്ങൾ കള്ളക്കഥയിൽ മുഴുകിക്കൊണ്ടിരുന്നു. ഞാനതൊന്നും അറിഞ്ഞിരുന്നില്ല. റസൂൽ തിരുമേനിﷺയിൽനിന്നും മുമ്പ് എനിക്ക് അനുഭവപ്പെട്ടിരുന്ന ആ സൗമ്യമായ പെരുമാറ്റം, എന്റെ സുഖമില്ലായ്മയുടെ അവസരത്തിൽ കണ്ട് വന്നിരുന്നില്ലെന്ന വസ്തുത എന്നെ ആശങ്കയിലാക്കിയിരുന്നു. അവിടുന്ന് കടന്നുവന്നു സലാം പറയും; തനിക്ക് എങ്ങനെയിരിക്കുന്നു എന്ന് ചോദിക്കും; തിരിച്ചുപോകയും ചെയ്യും; അത്ര മാത്രമേ ഉണ്ടായിരുന്നുള്ളു. അതായിരുന്നു എന്നെ സന്ദേഹപ്പെടുത്തിയിരുന്നത്. അൽപമൊരു ആശ്വാസം കിട്ടുന്നത് വരെ മറ്റ് തകരാറുകളൊന്നും ഞാൻ അറിഞ്ഞിരുന്നില്ല.

'എനിക്ക് അൽപം ആശ്വാസം വന്നപ്പോൾ, ഞാനും മിസ്ത്വഹിന്റെ മാതാവും (ام مسطح رض) കൂടി, ഞങ്ങൾ വെളിക്ക് പോകാറുണ്ടായിരുന്ന 'മനാസ്വിഉ്' (مَنَاصِع) എന്ന സ്ഥലത്തേക്ക് പോയി. കക്കൂസുമറകൾ നിർമിക്കുന്നതിനുമുമ്പ് ഞങ്ങൾ രാത്രിയല്ലാതെ (പകൽ സമയത്ത്) വെളിക്ക് പോകാറുണ്ടായിരുന്നില്ല. വെളിക്കിരിക്കുവാൻ മറ കെട്ടും

(*) വല്ല വിധത്തിലുള്ള ആപത്തും നേരിടുമ്പോൾ إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ (നാമെല്ലാം അല്ലാഹുവിന്റേതാണ്, നാം അവനിലേക്ക് തന്നെ മടങ്ങുന്നവരുമാണ്) എന്ന് പറയുവാൻ ക്വുർആൻ നമ്മെ ഉപദേശിച്ചിട്ടുണ്ട്. ഇതിനാണ് 'ഇസ്തിർജാഉ്' (الاسترجاع) അഥവാ മടക്കം കാണിക്കുക- എന്ന് പറയുന്നത്. എന്തോ ഒരു അബദ്ധം പിണഞ്ഞതായി സ്വഫ്‌വാൻ മനസ്സിലാക്കിയത് കൊണ്ടാണ് അത് പറഞ്ഞത്.

മുമ്പ് ഞങ്ങൾ പഴയകാലത്തെ അറബികളെപ്പോലെ പറമ്പിൽ പോകലായിരുന്നു പതിവ്. ഞാനും ഉമ്മുമിസ്ത്വഹും കൂടി മടങ്ങുമ്പോൾ അവർ; 'മിസ്ത്വഹ് നാശമടയട്ടെ!' (تعس مسطح) എന്ന് പറയുകയുണ്ടായി. *(*)* ഞാൻ പറഞ്ഞു: 'നിങ്ങൾ പറഞ്ഞത് മോശമായിപ്പോയി! ബദർ യുദ്ധത്തിൽ പങ്കെടുത്തിരുന്ന ഒരു മനുഷ്യനെപ്പറ്റി പഴിച്ചുപറയുകയോ!' അവർ പറഞ്ഞു: 'ഹാ! അവൻ പറഞ്ഞത് നിങ്ങൾ കേട്ടിട്ടില്ലേ?!' ഞാൻ ചോദിച്ചു: 'എന്താണ് പറഞ്ഞത്?' അപ്പോൾ കെട്ടുകഥക്കാർ പറഞ്ഞുകൊണ്ടിരിക്കുന്ന വിവരം അവർ എനിക്ക് വിവരിച്ചു തന്നു. ഇതോടെ എന്റെ ദീനം മേൽക്കുമേൽ വർദ്ധിക്കുകയായി.

'ഞാൻ വീട്ടിൽ വന്നശേഷം, റസൂൽ തിരുമേനിﷺ പ്രവേശിച്ച് തനിക്ക് എങ്ങനെയിരിക്കുന്നു എന്ന് ചോദിക്കയുണ്ടായി. അപ്പോൾ, എനിക്ക് എന്റെ ഉമ്മവാപ്പായുടെ അടുത്തൊന്ന് പോകുവാൻ സമ്മതം നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടു. അവരിൽനിന്ന് സംഗതി ശരിക്കറിയുവാൻ ആഗ്രഹിക്കുകയായിരുന്നു ഞാൻ. തിരുമേനി സമ്മതിച്ചു. ഞാൻ ചെന്നു ഉമ്മയോട് ചോദിച്ചു; 'ഉമ്മാ! എന്തൊക്കെയാണ് ജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്?' മാതാവ് മറുപടി പറഞ്ഞു: 'കുഞ്ഞുമകളേ! നീ അക്കാര്യം മനസ്സിൽ നിസ്സാരമാക്കി വെച്ചേക്കുക. കാരണം, ഒരു നല്ലപെണ്ണ് അവളെ സ്നേഹിക്കുന്ന ഒരു പുരുഷന്റെ അടുക്കലായിരിക്കുക, അവൾക്ക് കുറെ സഹപത്നിമാരും ഉണ്ടായിരിക്കുക- അവർ അവളെപ്പറ്റി പലതും ചെയ്യാതിരിക്കുകയില്ല.' ഞാൻ പറഞ്ഞു: 'സുബ്ഹാനല്ലാഹ്! *(**)* ജനങ്ങൾ ഇങ്ങനെയെല്ലാം പറഞ്ഞുവല്ലോ!' അന്ന് നേരം പുലരുവോളം എന്റെ കണ്ണുനീർ അടങ്ങിയില്ല, കണ്ണിൽ ഉറക്കം വന്നതുമില്ല. പുലർന്നിട്ടും ഞാൻ കരഞ്ഞുകൊണ്ടിരിക്കുകയായി.

'നബി തിരുമേനിﷺക്ക് തന്റെ വീട്ടുകാരുടെ (ഭാര്യയുടെ) കാര്യത്തിൽ വഹ്‌യ് കിട്ടുവാൻ താമസിച്ചത് കൊണ്ട്- അവരെ പിരിച്ചയക്കുന്നതിനെപ്പറ്റി ആലോചന നടത്തുവാനായി- തിരുമേനി, അലി (റ) ഉസാമഃ (റ) എന്നിവരെ വിളിച്ചു അന്വേഷണം നടത്തി. ഉസാമഃ തിരുമേനിയുടെ വീട്ടുകാരുടെ നിരപരാധിത്വവും, അവരോട് തനിക്കുള്ള സ്നേഹവുമെല്ലാം ചൂണ്ടിക്കാട്ടി. അദ്ദേഹം പറഞ്ഞു: 'അവർ അങ്ങയുടെ വീട്ടുകാർ തന്നെ. അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവിനെത്തന്നെയാണ! നല്ല നിലയല്ലാതെ ഒന്നും നാം അറിയുന്നില്ല'. അലി (റ) ആകട്ടെ, ഇങ്ങനെ പറയുകയാണ് ചെയ്തത്: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹു അവിടുത്തേക്ക് ഒരു വിഷമവും വരുത്തിയിട്ടില്ല. സ്ത്രീകൾ അവരല്ലാതെ വേറെയും ധാരാളമുണ്ട്. അത് ആ പെണ്ണിനോട് ചോദിച്ചുനോക്കാം.' തിരുമേനി

***(*)* വല്ലവരെക്കുറിച്ചും വെറുപ്പ് പ്രകടിപ്പിക്കുമ്പോൾ പറയപ്പെടാറുള്ള ഒരു പ്രയോഗമാണ് تعس فلان (ഇന്നവൻ നാശമടയട്ടെ) എന്ന വാക്യം.**

***(**)* ആശ്ചര്യംകൊണ്ട് പറഞ്ഞതാണ് ഈ വാക്ക്. ഇതിനെപ്പറ്റി കൂടുതൽ വിവരം 16-ാം വചനത്തിൽ വെച്ച് മനസ്സിലാക്കാം.**

ബരീറഃയെ വിളിച്ചു *(*)* ഇങ്ങനെ ചോദിച്ചു: 'ബരീറാ! നീ അവരിൽ നിനക്ക് സംശയം തോന്നിക്കുന്ന വല്ലതും കണ്ടിട്ടുണ്ടോ?' ബരീറഃ മറുപടി പറഞ്ഞു: 'ഇല്ല– തിരുമേനിയെ പ്രവാചകനായി അയച്ചിട്ടുള്ളവൻ തന്നെയാണ! അവർ ഒരു ഇളംപ്രായക്കാരിയാണ്. *(**)* വീട്ടിലെ (ഭക്ഷണത്തിനുള്ള) മാവുവിട്ടേച്ച് ഉറങ്ങിപ്പോയേക്കും, വളർത്താട് വന്ന് അത് തിന്നുപോയേക്കുകയും ചെയ്യും എന്നതിൽ കവിഞ്ഞ് അവരെ കുറ്റപ്പെടുത്തത്തക്ക യാതൊന്നും ഞാൻ കാണുകയുണ്ടായിട്ടില്ല.'

'അന്ന് തന്നെ റസൂൽﷺ പള്ളിയിലേക്ക് ചെന്നു മിമ്പറിൽ (പ്രസംഗപീഠത്തിൽ) വെച്ച് ഇപ്രകാരം പറഞ്ഞു: 'എന്റെ വീട്ടുകാരെക്കുറിച്ച് എനിക്ക് ഉപദ്രവമുണ്ടാക്കി ത്തീർത്തിട്ടുള്ള ഒരു മനുഷ്യനെക്കുറിച്ച് എനിക്ക് ഒഴികഴിവ് അനുവദിച്ചുതരുവാൻ ആരുണ്ട്? അല്ലാഹുവാണ! എന്റെ വീട്ടുകാരുടെ പേരിൽ നന്മയല്ലാതെ ഞാൻ അറിയുന്നില്ല. അവർ (ജനങ്ങൾ) ഒരു പുരുഷനെ (സ്വഫ്‌വാനെ)ക്കുറിച്ച് പ്രസ്താവിച്ചുവരുന്നു. അയാളെക്കുറിച്ചും ഞാൻ നല്ലതല്ലാതെ അറിയുന്നില്ല. അദ്ദേഹം എന്റെ വീട്ടിൽ എന്റെ ഒന്നിച്ചല്ലാതെ പ്രവേശിക്കാറുമില്ല.' (ഒരു മനുഷ്യൻ എന്ന് തിരുമേനി പറഞ്ഞത് അബ്ദുല്ലാഹിബ്നു ഉബയ്യിനെ ഉദ്ദേശിച്ചാണ്.)

'അപ്പോൾ സഅ്ദു *(***)*ബ്നു മുആദ് (റ) എഴുന്നേറ്റ് പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ! അല്ലാഹുവാണ! ഞാൻ ആ മനുഷ്യനെപ്പറ്റി ഒഴികഴിവ് തരാം. (വേണ്ടത് ചെയ്യാം) അവർ 'ഔസ്' കുടുംബക്കാരാണെങ്കിൽ ഞങ്ങളവന്റെ കഴുത്ത് വെട്ടാം. ഞങ്ങളുടെ സഹോദരങ്ങളായ 'ഖസ്റജ്' കുടുംബത്തിൽപെട്ടവനാണെങ്കിൽ, അവിടുന്ന് കൽപിക്കുന്ന കൽപനപോലെയും ചെയ്യാം.' അപ്പോൾ സഅ്ദു *(****)*ബ്നു ഉബാദഃ (റ) എഴുന്നേറ്റു. അദ്ദേഹം സഅ്ദു ബ്നു മുആദ് (റ)നോടായി പറഞ്ഞു: 'അല്ലാഹുവാണ! താൻ പറഞ്ഞത് കളവാണ്– താൻ അവനെ (ഞങ്ങളുടെ കുടുംബത്തിൽപെട്ട

***(*)* ഉസാമഃ (اسامة بن زيد رضـ) നബി തിരുമേനി ﷺയുടെ പോറ്റുപുത്രനായ സൈദ് (زيد بن حارثة رضـ)ന്റെ പുത്രനും, ബരീറഃ (بريرة رضـ) ആഇശാ (റ)യാൽ അടിമത്വത്തിൽനിന്ന് മോചനം നൽകപ്പെട്ട് അവരൊന്നിച്ചു വസിച്ചുവരുന്ന ഭൃത്യസ്ത്രീയുമാണ്. അലി (റ) കൊടുത്ത മേൽകണ്ട മറുപടി നിമിത്തം ആഇശഃ (റ)ക്ക് അദ്ദേഹത്തോട് അൽപം നീരസമുണ്ടായിരുന്നു. അത് സ്വാഭാവികവുമാണല്ലോ.**

***(**)* ഈ സംഭവമുണ്ടായത് ഹിജ്റഃ വർഷം 5 ലോ 6 ലോ ബനൂമുസ്തലക്വ് യുദ്ധത്തിനുള്ള പടയെടുപ്പിലാണെന്നാണ് അറിയപ്പെടുന്നത്, അന്ന് ആഇശഃ (റ)ക്ക് ഏറെക്കുറെ 15–16 വയസ്സ് പ്രായമായിരിക്കുന്നതാണ്.**

***(***)* സഅ്ദ് (سعدبن معاذ رضـ) ഔസുഗോത്രത്തിലെ സ്വഹാബീ പ്രമുഖനായ ഒരു നേതാവാണ്. അദ്ദേഹം അന്ന് ജീവിച്ചിരിപ്പില്ലെന്നും, ഇപ്രകാരം പ്രസ്താവിച്ചത് അദ്ദേഹത്തിന്റെ പിതൃവ്യപുത്രനും ഒരു നേതാവുമായ ഉസൈദ് (اسيدبن حضير رضـ) ആണെന്നും ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്.**

***(****)* സഅ്ദുബ്നു ഉബാദഃ (سعدبن عبادة رضـ) ഖസ്റജ്ഗോത്രത്തിലെ നേതാവാണ്. ഇദ്ദേഹം വാസ്തവത്തിൽ ഒരു മാന്യ സ്വഹാബിയാണ്. പക്ഷേ, തൽക്കാലം കുടുംബപരമായ രോഷം പിടിപെട്ടുവെന്ന് മാത്രമേയുള്ളൂ. എത്രയോ കാലമായി ഔസും ഖസ്റജും തമ്മിൽ കിടമത്സരം നടന്നുകൊണ്ടിരുന്നതിനുശേഷം അടുത്ത കാലം മുതൽ ഇസ്ലാം അവരെ ഏകോദരസഹോദരൻമാരാക്കിയിരിക്കുകയാണ്.**

വനെ) കൊല ചെയ്കയില്ല, തനിക്കതിന് സാധിക്കുകയില്ല.' അപ്പോൾ ഉസൈദുബ്നു ഹുളൈർ (റ) എഴുന്നേറ്റ് അദ്ദേഹത്തോടിങ്ങനെ പറഞ്ഞു: 'സത്യമായും താൻ പറഞ്ഞതാണ് കളവ്. ഞങ്ങൾ അവനെ കൊല്ലുക തന്നെ ചെയ്യും. താനൊരു കപടവിശ്വാസിയാണ്– കപടവിശ്വാസികൾക്കായി തർക്കം വെട്ടുകയാണ്.' ഇങ്ങനെ ഇരുകൂട്ടരും– ഔസും, ഖസ്‌റജും– ശണ്ഠക്കൊരുങ്ങുകയായി. നബി തിരുമേനി ﷺ മിമ്പറിൽ തന്നെ നിൽക്കുകയാണ്. തിരുമേനി അവരെ സമാധാനിപ്പിച്ചു. അവരെല്ലാം മൗനമായി. തിരുമേനി താഴെ ഇറങ്ങി.

'അന്നും ഞാൻ, കണ്ണുനീർ വറ്റാതെയും, ഉറക്ക് വരാതെയും കഴിഞ്ഞുകൂടി. എന്റെ ഹൃദയം പൊട്ടിപ്പിളരുമോ എന്ന് തോന്നത്തക്കവണ്ണം ഞാൻ രണ്ട് രാത്രിയും ഒരു പകലും കരഞ്ഞു കഴിച്ചിരിക്കുകയാണ്. എന്റെ ഉമ്മയും ബാപ്പയും കാലത്ത് എന്റെ അടുത്തുണ്ടായിരുന്നു– ഞാൻ കരയുക തന്നെയാണ്– അപ്പോൾ, അൻസ്വാരിക്കാരിയായ ഒരു സ്ത്രീ സമ്മതം ചോദിച്ചു അകത്ത് പ്രവേശിച്ചു. അവളും എന്നോടൊപ്പം കരയുകയായി. ഈ അവസരത്തിൽ റസൂൽ തിരുമേനി ﷺ ഞങ്ങളുടെ അടുക്കൽ പ്രവേശിച്ചു. അവിടുന്ന് ഇരുന്നു, എന്നെപ്പറ്റി പറഞ്ഞുണ്ടാക്കപ്പെട്ട വിഷയം പ്രസ്താവത്തിൽ വന്നത് മുതൽക്ക് അവിടുന്ന് എന്റെ അടുക്കൽവന്ന് ഇരുന്നിട്ടില്ലായിരുന്നു. എന്റെ കാര്യത്തിൽ, ഒരു ദിവ്യസന്ദേശവും (വഹ്‌യും) കിട്ടാതെ ഒരു മാസം അവിടുന്ന് അങ്ങനെ കഴിഞ്ഞുകൂടിയിരിക്കുകയാണ്. തിരുമേനി 'തശഹ്– ഹുദ്' (**تشهد**) ചെയ്തു *(*)* കൊണ്ട് ഇപ്രകാരം പറഞ്ഞു: '(ആഇശാ!) എന്നാൽ, എനിക്ക് തന്നെപ്പറ്റി ഇന്നിന്നപ്രകാരം വിവരം കിട്ടുകയുണ്ടായിട്ടുണ്ട്. താൻ നിരപരാധിയാണെങ്കിൽ, അല്ലാഹു തന്റെ നിരപരാധിത്വം വെളിപ്പെടുത്തിക്കൊള്ളും. താൻ വല്ല പാപത്തിലും അകപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അല്ലാഹുവിനോട് പാപമോചനം തേടുകയും, അവനോട് പശ്ചാത്തപിക്കുകയും ചെയ്തുകൊള്ളുക. അടിയാൻ, തന്റെ പാപം ഏറ്റുപറഞ്ഞ് ഖേദിച്ചുമടങ്ങിയാൽ, അല്ലാഹു മടക്കം സ്വീകരിക്കുന്നതാണ്.

'റസൂൽ ﷺ ഇത് പറഞ്ഞുകഴിയുമ്പോഴേക്കും എന്റെ കണ്ണുനീർ ഒരു തുള്ളിപോലും കാണാത്തവിധം നിലച്ചുപോയി! ഞാൻ പിതാവിനോട്– അബൂബക്ർ (റ)നോട് –പറഞ്ഞു: 'തിരുമേനി പറഞ്ഞതിന് മറുപടി പറയണ'മെന്ന്. 'ഞാനെന്താണ് തിരുമേനിയോട് പറയേണ്ടതെന്ന് എനിക്കറിഞ്ഞുകൂടാ!' എന്നായിരുന്നു പിതാവ് പറഞ്ഞത്. അപ്പോൾ ഞാൻ മാതാവിനോട് പറഞ്ഞുനോക്കി. അവരും അതുതന്നെ മറുപടി പറഞ്ഞു. ഞാനാണെങ്കിൽ, ഒരു ചെറുപ്പക്കാരി. ക്വുർആൻ തന്നെ അധികഭാഗവും എനിക്ക് ഓതുവാൻ കഴിയുകയില്ല (പഠിച്ചിട്ടില്ല.) ഏതായാലും, ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! എനിക്കറിയാം: ജനങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു വാർത്ത നിങ്ങൾ കേട്ടു. അത് നിങ്ങളുടെ ഹൃദയങ്ങളിൽ സ്ഥലം പിടിച്ചു, നിങ്ങളത് സത്യമെന്ന് കരുതിയിരിക്കുകയാണ്. എനി, ഞാൻ നിരപരാധിയാണെന്ന് നിങ്ങളോട് പറഞ്ഞാൽ നിങ്ങളെന്നെ വിശ്വസിക്കുകയില്ല. ഞാൻ നിരപരാധിയാണെന്ന് അല്ലാഹുവിന് അറിയാവുന്ന ഒരു കാര്യം (കുറ്റം) ഞാൻ നിങ്ങളോട് സമ്മതിച്ചുതരുകയാണെങ്കിൽ, നിങ്ങളെന്നെ വിശ്വസിച്ചേക്കും. അല്ലാഹുവാണ! എന്നെയും, നിങ്ങളെയും കുറിച്ച് ഒരു ഉപമ പറയുവാൻ യൂസുഫ് നബി (അ)യുടെ പിതാവിനെ– യഅ്ക്വൂബ് നബി (അ)യെ –അല്ലാതെ

(*) പ്രസംഗമോ പ്രധാനപ്പെട്ട വല്ല സംഭാഷണമോ നടത്തുമ്പോൾ അതിന്റെ ആദ്യത്തിൽ شهادة ، ثناء ، حمد (അല്ലാഹുവിനെ സ്തുതിക്കുക, പുകഴ്ത്തുക, 'ശഹാദത്ത് കലിമഃ' പറയുക മുതലായ ഉപചാരവാക്യങ്ങൾ ഉൾപ്പെടുത്തുന്നതിന് 'തശഹ്-ഹുദ്' (تشهد) എന്ന് പറയപ്പെടും.

ഞാൻ കാണുന്നില്ല. അതായത്: فَصَبْرٌ جَمِيلٌ وَ اللهُ الْمُسْتَعَانُ عَلَى مَا تَصِفُونَ (എനി നല്ലതായ ക്ഷമതന്നെ. അല്ലാഹുവിനോടാണ്, നിങ്ങൾ വിവരിക്കുന്ന കാര്യത്തെക്കുറിച്ച് സഹായം തേടപ്പെടുവാനുള്ളത്.) എന്ന് അദ്ദേഹം പറഞ്ഞവാക്ക് ***(*)***. അനന്തരം ഞാൻ അവിടെ നിന്ന് സ്ഥലംവിട്ട് വിരുപ്പിൽചെന്നു കിടന്നു.

'എനിക്കപ്പോൾ തീർച്ചയായും അറിയാമായിരുന്നു: ഞാൻ നിരപരാധിയാണെന്നും എന്റെ നിരപരാധിത്വം അല്ലാഹു സ്ഥാപിക്കുമെന്നും. പക്ഷേ, പാരായണം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്ന വല്ല വഹ്‌യും (ക്വുർആൻ വാക്യവും) എന്റെ കാര്യത്തിൽ അവതരി ച്ചേക്കുമെന്ന് ഞാൻ കരുതിയിരുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം എന്നെപ്പറ്റി പാരാ യണം ചെയ്യപ്പെടത്തക്ക വല്ല വിഷയവും അല്ലാഹു അവതരിപ്പിക്കാവുന്നതിനെക്കാൾ- വളരെ നിസ്സാരപ്പെട്ടതാണ് എന്റെ വിഷയം എന്നായിരുന്നു നിശ്ചയമായും ഞാൻ മന സ്സിലാക്കിയിരുന്നത്. എങ്കിലും, എന്റെ നിരപരാധിത്വം അല്ലാഹു സ്ഥാപിക്കുന്ന തര ത്തിലുള്ള വല്ല സ്വപ്നവും റസൂൽ തിരുമേനിﷺ കണ്ടേക്കുമെന്ന് ഞാൻ പ്രതീക്ഷി ക്കുന്നുണ്ടായിരുന്നു.

'എന്നിട്ട്- അല്ലാഹുവാണ് സത്യം! തിരുമേനി ആ സദസ്സ് വിട്ട് പോയിട്ടില്ല, വീട്ടിൽനിന്ന് ആരും പുറത്ത്പോയിട്ടുമില്ല. അപ്പോഴേക്കും അതാ അല്ലാഹു അവന്റെ പ്രവാചകന് (വഹ്‌യ്) അവതരിപ്പിക്കുന്നു! തിരുമേനി (വഹ്‌യ് വരുമ്പോഴത്തെ പതിവ് പ്രകാരം) വിയർപ്പ് പിടിപെട്ടു ആശ്വാസമായി. അവിടുന്ന് ചിരിക്കുകയാണ് ഒന്നാമതായി അവി ടുന്ന് സംസാരിച്ച വാക്ക് 'ആഇശാ! അല്ലാഹുവിനെ സ്തുതിച്ചുകൊള്ളുക! അവൻ നിനക്ക് നിരപരാധിത്വം നൽകിയിരിക്കുന്നു!' എന്നാണ്. അപ്പോൾ എന്റെ മാതാവ് എന്നോട് പറഞ്ഞു: '(മകളേ) എഴുന്നേറ്റു റസൂൽ തിരുമേനിയുടെ അടുത്തേക്ക് ചെല്ലൂ!' ഞാൻ പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ റസൂൽ തിരുമേനിയുടെ അടുക്കലേക്ക് എഴു ന്നേറ്റു ചെല്ലേണ്ടതില്ല- എന്റെ നിരപരാധിത്വം വെളിപ്പെടുത്തിയത് അല്ലാഹുവാകുന്നു. അവനെയല്ലാതെ ഞാൻ സ്തുതിക്കുന്നില്ല.' അങ്ങനെ, إِنَّ الَّذِينَ جَاؤُو بِالإِفْكِ എന്ന (11 -ാം വചനം) തുടങ്ങി പത്ത് ആയത്തുകൾ അല്ലാഹു അവതരിപ്പിച്ചു.

'എന്റെ വിഷയത്തിൽ ഇത് അവതരിച്ചതിന്ശേഷം, (പിതാവ്) അബൂബക്ർ- അദ്ദേ ഹമായിരുന്നു, ദാരിദ്ര്യത്തെയും കുടുംബത്തെയും കരുതി മിസ്ത്വഹുബ്നു അഥാഥഃക്ക് (مسطح بن اثاثة رضـ) ചിലവ് കൊടുത്ത് വന്നിരുന്നത്- പറഞ്ഞു: 'അല്ലാഹുവാണ! ആഇശഃയെക്കുറിച്ച് മിസ്ത്വഹ് ഇങ്ങനെ പറഞ്ഞുകളഞ്ഞ സ്ഥിതിക്ക് ഇനി ഒരിക്കലും ഞാൻ അവന് വേണ്ടി ചിലവഴിക്കുകയില്ല.' അത് നിമിത്തം അല്ലാഹു وَلَا يَأْتَلِ أُولُوا الْفَضْلِ مِنكُمْ എന്ന് (22-ാം ആയത്ത്) അവതരിപ്പിച്ചു......'

ബുഖാരി(റ)യും മുസ്‌ലിമും(റ) ഉദ്ധരിച്ചതിനെ ആസ്പദമാക്കിയാണ് മുകളിൽ നാം ഈ കഥ വിവരിച്ചത്. അൽപഭാഗംകൂടി ബാക്കിയുണ്ട്. അത് 22-ാം വചനത്തിന്റെ വിവ രണത്തിൽ വായിക്കാം. إِنْ شَاء الله ചരിത്രപ്രസിദ്ധവും, പ്രാധാന്യം നിറഞ്ഞതുമായ ഈ സംഭവവും, അതിന്റെ കലാശവും മാത്രം മതി ആഇശഃ(റ)യുടെയും അബൂബക്ർ (റ)ന്റെ കുടുംബത്തിന്റെയും കീർത്തിബഹുമാനം ലോകാവസാനംവരെ നിലനിൽക്കു വാൻ. എനി നമുക്ക് പ്രസ്തുത ആയത്തുകൾ വായിക്കാം;-

---

(*) യൂസുഫ്നബി (അ)യെ കിണറ്റിലെറിഞ്ഞശേഷം ചെന്നായ പിടിച്ചുവെന്ന് സഹോദരൻമാർ പറഞ്ഞപ്പോഴാണ് അദ്ദേഹം ഇത് പറഞ്ഞത്. ബിൻയാമിനെ ഈജി പ്തിലെ ഭരണാധിപതി പിടിച്ചുവെച്ച കഥ അവർ പറഞ്ഞപ്പോഴും അദ്ദേഹം فصبر جميل എന്ന് പറയുകയുണ്ടായി. (സൂ: യൂസുഫ്.)

വിഭാഗം - 2

إِنَّ ٱلَّذِينَ جَآءُو بِٱلْإِفْكِ عُصْبَةٌ مِّنكُمْ ۚ لَا تَحْسَبُوهُ شَرًّا لَّكُم ۖ بَلْ هُوَ خَيْرٌ لَّكُمْ ۚ لِكُلِّ ٱمْرِئٍ مِّنْهُم مَّا ٱكْتَسَبَ مِنَ ٱلْإِثْمِ ۚ وَٱلَّذِى تَوَلَّىٰ كِبْرَهُۥ مِنْهُمْ لَهُۥ عَذَابٌ عَظِيمٌ ﴿١١﴾

﴾11﴿ നിശ്ചയമായും (ആ) കള്ള വാർത്തകൊണ്ടുവന്നിട്ടുള്ളവർ, നിങ്ങളിൽനിന്നുള്ള ഒരു കൂട്ടരാകുന്നു. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കരുതേണ്ട; പക്ഷേ, അത് നിങ്ങൾക്ക് ഗുണകരമാകുന്നു.

അവരിൽ ഓരോരുത്തന്നും അവൻ പ്രവർത്തിച്ചിട്ടുള്ള പാപം [പാപത്തിന്റെ ശിക്ഷ] ഉണ്ടായിരിക്കും. അവരിൽ നിന്നും അതിന്റെ നേതൃത്വം ഏറ്റെടുത്തവനാകട്ടെ, അവന് വമ്പിച്ച ശിക്ഷയുമുണ്ട്.

﴾11﴿ إِنَّ الَّذِينَ നിശ്ചയമായും ഒരു കൂട്ടർ جَاءُوا അവർ വന്നു بِالْإِفْكِ കള്ളവാർത്ത (നുണ)കൊണ്ട് عُصْبَةٌ مِنْكُمْ നിങ്ങളിൽ നിന്നുള്ള ഒരു കൂട്ടരാണ് لَا تَحْسَبُوهُ നിങ്ങൾ അതിനെ കരുതേണ്ട, കണക്കാക്കേണ്ട شَرًّا لَكُمْ നിങ്ങൾക്ക് ദോഷമാണെന്ന് بَلْ എങ്കിലും, എന്നാൽ, പക്ഷേ هُوَ അത് خَيْرٌ لَكُمْ നിങ്ങൾക്ക് ഗുണമാണ് لِكُلِّ امْرِئٍ എല്ലാ മനുഷ്യന്നുമുണ്ട് مِنْهُمْ അവരിൽനിന്നുള്ള مَا اكْتَسَبَ അവൻ സമ്പാദിച്ചുണ്ടാക്കിയത് مِنَ الْإِثْمِ പാപമായിട്ട്, കുറ്റമായിട്ട് وَالَّذِي تَوَلَّى ഏറ്റെടുത്തവനാകട്ടെ كِبْرَهُ അതിന്റെ നേതൃത്വം (വലിയ പങ്ക്) مِنْهُمْ അവരിൽ നിന്ന് لَهُ അവന്നുണ്ട് عَذَابٌ عَظِيمٌ വമ്പിച്ച ശിക്ഷ

കള്ളവാർത്ത എന്ന് പറഞ്ഞത് മേൽവിവരിച്ച അപവാദമാണെന്ന് പറയേണ്ടതില്ല. ഇത് നിർമിച്ചുണ്ടാക്കപ്പെട്ടത് മുസ്‌ലിംകൾക്കിടയിൽ നിന്നുമാണ്. അതിൽ നേതൃത്വം വഹിച്ചവൻ- അഥവാ, ആദ്യം കെട്ടിയുണ്ടാക്കുകയും ജനമധ്യേ പ്രചരിപ്പിക്കുന്നവരിൽ പ്രധാന പങ്ക് വഹിക്കുകയും ചെയ്തവൻ മേൽപറഞ്ഞ കപട വിശ്വാസിയായ അബ്ദുല്ലാഹിബ്നുഉബയ്യ് തന്നെ. പ്രചാരം ചെയ്തവർ അവന് പുറമെ മിസ്ത്വഹ് (റ), ഹസ്സാനുബ്നുഥാബിത്ത് (റ), ജഹ്ശ് മകൾ ഹംനഃ(റ) എന്നിവരാകുന്നു. വ്യഭിചാരാരോപണ ശിക്ഷാനിയമമനുസരിച്ച് കുറ്റവാളികളായവർക്ക് അടി ശിക്ഷ നൽകപ്പെടുകയുണ്ടായി. അപരാധം പറഞ്ഞുണ്ടാക്കിയവർ അധികപേരുണ്ടായിരുന്നില്ലെന്ന് عُصْبَةٌ എന്ന വാക്ക് തന്നെ അറിയിക്കുന്നു. കുറച്ചാളുകളുടെ കൂട്ടത്തിനാണ് ഈ വാക്ക് ഉപയോഗിക്കപ്പെടാറുള്ളത്.

عُصْبَةٌ مِنْكُمْ (നിങ്ങളിൽ നിന്നുള്ള ഒരു കൂട്ടരാണ്) എന്ന വാക്ക് കൊണ്ട് മേൽപറഞ്ഞ മൂന്ന് പേരും ഇസ്‌ലാമിൽ നിന്ന് വ്യതിചലിച്ചിട്ടില്ലെന്നും, മനുഷ്യസഹജമായ നിലയിൽ അവരുടെ പക്കൽ തെറ്റ്പറ്റിപ്പോയതാണെന്നും മനസ്സിലാക്കാവുന്നതാണ്. നേതൃത്വം വഹിച്ച ഇബ്നുഉബയ്യാകട്ടെ, അവന് വമ്പിച്ച ശിക്ഷയുണ്ടാകുമെന്ന് അല്ലാഹു പ്രത്യേകം എടുത്തുപറഞ്ഞിരിക്കുന്നു. മാത്രമല്ല, അവൻ മരണംവരെ, ഇസ്‌ലാമിനോട്

ശത്രുത പുലർത്തിപ്പോരുകയും ശപിക്കപ്പെട്ടവനായി മരണപ്പെടുകയുമാണുണ്ടായിട്ടുള്ളതെന്ന് പല ലക്ഷ്യങ്ങൾ മുഖേന തിട്ടപ്പെട്ടുകഴിഞ്ഞതാണ്. പ്രസ്തുത മൂന്ന് പേരും ഖേദിച്ചു പശ്ചാത്തപിക്കുകയും, സ്വഹാബികളുടെ കൂട്ടത്തിൽ മാന്യൻമാരായി ഗണിക്കപ്പെടുകയും ചെയ്തവരാകുന്നു. കപടവിശ്വാസികൾ, ബാഹ്യത്തിൽ മുസ്‌ലിംകളായിട്ടാണ് ഗണിക്കപ്പെട്ടിരുന്നതെന്ന വസ്തുത സ്മരണീയമാണ്.

ഹസ്സാൻ (**حسان بن ثابت رضـ**) ഒരു മഹാകവിയായിരുന്നു. അദ്ദേഹം തന്റെ കവിത വഴി ഇസ്‌ലാമിന്നും, നബിﷺക്കും വളരെ സേവനം ചെയ്തിട്ടുള്ളത് പ്രസ്ത്യാവ്യമാകുന്നു. ഈ സംഭവം കലാശിച്ചശേഷം, അദ്ദേഹം ആഇശഃ (റ)യോട് ഒഴിവുകഴിവുകൾ പറഞ്ഞുകൊണ്ടും, കേട്ടുകേൾവിയെ അടിസ്ഥാനമാക്കി തന്റെ പക്കൽവന്നുവശായതാണെന്ന് ഉണർത്തിച്ചുകൊണ്ടും കവിത പാടുകയുണ്ടായിട്ടുണ്ട്: അതിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നു:

حصان رزان ما تزن بريبة وتصبح غرثى من لحوم الغوافل

(സാരം: പവിത്രതയാണ്, മാന്യതയാണ്, സംശയാസ്പദമായ ആരോപണങ്ങൾക്കൊന്നും വിധേയയല്ല, ശുദ്ധഹൃദയരായ സ്ത്രീകളുടെ മാംസം തിന്നുന്നതിനെ- അവരെപ്പറ്റി ദൂഷണം പറയുന്നതിനെ- ക്കുറിച്ച് വ്രതം എടുക്കുന്നവളുമാണ്.) പിന്നീട് ആഇശ: (റ) അദ്ദേഹത്തെ മാനിക്കുകയും ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. മിസ്ത്വഹ് (**مسطح رضـ**) അബൂബക്കർ (റ)ന്റെ മാതാവിന്റെ സഹോദരീപുത്രനും, 22-ാം വചനം അവതരിച്ചതിന് കാരണഭൂതനും, ബദ്റിൽ പങ്കെടുത്ത സ്വഹാബിയും ആയിരുന്നു. നബിﷺയുടെ ഭാര്യയായ സൈനബ് (റ)യുടെ നേരെ സഹോദരിയും, പത്ത് പ്രമുഖ സഹാബികളിൽ ഒരാളായ ത്വൽഹഃ(**طلحة رضـ**)യുടെ ഭാര്യയുമാണ് ഹംനഃ (**حمنة بنت جحش رضـ**)

അത് നിങ്ങൾക്ക് ദോഷകരമാണെന്ന് കരുതേണ്ട- അത് നിങ്ങൾക്ക് ഗുണകരമാണ് എന്ന് പറഞ്ഞഭാഗം പ്രത്യേകം ശ്രദ്ധാർഹമാകുന്നു. അല്ലാഹുവിന്റെ പക്കൽനിന്നുള്ള മഹത്തായ പ്രതിഫലവാഗ്ദാനം, എന്നേക്കും നിലനിൽക്കുന്ന സൽക്കീർത്തി, നിരപരാധിത്വം സ്ഥാപിച്ചുകൊണ്ട് ക്വുർആൻ അവതരിക്കൽ, അത് വഴി എക്കാലത്തും അവരുടെ സ്മരണ പുതുക്കിക്കൊണ്ടിരിക്കുന്നത്, വളരെ മത തത്വങ്ങളും നിയമങ്ങളും അവതരിച്ചത് എന്നിങ്ങനെ പല ഗുണങ്ങളും ഈ സംഭവംമൂലം ഉണ്ടായി. അപ്പോൾ ഒന്നാമതായി ആഇശ: (റ)ക്കും, രണ്ടാമതായി സ്വഫ്‌വാന്നും (റ), നബിﷺ അടക്കമുള്ള എല്ലാ മുസ്‌ലിംകൾക്കും പല ഗുണങ്ങളും ലഭിക്കുവാൻ ഈ സംഭവം ഇടയായെന്ന് പറയേണ്ടതില്ല.

لَّوْلَآ إِذْ سَمِعْتُمُوهُ ظَنَّ ٱلْمُؤْمِنُونَ وَٱلْمُؤْمِنَٰتُ بِأَنفُسِهِمْ خَيْرًا وَقَالُوا۟ هَٰذَآ إِفْكٌ مُّبِينٌ ﴿١٢﴾

﴾12﴿ നിങ്ങൾ അത് കേട്ടപ്പോൾ, സത്യവിശ്വാസികളും, സത്യവിശ്വാസിനികളും തങ്ങളെപ്പറ്റിത്തന്നെ (പരസ്പരം) നല്ല വിചാരം വിചാരിക്കുകയും, 'ഇത് വ്യക്തമായ ഒരു കള്ളവാർത്തയാണ്' എന്ന് പറയുകയും എന്തുകൊണ്ട് ചെയ്തുകൂടായിരുന്നു?!

لَّوْلَا جَآءُو عَلَيْهِ بِأَرْبَعَةِ شُهَدَآءَ ۚ فَإِذْ لَمْ يَأْتُوا۟ بِٱلشُّهَدَآءِ فَأُو۟لَٰٓئِكَ عِندَ ٱللَّهِ هُمُ ٱلْكَٰذِبُونَ ﴿١٣﴾

﴾13﴿ അവർ [ഇതുപറഞ്ഞുണ്ടാക്കിയവർ] എന്താണതിന് നാല് സാക്ഷികളെ കൊണ്ടുവരാത്തത്?! അവർ സാക്ഷികളെ കൊണ്ട് വരാത്ത സ്ഥിതിക്ക് അല്ലാഹുവിന്റെ അടുക്കൽ അവർ തന്നെയാണ് കളവ് പറയുന്നവർ.

﴾12﴿ لَوْلَا എന്ത് കൊണ്ടില്ല, കൂടായിരുന്നോ, ആയിക്കൂടേ إِذْ سَمِعْتُمُوهُ നിങ്ങൾ അത് കേട്ടപ്പോൾ ظَنَّ ٱلْمُؤْمِنُونَ സത്യവിശ്വാസികൾ വിചാരിക്കുകയും وَٱلْمُؤْمِنَٰتُ സത്യവിശ്വാസിനികളും بِأَنفُسِهِمْ തങ്ങളെപ്പറ്റിത്തന്നെ خَيْرًا നല്ലത് (നല്ല വിചാരം) وَقَالُوا۟ അവർ പറയുകയും (എന്ത് കൊണ്ട് ചെയ്തുകൂടാ) هَٰذَآ إِفْكٌ ഇത് കള്ളവാർത്തയാണ്, നുണയാണ് (എന്ന്) مُّبِينٌ വ്യക്തമായ, സ്പഷ്ടമായ, (തനിച്ച) ﴾13﴿ لَّوْلَا جَآءُو അവർക്ക് വന്നുകൂടേ, എന്താണ് വരാത്തത് عَلَيْهِ അതിന്, അതിന്റെമേൽ بِأَرْبَعَةِ شُهَدَآءَ നാല് സാക്ഷികളെയുംകൊണ്ട് فَإِذْ لَمْ يَأْتُوا۟ എന്നാൽ അവർ കൊണ്ടുവരാത്ത സ്ഥിതിക്ക് بِٱلشُّهَدَآءِ സാക്ഷികളെ فَأُو۟لَٰٓئِكَ അപ്പോൾ അക്കൂട്ടർ عِندَ ٱللَّهِ അല്ലാഹുവിന്റെ അടുക്കൽ هُمُ ٱلْكَٰذِبُونَ അവർ തന്നെയാണ് കളവ് പറയുന്നവർ

സത്യവിശ്വാസികളെല്ലാം ഒരേശരീരത്തിന്റെ അംശങ്ങളാകുന്നു. അവരെല്ലാം ഒന്നായിരിക്കണം, ഒരാൾക്ക് മറ്റവനെപ്പറ്റി സദ്വിചാരമുണ്ടായിരിക്കണം, അന്യോന്യം കുറ്റവും കുറവും കണ്ടാൽ മറച്ചുവെക്കണം. ഇങ്ങനെയെല്ലാമാണ് സത്യവിശ്വാസികൾ തമ്മിൽ സ്വീകരിക്കേണ്ടുന്ന നില. അപ്പോൾ, സദ്വൃത്തരായ രണ്ടാളുകളെപ്പറ്റി ഇമ്മാതിരി അപരാധം എവിടെനിന്ന് കേട്ടാലും ഉടനടി അത് നുണയായിരിക്കുമെന്ന് വെക്കുകയും, നല്ല വിചാരം കരുതുകയും വേണ്ടതല്ലേ, എന്നാണ് അല്ലാഹു താക്കീത് ചെയ്യുന്നത്. ആഇശഃ (റ)യുടെയും സ്വഫ്വാൻ (റ)ന്റെയും പരിശുദ്ധനില ഇരിക്കട്ടെ, ഒരു വമ്പിച്ച ജനക്കൂട്ടത്തിൽ നിന്ന്ഒളിഞ്ഞുമാറി ഒരു നീചപ്രവൃത്തി നടത്തിയ രണ്ടുപേർ പട്ടാപ്പകൽ– ആ ജനതാമദ്ധ്യെ പരസ്യമായി– റസൂൽ തിരുമേനി (ﷺ)യുടെ മുമ്പാകെ– ഒരാൾ വാഹനപ്പുറത്തും മറ്റെയാൾ അതിനെ നയിച്ചുകൊണ്ടും– വന്നിറങ്ങുവാൻ ധൈര്യപ്പെടുമോ? എന്നിരിക്കെ, ഹൃദയത്തിൽ ഒളിഞ്ഞുകിടക്കുന്ന ഒരു അസൂയയിൽ നിന്നോ മറ്റോ അല്ലാതെ ഇത്തരം ജല്പനങ്ങൾ പുറത്ത് വരുമോ? അതെ, അസൂയക്കാരൻ തനിക്കൊരു അവസരം കണ്ടപ്പോൾ അത് നിർമിച്ചു. മറ്റു ചിലർ ഗൗരവം മനസ്സിലാക്കാതെ അത് ഏറ്റുപറയുകയും ചെയ്തു. ഇതാണ് സംഭവിച്ചത്.

വ്യഭിചാരാരോപണം തെളിയിക്കുവാൻ നാല് സാക്ഷികൾ വേണം. അത് അവർ കൊണ്ടുവരേണ്ടതായിരുന്നു. അത് ചെയ്യാത്തപ്പോൾ– അഥവാ ആരോപണം തെളിയിക്കപ്പെടാത്ത സ്ഥിതിക്ക് –അവർ കളവ് പറയുന്നവരാണെന്നാണ് അല്ലാഹുവിന്റെ വിധി. ഇത് പ്രത്യേകം ശ്രദ്ധാർഹമാകുന്നു. തെളിയിക്കുവാൻ കഴിയാത്ത കുറ്റം പരസ്യപ്പെടുത്തരുതെന്നും പ്രചരിപ്പിക്കരുതെന്നും ഇതിൽനിന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഒരു പക്ഷേ, സംഭവം യഥാർത്ഥത്തിൽ ശരിയായിരുന്നാൽ തന്നെയും, അതിന്റെ പ്രതിഫലം അല്ലാഹു കൊടുത്തുകൊള്ളുമെന്ന് വെച്ച് മൗനം കൈക്കൊള്ളുകയും, കഴിയുമെങ്കിൽ സ്വകാര്യ

ത്തിൽ ഉപദേശിക്കുകയുമാണ് വേണ്ടത്. സാധാരണ സംഭങ്ങളിലെല്ലാം തന്നെ, രണ്ട് സാക്ഷികളാണ് ഇസ്‌ലാമിൽ തെളിവായി നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. വ്യഭിചാരവിഷയത്തിൽ മാത്രം നാല് സാക്ഷികൾ വേണമെന്ന് വെച്ചത് വ്യഭിചാരത്തിന്റെയും, അതിന്റെ ശിക്ഷയുടെയും ഗൗരവം നിമിത്തമാകുന്നു.

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ لَمَسَّكُمْ فِى مَآ أَفَضْتُمْ فِيهِ عَذَابٌ عَظِيمٌ ﴿١٤﴾

《14》 അല്ലാഹുവിന്റെ ദയയും, അവന്റെ കാരുണ്യവും നിങ്ങളിൽ- ഇഹത്തിലും പരത്തിലുംവെച്ച്- ഇല്ലായിരുന്നുവെങ്കിൽ, നിങ്ങൾ യാതൊന്നിൽ മുഴുകിയിരിക്കുന്നുവോ അക്കാര്യത്തിൽ, വമ്പിച്ച ശിക്ഷ നിങ്ങളെ സ്പർശിക്കുമായിരുന്നു:-

إِذْ تَلَقَّوْنَهُۥ بِأَلْسِنَتِكُمْ وَتَقُولُونَ بِأَفْوَاهِكُم مَّا لَيْسَ لَكُم بِهِۦ عِلْمٌ وَتَحْسَبُونَهُۥ هَيِّنًا وَهُوَ عِندَ ٱللَّهِ عَظِيمٌ ﴿١٥﴾

《15》 നിങ്ങളുടെ നാവുകളാൽ നിങ്ങളത് ഏറ്റുപറയുകയും, നിങ്ങൾക്ക് യാതൊരു അറിവുമില്ലാത്ത ഒരു കാര്യം നിങ്ങളുടെ വായകൊണ്ട് പറയുകയും ചെയ്തുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ! [അപ്പോഴായിരുന്നു അത് ബന്ധിക്കേണ്ടത്; അതുണ്ടായില്ല.] നിങ്ങൾ ഇതൊരു നിസ്സാരകാര്യമെന്ന് ഗണിക്കുന്നു; അതാകട്ടെ, അല്ലാഹുവിന്റെ അടുക്കൽ വമ്പിച്ചതുമാകുന്നു!

《14》 وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ فَضْلُ اللهِ അല്ലാഹുവിന്റെ ദയവ്, ദാക്ഷിണ്യം, അനുഗ്രഹം عَلَيْكُمْ നിങ്ങളിൽ, നിങ്ങൾക്ക് وَرَحْمَتُهُ അവന്റെ കാരുണ്യവും فِي الدُّنْيَا ഇഹത്തിൽ وَالآخِرَةِ പരത്തിലും لَمَسَّكُمْ നിങ്ങളെ സ്പർശിച്ചിരുന്നു, ബാധിച്ചിരുന്നു فِي مَا യാതൊരു കാര്യത്തിൽ أَفَضْتُمْ فِيهِ നിങ്ങൾ അതിൽ മുഴുകിയിരിക്കുന്നു (അങ്ങനെയുള്ളതിൽ) عَذَابٌ عَظِيمٌ വമ്പിച്ച ശിക്ഷ 《15》 إِذْ تَلَقَّوْنَهُ നിങ്ങൾ അത് ഏറ്റുപറയുന്ന സന്ദർഭത്തിൽ بِأَلْسِنَتِكُمْ നിങ്ങളുടെ നാവുകൾകൊണ്ട് وَتَقُولُونَ നിങ്ങൾ പറയുകയും ചെയ്യുന്നു بِأَفْوَاهِكُمْ നിങ്ങളുടെ വായകൾ കൊണ്ട് مَا لَيْسَ ഇല്ലാത്ത ഒന്നിനെ لَكُمْ നിങ്ങൾക്ക് بِهِ അതിനെപ്പറ്റി عِلْمٌ ഒരു അറിവും وَتَحْسَبُونَهُ നിങ്ങൾ അത് ഗൗനിക്കുന്നു, വിചാരിക്കുന്നു هَيِّنًا നിസ്സാരമെന്ന്, എളിയതെന്ന് وَهُوَ അതാകട്ടെ عِنْدَ اللهِ അല്ലാഹുവിങ്കൽ عَظِيمٌ വമ്പിച്ചതാണ്

പശ്ചാത്താപത്തിന് സൗകര്യം നൽകിക്കൊണ്ടും മറ്റും ഇഹത്തിൽവെച്ചും, കുറ്റം മാപ്പ് ചെയ്തുകൊണ്ട് പരത്തിൽവെച്ചും അല്ലാഹു അവരെ അനുഗ്രഹിക്കുവാൻ ഉദ്ദേശിക്കുകയാണ്. അല്ലായിരുന്നുവെങ്കിൽ, ആ സന്ദർഭത്തിൽ തന്നെ ശരിയായ അറിവും

രേഖയുമില്ലാതെ, കേട്ടതങ്ങ് പറഞ്ഞു പ്രചരിപ്പിച്ചുകൊണ്ടിരുന്ന അതേ അവസരത്തിൽതന്നെ- അതിന്റെ ഫലം കാണാമായിരുന്നു എന്ന് സാരം. അവരത് ചെയ്യാനുള്ള കാരണം, ഈ സംഗതി നിസ്സാരമെന്ന് ധരിച്ചുപോയതാണ്. എങ്കിലും ഇത്തരം സംഗതികൾ അല്ലാഹുവിങ്കൽ ഒട്ടും നിസ്സാരമല്ല- വളരെ ഗൗരവതരമാണ്- എന്ന് അല്ലാഹു താക്കീത് ചെയ്യുന്നു. ആര് എന്ത് പറഞ്ഞുകേട്ടാലും, അതിന്റെ സംഭവ്യതയും തെളിവും നോക്കാതെ- ഗൗരവവും ഭവിഷ്യത്തും ആലോചിക്കാതെ- അത് ഏറ്റുപാടുക മിക്ക ജനങ്ങളുടെയും പതിവാണ്. ഈ താക്കീത് നാം എപ്പോഴും ഓർത്തിരിക്കേണ്ടതാകുന്നു. അങ്ങനെയുള്ളവർക്ക് നല്ലൊരു പാഠമാണ് അടുത്ത വചനം നൽകുന്നത്:-

وَلَوْلَآ إِذْ سَمِعْتُمُوهُ قُلْتُم مَّا يَكُونُ لَنَآ أَن نَّتَكَلَّمَ بِهَٰذَا سُبْحَٰنَكَ هَٰذَا بُهْتَٰنٌ عَظِيمٌ ﴿١٦﴾

﴾16﴿ അത് കേട്ട അവസരത്തിൽ നിങ്ങൾക്ക് എന്ത് കൊണ്ട് പറഞ്ഞുകൂടായിരുന്നു: 'നമുക്ക് ഇതിനെപ്പറ്റി സംസാരിക്കുവാൻ പാടുള്ളതല്ല- (അല്ലാഹുവേ,) നീ മഹാപരിശുദ്ധൻ!'- ഇത് വമ്പിച്ച ഒരു കെട്ടുകഥയാണ്' എന്ന്.

﴾16﴿ وَلَوْلَا എന്ത് കൊണ്ടില്ല, കൂടായിരുന്നോ إِذْسَمِعْتُمُوهُ നിങ്ങൾ അത് കേട്ടപ്പോൾ قُلْتُمْ നിങ്ങൾ പറഞ്ഞു (കൂടേ) مَا يَكُونُ لَنَا നമുക്ക് പാടില്ല, നമുക്ക് ആയിക്കൂടാ أَنْ نَتَكَلَّمَ നമുക്ക് സംസാരിപ്പാൻ, നാം സംസാരിക്കൽ بِهَٰذَا ഇതിനെപ്പറ്റി سُبْحَانَكَ നീ മഹാപരിശുദ്ധൻ, നിനക്ക് സ്തോത്രകീർത്തനം هَٰذَا بُهْتَانٌ ഇത് കെട്ടുകഥയാണ്, കള്ളമാണ് عَظِيمٌ വമ്പിച്ച

ഗൗരവപ്പെട്ടതോ, അതിശയോക്തി കലർന്നതോ ആയ വല്ലതും കേൾക്കുകയോ, കാണുകയോ ചെയ്യുമ്പോൾ سُبْحَانَكَ (നീ മഹാപരിശുദ്ധൻ) എന്നും, سُبْحَانَ الله (അല്ലാഹു മഹാപരിശുദ്ധൻ!) എന്നും പറയുക പതിവാണ്. ഈ വിഷയത്തിൽ ഇത്രയും ഊന്നിപ്പറയുവാൻ കാരണമെന്താണെന്ന് അല്ലാഹു ചൂണ്ടിക്കാട്ടുന്നു:-

يَعِظُكُمُ ٱللَّهُ أَن تَعُودُوا۟ لِمِثْلِهِۦٓ أَبَدًا إِن كُنتُم مُّؤْمِنِينَ ﴿١٧﴾

﴾17﴿ ഇത്പോലെയുള്ളത് ഒരിക്കലും നിങ്ങൾ ആവർത്തിച്ചു പോകരുതെന്ന് വെച്ച് അല്ലാഹു നിങ്ങളെ ഉപദേശിക്കുകയാണ്- നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ.

وَيُبَيِّنُ ٱللَّهُ لَكُمُ ٱلْءَايَٰتِ ۚ وَٱللَّهُ عَلِيمٌ حَكِيمٌ ﴿١٨﴾

﴾18﴿ അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങൾ വിവരിച്ചുതരുകയാണ്; അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

إِنَّ ٱلَّذِينَ يُحِبُّونَ أَن تَشِيعَ ٱلْفَـٰحِشَةُ فِى ٱلَّذِينَ ءَامَنُوا۟ لَهُمْ عَذَابٌ أَلِيمٌ فِى ٱلدُّنْيَا وَٱلْـَٔاخِرَةِ ۚ وَٱللَّهُ يَعْلَمُ وَأَنتُمْ لَا تَعْلَمُونَ ﴿١٩﴾

《19》 നിശ്ചയമായും, വിശ്വസിച്ചിട്ടുള്ളവരിൽ നീചവൃത്തി പ്രചരിക്കു(ന്നത് കാണു)വാൻ ഇഷ്ടപ്പെടുന്നവരാകട്ടെ, ഇഹത്തിലും പരത്തിലും അവർക്ക് വേദനയേറിയ ശിക്ഷയുണ്ട്. അല്ലാഹു (എല്ലാം) അറിയുന്നു, നിങ്ങൾക്ക് അറിയുകയില്ല.

وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ وَأَنَّ ٱللَّهَ رَءُوفٌ رَّحِيمٌ ﴿٢٠﴾

《20》 നിങ്ങളിൽ അല്ലാഹുവിന്റെ ദയവും, അവന്റെ കാരുണ്യവും ഉണ്ടായിരിക്കുകയും, അല്ലാഹു കൃപയുള്ളവനും കരുണാനിധിയുമാണെന്നുള്ളതും ഇല്ലായിരുന്നുവെങ്കിൽ (നിങ്ങൾക്ക് കാണാമായിരുന്നു)!

《17》 يَعِظُكُمُ اللهُ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നു أَنْ تَعُودُوا നിങ്ങൾ ആവർത്തിക്കുമെന്നുവെച്ച്, നിങ്ങൾ മടങ്ങിയേക്കുമെന്നതിനാൽ (മടങ്ങാതിരിക്കുവാൻ)لِمِثْلِهِ അത് പോലെയുള്ളതിനെ, (പോലെയുള്ളതിലേക്ക്) أَبَدًا ഒരിക്കലും, എന്നും, എക്കാലവും إِنْ كُنْتُمْ നിങ്ങൾ ആണെങ്കിൽ مُؤْمِنِينَ സത്യവിശ്വാസികൾ 《18》 وَيُبَيِّنُ اللهُ അല്ലാഹു വിവരിച്ചുതരുകയും ചെയ്യുന്നു لَكُمُ നിങ്ങൾക്ക് الآيَاتِ ലക്ഷ്യങ്ങളെ, (വേദവാക്യങ്ങളെ) وَاللهُ അല്ലാഹു عَلِيمٌ സർവ്വജ്ഞാനിയാണ്, അറിയുന്നവനാണ് حَكِيمٌ സൂക്ഷ്മജ്ഞാനിയാണ്, ജ്ഞാനയുക്തനാണ് 《19》 إِنَّ الَّذِينَ നിശ്ചയമായും യാതൊരു കൂട്ടർ يُحِبُّونَ അവർ ഇഷ്ടപ്പെടുന്നു, ആഗ്രഹിക്കുന്നു أَنْ تَشِيعَ പ്രചരിക്കുവാൻ, പരക്കുവാൻ الْفَاحِشَةُ ദുർവൃത്തി, നീചവൃത്തി فِي الَّذِينَ آمَنُوا വിശ്വസിച്ചവരിൽ لَهُمْ അവർക്കുണ്ട് عَذَابٌ أَلِيمٌ വേദനയേറിയ ശിക്ഷ فِي الدُّنْيَا ഇഹത്തിൽ وَالآخِرَةِ പരത്തിലും وَاللهُ يَعْلَمُ അല്ലാഹു അറിയുന്നു وَأَنْتُمْ നിങ്ങൾ, നിങ്ങളാകട്ടെ لَا تَعْلَمُونَ നിങ്ങൾക്കറിയുകയില്ല 《20》 وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ فَضْلُ اللهِ അല്ലാഹുവിന്റെ ദയവ്, അനുഗ്രഹം عَلَيْكُمْ നിങ്ങളിൽ, നിങ്ങൾക്ക് وَرَحْمَتُهُ അവന്റെ കാരുണ്യവും وَأَنَّ اللهَ നിശ്ചയമായും അല്ലാഹു ആണെന്നും (ആണെന്ന കാര്യവും) رَءُوفٌ കൃപയുള്ളവൻ, കൃപാലു رَحِيمٌ കരുണാനിധിയും, കരുണാനിധിയായ

സജ്ജനങ്ങളിൽ ദുർവൃത്തികൾ പ്രചരിച്ചുകാണുക, മാന്യൻമാരെക്കുറിച്ച് അപകീർത്തികൾ ഉണ്ടാക്കിത്തീർക്കുക, ശുദ്ധൻമാരായുള്ളവരുടെ സ്വകാര്യജീവിതം കളങ്കമാക്കിത്തീർക്കുക മുതലായ കാര്യങ്ങളിൽ ചിലർക്ക് വളരെ താൽപര്യവും കൗതുകവും കാണാം. ദുഷ്ടമനഃസ്ഥിതിയിൽ നിന്നും, തങ്ങളെപ്പോലെ മറ്റുള്ളവരും ദുഷിച്ചു കാണ

ണമെന്ന മോഹത്തിൽ നിന്നുമാണ് ഈ വൈരാഗ്യം ഉടലെടുക്കുന്നത്. ഇത് തനി പൈശാചിക സ്വഭാവമാണെന്ന് പറയേണ്ടതില്ല. മാനസികമായ ഒരുതരം പകർച്ചവ്യാധികളാണ് നീചപ്രവൃത്തികൾ. അത് സമുദായത്തിൽ പടർന്നു പിടിക്കുന്നതിനുള്ള വിഷബീജങ്ങളാണ് അവയെ സംബന്ധിച്ച പ്രചാരവേല. ഈച്ചകളെപ്പോലെ കിട്ടുന്ന അവസരമെല്ലാം അതിന് അവർ ഉപയോഗപ്പെടുത്തും. തങ്ങളുടെയും, തങ്ങളെപ്പോലെയുള്ളവരുടെയും ദുഷ്ട മനസ്സുകൾക്ക് സംതൃപ്തി ഉളവാക്കുന്നുവെന്നല്ലാതെ, യാതൊരു കാര്യവും അവർക്കത് കൊണ്ട് ലഭിച്ചേക്കണമെന്നില്ല. ഇത്തരക്കാർക്ക് ഇഹത്തിലും പരത്തിലും അല്ലാഹു ശിക്ഷ നിശ്ചയിച്ചിരിക്കുന്നു. അടിശിക്ഷ, ആക്ഷേപം, വഷളത്വം തുടങ്ങിയ ഐഹികശിക്ഷയും, അല്ലാഹുവിന്റെ ക്രോധം, നരകശിക്ഷ മുതലായ പാരത്രികശിക്ഷയും അവർക്കുണ്ടായിരിക്കും. നബി തിരുമേനിﷺ ഒരിക്കൽ 'മിമ്പറി'ൽ കേറി ഉച്ചത്തിൽ ഇപ്രകാരം വിളിച്ചു പറയുകയുണ്ടായെന്ന് ഇബ്നു ഉമർ (ر) പ്രസ്താവിക്കുന്നു:-

يا معشر من أسلم بلسانه ولم يفض الإيمان إلى قلبه لا تؤذوا المسلمين ولا تعيروهم ولاتتبعوا عوراتهم فإنه من يتبع عورة أخيه المسلم يتبع الله عورته ومن يتبع الله عورته يفضحه ولو فى جوف رحله– الترمذي

സാരം: ഹേ! നാവുകൊണ്ട് മുസ്‌ലിമാവുകയും, ഹൃദയത്തിലേക്ക് വിശ്വാസം കടക്കാതിരിക്കുകയും ചെയ്തിട്ടുള്ളവരുടെ സംഘമേ! നിങ്ങൾ മുസ്‌ലിംകളെ ഉപദ്രവിക്കരുത്. അവരെ അപമാനിക്കുകയും അരുത്. അവരുടെ ഉള്ളുകള്ളികൾ ആരായുകയും ചെയ്യരുത്. കാരണം: ഒരാൾ തന്റെ മുസ്‌ലിം സഹോദരന്റെ ഉള്ളുകള്ളി ആരായുന്നതായാൽ, അല്ലാഹു അവന്റെ ഉള്ളുകള്ളിയും ആരായും. അല്ലാഹു ഒരുവന്റെ ഉള്ളുകള്ളി ആരായുന്നപക്ഷം അവൻ അവനെ വഷളാക്കുന്നതാണ്, (അവൻ പുറത്തിറങ്ങാതെ) തന്റെ വസതിയുടെ ഉള്ളിലായിരുന്നാലും ശരി (തിർമദീ.)

വിഭാഗം – 3

۞ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّبِعُوا۟ خُطُوَٰتِ ٱلشَّيْطَـٰنِ ۚ وَمَن يَتَّبِعْ خُطُوَٰتِ ٱلشَّيْطَـٰنِ فَإِنَّهُۥ يَأْمُرُ بِٱلْفَحْشَآءِ وَٱلْمُنكَرِ ۚ وَلَوْلَا فَضْلُ ٱللَّهِ عَلَيْكُمْ وَرَحْمَتُهُۥ مَا زَكَىٰ مِنكُم مِّنْ أَحَدٍ أَبَدًا وَلَـٰكِنَّ ٱللَّهَ يُزَكِّى مَن يَشَآءُ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٢١﴾

﴾21﴿ ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങൾ പിശാചിന്റെ കാലടികളെ [മാർഗങ്ങളെ] പിൻപറ്റരുത്! ആരെങ്കിലും, പിശാചിന്റെ കാലടികളെ പിൻപറ്റുന്നതായാൽ, നിശ്ചയമായും അവൻ (അവരോട്) നീചവൃത്തിക്കും, ദുരാചാരത്തിനും ഉപദേശിക്കുന്നതാണ്. അല്ലാഹുവിന്റെ ദയയും, അവന്റെ കാരുണ്യവും നിങ്ങളിൽ ഇല്ലായിരുന്നുവെങ്കിൽ, നിങ്ങളിൽനിന്ന് ഒരാളും തന്നെ ഒരിക്കലും പരിശുദ്ധപ്പെടുമായിരുന്നില്ല; എങ്കിലും, അല്ലാഹു അവൻ ഉദ്ദേശിക്കുന്നവരെ പരിശുദ്ധപ്പെടുത്തുന്നു. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാണ്.

﴾21﴿ يَا أَيُّهَا الَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ لَا تَتَّبِعُوا നിങ്ങൾ പിൻപറ്റി നടക്കരുത്, തുടരരുത് خُطُوَاتِ الشَّيْطَانِ പിശാചിന്റെ കാലടികളെ وَمَن يَتَّبِعْ ആരെങ്കിലും പിൻപറ്റുന്നതായാൽ خُطُوَاتِ الشَّيْطَانِ പിശാചിന്റെ കാലടികളെ فَإِنَّهُ എന്നാൽ നിശ്ചയമായും അവൻ يَأْمُرُ ഉപദേശിക്കും, കൽപിക്കും, നിർദ്ദേശിക്കും بِالْفَحْشَاءِ നീചപ്രവൃത്തിക്ക്, ദുഷ്ടവൃത്തിക്ക് وَالْمُنكَرِ ദുരാചാരത്തിനും, വെറുക്കപ്പെട്ട കാര്യത്തിനും وَلَوْلَا ഇല്ലായിരുന്നുവെങ്കിൽ فَضْلُ اللَّهِ അല്ലാഹുവിന്റെ ദയവ്, അനുഗ്രഹം عَلَيْكُمْ നിങ്ങളുടെ മേൽ وَرَحْمَتُهُ അവന്റെ കാരുണ്യവും مَا زَكَا പരിശുദ്ധപ്പെടുകയില്ലായിരുന്നു مِنكُم നിങ്ങളിൽ നിന്ന് مِّنْ أَحَدٍ ഒരാളുംതന്നെ أَبَدًا ഒരിക്കലും, എന്നും وَلَٰكِنَّ اللَّهَ എങ്കിലും അല്ലാഹു يُزَكِّي അവൻ പരിശുദ്ധപ്പെടുത്തുന്നു مَن يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَاللَّهُ سَمِيعٌ അല്ലാഹു കേൾക്കുന്നവനാണ് عَلِيمٌ അറിയുന്നവനുമാണ്.

സത്യവിശ്വാസികൾ ദുർവൃത്തികളിൽ അകപ്പെട്ടുകാണുവാൻ ആഗ്രഹിക്കുന്നതും, അതിനുവേണ്ടി വിവധമാർഗേണ പരിശ്രമങ്ങൾ നടത്തുന്നതും പിശാചിന്റെ ജോലിയാണ്. അത്തരക്കാരായ മനുഷ്യരൂപികൾ അവന്റെ അനുയായികളുമാകുന്നു. പിശാചിന്റെ മാർഗത്തിൽ പ്രവേശിക്കുന്ന അനുയായികളോട് അവൻ നിഷിദ്ധവും നികൃഷ്ടവുമായതല്ലാതെ ഉപദേശിക്കുകയില്ല. പിശാചിന്റെ ഉപദേശങ്ങൾ സ്വീകരിക്കുന്നതിന്റെ ഭവിഷ്യത്ത് എന്തായിരിക്കുമെന്ന് പറയേണ്ടതില്ല. (സൂറ:ഹജ്ജ് 4 ൽ) അല്ലാഹു പ്രസ്താവിച്ചതുപോലെ, അവൻ അവനെ വഴിതെറ്റിക്കുകയും നരകത്തിലേക്ക് നയിക്കുകയുമാണ് ചെയ്യുക. ആകയാൽ, പിശാചിന്റെ മാർഗം ഒരിക്കലും പിൻപറ്റിപ്പോകരുതെന്ന് അല്ലാഹു സത്യവിശ്വാസികളെ വിളിച്ച് ഉപദേശിക്കുകയാണ്. അല്ലാഹുവിന്റെ കൃപാകടാക്ഷത്തെയും, അനുഗ്രഹ വർഷങ്ങളെയും അടിക്കടി എടുത്തുപറഞ്ഞു അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നത് സത്യവിശ്വാസികൾക്ക് ആവേശവും, മനസ്സമാധാനവും നൽകുന്നു. അവിശ്വാസികൾക്ക് അത് താക്കീതുമാകുന്നു.

وَلَا يَأْتَلِ أُولُوا الْفَضْلِ مِنكُمْ وَالسَّعَةِ أَن يُؤْتُوا أُولِي الْقُرْبَىٰ وَالْمَسَاكِينَ وَالْمُهَاجِرِينَ فِي سَبِيلِ اللَّهِ ۖ وَلْيَعْفُوا وَلْيَصْفَحُوا ۗ أَلَا تُحِبُّونَ أَن يَغْفِرَ اللَّهُ لَكُمْ ۗ وَاللَّهُ غَفُورٌ رَّحِيمٌ ﴿٢٢﴾

﴾22﴿ നിങ്ങളിൽ ശ്രേഷ്ഠതയും, നിവൃത്തിയുമുള്ളവർ കുടുംബബന്ധമുള്ളവർക്കും, സാധുക്കൾക്കും, അല്ലാഹുവിന്റെ മാർഗത്തിൽ 'ഹിജ്റഃ' [നാടുവിട്ട്] പോന്നിട്ടുള്ളവർക്കും തങ്ങൾ കൊടുത്തുവരുന്നതിന് സത്യം ചെയ്തു മുടക്കുണ്ടാക്കരുത്! അവർ മാപ്പ് നൽകുകയും, വിട്ടുകൊടുക്കുകയും ചെയ്യട്ടെ! നിങ്ങൾക്ക് അല്ലാഹു പൊറുത്തു തരുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ?! അല്ലാഹുവാകട്ടെ, വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

﴾22﴿ وَلَا يَأْتَلِ സത്യം ചെയ്യരുത്, വീഴ്ച വരുത്തരുത്, (സത്യം ചെയ്തു മുടക്കമുണ്ടാക്കരുത്) أُولُو الْفَضْلِ ശ്രേഷ്ഠതയുള്ളവർ مِنكُمْ നിങ്ങളിൽ നിന്ന് وَالسَّعَةِ നിവൃത്തിയും, കഴിവും أَن يُؤْتُوا കൊടുക്കുന്നതിന് أُولِي الْقُرْبَىٰ കുടുംബബന്ധമുള്ളവർക്ക് وَالْمَسَاكِينَ സാധുക്കൾക്കും وَالْمُهَاجِرِينَ ഹിജ്റഃ വന്നവർക്കും, നാടുവിട്ടുപോന്നവർക്കും فِي سَبِيلِ اللَّهِ അല്ലാഹുവിന്റെ മാർഗത്തിൽ وَلْيَعْفُوا അവർ മാപ്പ് നൽകട്ടെ وَلْيَصْفَحُوا വിട്ടുകൊടുക്കയും ചെയ്യട്ടെ أَلَا تُحِبُّونَ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ, ആഗ്രഹിക്കുന്നില്ലേ أَن يَغْفِرَ اللَّهُ അല്ലാഹു പൊറുത്തുതരുന്നതിനെ, പൊറുത്തുതരുവാൻ لَكُمْ നിങ്ങൾക്ക് وَاللَّهُ അല്ലാഹുവാകട്ടെ غَفُورٌ പൊറുക്കുന്നവനാകുന്നു رَّحِيمٌ കരുണാനിധിയുമാകുന്നു

യോഗ്യതയും, കഴിവുമുള്ള ആളുകൾ കുടുംബങ്ങളെയും, സാധുജനങ്ങളെയും, അല്ലാഹുവിന്റെ മാർഗത്തിൽ ത്യാഗംചെയ്തു ബുദ്ധിമുട്ടനുഭവിക്കുന്നവരെയും സഹായിക്കേണ്ടതാകുന്നു. അവർക്ക് സഹായം നൽകപ്പെടേണ്ടതിന് അവർക്കുള്ള അർഹത അവരുടെ കുടുംബബന്ധം, സാധുത്വം, ത്യാഗം എന്നിവ തന്നെയാണ്. വല്ല തെറ്റുകുറ്റവും അവർ ചെയ്തുപോയെന്നുവെച്ച് അത് മുടക്കുവാനോ, മേലിൽ വല്ല സഹായവും നൽകുകയില്ലെന്ന് നിശ്ചയിക്കുവാനോ പാടുള്ളതല്ല. അവരുടെ പക്കൽവന്ന അബദ്ധങ്ങൾ അവർക്ക് മാപ്പ് ചെയ്തുകൊടുക്കുകയും വിട്ടുവീഴ്ച ചെയ്യുകയുമാണ് വേണ്ടത്. എന്നാണ് ഈ വചനം ഉപദേശിക്കുന്നത്. 'ശ്രേഷ്ഠതയും നിവൃത്തിയും ഉള്ളവർ' എന്ന് പറഞ്ഞത് കൊണ്ട് കേവലം വലിയ ധനവാൻമാരും പ്രമാണികളും മാത്രമേ മറ്റുള്ളവർക്ക് ഉപകാരം ചെയ്യേണ്ടതുള്ളൂ എന്ന് ധരിക്കേണ്ടതില്ല. എല്ലാവരും അവനവന്റെ കഴിവും ഹിതവുമനുസരിച്ച് ബാധ്യസ്ഥർ തന്നെ. പക്ഷേ, കഴിവും ത്രാണിയുമുള്ളവർ അത് ചെയ്യാതിരിക്കുന്നതും, ചെയ്തുകൊണ്ടിരിക്കുന്ന ഉപകാരം എന്തെങ്കിലും കാരണത്തെച്ചൊല്ലി മുടക്കിക്കളയുന്നതും പാടില്ലെന്ന വസ്തുത പ്രത്യേകം ഓർമപ്പെടുത്തുകയാണ് ചെയ്യുന്നത്.

ആയത്തിന്റെ അവസാന ഭാഗം ശ്രദ്ധിക്കുക: 'നിങ്ങൾക്ക് അല്ലാഹു പൊറുത്തു തരുന്നതിനെ നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ?!' എന്ന ചോദ്യം വളരെ അർത്ഥവത്താണ്. അത് പോലെ നിങ്ങൾ അവർക്കും വിട്ടുപൊറുത്ത് കൊടുക്കേണ്ടതുണ്ട്, നിങ്ങളുടെ കാര്യത്തിൽ നിങ്ങൾ വിട്ടുവീഴ്ചക്ക് തയ്യാറില്ലെങ്കിൽ, നിങ്ങൾക്ക് അല്ലാഹുവിന്റെ പക്കൽ നിന്ന് വിട്ടുവീഴ്ച ലഭിക്കുവാൻ അവകാശമുണ്ടോ?! ആകയാൽ അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരേണ്ടതിനായി നിങ്ങൾ അവർക്കും മാപ്പ് നൽകേണ്ടിയിരിക്കുന്നു എന്ന് സാരം. ഈ വചനം അവതരിച്ച സന്ദർഭം ഏതാണെന്ന് ആഇശഃ (റ)യുടെ മേലുദ്ധരിച്ച നീണ്ട ഹദീഥിൽനിന്ന് വ്യക്തമാണ്. ആഇശഃ (റ)യെപ്പറ്റി അപരാധം പറയുന്നതിൽ കാര്യമായ ഒരു പങ്ക് വഹിച്ചത് നിമിത്തം മിസ്ത്വഹ് (റ)ന് ഇനി മേലിൽ തന്റെ സഹായം തുടരുകയില്ലെന്ന് അബൂബക്ർ (റ) സത്യം ചെയ്യുകയുണ്ടായല്ലോ. أَلَا تُحِبُّونَ أَن يَغْفِرَ اللَّهُ لَكُمْ (അല്ലാഹു നിങ്ങൾക്ക് പൊറുത്തു തരുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നില്ലേ?!) എന്നവാക്യം കേട്ടാൽ, പിന്നെയുണ്ടോ അബൂബക്ർ (റ) താമസിക്കുന്നു? അദ്ദേഹം ചെയ്തതെന്താണെന്ന് പ്രസ്തുത ഹദീഥിന്റെ ബാക്കി ഭാഗത്തിൽ ആഇശഃ (റ) വിവരിക്കുന്നത് കാണുക. അവർ പറയുന്നു:-

'അദ്ദേഹം ഉടനെ പറഞ്ഞു: 'ഇല്ലാതെ! അല്ലാഹുതന്നെയാണ സത്യം! അല്ലാഹു എനിക്ക് പൊറുത്തുതരുവാൻ നിശ്ചയമായും ഞാൻ ആഗ്രഹിക്കുന്നുണ്ട്.' അങ്ങനെ,

മിസ്ത്വഹിന് അദ്ദേഹം കൊടുത്തുവന്നിരുന്ന ചിലവുകളെല്ലാം വീണ്ടും കൊടുക്കുകയും, 'അവനിൽനിന്ന് ഞാനിത് ഒരിക്കലും എടുത്തുകളയുന്നതല്ല.' എന്ന് സത്യം ചെയ്തുപറയുകയും ചെയ്തു.'

ആഇശഃ (റ) തുടരുന്നു: 'റസൂൽﷺ എന്റെ കാര്യത്തെക്കുറിച്ച് (മറ്റൊരു പത്നിയായ) സൈനബ് (റ)യോട് അന്വേഷണം നടത്തുകയുണ്ടായി. തിരുമേനി ചോദിച്ചു: (സൈനബ ആയിശഃയെക്കുറിച്ച്) തനിക്കെന്താണറിയുക? താനെന്താണ് കണ്ടിട്ടുള്ളത്?' അവർ പറഞ്ഞത് 'അല്ലാഹുവിന്റെ റസൂലേ! ഞാൻ കേൾവിയും കാഴ്ചയും (കണ്ണും ചെവിയും) കാത്തുവരികയാണ്; അല്ലാഹുവിനെത്തന്നെയാണ! അവരെപ്പറ്റി ഞാൻ ഗുണമല്ലാതെ ഒന്നും അറിഞ്ഞിട്ടില്ല' എന്നായിരുന്നു. ഇവരായിരുന്നു നബി ﷺയുടെ ഭാര്യമാരിൽ എന്നോട് കിടനടിച്ചു വന്നിരുന്ന ഭാര്യ. അല്ലാഹു അവരുടെ സൂക്ഷ്മബോധം നിമിത്തം, അവരെ കാത്തുരക്ഷിച്ചു. എന്നാൽ, അവരുടെ സഹോദരി ഹംനഃ (حمنة رضـ) യാകട്ടെ, അവർക്കുവേണ്ടി (സൈനബക്കുവേണ്ടി എനിക്കെതിരെ) സമരം നടത്തുകയുമായിരുന്നു. അതിനാൽ, ഈ കെട്ടുകഥയാൽ നാശം ഭവിച്ചവരിൽ അവരും അകപ്പെട്ടു. [ഹദീഥ് ഇവിടെ അവസാനിച്ചു].

മിസ്ത്വഹ് (റ)ന്റെ പക്കൽ ഇങ്ങനെ ഒരു അബദ്ധം വന്നിട്ടുണ്ടെങ്കിലും, അദ്ദേഹം അല്ലാഹുവിന്റെ മാർഗത്തിൽ നാടും വീടും ത്യജിച്ചുപോന്ന മുഹാജിറുകളിൽപെട്ട മാന്യനാണെന്ന ഒരു പ്രശംസ ഈ ആയത്തിൽ അടങ്ങിയിട്ടുള്ളത് കാണാം. അതുപോലെത്തന്നെ, അതിൽ പങ്കെടുത്ത മറ്റ് മുസ്‌ലിംകളോടും മേലിൽ വെറുപ്പൊന്നും കരുതാതെ, വിട്ടുവീഴ്ചയോടെ വർത്തിക്കണമെന്നുള്ള ഉപദേശവും അതിലുണ്ട്.

ആഇശഃ (റ)യെക്കുറിച്ച് വ്യഭിചാരാരോപണം നടത്തിയവരെ സംബന്ധിച്ച് കഴിഞ്ഞ ആയത്തുകളിൽ പല താക്കീതുകളും അടങ്ങിയതായി കാണാം. അവയുടെ ചുരുക്കം ഇതാണ്:

1. ചെറിയ തോതിലാകട്ടെ, വലിയ തോതിലാകട്ടെ പങ്കെടുത്തവർക്ക് അവരവരുടെ തോതനുസരിച്ചുള്ള ശിക്ഷയുണ്ട് (11-ാം വചനം.)

2. സത്യവിശ്വാസികൾ തമ്മതമ്മിൽ സദ്വിചാരം വിചാരിക്കുകയും, അസൂയക്കാർ പറഞ്ഞത് കളവാണെന്ന് വെക്കുകയും ചെയ്യേണ്ടതായിരുന്നു. (12-ാം വചനം.)

3. നാല് സാക്ഷികളെ അവർ കൊണ്ടുവരേണ്ടതായിരുന്നു. അതില്ലാത്തതിനാൽ അവർ കള്ളവാദികളാണെന്നാണ് വിധിക്കപ്പെടുക. (13-ാം വചനം.)

4. അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും ഇല്ലായിരുന്നുവെങ്കിൽ, അതികഠിന ശിക്ഷ തൽക്ഷണം തന്നെ ലഭിക്കുമായിരുന്നു. (14-ാം വചനം.)

5. ശരിക്ക് അറിവില്ലാത്തകാര്യം പറഞ്ഞു പ്രചരിപ്പിക്കുകയും, അത് നിസ്സാരമായി ഗണിക്കുകയുമാണവർ. (15-ാം വചനം.)

6. ഇത് പറയുവാൻ കൊള്ളാത്തതാണ്, ഇത് നുണയാണ് എന്ന് പറഞ്ഞു തള്ളിക്കളയേണ്ടിയിരുന്നു. (16-ാം വചനം.)

7. സത്യവിശ്വാസികളാണെങ്കിൽ മേലിൽ ഇങ്ങനെ ചെയ്യാതിരിക്കുവാൻ വേണ്ടുന്ന ഉപദേശവും ലക്ഷ്യവും നൽകുന്നു. (17, 18 വചനങ്ങൾ)

8. സത്യവിശ്വാസികളിൽ നീചവൃത്തി പ്രചരിച്ചു കാണുവാൻ ആഗ്രഹിക്കുന്നവർക്ക്

ഇഹത്തിലും പരത്തിലും വമ്പിച്ച ശിക്ഷയുണ്ട്. (19-ാം വചനം.)

9. അല്ലാഹുവിന്റെ അനുഗ്രഹമില്ലെങ്കിൽ കാണാമായിരുന്നു. (20-ാം വചനം.)

10. അത് പിശാചിന്റെ മാർഗം പിൻപറ്റലാണ്. (21-ാം വചനം.)

അതേ സമയത്ത് ഈ (22-ാം) വചനത്തിൽ, ആരോപണത്തിന് പാത്രമായവരുടെ ഭാഗത്ത് നിന്ന് അവർക്ക് വിട്ടുകൊടുപ്പാനും, സഹായസഹകരണങ്ങൾ നൽകിക്കൊണ്ടിരിക്കുവാനും ഉപദേശിക്കുകയും, അത് തങ്ങൾക്ക് അല്ലാഹുവിങ്കൽനിന്നുള്ള മാപ്പും പൊറുതിയും ലഭിക്കുവാൻ കാരണമാണെന്ന് സൂചിപ്പിക്കുകയും ചെയ്തിരിക്കുന്നു.

കഴിഞ്ഞ ആയത്തുകളിൽ പ്രധാന സംസാരവിഷയം ആഇശഃ (റ) യുടെ സംഭവമായിരുന്നുവല്ലോ. തുടർന്നുള്ള വചനങ്ങളിൽ, ഗുണവതികളായ സത്യവിശ്വാസിനികളെപ്പറ്റി അപരാധം പറഞ്ഞുണ്ടാക്കുന്ന എല്ലാവരെക്കുറിച്ചും പൊതുവിൽ താക്കീത് ചെയ്യുന്നു:-

إِنَّ ٱلَّذِينَ يَرْمُونَ ٱلْمُحْصَنَٰتِ ٱلْغَٰفِلَٰتِ ٱلْمُؤْمِنَٰتِ لُعِنُوا۟ فِى ٱلدُّنْيَا وَٱلْءَاخِرَةِ وَلَهُمْ عَذَابٌ عَظِيمٌ ﴿٢٣﴾

﴿23﴾ നിശ്ചയമായും, പതിവ്രതകളായ, ശുദ്ധഹൃദയരായ, സത്യവിശ്വാസിനികളായ സ്ത്രീകളെപ്പറ്റി ആരോപണം ചെയ്യുന്നവർ, ഇഹത്തിലും പരത്തിലും അവർ ശപിക്കപ്പെട്ടിരിക്കുന്നു; വമ്പിച്ച ശിക്ഷയും അവർക്കുണ്ട്;-

يَوْمَ تَشْهَدُ عَلَيْهِمْ أَلْسِنَتُهُمْ وَأَيْدِيهِمْ وَأَرْجُلُهُم بِمَا كَانُوا۟ يَعْمَلُونَ ﴿٢٤﴾

﴿24﴾ തങ്ങൾ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി അവരുടെ നാവുകളും, അവരുടെ കൈകളും, അവരുടെ കാലുകളും അവരുടെ മേൽ സാക്ഷി പറയുന്ന ദിവസം (അന്നാണത്)!

يَوْمَئِذٍ يُوَفِّيهِمُ ٱللَّهُ دِينَهُمُ ٱلْحَقَّ وَيَعْلَمُونَ أَنَّ ٱللَّهَ هُوَ ٱلْحَقُّ ٱلْمُبِينُ ﴿٢٥﴾

﴿25﴾ അന്നത്തെ ദിവസം, അല്ലാഹു അവർക്ക് അവരുടെ യഥാർത്ഥ പ്രതിഫലം നിറവേറ്റിക്കൊടുക്കുന്നതാകുന്നു; അവർക്ക് അറിയാറാവുകയും ചെയ്യും: നിശ്ചയമായും അല്ലാഹു തന്നെയാണ്, യഥാർത്ഥത്തിൽ നിലകൊള്ളുന്നവനും, സ്പഷ്ടമായുള്ളവനും എന്ന്.

﴿23﴾ إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ يَرْمُونَ അവർ ആരോപണം ചെയ്യും الْمُحْصَنَاتِ പതിവ്രതകളായ (ചാരിത്ര്യം രക്ഷിക്കപ്പെട്ട) സ്ത്രീകളെ الْغَافِلَاتِ (ദുർന്നട

لُعِنُوا അവർ ശപിക്കപ്പെട്ടിരിക്കുന്നു, ശപിക്കപ്പെടുന്നതാണ് فِي الدُّنْيَا ഇഹത്തിൽ وَالْآخِرَةِ പരലോകത്തിലും وَلَهُمْ അവർക്കുണ്ട് താനും عَذَابٌ عَظِيمٌ വമ്പിച്ച ശിക്ഷ ﴾24﴿ يَوْمَ تَشْهَدُ സാക്ഷി പറയുന്ന ദിവസം عَلَيْهِمْ അവരുടെ മേൽ أَلْسِنَتُهُمْ അവരുടെ നാവുകൾ وَأَيْدِيهِمْ അവരുടെ കൈകളും وَأَرْجُلُهُمْ അവരുടെ കാലുകളും بِمَا كَانُوا يَعْمَلُونَ അവർ പ്രവർത്തിച്ചുകൊണ്ടിരുന്നതിനെപ്പറ്റി ﴾25﴿ يَوْمَئِذٍ അന്നത്തെ ദിവസം يُوَفِّيهِمُ അവർക്ക് നിറവേറ്റിക്കൊടുക്കും, തികച്ചുകൊടുക്കും اللَّهُ അല്ലാഹു دِينَهُمُ അവരുടെ പ്രതിഫലം, പ്രതിഫലനടപടിയെ الْحَقَّ യഥാർത്ഥമായ, ന്യായമായ وَيَعْلَمُونَ അവർ അറിയുകയും ചെയ്യും أَنَّ اللَّهَ നിശ്ചയമായും അല്ലാഹു ആണെന്ന് هُوَ അവൻ തന്നെ الْحَقُّ യഥാർത്ഥത്തിൽ നിലകൊള്ളുന്നവൻ, സ്ഥിരമായുള്ളവൻ الْمُبِينُ സ്പഷ്ടമായവൻ

(first line begins: പ്പുകളിൽ) ശ്രദ്ധയില്ലാത്ത (ശുദ്ധഗതിക്കാരായ) الْمُؤْمِنَاتِ സത്യവിശ്വാസിനികളായ

ദുർവൃത്തികളിൽ വാസനയും താൽപര്യവുമില്ലാതെ, അതിനെപ്പറ്റി അശ്രദ്ധരായി കഴിഞ്ഞുകൂടുന്ന ശുദ്ധഗതിക്കാരായ സ്ത്രീകളാണ് **الغافلات** (അൽ- ഗാഫിലാത്ത്) എന്ന വാക്ക് കൊണ്ടുദ്ദേശ്യം. ഇങ്ങനെയുള്ളവരല്ലാത്ത സ്ത്രീകളെപ്പറ്റി ആരോപണങ്ങൾ നടത്താമെന്ന് ഇതിനർത്ഥമില്ല. പക്ഷേ, സൽസ്വഭാവികളും സത്യവിശ്വാസികളുമായുള്ളവരെക്കുറിച്ച് പറയുന്ന അപവാദങ്ങളാണ് ഏറ്റവും കടുത്തത് എന്ന് സാരം. നബി ﷺയിൽ നിന്ന് അബൂഹുറയ്റഃ(റ) ഇപ്രകാരം പ്രസ്താവിക്കുന്നു:-

اجتنبوا السبع الموبقات قيل وما هن يارسول الله قال الشرك بالله والسحر وقتل النفس التى حرم الله الابالحق واكل الربا واكل مال اليتيم والتولى يوم الزحف وقذف المحصنات الغافلات المؤمنات ـ الشيخان

സാരം: 'നിങ്ങൾ വിനാശകരങ്ങളായ ഏഴ് പാപങ്ങളെ വർജ്ജിക്കുവിൻ!' എന്ന് തിരുമേനി പറഞ്ഞു. അവ ഏതാണെന്ന് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനോട് പങ്കുചേർക്കലും (ശിർക്കും), മാരണം ചെയ്യലും, അല്ലാഹു വിരോധിച്ചിട്ടുള്ള ദേഹത്തെ നീതിന്യായ പ്രകാരമല്ലാതെ കൊലചെയ്യലും, പലിശ മുതൽ തിന്നലും (ഉപയോഗിക്കലും), അനാഥയുടെ സ്വത്ത് തിന്നലും, പടപൊരുതുന്ന ദിവസം അതിൽനിന്ന് പിൻമാറിപ്പോരലും, പതിവ്രതകളും ശുദ്ധഹൃദയകളും സത്യവിശ്വാസിനികളുമായ സ്ത്രീകളെ വ്യഭിചാരാരോപണം ചെയ്യലുമാകുന്നു. (ബു. മു,)

കൈകാലുകളും, നാവും സാക്ഷി പറയുന്ന ദിവസമെന്ന് പറഞ്ഞത് ക്വിയാമത്തു നാളാണെന്ന് വ്യക്തമാണ്. കൈകാലുകളും, നാവും സാക്ഷി പറയുക എന്നതിന് ഒരു തരം ശാസ്ത്രീയമായ വ്യാഖ്യാനം- അല്ലെങ്കിൽ ന്യായീകരണം- ചില ആളുകൾ നൽകിക്കാണാറുണ്ട്. വാസ്തവത്തിൽ ഇത് ക്വുർആനെയും അല്ലാഹുവിന്റെ കഴിവിനെയും തരംതാഴ്ത്തലാണെന്ന് പറയേണ്ടിയിരിക്കുന്നു. മനുഷ്യൻ സംസാരിക്കുന്നതിന്റെ ഒരു പ്രതികരണം- അല്ലെങ്കിൽ എന്തോ ഒരു അവശിഷ്ടം- നാവിൽ ശേഷിക്കുന്നു, അത്പോലെത്തന്നെ, കൈകാലുകളാൽ പ്രവർത്തിക്കുന്നതിന്റെ ഒരുതരം ഛായ അവയിലും പതിയും, അല്ലെങ്കിൽ മനുഷ്യപ്രവർത്തനങ്ങളുടെ ചില അടയാളങ്ങൾ മറ്റു വസ്തുക്കളിൽ രേഖപ്പെടുത്തും, അനന്തരം അവയെ പിന്നീട് റേഡിയോ വഴിയായും, കേമറ വഴിയായും (ഛായാപടങ്ങളായും ഛായാശബ്ദങ്ങളായുംകൊണ്ട്) പരലോകത്ത് പ്രദർശിപ്പിക്കപ്പെടും, എന്നിങ്ങനെയുള്ള ഒരുതരം സമീപനമാണ് അവർ നടത്തിക്കാണുന്നത്. പരലോ

കത്തെ ഇഹലോകത്തോട് താരതമ്യപ്പെടുത്തുകയും, ഭൗതിക കാഴ്ചപ്പാടുകളുടെ മാനദണ്ഡം വെച്ചുകൊണ്ടുമാത്രം എല്ലാറ്റിനെയും അനുമാനിക്കുകയും, പാരത്രിക സംഭവങ്ങൾക്ക് ശാസ്ത്രീയാനുവാദം അന്വേഷിക്കുകയും ചെയ്യുന്നതിൽനിന്നാണ് ഇത്തരം സമീപനങ്ങൾ ഉടലെടുക്കുന്നത്. രണ്ട് ലോകത്തെയും പ്രകൃതി ശാസ്ത്രങ്ങളും, നടപടി ക്രമങ്ങളും തമ്മിൽ സംയോജിപ്പിച്ചു ചിത്രീകരിക്കുന്നത് ഒരിക്കലും ന്യായമല്ല, യുക്തവുമല്ല- അബദ്ധം മാത്രമാണ്.

യാതൊരു വ്യാഖ്യാനത്തിനും വകയില്ലാതെ, തുറന്ന ഭാഷയിൽതന്നെ അല്ലാഹു ഈ വിഷയം വിവരിച്ചിട്ടുള്ളത് നോക്കുക:-

الْيَوْمَ نَخْتِمُ عَلَىٰ أَفْوَاهِهِمْ وَتُكَلِّمُنَا أَيْدِيهِمْ وَتَشْهَدُ أَرْجُلُهُم

അർത്ഥം: അന്ന് നാം അവരുടെ വായകളിൽ മുദ്രവെക്കും. അവരുടെ കൈകൾ നമ്മോട് സംസാരിക്കയും, അവരുടെ കാലുകൾ സാക്ഷി പറയുകയും ചെയ്യുന്നതുമാണ്. (യാസീൻ.)

وَقَالُوا لِجُلُودِهِمْ لِمَ شَهِدتُّمْ عَلَيْنَا قَالُوا أَنطَقَنَا اللَّهُ الَّذِي أَنطَقَ كُلَّ شَيْءٍ

അവർ അവരുടെ തൊലികളോട് പറയും: 'നിങ്ങൾ എന്തിനായിട്ടാണ് ഞങ്ങൾക്കെതിരിൽ സാക്ഷ്യം വഹിച്ചത്?' അവ പറയും: എല്ലാ വസ്തുക്കളെയും സംസാരിപ്പിച്ചവനായ അല്ലാഹു ഞങ്ങളെ സംസാരിപ്പിച്ചിരിക്കുകയാണ്.' (ഫുസ്സ്വിലത്ത്.) യാതൊരു വ്യാഖ്യാനത്തിന്റെയും ആവശ്യമില്ലാതെ സ്വയം തന്നെ സ്പഷ്ടമായ ഇത്തരം ആയത്തുകളെയും നബി വചനങ്ങളെയും വളച്ചുതിരിച്ചു വ്യാഖ്യാനിക്കുവാൻ മുതിരുന്നത് ഗുണത്തിലധികം ദോഷമായിരിക്കും വരുത്തുക. അല്ലാഹുവിന്റെ കഴിവും, പരലോക സംഭവങ്ങളും നമ്മുടെ ഊഹത്തിനതീതമാണെന്ന് അവർ ഓർക്കേണ്ടതുണ്ട്.

മുൻ ആയത്തുകളിലെ പ്രതിപാദ്യവിഷയങ്ങളിൽ പലതിനും നിദാനമായിക്കരുതപ്പെടാവുന്ന ഒരു തത്വം അടുത്ത ആയത്തിൽ അല്ലാഹു വിവരിക്കുന്നു:-

ٱلْخَبِيثَٰتُ لِلْخَبِيثِينَ وَٱلْخَبِيثُونَ لِلْخَبِيثَٰتِ ۖ وَٱلطَّيِّبَٰتُ لِلطَّيِّبِينَ وَٱلطَّيِّبُونَ لِلطَّيِّبَٰتِ ۚ أُو۟لَٰٓئِكَ مُبَرَّءُونَ مِمَّا يَقُولُونَ ۖ لَهُم مَّغْفِرَةٌ وَرِزْقٌ كَرِيمٌ ﴿٢٦﴾

﴾26﴿ ദുഷിച്ച സ്ത്രീകൾ ദുഷിച്ച പുരുഷൻമാർക്കും, ദുഷിച്ച പുരുഷൻമാർ ദുഷിച്ച സ്ത്രീകൾക്കുമാകുന്നു; ശുദ്ധകളായ സ്ത്രീകൾ ശുദ്ധരായ പുരുഷൻമാർക്കും, ശുദ്ധരായ പുരുഷൻമാർ ശുദ്ധകളായ സ്ത്രീകൾ ക്കുമാകുന്നു. (ശുദ്ധന്മാരായ) അക്കൂട്ടർ (ദുഷ്ടൻമാരായ) ഇവർ പറഞ്ഞുവരുന്നതിൽ [ആരോപണങ്ങളിൽ] നിന്ന് ഒഴിവാക്കപ്പെട്ടവരാണ്; അവർക്ക് പാപമോചനവും, മാന്യമായ ഉപജീവനവും ഉണ്ടായിരിക്കും.

﴾26﴿ الْخَبِيثَاتُ ദുഷിച്ച സ്ത്രീകൾ, ചീത്ത സ്ത്രീകൾ لِلْخَبِيثِينَ ദുഷിച്ച പുരുഷൻമാർക്കാണ് وَالْخَبِيثُونَ ദുഷിച്ച പുരുഷൻമാർ لِلْخَبِيثَاتِ ദുഷിച്ച സ്ത്രീകൾക്കു

وَالطَّيِّبُونَ മാണ് وَالطَّيِّبَاتُ നല്ല (ശുദ്ധരായ) സ്ത്രീകൾ لِلطَّيِّبِينَ നല്ല പുരുഷൻമാർക്കും مُبَرَّءُونَ നല്ല പുരുഷൻമാർ لِلطَّيِّبَٰتِ നല്ല സ്ത്രീകൾക്കും ആകുന്നു أُولَٰئِكَ അക്കൂട്ടർ ഒഴിവാക്കപ്പെട്ട (ദൂരപ്പെട്ട)വരാണ് مِمَّا يَقُولُونَ അവർ പറയുന്നതിൽ നിന്ന് لَهُم അവർക്കുണ്ട് مَّغْفِرَةٌ പാപമോചനം, പൊറുതി وَرِزْقٌ ആഹാരവും, ഉപജീവനവും كَرِيمٌ മാന്യമായ, ഉദാരമായ

3-ാം വചനത്തിൽ ചൂണ്ടിക്കാണിച്ച ഒരു തത്വം ഇവിടെ കൂടുതൽ വ്യക്തമാക്കുകയാണ്. നബിﷺയെപ്പോലെയുള്ള പരിശുദ്ധ പുരുഷൻമാർക്ക് യോജിക്കുന്നത് ആഇശഃ (റ)യെപ്പോലുള്ള പരിശുദ്ധരും ആഇശഃ (റ)പ്പോലുള്ള ഗുണവതികൾക്ക് യോജിക്കുന്നത് നബി തിരുമേനിﷺയെപ്പോലെയുള്ള സൽഗുണവാൻമാരും തന്നെയാണ്. ഇപ്രകാരം തന്നെയാണ് ഇതിന്റെ വിപരീത നിലയും. ഒരുവനെപ്പറ്റി മനസ്സിലാക്കുവാൻ അവന്റെ ഇണയും തുണയും നോക്കിയാൽ മതിയാകും. ഓരോരുത്തരും തനിക്ക് നല്ല ഇണയും തുണയും ലഭിക്കുവാൻ യത്നിക്കേണ്ടതുണ്ടെന്നും, ചീത്ത ആളുകളുമായുള്ള സമ്പർക്കവും, കൂട്ടുകെട്ടും സൂക്ഷിക്കേണ്ടതുണ്ടെന്നും ഇതിൽ നിന്ന് മനസ്സിലാക്കേണ്ടതാകുന്നു. സജ്ജനങ്ങളെപ്പറ്റി അപരാധവും, അപവാദവും പറഞ്ഞു പ്രചരിപ്പിക്കുവാനുള്ള വാസന ദുർജ്ജനങ്ങൾക്ക് മാത്രമായിരിക്കും. നേരെമറിച്ച് അവരിലുള്ള നന്മകളും മേൻമകളും കണ്ടറിഞ്ഞു അവയെ പ്രശംസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് നല്ല ആളുകളുടെ സ്വഭാവവുമാണ്. ആകയാൽ ദുർജ്ജനാരോപണങ്ങളിൽനിന്ന് സജ്ജനങ്ങൾ സ്വഭാവേന പരിശുദ്ധരായിരിക്കുന്നു. മറ്റൊരു വിധത്തിൽ പറയുകയാണെങ്കിൽ, ഒരാളെപ്പറ്റി അപരാധം പറയപ്പെടുന്നത് കേൾക്കുമ്പോൾ, അത് പറയുന്നവനെയും, പറയപ്പെടുന്നവനെയും പരിശോധിക്കേണ്ടതുണ്ട്. നല്ല മനുഷ്യനെപ്പറ്റി ദുഷ്ടമനുഷ്യനാണ് അത് പറയുന്നതെങ്കിൽ അതിന് വില കൽപിക്കേണ്ടതില്ല തന്നെ.

വ്യഭിചാരത്തെയും, വ്യഭിചാരാരോപണത്തെയും കുറിച്ച് പലതും വിവരിച്ചശേഷം, അവയ്ക്ക് കാരണമായിത്തീരുന്ന ചില കാര്യങ്ങളെക്കുറിച്ച് തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നു. ഉചിതമല്ലാത്ത പ്രവേശനത്തിൽനിന്നും, അഭിലഷണീയമല്ലാത്ത കാഴ്ചയിൽ നിന്നുമാണല്ലോ നീചപ്രവൃത്തികളുടെ ഉൽഭവം. അതിനാൽ, നിത്യജീവിതത്തിൽ മനുഷ്യൻ പരസ്പരം ആചരിക്കേണ്ടുന്ന ചില മര്യാദകളെ- അവക്ക് വളരെയധികം പ്രാധാന്യം കൽപിച്ചുകൊണ്ട്- അല്ലാഹു നമ്മെ പറിപ്പിക്കുന്നത് നോക്കുക:-

വിഭാഗം - 4

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَدْخُلُوا۟ بُيُوتًا غَيْرَ بُيُوتِكُمْ حَتَّىٰ تَسْتَأْنِسُوا۟ وَتُسَلِّمُوا۟ عَلَىٰٓ أَهْلِهَا ۚ ذَٰلِكُمْ خَيْرٌ لَّكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٢٧﴾

﴾27﴿ **ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെ വീടുകളല്ലാത്ത വീടുകളിൽ, (പ്രവേശനത്തിന്) അനുമതി ചോദിക്കുകയും, അവയുടെ ആൾക്കാർക്ക് സലാം പറയുകയും ചെയ്യുവോളം, നിങ്ങൾ പ്രവേശിക്കരുത്! ആയത് നിങ്ങൾക്ക് ഗുണകരമായിരിക്കും; നിങ്ങൾ ഓർമവെക്കുവാൻ വേണ്ടിയാണ് (ഇത്).**

فَإِن لَّمْ تَجِدُوا۟ فِيهَآ أَحَدًا فَلَا تَدْخُلُوهَا حَتَّىٰ يُؤْذَنَ لَكُمْ ۖ وَإِن قِيلَ لَكُمُ ٱرْجِعُوا۟ فَٱرْجِعُوا۟ ۖ هُوَ أَزْكَىٰ لَكُمْ ۚ وَٱللَّهُ بِمَا تَعْمَلُونَ عَلِيمٌ ﴿٢٨﴾

﴿28﴾ എനി, നിങ്ങൾ അവിടെ ഒരാളെയും കണ്ടെത്താത്ത പക്ഷം, നിങ്ങൾക്ക് അനുവാദം നൽകപ്പെടുന്നതുവരേക്കും നിങ്ങളതിൽ പ്രവേശിക്കരുത്! നിങ്ങളോട്: 'മടങ്ങിപ്പോയിക്കൊള്ളുക' എന്ന് പറയപ്പെടുന്ന പക്ഷം നിങ്ങൾ മടങ്ങിക്കൊള്ളുവിൻ! അതാണ് നിങ്ങൾക്ക് വളരെ വെടിപ്പായിട്ടുള്ളത്. നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു.

لَّيْسَ عَلَيْكُمْ جُنَاحٌ أَن تَدْخُلُوا۟ بُيُوتًا غَيْرَ مَسْكُونَةٍ فِيهَا مَتَٰعٌ لَّكُمْ ۚ وَٱللَّهُ يَعْلَمُ مَا تُبْدُونَ وَمَا تَكْتُمُونَ ﴿٢٩﴾

﴿29﴾ ആൾ പാർപ്പില്ലാത്ത - നിങ്ങൾക്ക് ഉപയോഗമുള്ള - വീടുകളിൽ പ്രവേശിക്കുന്നതിന് നിങ്ങൾക്ക് തെറ്റില്ല. നിങ്ങൾ വെളിവാക്കുന്നതും, നിങ്ങൾ മറച്ചുവെക്കുന്നതും അല്ലാഹു അറിയും.

﴿27﴾ يَاأَيُّهَاالَّذِينَ آمَنُوا ഹേ വിശ്വസിച്ചവരേ | لَاتَدْخُلُوا നിങ്ങൾ പ്രവേശിക്കരുത് بُيُوتًا വീടുകളിൽ غَيْرَبُيُوتِكُمْ നിങ്ങളുടെ വീടുകളല്ലാത്ത | حَتَّىٰ تَسْتَأْنِسُوا നിങ്ങൾ അനുമതി (സമ്മതം) ചോദിക്കുവോളം (ചോദിക്കാതെ) | وَتُسَلِّمُوا നിങ്ങൾ സലാം പറയുകയും | عَلَىٰ أَهْلِهَا അവയുടെ ആൾക്കാർക്ക് (വീട്ടുകാർക്ക്) ذَٰلِكُمْ അത് خَيْرٌلَكُمْ നിങ്ങൾക്ക് ഗുണകരമാണ് لَعَلَّكُمْ تَذَكَّرُونَ നിങ്ങൾ ഓർമ വെക്കുവാൻവേണ്ടി, നിങ്ങൾ ചിന്തിച്ചേക്കാം ﴿28﴾ فَإِنْ لَمْ تَجِدُوا | എനി നിങ്ങൾ കണ്ടെത്തിയില്ലെങ്കിൽ فِيهَا അവിടെ, അതിൽ أَحَدًا | ഒരാളെയും فَلَاتَدْخُلُوهَا എന്നാൽ നിങ്ങൾ അതിൽ പ്രവേശിക്കരുത് حَتَّىٰ يُؤْذَنَ അനുമതി (സമ്മതം) നൽകപ്പെടുന്നതുവരെ (നൽകപ്പെടാതെ) لَكُمْ നിങ്ങൾക്ക് وَإِنْ قِيلَ പറയപ്പെട്ടാൽ لَكُمْ നിങ്ങളോട് | ارْجِعُوا | നിങ്ങൾ മടങ്ങുവിൻ (എന്ന്) | فَارْجِعُوا എന്നാൽ നിങ്ങൾ മടങ്ങുവിൻ هُوَأَزْكَىٰ അത് വളരെ വെടിപ്പായതാണ്, പരിശുദ്ധമാണ് لَكُمْ നിങ്ങൾക്ക് وَاللَّهُ അല്ലാഹു بِمَاتَعْمَلُونَ നിങ്ങൾ പ്രവർത്തിക്കുന്നതിനെപ്പറ്റി عَلِيمٌ അറിയുന്നവനാണ് ﴿29﴾ لَيْسَ ഇല്ല عَلَيْكُمْ നിങ്ങൾക്ക്, നിങ്ങളുടെ മേൽ جُنَاحٌ തെറ്റ്, കുറ്റം | أَنْ تَدْخُلُوا നിങ്ങൾ പ്രവേശിക്കൽ, പ്രവേശിക്കുന്നതിന് بُيُوتًا

വീടുകളിൽ غَيْرَ مَسْكُونَةٍ ആൾ പാർപ്പില്ലാത്ത, താമസിക്കപ്പെടാത്ത فِيهَا അതിലുണ്ട് مَتَاعٌ ഉപയോഗം (വല്ല ആവശ്യവും) لَكُمْ നിങ്ങൾക്ക് وَاللَّهُ അല്ലാഹു يَعْلَمُ അറിയും, അറിയുന്നു مَا تُبْدُونَ നിങ്ങൾ വെളിവാക്കുന്നത്, വ്യക്തമാക്കിചെയ്യുന്നത് وَمَا تَكْتُمُونَ നിങ്ങൾ മറച്ചു ചെയ്യുന്നതും, ഒളിച്ചുവെക്കുന്നതും

അന്യവീടുകളിൽ ചെല്ലുമ്പോൾ, ആ വീട്ടുകാർക്ക് സലാം പറയണമെന്നും പ്രവേശനത്തിന് അനുമതി ചോദിക്കണമെന്നും അല്ലാഹു കൽപിക്കുന്നു. അത് നിങ്ങൾക്ക് ഗുണകരമാണെന്നും, നിങ്ങൾ ഓർമവെക്കുവാൻ വേണ്ടിയാണിത് കൽപിക്കുന്നതെന്ന് ഉണർത്തുകയും ചെയ്യുന്നു.

ഒരു വീട്ടിൽ അന്യന് കണ്ടുകൂടാത്ത- അല്ലെങ്കിൽ കാണുന്നത് അപമാനകരമായിത്തീരുന്ന- പല അവസരങ്ങളും ഉണ്ടാകുമല്ലോ. അകത്തുള്ളവർ ശരിക്ക് വസ്ത്രം ധരിച്ചിട്ടില്ലാത്ത അവസരമുണ്ടായേക്കാം;അന്തസ്സിന് നിരക്കാത്ത വല്ല സംസാരത്തിലോ, പ്രവൃത്തിയിലോ ഏർപ്പെട്ടിരിക്കാം; മറ്റുള്ളവർ കാണുന്നത് അപമാനകരമായേക്കുന്ന ഭക്ഷണം കഴിക്കുന്നുണ്ടാവാം; അങ്ങനെ പലതും. ഇത്തരം സന്ദർഭങ്ങൾ വീട്ടുകാർക്ക് മാത്രമല്ല, പ്രവേശിക്കുന്നവർക്ക് തന്നെയും ലജ്ജയോ അനിഷ്ടമോ വരുത്തിത്തീർക്കാം; ആകയാൽ, മുൻകൂട്ടി സമ്മതം ചോദിക്കുകയും, വ്യക്തമായ സമ്മതം ലഭിക്കുകയും ചെയ്തല്ലാതെ അന്യവീട്ടിൽ പ്രവേശിക്കരുതെന്നാണ് അല്ലാഹു സത്യവിശ്വാസികളോട് കൽപിക്കുന്നത്. പുറത്ത്നിന്ന് സലാം പറയുകയും, വിളിച്ചുചോദിക്കുകയും ചെയ്തിട്ട് സമ്മതം ലഭിച്ചില്ലെങ്കിൽ അകത്ത് കടക്കരുതെന്ന് പ്രത്യേകം വിരോധിക്കുകയും ചെയ്യുന്നു. സമ്മതം ചോദിക്കാതെ അകത്ത് കടന്നു ചെല്ലുന്നതിനെക്കാൾ ധിക്കാരമാണല്ലോ, സമ്മതം ചോദിച്ചിട്ട് കിട്ടാതെ പ്രവേശിക്കുന്നത്. هُوَ أَزْكَىٰ لَكُمْ (അതാണ് നിങ്ങൾക്ക് വളരെ വെടിപ്പായിട്ടുള്ളത്) എന്ന വാക്യം വളരെ ശ്രദ്ധേയവും അർത്ഥഗർഭവുമാകുന്നു.

തീരെ ആൾപാർപ്പില്ലാത്ത, അല്ലെങ്കിൽ ഒരു പ്രത്യേക ആൾക്കാർ താമസിക്കുന്നതല്ലാത്ത വീടുകളിൽ പോകേണ്ടുന്ന ആവശ്യം നേരിടുമ്പോൾ, അവിടെ സമ്മതം ചോദിക്കേണ്ടതില്ല എന്നാണ് 29-ാം വചനം പ്രസ്താവിക്കുന്നത്. ഉദാഹരണമായി: യാത്രക്കാർക്ക് വസിക്കുവാനുള്ള തുറന്ന സത്രങ്ങൾ, വണ്ടി ആപ്പീസുകൾ മുതലായ പൊതുസ്ഥലങ്ങൾ ഇതിൽ ഉൾപ്പെട്ടതാണ്. സമ്മതം ചോദിക്കേണ്ടതില്ലെന്ന് പറഞ്ഞ സ്ഥലത്ത് പോലും, ചില പ്രത്യേക പരിതഃസ്ഥിതികളിൽ അതാവശ്യമായിത്തീർന്നേക്കും. ബാഹ്യത്തിൽ നിയമം പാലിക്കപ്പെട്ടാൽ തന്നെയും ചിലപ്പോൾ ഏതെങ്കിലും തരത്തിലുള്ള വല്ല അനിഷ്ട ഫലങ്ങളും സംഭവിച്ചേക്കുകയും ചെയ്തേക്കും. ആകയാൽ, ഓരോ സന്ദർഭത്തിലും, ഈ നിയമംമൂലം ഉദ്ദേശിക്കപ്പെട്ടിട്ടുള്ള തത്വങ്ങൾക്ക് കോട്ടംപറ്റുന്നയാതൊന്നും തന്നെ- രഹസ്യമായോ പരസ്യമായോ- സംഭവിക്കാതിരിക്കാൻ സൂക്ഷിക്കേണ്ടതുണ്ട്. ഇതാണ് ആയത്തിന്റെ അന്ത്യഭാഗം താക്കീത് ചെയ്യുന്നത്. അതെ, 'നിങ്ങൾ വെളിവാക്കുന്നതും നിങ്ങൾ മറച്ചുവെക്കുന്നതും അല്ലാഹു അറിയുന്നു!'

പ്രവേശനമര്യാദകളെ വിശദീകരിച്ചുകൊണ്ടുള്ള അനേകം ഹദീഥുകൾ കാണാവുന്നതാണ്. അവയിൽ ചിലത് ഇവിടെ ഉദ്ധരിക്കുന്നത് സന്ദർഭോചിതമായിരിക്കും. പ്രവേശനത്തിന് അനുവാദം ചോദിക്കുന്നതിന്റെ പ്രാധാന്യം അതിന്റെ സ്വഭാവം, അനുവാദം കൊടുക്കേണ്ടുന്നവിധം മുതലായവ ഏറെക്കുറെ അതിൽനിന്ന് ഗ്രഹിക്കാം. സ്ഥലദൈർഘ്യത്തെ ഓർത്ത് ഹദീഥുകളുടെമൂലം ഇവിടെ കൊടുക്കുന്നില്ല.

1. ഇമാം ബുഖാരി (റ)യും മറ്റും ഉദ്ധരിക്കുന്നു: അബൂമൂസൽ അശ്അരി എന്ന അബ്ദുല്ലാഹിബ്നു ഖയ്സ്(റ) ഉമർ (റ)ന്റെ വീട്ടിൽ ചെന്നു മൂന്ന് പ്രാവശ്യം അനുമതിചോദിക്കുകയുണ്ടായി. ഉമർ (റ) എന്തോ ജോലിത്തിരക്കിലായിരുന്നതിനാൽ അദ്ദേഹത്തിന് സമ്മതം കിട്ടിയില്ല. അദ്ദേഹം മടങ്ങിപ്പോന്നു. പിന്നീട് ഉമർ (റ) പറഞ്ഞു: 'അബ്ദുല്ലാഹിബ്നു കൈസ് സമ്മതം ചോദിക്കുന്ന ശബ്ദമല്ലേ കേട്ടിരുന്നു? അദ്ദേഹത്തിന് സമ്മതം കൊടുക്കുവിൻ!' അവർ (വീട്ടിലുള്ളവർ) അന്വേഷിച്ചുനോക്കി; അദ്ദേഹത്തെ കണ്ടില്ല. പിന്നീട്, അബൂമൂസാ (റ) വീണ്ടും വന്നപ്പോൾ അദ്ദേഹം മടങ്ങിപ്പോകാൻ കാരണമെന്താണെന്ന് ഉമർ(റ) ചോദിച്ചു. അദ്ദേഹം പറഞ്ഞു: മൂന്നുവട്ടം സമ്മതം ചോദിച്ചു; സമ്മതം കിട്ടിയില്ല. നബി ﷺ ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'നിങ്ങളിൽ ഒരാൾ മൂന്നുവട്ടം സമ്മതം ചോദിച്ചിട്ട് സമ്മതം കിട്ടിയില്ലെങ്കിൽ അവൻ മടങ്ങിക്കൊള്ളട്ടെ.' അപ്പോൾ ഉമർ (റ) പറഞ്ഞു: 'താൻ ഇതിന് തെളിവ് കൊണ്ടുവരണം. ഇല്ലെങ്കിൽ തന്നെ ഞാൻ അടിച്ചു വേദനിപ്പിക്കും!' അബൂമൂസാ (റ) അൻസ്വാരികളായ ചില സ്വഹാബികളുടെ അടുക്കൽചെന്ന് വിവരം പറഞ്ഞു. അവർ പറഞ്ഞു: 'തനിക്ക് ഇതിന് സാക്ഷി നിൽക്കുവാൻ നമ്മളിലുള്ള നന്നേ ചെറുപ്പക്കാരനല്ലാതെ വരേണ്ടതില്ല.' (ഇത് അത്രക്കും പരസ്യമായി എല്ലാവർക്കും അറിയാവുന്ന വസ്തുതയാണ്.) അങ്ങനെ, അദ്ദേഹത്തിന്റെ ഒപ്പം അബൂസഈദിൽ ഖുദ്രി (റ)യും പോയി. അദ്ദേഹം ഉമർ (റ)നോട് വിവരം പറഞ്ഞുകൊടുത്തു. അപ്പോൾ ഉമർ (റ) പറയുകയാണ്: 'അങ്ങാടിയിലെ ഇടപാട് (വ്യാപാരം) എന്നെ മുടക്കിക്കളഞ്ഞു'. (അതുകൊണ്ട് എനിക്ക് ഇതൊന്നും നബിﷺയിൽ നിന്ന് കേട്ടുപഠിക്കുവാൻ കഴിഞ്ഞില്ല.)

2. ഇമാം അഹ്മദ് (റ) മറ്റും പല മാർഗങ്ങളിൽകൂടി രിവായത്ത് ചെയ്യുന്ന ഒരു ഹദീഥിന്റെ ചുരുക്കം ഇപ്രകാരമാണ്:- അനസ് (റ) മുതലായവർ പറഞ്ഞു: നബിﷺ സഅ്ദുബ്നു ഉബാദഃയുടെ വീട്ടിൽചെന്ന് അനുവാദം ചോദിച്ചുകൊണ്ട് സലാം ചൊല്ലി. സഅ്ദ്(റ) സലാം മടക്കിയെങ്കിലും, തിരുമേനി കേൾക്കുവാൻ മാത്രം ഉച്ചത്തിലായിരുന്നില്ല അത്. മൂന്ന് പ്രാവശ്യം ചോദിച്ചശേഷം നബിﷺ മടങ്ങിപ്പോയി. അപ്പോൾ, സഅ്ദ്(റ) പിന്നാലെ ചെന്നു ഇങ്ങനെപറഞ്ഞു; 'അല്ലാഹുവിന്റെ റസൂലേ! സത്യമായും, അവിടുത്തെ സലാമുകളെല്ലാം എന്റെ കാതിൽപെട്ടിട്ടുണ്ട്. ഞാനത് പതുക്കെ മടക്കിയിട്ടും ഉണ്ട്. അവിടുന്ന് കേൾക്കത്തവണ്ണം ഞാൻ മടക്കാതിരുന്നത് അവിടുത്തെ സലാമും, 'ബർക്കത്തും' അധികം ലഭിക്കുവാൻവേണ്ടി മാത്രമായിരുന്നു'. പിന്നീട് തിരുമേനി അദ്ദേഹത്തിന്റെ വീട്ടിൽ പ്രവേശിക്കുകയും, ഭക്ഷണം കഴിക്കുകയും ഉണ്ടായി. അദ്ദേഹത്തിനും കുടുംബത്തിനുംവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മടങ്ങിപ്പോകുമ്പോൾ, തിരുമേനിക്ക് വാഹനത്തിനായി സഅ്ദ്(റ) ഒരു കഴുതയെ തയ്യാറാക്കി. മകൻ കൈസ് (റ)നെയും ഒപ്പം അയച്ചു.കൈസ് (റ)നോട് തന്റെ ഒന്നിച്ച് വാഹനപ്പുറത്ത് കയറുവാൻ തിരുമേനി ആവശ്യപ്പെട്ടു. അദ്ദേഹം അതിന് മടിച്ചു. 'ഒന്നുകിൽ വാഹനമേറണം, അല്ലെങ്കിൽ പിരിഞ്ഞുപോകണം!' എന്ന് തിരുമേനി പറഞ്ഞു. അതനുസരിച്ച് കൈസ് (റ) മടങ്ങിപ്പോന്നു. رواه احمدوا بوداود والنسائى من طرق

3. അബൂദാവൂദ് (റ) ഉദ്ധരിക്കുന്നു: അബ്ദുല്ലാഹിബ്നുബിശ്ർ (റ) പറയുന്നു: റസൂൽ ﷺ ഏതെങ്കിലും വീട്ടുകാരുടെ വാതിൽക്കൽ ചെന്നാൽ, വാതിലിന്റെ നേരെ മുമ്പിലേക്ക് മുഖമായി നിൽക്കുകയില്ല. പക്ഷേ, അതിന്റെ വലഭാഗമോ, ഇടഭാഗമോ നിന്നുകൊണ്ട് 'അസ്സലാമു അലൈക്കും, അസ്സലാമു അലൈക്കും' എന്നിങ്ങനെ പറയുമായിരുന്നു. കാരണം, അക്കാലത്ത് വാതിലിന്റെ മുമ്പിൽ വിരി തൂക്കിയിടുന്ന പതിവുണ്ടായിരുന്നില്ല. ഈ ഹദീഥിൽനിന്ന്, സമ്മതം ചോദിക്കുവാൻ ചെന്നവൻ വാതിലിന്റെയോ ജനലിന്റെയോ പഴുതിൽകൂടി അകത്തേക്ക് നോക്കുവാൻ പാടില്ലെന്ന് പ്രത്യേകം മന

സ്സിലാക്കാവുന്നതാകുന്നു.

4. അബൂദാവൂദ് (റ) മുതലായവർ രിവായത്ത് ചെയ്യുന്നു: നബിﷺയുടെ വാതിൽക്കൽ വന്നു സമ്മതം ചോദിച്ചുകൊണ്ട് ഒരാൾ വാതിലിന് മുഖമായി നിന്നു. അപ്പോൾ തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'താൻ ഇങ്ങനെ മാറി നിൽക്കണം, അല്ലെങ്കിൽ ഇങ്ങനെ നിൽക്കണം (ഇടമോ വലമോ മാറി നിൽക്കണം.) സമ്മതം ചോദിക്കുവാൻ നിശ്ചയിക്കപ്പെട്ടിട്ടുള്ളത് തന്നെ, നോട്ടത്തിന്റെ കാരണത്താലാകുന്നു.'

5. നബിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു: 'ഒരു മനുഷ്യൻ സമ്മതം കൂടാതെ നിന്റെ മേൽ (നിന്റെ വീട്ടിനകത്തേക്ക്) എത്തിനോക്കി; അപ്പോൾ നീ അവനെ ഒരു ചെറുകല്ലെടുത്തു മിടിച്ചുകളഞ്ഞു; അത് നിമിത്തം അവന്റെ കണ്ണ് പൊട്ടിപ്പോയി; ഇങ്ങനെ വന്നാൽ യാതൊരു തെറ്റുമില്ല.' (ബു; മു)

6. പ്രമുഖരായ പല മഹാൻമാരും ഉദ്ധരിച്ച ഒരു ഹദീഥിൽ ജാബിർ (റ) പറയുന്നു: 'എന്റെ പിതാവിന്റെ പേരിലുണ്ടായിരുന്ന ഒരു കടത്തിന്റെ വിഷയത്തിൽ ഞാൻ നബി ﷺയുടെ അടുക്കൽ ചെല്ലുകയുണ്ടായി. ഞാൻ വാതിൽക്കൽ മുട്ടി. തിരുമേനി ചോദിച്ചു: 'ആരാണത്?' ഞാൻ ഉത്തരം പറഞ്ഞു: 'ഞാനാണ്.' അപ്പോൾ തിരുമേനി ഇങ്ങനെ പറഞ്ഞു: انا انا (ഞാൻ ഞാൻ തന്നെ) 'തിരുമേനി ഇത് പറഞ്ഞത് കുറച്ച് വെറുപ്പോടെയാണെന്ന് തോന്നുന്നു.' (رواه الجماعة) ആളെ അറിയുവാൻവേണ്ടി 'ആരാണ്' എന്ന് ചോദിക്കുമ്പോൾ 'ഞാനാണ്' എന്ന് ഉത്തരം പറയുക പലരുടെയും പതിവാണ്. ചോദ്യകർത്താവിന് ഈ ഉത്തരംകൊണ്ട് വിശേഷിച്ചൊരു ഫലവും ലഭിക്കുവാനില്ലല്ലോ. ആകയാൽ, ആളെ തിരിച്ചറിയുന്ന തരത്തിൽ, സ്വന്തം പേരോ, ചോദ്യകർത്താവിന് മനസ്സിലാകുന്ന തരത്തിലുള്ള മറ്റുവല്ല നാമങ്ങളോ പറയേണ്ടതാകുന്നു എന്നത്രെ നബിﷺയുടെ മറുപടി ചൂണ്ടിക്കാട്ടുന്നത്.

7. ബനൂആമിർ കുടുംബത്തിൽപെട്ട ഒരാൾ നബിﷺയുടെ അടുക്കൽ വരികയുണ്ടായി. തിരുമേനി വീട്ടിലുണ്ടായിരുന്നു. അയാൾ; أألج (ഞാൻ അകത്ത് കടക്കട്ടെയോ?) എന്നാണ് ചോദിച്ചത്. അപ്പോൾ തിരുമേനി തന്റെ ഭൃത്യനോട് പറഞ്ഞു: 'നീ അയാളുടെ അടുക്കൽ ചെന്ന് സമ്മതം ചോദിക്കുന്നത് അയാൾക്ക് പഠിപ്പിച്ചുകൊടുക്കുക അതായത്: السلام عليكم أأدخل (അസ്സലാമു അലൈക്കും, ഞാൻ അകത്ത് പ്രവേശിക്കാമോ?) എന്ന് പറഞ്ഞുകൊടുക്കുക.' അങ്ങനെ, ഭൃത്യൻ പറഞ്ഞുകൊടുക്കുകയും, അയാൾ അപ്രകാരം ചോദിക്കുകയും ചെയ്തു. അപ്പോൾ തിരുമേനി അദ്ദേഹത്തിന് സമ്മതം കൊടുത്തു. (അബൂദാവൂദ്.)

സമ്മതം ചോദിക്കുക എന്ന അർത്ഥത്തിന് അറബിയിൽ استئذان എന്ന വാക്കാണ് സാധാരണ ഉപയോഗിക്കാറുള്ളത്. അതിനുപകരം ആയത്തിൽ استيناس എന്ന മൂലത്തിൽനിന്നുള്ള تَسْتَأْنِسُوا എന്ന വാക്കാണ് ഉപയോഗിച്ചത്. സന്തോഷത്തോടും, ഇണക്കത്തോടുംകൂടിയുള്ള സ്വരത്തിലായിരിക്കണം അനുമതി അന്വേഷിക്കുന്നതെന്നാണ് ഈ പ്രയോഗം കാണിക്കുന്നത്. അതുകൊണ്ട് സമ്മതം ചോദിക്കുന്ന വാക്ക് നല്ല രൂപത്തിലും, സാവധാനത്തിലും ആയിരിക്കേണ്ടതുണ്ട്. സ്വന്തം വീട്ടിൽപോലും, അസമയത്തോ, യാത്രകഴിഞ്ഞു വരുമ്പോഴോ ഒരു മുന്നറിയിപ്പും കൂടാതെ- പെട്ടെന്ന് -ചെന്നു വാതിൽ മുട്ടുകയോ, അകത്ത് കടക്കുകയോ ചെയ്യരുതെന്ന് ഹദീഥുകളിൽ വിരോധിച്ചു കാണാവുന്നതാണ്. പ്രവേശനത്തിന് സമ്മതം ചോദിക്കുന്ന കാര്യത്തിൽ ഇസ്‌ലാം എത്രമാത്രം പ്രാധാന്യം കൽപിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നൊക്കെ മനസ്സിലാക്കാം. ദൈർഘ്യ

ഭയംകൊണ്ട് കൂടുതൽ ഉദ്ധരിക്കുന്നില്ല. അടുത്ത ആയത്തുകളിൽ നോട്ടത്തെക്കുറിച്ച് വിവരിക്കുന്നു:-

قُل لِّلْمُؤْمِنِينَ يَغُضُّواْ مِنْ أَبْصَـٰرِهِمْ وَيَحْفَظُواْ فُرُوجَهُمْ ۚ ذَٰلِكَ أَزْكَىٰ لَهُمْ ۗ

﴾30﴿ (നബിയേ)! സത്യവിശ്വാസികളോട്; അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, അവരുടെ ഗുഹ്യസ്ഥാനങ്ങൾ കാത്തുകൊള്ളുവാനും പറയുക. അത് അവർക്ക് വളരെ വെടിപ്പായിട്ടുള്ളതാകുന്നു.

إِنَّ ٱللَّهَ خَبِيرٌۢ بِمَا يَصْنَعُونَ ﴿٣٠﴾

നിശ്ചയമായും, അവർ പ്രവർത്തിക്കുന്നതിനെക്കുറിച്ച് അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാണ്.

وَقُل لِّلْمُؤْمِنَـٰتِ يَغْضُضْنَ مِنْ أَبْصَـٰرِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا ۖ وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ ۖ

﴾31﴿ സത്യവിശ്വാസികളായ സ്ത്രീകളോടും: അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, അവരുടെ ഗുഹ്യസ്ഥാനങ്ങൾ കാത്തുകൊള്ളുവാനും, അവരുടെ ഭംഗി- അതിൽനിന്ന് പ്രത്യക്ഷമാകുന്നതല്ലാതെ- വെളിപ്പെടുത്താതിരിക്കുവാനും പറയുക. അവർ, തങ്ങളുടെ മക്കനകൾ [ശിരോവസ്ത്രങ്ങൾ] അവരുടെ മാർവ്വിടങ്ങളിൽകൂടി ആക്കിക്കൊള്ളുകയും ചെയ്യട്ടെ.

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ ءَابَآئِهِنَّ أَوْ ءَابَآءِ بُعُولَتِهِنَّ أَوْ أَبْنَآئِهِنَّ أَوْ أَبْنَآءِ بُعُولَتِهِنَّ أَوْ إِخْوَٰنِهِنَّ أَوْ بَنِيٓ إِخْوَٰنِهِنَّ أَوْ بَنِيٓ أَخَوَٰتِهِنَّ أَوْ نِسَآئِهِنَّ أَوْ مَا مَلَكَتْ أَيْمَـٰنُهُنَّ

അവർ തങ്ങളുടെ ഭംഗി (താഴെ പറയുന്നവർക്കല്ലാതെ) വെളിപ്പെടുത്തുകയും ചെയ്യരുത്; അവരുടെ ഭർത്താക്കൾക്കോ, പിതാക്കൾക്കോ, ഭർത്താക്കളുടെ പിതാക്കൾക്കോ, തങ്ങളുടെ പുത്രൻമാർക്കോ, ഭർത്താക്കളുടെ പുത്രൻമാർക്കോ, സഹോദരൻമാർക്കോ, സഹോദരൻമാരുടെ പുത്രൻമാർക്കോ, സഹോദരികളുടെ പുത്രൻമാർക്കോ, തങ്ങളുടെ സ്ത്രീകൾക്കോ, തങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയിട്ടുള്ളവർക്കോ,

أَوِ ٱلتَّـٰبِعِينَ غَيْرِ أُو۟لِى ٱلْإِرْبَةِ مِنَ ٱلرِّجَالِ أَوِ ٱلطِّفْلِ ٱلَّذِينَ لَمْ يَظْهَرُوا۟ عَلَىٰ عَوْرَٰتِ ٱلنِّسَآءِ ۖ وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ ۚ وَتُوبُوٓا۟ إِلَى ٱللَّهِ جَمِيعًا أَيُّهَ ٱلْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴿٣١﴾

പുരുഷന്മാരിൽനിന്ന് (ലൈംഗിക) മോഹമില്ലാത്ത അനുചരൻമാർക്കോ, സ്ത്രീ രഹസ്യങ്ങളെപ്പറ്റി മനസ്സിലായിട്ടില്ലാത്ത കുട്ടികൾക്കോ അല്ലാതെ. തങ്ങളുടെ അലങ്കാരത്തിൽനിന്ന് മറച്ചുവെക്കുന്നത് അറിയപ്പെടുവാൻവേണ്ടി അവർ തങ്ങളുടെ കാലുകൾ കൊട്ടുകയും ചെയ്യരുത്. നിങ്ങളെല്ലാവരും- ഹേ, സത്യവിശ്വാസികളേ- അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിക്കുവിൻ! നിങ്ങൾക്ക് വിജയം ലഭിച്ചേക്കാം.

﴾30﴿ قُلْ നീപറയുക لِّلْمُؤْمِنِينَ സത്യവിശ്വാസികളോട് يَغُضُّوا۟ അവർ താഴ്ത്തു
വാൻ,അവർ താഴ്ത്തട്ടെ مِنْ أَبْصَٰرِهِمْ അവരുടെ ദൃഷ്ടികളെ, ദൃഷ്ടികളിൽനിന്ന് وَيَحْفَظُوا۟
അവർ സൂക്ഷിക്കുകയും, കാത്തുകൊള്ളുകയും فُرُوجَهُمْ അവരുടെ ഗുഹ്യസ്ഥാനങ്ങളെ
ذَٰلِكَ അത് أَزْكَىٰ വളരെ വെടിപ്പായതാണ്, പരിശുദ്ധമായതാണ് لَهُمْ അവർക്ക് إِنَّ ٱللَّهَ
നിശ്ചയമായും അല്ലാഹു خَبِيرٌۢ സൂക്ഷ്മമായി അറിയുന്നവനാണ് بِمَا يَصْنَعُونَ അവർ
പ്രവർത്തിക്കുന്നതിനെപ്പറ്റി ﴾31﴿ وَقُل لِّلْمُؤْمِنَٰتِ സത്യവിശ്വാസികളായ സ്ത്രീകളോടും
നീ പറയുക يَغْضُضْنَ അവർ താഴ്ത്തുവാൻ, താഴ്ത്തട്ടെ مِنْ أَبْصَٰرِهِنَّ അവരുടെ ദൃഷ്ടി
കളെ وَيَحْفَظْنَ അവർ സൂക്ഷിക്കുകയും فُرُوجَهُنَّ അവരുടെ ഗുഹ്യസ്ഥാനങ്ങളെ
وَلَا يُبْدِينَ അവർ വെളിപ്പെടുത്താതിരിക്കുവാനും, വെളിപ്പെടുത്തുകയും ചെയ്യരുത് زِينَتَهُنَّ
അവരുടെ ഭംഗിയെ, അലങ്കാരത്തെ, സൗന്ദര്യത്തെ إِلَّا مَا ظَهَرَ പ്രത്യക്ഷമാകുന്നതല്ലാതെ,
വെളിവാകുന്നതല്ലാതെ مِنْهَا അതിൽനിന്ന് وَلْيَضْرِبْنَ അവർ ആക്കുകയും ചെയ്യട്ടെ
بِخُمُرِهِنَّ അവരുടെ മക്കനകളെ, ശിരോവസ്ത്രങ്ങളെ عَلَىٰ جُيُوبِهِنَّ അവരുടെ മാർവ്വിട
ങ്ങളിൽ കൂടി وَلَا يُبْدِينَ അവർ വെളിവാക്കരുത് زِينَتَهُنَّ അവരുടെ ഭംഗി إِلَّا لِبُعُولَتِهِنَّ
അവരുടെ ഭർത്താക്കൾക്കല്ലാതെ أَوْ ءَابَآئِهِنَّ അല്ലെങ്കിൽ അവരുടെ പിതാക്കൾക്ക്
أَوْ ءَابَآءِ بُعُولَتِهِنَّ അല്ലെങ്കിൽ അവരുടെ ഭർത്താക്കളുടെ പിതാക്കൾക്ക് أَوْ أَبْنَآئِهِنَّ അല്ലെ
ങ്കിൽ അവരുടെ പുത്രൻമാർക്ക് أَوْ أَبْنَآءِ بُعُولَتِهِنَّ അല്ലെങ്കിൽ ഭർത്താക്കളുടെ
പുത്രൻമാർക്ക് أَوْ إِخْوَٰنِهِنَّ അല്ലെങ്കിൽ അവരുടെ സഹോദരൻമാർക്ക് أَوْ بَنِىٓ إِخْوَٰنِهِنَّ
അല്ലെങ്കിൽ അവരുടെ സഹോദരപുത്രൻമാർക്ക് أَوْ بَنِىٓ أَخَوَٰتِهِنَّ അല്ലെങ്കിൽ സഹോദ

രപുത്രൻമാർക്ക് أَوْ نِسَآئِهِنَّ അല്ലെങ്കിൽ അവരുടെ സ്ത്രീകൾക്ക് أَوْ مَا مَلَكَتْ അല്ലെങ്കിൽ ഉടമപ്പെടുത്തിയിട്ടുള്ളവർക്ക് أَيْمَانُهُنَّ അവരുടെ വലങ്കൈകൾ أَوِ التَّابِعِينَ അല്ലെങ്കിൽ അനുചരൻമാർക്ക്, പിൻപറ്റി നടക്കുന്നവർക്ക് (ഭൃത്യൻമാർക്ക്) غَيْرِ أُولِي الْإِرْبَةِ മോഹമുള്ളവരല്ലാത്ത, ആവശ്യമുള്ളവരല്ലാത്ത مِنَ الرِّجَالِ പുരുഷൻമാരിൽനിന്ന് أَوِ الطِّفْلِ അല്ലെങ്കിൽ കുട്ടികൾക്ക് الَّذِينَ لَمْ يَظْهَرُوا മനസ്സിലായിട്ടില്ലാത്തവരായ, തെളിവായിട്ടില്ലാത്ത عَلَىٰ عَوْرَاتِ രഹസ്യങ്ങളെപ്പറ്റി, ഗുഹ്യസ്ഥാനങ്ങളെപ്പറ്റി النِّسَاءِ സ്ത്രീകളുടെ وَلَا يَضْرِبْنَ അവർ അടിക്കയും ചെയ്യരുത്, കൊട്ടരുത് بِأَرْجُلِهِنَّ അവരുടെ കാലുകളെ لِيُعْلَمَ അറിയപ്പെടുവാൻ വേണ്ടി مَا يُخْفِينَ അവർ മറച്ചുവെക്കുന്നത് مِن زِينَتِهِنَّ അവരുടെ അലങ്കാരത്തിൽനിന്ന് وَتُوبُوا നിങ്ങൾ പശ്ചാത്തപിക്കുവിൻ, ഖേദിച്ചുമടങ്ങുവിൻ إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് جَمِيعًا എല്ലാവരും أَيُّهَ الْمُؤْمِنُونَ ഹേ സത്യവിശ്വാസികളേ لَعَلَّكُمْ تُفْلِحُونَ നിങ്ങൾക്ക് വിജയം ലഭിച്ചേക്കാം, നിങ്ങൾ വിജയിക്കുവാൻ വേണ്ടി.

അനാവശ്യത്തിലേക്കും, അനുവദനീയമല്ലാത്തതിലേക്കും നോക്കാതിരിക്കുക; പ്രഥമനോട്ടത്തിൽ തനിക്ക് കാണുവാൻ പാടില്ലാത്ത ആളോ, വസ്തുവോ ആണെന്ന് മനസ്സിലായിക്കഴിഞ്ഞാൽ പിന്നീട് തുടർന്നുകൊണ്ട് നോക്കാതിരിക്കുക എന്നൊക്കെയാണ്, ദൃഷ്ടി താഴ്ത്തുക (غض البصر) എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം, അബ്ദുല്ലാഹിൽ ബജലീ (റ) പറയുന്നു: 'പെട്ടെന്നുള്ള (അവിചാരിതമായ) നോട്ടത്തെപ്പറ്റി ഞാൻ നബി ﷺ യോട് ചോദിച്ചു. അപ്പോൾ അവിടുന്ന് എന്റെ ദൃഷ്ടിയെ തിരിച്ചുകൊള്ളുവാൻ കൽപിക്കുകയാണ് ചെയ്തത്.' (മുസ്‌ലിം.) അലി (റ)യോട് നബി ﷺ ഇപ്രകാരം പറഞ്ഞതായി അബൂദാവൂദ് ഉദ്ധരിക്കുന്നു: 'അലീ! നോക്കിയതിനെത്തുടർന്ന് പിന്നെയും നീ നോക്കരുത്. കാരണം: ആദ്യത്തേത് നിനക്ക് ആവാം. പിന്നേത്തത് നിനക്ക് പാടില്ല.'

(يا على لاتتبع النظرة النظرة فان لك الاولى وليس لك الاخرة ـ ابوداود)

നോട്ടത്തെ നിയന്ത്രിക്കുവാൻ പറയുന്നതോടൊപ്പം ഗുഹ്യസ്ഥാനങ്ങളെ സൂക്ഷിക്കുവാനും കൂടി കൽപിച്ചിട്ടുള്ളത് ശ്രദ്ധേയമാകുന്നു. നോട്ടത്തിൽനിന്നാണ് വ്യഭിചാരത്തിന് പ്രചോദനമുണ്ടായിത്തീരുന്നതെന്നും, വ്യഭിചാരത്തിലേക്ക് വഴിവെക്കുന്ന ഏത് കാര്യവും കാത്തുകൊള്ളേണ്ടതുണ്ടെന്നും അതിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. നബി ﷺ അരുളിച്ചെയ്തതായി അബൂഹുറയ്റഃ (റ) ഇപ്രകാരം ഉദ്ധരിക്കുന്നു; '.....കണ്ണുകളുടെ വ്യഭിചാരം നോട്ടമാകുന്നു, കാതുകളുടെ വ്യഭിചാരം ചെവികൊടുക്കലാണ്, നാവിന്റെ വ്യഭിചാരം സംസാരമാകുന്നു, കയ്യിന്റെ വ്യഭിചാരം പിടിക്കലാണ്, കാലിന്റെ വ്യഭിചാരം കാലടിവെക്കലാണ്, ഹൃദയം മോഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു, ഗുഹ്യസ്ഥാനം അതിനെ യഥാർത്ഥമാക്കിത്തീർക്കുകയോ അല്ലെങ്കിൽ കളവാക്കുകയോ ചെയ്യുന്നു; (رواه مسلم وللبخارى نحوه) വികാരവിചാരങ്ങളോടുകൂടി സംസാരിക്കുന്നതും, സംസാരം കേൾക്കുന്നതുമെല്ലാംതന്നെ സൂക്ഷിക്കേണ്ടതുണ്ടെന്ന് ഈ ഹദീഥിൽ നിന്ന് വ്യക്തമാണ്. ദൃഷ്ടിയെ നിയന്ത്രിക്കണമെന്ന് പുരുഷൻമാരോടും, സ്ത്രീകളോടും വെവ്വേറെ കൽപിച്ചതും പ്രത്യേകം ശ്രദ്ധേയമാകുന്നു. ഏതൊരു കാരണത്തെ മുൻനിറുത്തിയാണോ നോട്ടം നിയന്ത്രിക്കപ്പെട്ടിട്ടുള്ളതെങ്കിൽ, അക്കാര്യത്തിൽ സ്ത്രീയുംപുരുഷനും വ്യത്യാസമില്ലല്ലോ.

അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം (റ) അന്ധനായ സ്വഹാബിയായിരുന്നു. അദ്ദേഹം കടന്നുവരുമ്പോൾ. നബി തിരുമേനി ﷺ യുടെ പത്നിമാരായ ഉമ്മുസലമഃ (റ)യോടും,

മൈമൂനഃ (റ)യോടും മാറിനിൽക്കുവാൻ തിരുമേനി കൽപിക്കുകയുണ്ടായി. 'അദ്ദേഹം അന്ധനല്ലേ, ഞങ്ങളെ കാണുകയില്ലല്ലോ!' എന്ന് അവർ പറഞ്ഞപ്പോൾ തിരുമേനി ഇപ്രകാരമാണ് അവരോട് പറഞ്ഞത്: 'എന്നാൽ നിങ്ങൾ രണ്ടുപേരും അന്ധകളാണോ? നിങ്ങൾ അദ്ദേഹത്തെ കാണുകയില്ലേ!' (അബൂദാവൂദ്; തിർമദീ.) നോട്ടം മുതലായ കാര്യങ്ങൾ പുരുഷൻമാരുടെ ഭാഗത്തുനിന്നുമാത്രം വിരോധിക്കപ്പെട്ടതായും, സ്ത്രീകളെ സംബന്ധിച്ചിടത്തോളം അവർക്ക് പുരുഷൻമാരെ നോക്കുന്നതിനും മറ്റും വിരോധമില്ലെന്നും ഒരു ധാരണ മിക്കവരിലും കടന്നുകൂടിയതായി കാണാം. ഇത് തീരെ അബദ്ധമാണെന്നും, ലൈംഗിക നിയന്ത്രണാർത്ഥം നിയമിക്കപ്പെട്ട ഇത്തരം കാര്യങ്ങളിൽ സ്ത്രീയും പുരുഷനും സമമാണെന്നും ഈ ഖുർആൻ വചനങ്ങളിൽ നിന്നും നബിവചനങ്ങളിൽനിന്നും സ്പഷ്ടമാകുന്നു.

وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا (അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമാകുന്നതല്ലാതെ വെളിവാക്കരുത്) എന്ന് പറഞ്ഞുവല്ലോ. زِينة (സീനത്ത്) എന്ന പദത്തിനാണ് 'ഭംഗി' എന്ന് അർത്ഥം കൽപിച്ചിരിക്കുന്നത്. ഈ പദത്തിന് 'സൗന്ദര്യം, അലങ്കാരം, ഭംഗി, അഴക് എന്നൊക്കെ അർത്ഥം പറയാം. ശാരീരികമായ ഭംഗി മാത്രമല്ല, ആഭരണം, സുറുമ, ചായം മുതലായ ഉപകരണങ്ങൾ മൂലമോ വസ്ത്രാലങ്കാരങ്ങൾകൊണ്ടോ ഉണ്ടാകുന്ന ഭംഗിയും ഇതിൽ ഉൾപ്പെടുമെന്നത്രെ ആയത്തിന്റെ നാനാവശവും നോക്കുമ്പോൾ മനസ്സിലാക്കേണ്ടത്. കുപ്പായത്തിന്റെ മാർവിടത്തിൽകൂടി പ്രത്യക്ഷപ്പെടുന്ന ഭാഗവും, കഴുത്ത്, തോൾ, മുടി എന്നിവയും കാണപ്പെടാതിരിക്കുവാനായി മാർവ്വിടത്തിൽകൂടി തലമക്കന തൂക്കിയിടണം (وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ) എന്ന് പറയുമ്പോൾ ശരീരത്തിന്റെ ഭാഗങ്ങൾ 'സീനത്തി'ൽ ഉൾപ്പെട്ടതാണെന്ന് വ്യക്തമാകുന്നു. കാലിൽ ധരിക്കുന്ന തള മുതലായ ആഭരണങ്ങളുടെ കിലുക്കം കേൾക്കുവാൻവേണ്ടി കാൽകൊട്ടരുത് (.. ولا يضربن بأرجلهن) എന്ന് പറയുമ്പോൾ, ആഭരണത്തിലും 'സീനത്തു'ണ്ടെന്ന് വന്നു. നമസ്കാരവേളയിൽ നല്ല വസ്ത്രങ്ങൾ ധരിക്കുവാനും മറ്റും ഉപദേശിച്ചുകൊണ്ട് 'എല്ലാ നമസ്കാരവേളയിലും നിങ്ങൾ നിങ്ങളുടെ 'സീനത്ത്' എടുത്തുകൊള്ളണം' (خُذُوا زِينَتَكُمْ عِندَ كُلِّ مَسْجِدٍ) എന്നാണ് ഒരിടത്ത് അല്ലാഹു പറഞ്ഞിരിക്കുന്നത്. ഇതിൽനിന്നെല്ലാം ഈ സംഗതി ശരിക്കും മനസ്സിലാക്കാമല്ലോ.

'ഭംഗിയിൽ നിന്ന് പ്രത്യക്ഷമാകുന്ന ഭാഗം' (ماظهر منها) വെളിവാക്കുന്നതിന് വിരോധമില്ലെന്ന് ആയത്തിൽ വ്യക്തമാക്കിയിരിക്കുന്നു. ഏതാണ് ഈ ഭാഗം? പലരും പല വിധത്തിൽ ഇത് വ്യാഖ്യാനിക്കാറുണ്ടെങ്കിലും – ആയത്തിൽനിന്ന് പ്രത്യക്ഷത്തിൽ മനസ്സിലാകുന്നതും, പ്രസ്തുത വ്യഖ്യാനങ്ങളുടെ ആകെ സാരവും മുമ്പിൽവെച്ചു നോക്കുമ്പോൾ– സാധാരണ നിലക്ക് മറക്കുവാൻ പ്രയാസപ്പെട്ട ഭാഗങ്ങളാണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നതെന്ന് കാണാം. നടക്കുമ്പോഴും, ജോലികൾ എടുക്കുമ്പോഴുമെല്ലാം മുൻകൈകളും, മുഖവും മറക്കുന്നത് വിഷമമാണെന്ന് പറയേണ്ടതില്ല. ഇതുകൊണ്ടാണ് മിക്ക പണ്ഡിതൻമാരും ഇവിടെ കൈപടങ്ങളും മുഖവും ഒഴികെ എന്ന് വ്യാഖ്യാനം നൽകുന്നത്, സ്ത്രീക്ക് പ്രായപൂർത്തി വന്നാൽ പിന്നെ അവളുടെ മുൻകൈകളും മുഖവുമല്ലാതെ വെളിപ്പെടുന്നത് നന്നല്ലെന്ന് കാണിക്കുന്ന ഒരു നബി വചനം അബൂദാവൂദ് (റ) നിവേദനം ചെയ്തിട്ടുള്ളതും ഇവിടെ പ്രസ്താവ്യമാകുന്നു; സ്വഹാബികളും, താബിഈകളുമായ പല മഹാൻമാരിൽനിന്നും മേപ്പടി വ്യഖ്യാനം നിവേദനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

ഏതായാലും, മറക്കുവാൻ വിഷമമില്ലാത്ത തല, വള, അരഞ്ഞാൺ, കണ്ഠാഭരണങ്ങൾ മുതലായവ അന്യപുരുഷൻമാർക്കിടയിൽ വെളിപ്പെടുത്തുന്നതും, സൗന്ദര്യത്തെ ദ്വിഗുണീകരിച്ചു കാണിക്കുകയോ, ശരീരാകൃതിയെ ചിത്രീകരിച്ച് കാണിക്കുകയോ ചെയ്യുന്ന വസ്ത്രങ്ങൾ അണിഞ്ഞു പുരുഷൻമാർക്കിടയിൽ പ്രത്യക്ഷപ്പെടുന്നതും പാടില്ലാത്തതാകുന്നു. ശരീരം കണ്ടാൽ ഒരുപക്ഷേ അറപ്പ് തോന്നിപ്പോയേക്കുന്ന സ്ത്രീകൾ, വസ്ത്രാഭരണങ്ങൾമൂലം കാര്യമായ രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ടെന്ന വസ്തുത ഏവർക്കും അറിയാവുന്നതാണ്. അതുകൊണ്ടാണ്– 60–ാം വചനത്തിൽ വരുന്നത് പോലെ– കിഴവികളായ സ്ത്രീകൾപോലും അവരുടെ ഭംഗികളെ വെളിപ്പെടുത്താതെ മറക്കുകയാണ് നല്ലതെന്ന് അല്ലാഹു പ്രത്യേകം നമ്മെ ഓർമപ്പെടുത്തുന്നത്. മേൽപറഞ്ഞ എല്ലാതരം ഭംഗികളെയും മറക്കുവാൻ വേണ്ടിയാണ്, സ്ത്രീകൾ അന്യർക്കിടയിൽ പ്രവേശിക്കുമ്പോൾ 'ജിൽബാബ്' (ശരീരം പൊതുവിൽ മറക്കുന്ന വലിയ വസ്ത്രം) ധരിക്കണമെന്നും കൽപിക്കപ്പെട്ടിരിക്കുന്നത്. ഇതിനെപ്പറ്റി സൂ: അഹ്സാബ് 59–ൽ കൂടുതൽ വിവരം കാണാം. إن شاء الله

ഏതെങ്കിലും ന്യായത്തെയോ വ്യാഖ്യാനത്തെയോ അടിസ്ഥാനമാക്കി പർദ്ദാ നിയമത്തിൽനിന്ന് കഴിയുന്നതും ഒഴിഞ്ഞുമാറാൻ ശ്രമിക്കുന്നതിന് പകരം, ക്വുർആന്റെയും ഹദീഥിന്റെയും വ്യക്തമായ താൽപര്യങ്ങളെ കഴിവതും നടപ്പിൽ വരുത്തുവാൻ ശ്രമിക്കുകയാണ് സത്യവിശ്വാസികൾ ചെയ്യേണ്ടത്. ക്വുർആൻ വചനം അവതരിച്ച വർത്തമാനം അറിയേണ്ടുന്ന താമസം മാത്രം– അപ്പോഴേക്കും മുഹാജിറുകളായ സ്ത്രീകൾ അവരുടെ വസ്ത്രങ്ങൾ എടുത്തു കീറലുണ്ടാക്കി മുഖമക്കനയായി ഉപയോഗിച്ചിരുന്നുവെന്ന് ആഇശഃ (റ) അവരെപ്പറ്റി പ്രശംസിച്ചു പറയുകയുണ്ടായിട്ടുണ്ട്. (رواه البخارى وغيره) നേരെമറിച്ച് ഇന്ന് നമ്മുടെ നിലയോ? മുഖമക്കന ധരിക്കുന്നത് തന്നെ പലർക്കും ഒരു പോരായ്മയായിത്തീർന്നിരിക്കുകയാണ്. വേറൊരു വശത്ത് അവരെക്കൊണ്ട് അത് വർജ്ജിപ്പിക്കുവാനുമുള്ള ന്യായവാദങ്ങളും സംരംഭങ്ങളും നടമാടിക്കൊണ്ടിരിക്കയും ചെയ്യുന്നു!

സ്ത്രീകളുടെ ഭംഗി കാണിക്കപ്പെടുന്നതിന് വിരോധമില്ലാത്തവരുടെ കൂട്ടത്തിൽ ഒന്നാമത്തേത് ഭർത്താക്കൾ തന്നെ. വാസ്തവത്തിൽ സ്ത്രീകളുടെ എല്ലാതരം ഭംഗിയും ഭർത്താക്കൾക്ക് കാണുവാൻ വേണ്ടിയുള്ളതാണ്. എന്നിരിക്കെ, ഭാര്യഭർത്താക്കളെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രത്യേക നിബന്ധനകളൊന്നും പറയേണ്ടതായിട്ടില്ല. ഇമാം അഹ്മദ് (റ) മുതലായ പല മഹാൻമാരും ഉദ്ധരിക്കുന്ന ഒരു ഹദീഥിൽ ഇപ്രകാരം വന്നിട്ടുണ്ട്. احفظ عورتك الامن زوجتك اوماملكت يمينك (നിന്റെ ഭാര്യയോ നിന്റെ അടിമസ്ത്രീയോ അല്ലാത്തവരിൽനിന്ന് നിന്റെ ഔറത്ത് –ഗോപ്യസ്ഥാനം– സൂക്ഷിച്ചുകൊള്ളുക.) പിതാക്കൾ തുടങ്ങി സഹോദരി പുത്രൻമാർവരേക്കും ആയത്തിൽ പ്രസ്താവിക്കപ്പെട്ടവരെല്ലാം محارم (വിവാഹബന്ധം പാടില്ലാത്ത ബന്ധുകുടുംബങ്ങൾ) എന്ന പേരിൽ അറിയപ്പെടുന്നവരാകുന്നു. ഇവരാകട്ടെ, അൽപം ചില നിബന്ധനകൾക്ക് വിധേയരാകുന്നു. മുട്ടുകാൽ മുതൽ പൊക്കിൾ വരെയുള്ള ഭാഗങ്ങൾ ഇവരിൽനിന്നും മറക്കേണ്ടതുണ്ട്. ഇതിൽ അഭിപ്രായവ്യത്യാസമില്ലാത്തതാകുന്നു. സ്വഭാവദൂഷ്യംകൊണ്ടോ മറ്റോ ഇവരിൽ ഏതെങ്കിലും ആളുകളെക്കുറിച്ച് വല്ല ആശങ്കക്കും അവകാശമുണ്ടെങ്കിലല്ലാതെ, ഇവരിൽനിന്ന് സ്ത്രീകൾ അകന്നുനിൽക്കുകയോ, സൗന്ദര്യാലങ്കരങ്ങൾ മറച്ചുവെക്കുകയോ ചെയ്യേണ്ടതില്ല. പിതൃവ്യനും (എളാപ്പയും, മൂത്താപ്പയും), അമ്മാമനും ആയത്തിൽ പ്രസ്താവിക്കപ്പെട്ടിട്ടില്ല. എങ്കിലും, അവർ പർദ്ദയിൽനിന്ന് ഒഴിവാക്കപ്പെട്ട

വരാണെന്ന് ഹദീഥുകളാൽ അറിയപ്പെട്ടതാകുന്നു. മാതാപിതാക്കളുടെ സ്ഥാനം കൽപിക്കപ്പെടുന്നവരാണല്ലോ അവർ. സഹോദരസഹോദരിമാരുടെ മക്കളെ പർദ്ദയിൽനിന്ന് ഒഴിവാക്കിയ സ്ഥിതിക്ക് ഈ രണ്ട് കൂട്ടരെപ്പറ്റി എടുത്തു പറയാതെതന്നെ കാര്യം മനസ്സിലാക്കാവുന്നതാണ്.

ഒഴിവാക്കപ്പെട്ടവരിൽ 'തങ്ങളുടെ സ്ത്രീകൾ' (أَوْ نِسَآئِهِنَّ) എന്ന് പറഞ്ഞത് മുസ്‌ലിം സ്ത്രീകളെ ഉദ്ദേശിച്ചാണെന്നാണ് *(*)* മുൻഗാമികളായ പണ്ഡിതൻമാരിൽ ഭൂരിഭാഗവും പ്രസ്താവിച്ചിട്ടുള്ളത്. മറ്റ് പല പണ്ഡിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത് എല്ലാ സ്ത്രീകളും– മുസ്‌ലിം സ്ത്രീകളും അല്ലാത്തവരും– അതിൽ ഉൾപ്പെടുമെന്നാണ്. **الله اعلم** കൂടുതൽ സൂക്ഷ്മത ഒന്നാമത്തെ അഭിപ്രായം പാലിക്കുന്നതിലാണെന്ന് പറയേണ്ടതില്ല. ഇതനുസരിച്ച് വിമതസ്ഥരായ സ്ത്രീകളിൽനിന്ന് മുസ്‌ലിം സ്ത്രീകൾ തങ്ങളുടെ ഭംഗിയെ മറച്ചുവെക്കേണ്ടതാകുന്നു. സ്ത്രീകളുമായി അടുത്ത് പെരുമാറി അവരുടെ സ്ഥിതിഗതികളെയും സൗന്ദര്യത്തെയും കുറിച്ച് അന്യപുരുഷന്മാരെ അറിയിക്കുവാനും മറ്റും ഇടവന്നേക്കുമെന്നതാണ്, വിമതസ്ഥരായ സ്ത്രീകളെ സംബന്ധിച്ച് പർദ്ദ ബാധകമാണെന്ന് പറയുന്നതിന്റെ രഹസ്യം. ഈ ന്യായം മുസ്‌ലിം സ്ത്രീകളെ സംബന്ധിച്ചും പറയാമെങ്കിലും, സത്യവിശ്വാസികളായ സ്ത്രീകൾക്ക് ഇത്തരം കൃത്യങ്ങൾ വിരോധിക്കപ്പെട്ടതാണെന്ന ബോധം ഉണ്ടായിരിക്കുമല്ലോ. പ്രസ്തുതബോധമില്ലാത്തവരാണെന്ന് കാണപ്പെടുന്ന മുസ്‌ലിം സ്ത്രീകളെയും സൂക്ഷിക്കേണ്ടതുണ്ട് താനും. നബിﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു:–

لا تباشر المرأة المرأة تنعتها لزوجها كأنه ينظر اليها - متفق عليه

(സാരം: ഒരു സ്ത്രീ മറ്റൊരു സ്ത്രീയുമായി അടുത്തിടപെട്ട് അവൾ തന്റെ ഭർത്താവിന് അവളെപ്പറ്റി– അവൻ അവളെ നോക്കി മനസ്സിലാക്കുന്നത് പോലെ– വിവരിച്ചു കൊടുക്കരുത്. (ബു, മു) ഉമർ (റ) അബൂഉബൈദഃ (റ)ക്ക് എഴുതിയ ഒരെഴുത്തിൽ ഇപ്രകാരം ഉണ്ടായിരുന്നതായി നിവേദനം ചെയ്യപ്പെടുന്നു: 'നിങ്ങളുടെ ആ ഭാഗത്ത് ശിർക്കിന്റെ ആൾക്കാരിൽപ്പെട്ട സ്ത്രീകൾ മുസ്‌ലിം സ്ത്രീകളൊന്നിച്ച് കുളിപ്പുരകളിൽ പ്രവേശിക്കുന്നതായി എനിക്ക് വിവരം കിട്ടിയിരിക്കുന്നു. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്ന ഒരു സ്ത്രീ അവളുടെ ഔറത്ത്(മറക്കേണ്ടുന്ന സ്ഥാനം) അവളുടെ മതക്കാർക്കല്ലാതെ കാണുവാൻ അനുവദിച്ചുകൂടാത്തതാണ്.' (**حكاه ابن كثير عن سعيدبن منصور فى سننه**)

താബിഈങ്ങളിൽപ്പെട്ട മുജാഹിദ് (റ) മുതലായവരിൽനിന്നും, അമുസ്‌ലിം സ്ത്രീകൾക്ക് മുസ്‌ലിം സ്ത്രീകൾ തങ്ങളുടെ സൗന്ദര്യം കാണിച്ചുകൂടാത്തതാണെന്ന് കാണിക്കുന്ന രിവായത്തുകൾ കാണാം.

مَامَلَكَتْ أَيْمَانُهُنَّ (വലങ്കൈകൾ ഉടമപ്പെടുത്തിയവർ) എന്ന് പറഞ്ഞത് അടിമകളെപ്പറ്റിയാകുന്നു. ഈ പ്രയോഗത്തെക്കുറിച്ച് സൂ: മുഅ്മിനൂൻ 6-ന്റെ വിവരണത്തിലും, അതിന് ശേഷമുള്ള 2-ാം വ്യാഖ്യാനക്കുറിപ്പിലും പ്രസ്താവിച്ചത് ഇവിടെ ഓർക്കുക. വാർദ്ധക്യം നിമിത്തമോ, ശാരീരികമോ, മാനസികമോ ആയ കാരണങ്ങൾ കൊണ്ടോ വികാരവിചാരങ്ങളില്ലാത്തവരും, എന്തെങ്കിലും ഭക്ഷണസാധനമോ മറ്റോ കിട്ടിയതു

(*) 'തങ്ങളുടെ' എന്ന സർവ്വനാമം പ്രതിനിധീകരിക്കുന്നത് 'സത്യവിശ്വാസിനികളായ സ്ത്രീകളെ' ആണെന്നത് പ്രസ്താവ്യമാണ്. **يعنى ان مرجع الضمير فى نسائهن الى المؤمنات فليتأمل**

കൊണ്ട് തൃപ്തിയടയുന്ന ഭൃത്യൻമാർ മുതലായവരുമാണ് التَّابِعِينَ غَيْرِ أُولِي الْإِرْبَةِ (ലൈംഗികമോഹമില്ലാത്ത അനുചരൻമാർ) എന്ന് പറഞ്ഞതിന്റെ താൽപര്യം. ലൈംഗികകാര്യങ്ങളെക്കുറിച്ചുള്ള ബോധവും താൽപര്യവും എത്തിക്കഴിഞ്ഞിട്ടില്ലാത്ത കുട്ടികളാണ് അവസാനമായി ഒഴിവാക്കപ്പെട്ടിട്ടുള്ളവർ. ഇവരെല്ലാം ഒഴിവാക്കപ്പെട്ടതിൽ അന്തർഭവിച്ച തത്വം സ്പഷ്ടമാണല്ലോ.

അവിചാരിതമായോ സൂക്ഷ്മക്കുറവുകൊണ്ടോ ഇരുഭാഗത്ത് നിന്നും ഉണ്ടായേക്കുന്ന ക്രമക്കേടുകളെ പൊതുവായും, കൽപിച്ചുകൂട്ടി ചെയ്യുന്ന തെറ്റുകളെ പ്രത്യേകിച്ചും സൂക്ഷിക്കണമെന്ന് ആദ്യത്തെ ആയത്തിന്റെ അവസാനത്തിൽ അല്ലാഹു ഓർമപ്പെടുത്തി. രണ്ടാമത്തെ ആയത്തിന്റെ അന്ത്യത്തിൽ, അവയിൽനിന്നെല്ലാം ഖേദിച്ചു മടങ്ങുവാനും, പാപമോചനം തേടുവാനും- 'സത്യവിശ്വാസികളേ' എന്ന് സംബോധനചെയ്തുകൊണ്ട്- ഉപദേശിക്കുന്നു. ഇങ്ങനെ ചെയ്താൽ വിജയം കൈവരുമെന്ന് ഉണർത്തുകയും ചെയ്യുന്നു. അല്ലാഹുവിന്റെ കാരുണ്യം എത്ര മഹത്തായയത്! ചാരിത്ര്യശുദ്ധിക്ക് ഭംഗം വരുത്തുന്ന കാര്യങ്ങളെക്കുറിച്ച് വിവരിച്ചശേഷം, ചാരിത്ര്യസംരക്ഷണത്തിനും, സമുദായത്തിന്റെ നിലനിൽപിനും ഏകമാർഗമായ വിവാഹത്തിലേക്ക് അടുത്ത വചനം സത്യവിശ്വാസികളെ ക്ഷണിക്കുന്നു;-

وَأَنكِحُوا۟ ٱلْأَيَـٰمَىٰ مِنكُمْ وَٱلصَّـٰلِحِينَ مِنْ عِبَادِكُمْ وَإِمَآئِكُمْ ۚ إِن يَكُونُوا۟ فُقَرَآءَ يُغْنِهِمُ ٱللَّهُ مِن فَضْلِهِۦ ۗ وَٱللَّهُ وَٰسِعٌ عَلِيمٌ ﴿٣٢﴾

﴾32﴿ നിങ്ങളിൽനിന്നുള്ള അവിവാഹിതർക്കും, നിങ്ങളുടെ അടിമകളിൽനിന്നും അടിമ സ്ത്രീകളിൽനിന്നുമുള്ള നല്ല ആളുകൾക്കും നിങ്ങൾ വിവാഹം ചെയ്തുകൊടുക്കുവിൻ, അവർ ദരിദ്രൻമാരായിരിക്കുന്ന പക്ഷം, അല്ലാഹു അവന്റെ അനുഗ്രഹത്താൽ അവർക്ക് ധന്യത നൽകുന്നതാകുന്നു. അല്ലാഹു, വിശാലനും സർവ്വജ്ഞനുമാകുന്നു.

﴾32﴿ وَأَنكِحُوا നിങ്ങൾ വിവാഹം കഴിച്ചുകൊടുക്കുവിൻ, വിവാഹം ചെയ്യിക്കുവിൻ الأَيَامَى അവിവാഹിതർക്ക് مِنكُمْ നിങ്ങളിൽ നിന്നുള്ള وَالصَّالِحِينَ നല്ല ആളുകൾക്കും مِنْ عِبَادِكُمْ നിങ്ങളുടെ അടിമകളിൽ നിന്നുള്ള وَإِمَائِكُمْ നിങ്ങളുടെ അടിമസ്ത്രീകളിൽനിന്നും إِن يَكُونُوا അവർ ആയിരുന്നാൽ فُقَرَاءَ ദരിദ്രൻമാർ يُغْنِهِمُ اللهُ അല്ലാഹു അവർക്ക് ധന്യത (ഐശ്വര്യം) നൽകും مِن فَضْلِهِ അവന്റെ അനുഗ്രഹത്താൽ وَاللهُ وَاسِعٌ അല്ലാഹു വിശാലനാകുന്നു عَلِيمٌ സർവ്വജ്ഞനാകുന്നു.

'അവിവാഹിതർ' (الأَيَامَى) എന്ന് പറഞ്ഞതിൽ, വിവാഹം നിലവിലില്ലാത്ത എല്ലാ സ്ത്രീ പുരുഷൻമാരും- മുമ്പ് വിവാഹം കഴിഞ്ഞിട്ടുണ്ടെങ്കിലും ഇല്ലെങ്കിലും ശരി- ഉൾപ്പെടുന്നു. അടിമകളെപ്പറ്റി തുടർന്ന് പറഞ്ഞിട്ടുള്ളതുകൊണ്ട്, സ്വതന്ത്രരായ അവിവാഹിതരാണ് ഈ വാക്കുകൊണ്ടുദ്ദേശ്യമെന്ന് വ്യക്തമാണ്. അടിമകളായ സ്ത്രീപുരുഷൻമാരെപ്പറ്റി പ്രസ്താവിച്ചപ്പോൾ, അവരിലുള്ള 'നല്ല ആളുകൾക്ക്' (وَالصَّالِحِينَ) എന്ന് വിശേഷിപ്പിച്ചിരിക്കുന്നതുകൊണ്ട്, നല്ലവരല്ലാത്ത അടിമകൾക്ക് വിവാഹം കഴിച്ചുകൊ

ടുക്കണമെന്നില്ലെന്ന് വരുന്നു. ഇവിടെ 'നല്ല ആളുകൾ' എന്ന വിശേഷണത്തിന്റെ താല്പര്യത്തിൽ പണ്ഡിതൻമാർക്കിടയിൽ രണ്ട് അഭിപ്രായം കാണാം. വിവാഹം കഴിച്ചുകൊടുപ്പാൻ ആവശ്യമായ ഗുണങ്ങളുള്ളവർ, അഥവാ അതിന് അർഹരായവർ എന്നും, മതപരമായും സ്വഭാവപരമായും വേണ്ടുന്ന നന്മയുള്ളവർ എന്നും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. വാസ്തവത്തിൽ ഈ രണ്ട് തരത്തിലുള്ള നന്മകളും പരിഗണിക്കപ്പെടേണ്ടതും, രണ്ടും പരസ്പരം ബന്ധപ്പെട്ടുനിൽക്കുന്നവയുമാണ്.

عبد (അബ്ദ്)ന്റെ ബഹുവചനമാണ് عِبَاد (ഇബാദ്). അടിമയായ പുരുഷൻമാർ എന്നാണ് ആ പദത്തിന്റെ അർത്ഥം. امة (അമത്ത്)ന്റെ ബഹുവചനമാണ് إِمَاء (ഇമാഉ്). അടിമയായ സ്ത്രീകൾ എന്നാണ് ഇതിന്റെ അർത്ഥം. ചില സന്ദർഭങ്ങളിൽ 'ദാസൻ, ദാസി, മനുഷ്യൻ, സ്ത്രീ' എന്നീ അർത്ഥത്തിൽ അവ ഉപയോഗിക്കപ്പെട്ടേക്കുമെങ്കിലും സാധാരണനിലക്ക് ഉപയോഗിക്കപ്പെടാറുള്ള അർത്ഥം ആദ്യം പറഞ്ഞതാകുന്നു. ക്വുർആനിലും ഹദീഥിലും ഈ അർത്ഥത്തിൽതന്നെയാണ് ഈ പദങ്ങൾ ഉപയോഗിക്കപ്പെടാറുള്ളതും. പക്ഷേ, ചിലപ്പോൾ അല്ലാഹുവിന്റെ അടിമ എന്ന ഉദ്ദേശ്യത്തിലും, ചിലപ്പോൾ അല്ലാഹു അല്ലാത്തവരുടെ അടിമ എന്ന ഉദ്ദേശ്യത്തിലുമായിരിക്കും. സന്ദർഭത്തിൽനിന്ന് ഇത് മനസ്സിലാക്കുവാനും കഴിയും. വിവാഹകാര്യങ്ങളെയും പർദ്ദ മുതലായ വിഷയങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നിടത്ത് ഈ അർത്ഥത്തിൽ മാത്രമാണ് രണ്ട് പദങ്ങളും ഉപയോഗിക്കപ്പെടുന്നത്. ഇസ്‌ലാമിൽ അടിമത്തം എന്നൊന്നില്ലതന്നെ എന്ന് വാദിക്കുന്ന ചിലർ, ഈ പദങ്ങൾക്ക് അവരുടെ സൗകര്യത്തിന്ന്‌വേണ്ടി ഭൃത്യൻ, 'ഭൃത്യ, ദാസൻ, ദാസി' എന്നൊക്കെ ഇവിടങ്ങളിൽ അർത്ഥം കൊടുത്ത് വ്യാഖ്യാനിക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. (കൂടുതൽ വിവരങ്ങൾക്ക് സൂ: മുഅ്മിനൂന് ശേഷമുള്ള 2-10 വ്യാഖ്യാനക്കുറിപ്പ്നോക്കുക.)

അവിവാഹിതർ വിവാഹം കഴിക്കണമെന്ന് പറയാതെ, നിങ്ങൾ അവർക്ക് വിവാഹം കഴിച്ചുകൊടുക്കണമെന്നാണല്ലോ അല്ലാഹു പറഞ്ഞത്. ഇത് പ്രത്യേകം ഗൗനിക്കപ്പെടേണ്ടതാകുന്നു. മുസ്‌ലിംകളായ രക്ഷിതാക്കൾ, കുടുംബത്തലവൻമാർ, നാട്ടുമൂപ്പൻമാർ, ഭരണകർത്താക്കൾ പൊതുജനങ്ങൾ എന്നിവർക്കെല്ലാം ഇക്കാര്യത്തിൽ ബാധ്യതയും, കടപ്പാടും ഉണ്ടെന്ന് ഇത് കാണിക്കുന്നു. നടാടത്തെ വിവാഹത്തിൽ ഈ ബാധ്യത വിശേഷിച്ചും ശക്തിപ്പെട്ടതാകുന്നു. അതുപോലെത്തന്നെ, പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ കാര്യവും കൂടുതൽ പരിഗണിക്കപ്പെടേണ്ടതുണ്ട്. അടിമകളെക്കുറിച്ച് പറഞ്ഞപ്പോൾ 'അവരിലുള്ള നല്ല ആളുകൾക്ക്' എന്ന് പ്രത്യേകിച്ച് പറഞ്ഞതുപോലെ, സ്വതന്ത്രന്മാരുടെ വിവാഹകാര്യവും ശ്രദ്ധിക്കപ്പെടേണ്ടതുണ്ടെന്ന് വരുന്നു. മതനിഷ്ഠയും, സ്വഭാവഗുണവുമുള്ളവരെ വിവാഹത്തിന് തിരഞ്ഞെടുക്കുവാൻ പ്രത്യേകം പ്രോൽസാഹിപ്പിക്കപ്പെട്ടിട്ടുള്ളത് വാസ്തവം തന്നെ. പക്ഷേ, അല്ലാത്തവരെയും തീരെ പുറംതള്ളിക്കളയരുതെന്നാണ് ഇതിൽനിന്ന് മനസ്സിലാക്കേണ്ടുന്നത്.

അവർ ദരിദ്രന്മാരാകുന്നപക്ഷം, അല്ലാഹു തന്റെ അനുഗ്രഹത്താൽ അവർക്ക് ധന്യത നൽകും (إِن يَكُونُوا فُقَرَاءَ....) എന്ന് തുടങ്ങിയ വാക്യം അർത്ഥഗർഭമായതും, സത്യവിശ്വാസികൾക്ക് പ്രോൽസാഹനവും മനസ്സമാധാനവും നൽകുന്നതുമാകുന്നു. വിവാഹം ചെയ്യാനും, ചെയ്യിക്കുവാനും, ചെയ്തുകൊടുപ്പാനും- എല്ലാം തന്നെ- ദാരിദ്ര്യം ഒരു തടസ്സമായി സാധാരണ കരുതപ്പെടുന്നു. അത്രയുമല്ല, വിവാഹം കഴിച്ചത് മുതൽ ഭാര്യാഭർത്താക്കളുടെ അഹോവൃത്തിക്കുള്ള ഒരു മാർഗം- സമ്പത്തോ തൊഴിലോ- മുൻകൂട്ടി കണ്ടുവെച്ചിട്ടുവേണം വിവാഹം നടത്തുവാൻ എന്നും, അല്ലാത്തപക്ഷം അത് ആപൽക്ക

രവും അനഭിലഷണീയവുമാണ് എന്നുമൊക്കെ പലരും കരുതുകയും,. ഘോഷിക്കുകയും ചെയ്യാറുണ്ട്. അങ്ങനെയുള്ളവർക്ക്– അവർ സത്യവിശ്വാസികളാണെങ്കിൽ– ഈ വാക്യം തക്ക മറുപടി നൽകുന്നു. ദാരിദ്ര്യത്തെ ഇത്ര വലിയ ഭയങ്കരമായി കരുതുവാൻ കാരണം, ഒന്നുകിൽ അല്ലാഹുവിന്റെ അനുഗ്രഹത്തിലും വാഗ്ദാനത്തിലും വേണ്ടത്ര വിശ്വാസമില്ലായ്മയോ, അല്ലെങ്കിൽ മനുഷ്യന്റെ ജീവിതോദ്ദേശ്യം സമ്പത്തും സൗഖ്യജീവിതവുമാണെന്ന ധാരണയോ ആയിരിക്കാം. മാമൂലുകൾക്കും നാട്ടാചാരങ്ങൾക്കും ഈ ധാരണയിൽ പ്രത്യേകം പങ്കുണ്ടായിരിക്കും. വാസ്തവത്തിൽ, വിവാഹം കഴിക്കാതിരുന്നാൽ അതുകൊണ്ടുണ്ടാകുന്ന വിവിധതരം നാശങ്ങളെ അപേക്ഷിച്ചുനോക്കുമ്പോൾ, വിവാഹം കഴിച്ചിട്ട് ദാരിദ്ര്യംമൂലം ഉളവായേക്കുന്ന വിഷമങ്ങൾ കേവലം നിസ്സാരങ്ങളാണെന്ന് കാണാം. സാമ്പത്തികനില നന്നായിക്കഴിഞ്ഞാൽ ജീവിതോദ്ദേശ്യം സഫലമായെന്ന് കരുതുന്നവരുടെ ദൃഷ്ടിയിൽ, ധാർമികമൂല്യങ്ങൾ എത്രതന്നെ തകരാറിലായാലും വിരോധമുണ്ടാകുകയില്ലല്ലോ. എന്നാൽ, ഇസ്‌ലാമിക ദൃഷ്ട്യാ കാര്യം മറിച്ചാണുള്ളത്. ലൈംഗികമായ അരാജകത്വത്തെക്കാൾ, പട്ടിണിയുടെ കാഠിന്യത്തെ മുസ്‌ലിംകൾ ഒരിക്കലും ഭയപ്പെടേണ്ടതില്ല.

കുടുംബം പുലർത്തുവാനുള്ള വസ്തുവകകൾ ഇരിക്കട്ടെ, ഒരു ഇരുമ്പിന്റെ മോതിരം പോലും മഹ്ർ (വിവാഹമൂല്യം) കൊടുപ്പാൻ സാധിക്കായ്ക നിമിത്തം, സ്വന്തം നഗ്നത മറക്കുവാൻ ഉപയോഗിച്ച ഉടുതുണിയുടെ പകുതിഭാഗം മഹ്റിനായി മുറിച്ചുകൊടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ച ഒരു ദരിദ്രന്– ഇങ്ങനെയുള്ള ദരിദ്രൻമാർ ഇന്ന് നമ്മുടെ ഇടയിലുണ്ടോ എന്ന് സംശയമാണ്– അയാൾക്ക് മനഃപ്പാഠമുണ്ടായിരുന്ന ചില ക്വുർആൻ വാക്യങ്ങൾ പഠിപ്പിച്ചുകൊടുത്താൽ മതിയെന്ന നിശ്ചയത്തിൻമേലാണ്, നബിﷺ ഒരു സ്ത്രീയെ വിവാഹം കഴിപ്പിച്ചുകൊടുത്തത്. ഈ സംഭവം ഇമാം ബുഖാരിയും മുസ്‌ലിമും (റ) ഉദ്ധരിച്ചിട്ടുള്ള ഒരു പ്രസിദ്ധ സംഭവമത്രെ. ഇത്രയും ദരിദ്രനായ താൻ എങ്ങനെ ഇവളുടെ ദിനവൃത്തി കഴിച്ചുകൂട്ടുമെന്ന് നബി തിരുമേനിﷺ അദ്ദേഹത്തോട് അന്വേഷിക്കുകയോ, ആ ദരിദ്രനായ ദമ്പതിമാർ പട്ടിണിമൂലം നശിച്ചുപോകയോ ചെയ്തതായി അറിയപ്പെടുന്നില്ല. എന്നാൽ, വിവാഹത്തിന്റെ ഉദ്ദേശ്യം ചാരിത്ര്യ സംരക്ഷണമായിരിക്കണം. ഓരോരുത്തനും തന്റെ കഴിവനുസരിച്ച് ഏതെങ്കിലും ഉപജീവനമാർഗങ്ങൾ ആരായുകയും വേണം. കഴിവിനപ്പുറമുള്ളതിൽ അല്ലാഹുവിൽ ഭരമേൽപ്പിക്കുകയും ചെയ്യണം. ഇങ്ങനെയുള്ളവർക്ക് വിവാഹം ചെയ്യാൻ ദാരിദ്ര്യം തടസ്സമായിരിക്കയില്ല. നബിﷺ പറയുന്നത് നോക്കുക:–

ثلثة حق على الله عونهم الناكح يريد العفاف والمكاتب يريد الاداء والغازى فى سبيل الله –

احمد والترمذى والنسائى وابن ماجه

(സാരം: മൂന്നുകൂട്ടരെ സഹായിക്കുന്നത് അല്ലാഹുവിന്റെമേൽ ബാധ്യതയുള്ളതാണ്. ചാരിത്യ ശുദ്ധിയെ ഉദ്ദേശിച്ചു വിവാഹം കഴിക്കുന്നവനും, (മോചനമൂല്യം) കൊടുത്തുതീർക്കാൻ ഉദ്ദേശിച്ചുകൊണ്ട് സ്വാതന്ത്ര്യക്കച്ചീട്ടെഴുതുന്ന അടിമയും, അല്ലാഹുവിന്റെ മാർഗത്തിൽ പടയെടുക്കുന്നവനും.) അബൂബക്ർ (റ) ഇപ്രകാരം പറഞ്ഞതായി ഇബ്നു അബീഹാതിം (റ) ഉദ്ധരിക്കുന്നു: 'അല്ലാഹു നിങ്ങളോട് വിവാഹത്തെക്കുറിച്ച് കൽപിച്ചതിൽ നിങ്ങൾ അവനെ അനുസരിക്കുവിൻ, എന്നാൽ, ധന്യതയെ (ഐശ്വര്യത്തെ)ക്കുറിച്ച് അവൻ നിങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളത് അവൻ നിങ്ങൾക്ക് നിറവേറ്റിത്തരുന്നതാണ്.' اطيعوا الله فيما امركم به من النكاح ينجز لكم ماوعدكم من الغنى - (ابن ابى حاتم)

ഇത്രയും പറഞ്ഞതുകൊണ്ട്, ദരിദ്രനായ ഒരാൾ വിവാഹം കഴിച്ചാലുടനെ ധനികനായിത്തീരുമെന്ന് ധരിക്കേണ്ടതില്ല. ഏതെങ്കിലും വിധേന അത്യാവശ്യം കഴിച്ചുകൂട്ടുവാനുള്ള ഒരു മാർഗം അല്ലാഹു അവന് തുറന്നുകൊടുക്കും, വിവാഹം കഴിച്ചതുകൊണ്ട് അവൻ എന്നേക്കും ദരിദ്രനായി കഷ്ടപ്പെടേണ്ടിവരുമെന്ന ആശങ്ക ഒരിക്കലും ഉണ്ടാവരുത് എന്ന് സമാധാനിപ്പിക്കുകയാണ് അല്ലാഹു ചെയ്യുന്നത്. വിവാഹം കഴിച്ചതിനുശേഷം ദാരിദ്ര്യം നീങ്ങി സുഖജീവിതം അനുഭവിക്കുന്നവരെയും, വിവാഹം കഴിക്കാതിരുന്നിട്ടും ദാരിദ്ര്യം വേറിട്ടുപോകാത്തവരെയും, സമ്പൽസമൃദ്ധിയിൽ ആറാടിക്കൊണ്ടിരിക്കെ നടത്തപ്പെട്ട വിവാഹത്തിനുശേഷം പട്ടിണിപ്പരിശകളായിത്തീർന്ന ഭാര്യാഭർത്താക്കളെയും നാം കാണാറുള്ളതാണ്. നബിﷺ പറഞ്ഞതെത്ര വാസ്തവം! അവിടുന്ന് പറയുന്നു:-

ليس الغنى عن كثرة العرض ولكن الغنى غنى النفس - متفق عليه

സാരം: ധനം എന്നത് വിഭവങ്ങളുടെ ആധിക്യം കൊണ്ടുള്ളതല്ല പക്ഷേ, മനസ്സിന്റെ ധന്യതയാണ് ധനം. (ബു; മു.) ധാരാളം സമ്പാദ്യവും, മറ്റ് സുഖസൗകര്യങ്ങളും ഉണ്ടായിരുന്നിട്ടും പല കാര്യത്തിനും അന്യന്മാരെ ആശ്രയിച്ചുകൊണ്ടും, മനസ്സുഖമില്ലാതെയും കഴിഞ്ഞുകൂടുന്ന ധനികൻമാരെക്കാൾ ഭാഗ്യവാൻമാർ, അൽപമാത്രമുള്ളതിൽ സംതൃപ്തിയോടെ കഴിഞ്ഞുകൂടുന്നവരാണെന്ന് പറയേണ്ടതില്ല. എനി, വിവാഹം കഴിക്കുവാൻ സാധിക്കാതെ വരുന്നവരെപ്പറ്റി അല്ലാഹു പറയുന്നു:-

وَلْيَسْتَعْفِفِ ٱلَّذِينَ لَا يَجِدُونَ نِكَاحًا حَتَّىٰ يُغْنِيَهُمُ ٱللَّهُ مِن فَضْلِهِۦ ۗ

﴾33﴿ വിവാഹം (ചെയ്യുവാനുള്ള സൗകര്യം) ലഭിക്കാത്തവർ- അല്ലാഹു അവന്റെ അനുഗ്രഹത്താൽ അവർക്ക് ധന്യത നൽകുന്നതുവരെ- ചാരിത്ര്യം സംരക്ഷിക്കുവാൻ ശ്രമിച്ചുകൊള്ളട്ടെ!

وَٱلَّذِينَ يَبْتَغُونَ ٱلْكِتَٰبَ مِمَّا مَلَكَتْ أَيْمَٰنُكُمْ فَكَاتِبُوهُمْ إِنْ عَلِمْتُمْ فِيهِمْ خَيْرًا ۖ وَءَاتُوهُم مِّن مَّالِ ٱللَّهِ ٱلَّذِىٓ ءَاتَىٰكُمْ ۚ

നിങ്ങളുടെ വലങ്കൈകൾ ഉടമയാക്കിയവരിൽ (സ്വാതന്ത്ര്യക്കച്ചീട്ട്) എഴുതിക്കൊടുപ്പാനാവശ്യപ്പെടുന്നവർ- അവരിൽ നന്മയുള്ളതായി നിങ്ങൾക്ക് അറിയാമെങ്കിൽ- നിങ്ങളവർക്ക് എഴുതിക്കൊടുത്തുകൊള്ളുവിൻ. നിങ്ങൾക്ക് അല്ലാഹു തന്നിട്ടുള്ളതായ അവന്റെ സ്വത്തിൽനിന്നും നിങ്ങൾ അവർക്ക് കൊടു(ത്തു സഹായി)ക്കുകയും ചെയ്യുവിൻ.

وَلَا تُكْرِهُوا۟ فَتَيَٰتِكُمْ عَلَى ٱلْبِغَآءِ إِنْ أَرَدْنَ تَحَصُّنًا لِّتَبْتَغُوا۟ عَرَضَ ٱلْحَيَوٰةِ

നിങ്ങളുടെ (അടിമകളായ) യുവതികളെ- അവർ ചാരിത്ര്യ ശുദ്ധിയെ ഉദ്ദേശിക്കുന്നപക്ഷം- നിങ്ങൾക്ക് ഐഹിക ജീവിത വിഭവം ലഭിക്കുവാനായി തോന്നിയവാസവൃത്തിക്ക്

ٱلدُّنْيَا ۚ وَمَن يُكْرِههُّنَّ فَإِنَّ ٱللَّهَ مِنۢ بَعْدِ إِكْرَٰهِهِنَّ غَفُورٌ رَّحِيمٌ ﴿٣٣﴾

നിങ്ങൾ നിർബന്ധിക്കരുത്. ആരെങ്കിലും, അവരെ (അതിന്) നിർബന്ധിച്ച് ചെയ്യിക്കുന്നതായാൽ. അവരെ നിർബന്ധിച്ചതിനുശേഷം അല്ലാഹു നിശ്ചയമായും (ആ നിർബന്ധിക്കപ്പെട്ട സ്ത്രീകൾക്ക്) പൊറുത്തുകൊടുക്കുന്നവനും, കരുണചെയ്യുന്നവനുമാകുന്നു.

وَلَقَدْ أَنزَلْنَآ إِلَيْكُمْ ءَايَـٰتٍ مُّبَيِّنَـٰتٍ وَمَثَلًا مِّنَ ٱلَّذِينَ خَلَوْا۟ مِن قَبْلِكُمْ وَمَوْعِظَةً لِّلْمُتَّقِينَ ﴿٣٤﴾

﴾34﴿ തീർച്ചയായും, (നിങ്ങൾക്കാവശ്യമായത്) വ്യക്തമാക്കിത്തരുന്ന പല ലക്ഷ്യങ്ങളും, നിങ്ങളുടെ മുമ്പ് കഴിഞ്ഞുപോയവരിൽനിന്നുള്ള ഉദാഹരണ (പാഠ)വും, ഭയഭക്തരായ ആളുകൾക്ക് (വേണ്ടുന്ന) ഉപദേശവും നാം നിങ്ങൾക്ക് ഇറക്കിത്തന്നിട്ടുണ്ട്.

﴾33﴿ وَلْيَسْتَعْفِفِ ചാരിത്ര്യം സംരക്ഷിച്ചുകൊള്ളട്ടെ, മാനംകാത്തുകൊള്ളട്ടെ الَّذِينَ لَا يَجِدُونَ ലഭിക്കാത്തവർ نِكَاحًا വിവാഹത്തെ, (വിവാഹത്തിനുള്ള വക) حَتَّى يُغْنِيَهُمُ അവർക്ക് ധന്യത നൽകുന്നതുവരെ, അവർക്ക് ഐശ്വര്യം കൊടുക്കുന്നതുവരെ اللَّهُ അല്ലാഹു مِن فَضْلِهِ അവന്റെ അനുഗ്രഹത്താൽ وَالَّذِينَ يَبْتَغُونَ ആവശ്യപ്പെടുന്നവർ الْكِتَابَ എഴുത്ത്, എഴുതികൊടുക്കുവാൻ مِمَّا مَلَكَتْ ഉടമയാക്കിയവരിൽനിന്ന് أَيْمَانُكُمْ നിങ്ങളുടെ വലങ്കൈകൾ فَكَاتِبُوهُمْ നിങ്ങളവർക്ക് എഴുതി (കച്ചീട്ടെഴുതി) കൊടുക്കുവിൻ إِنْ عَلِمْتُمْ നിങ്ങൾക്കറിയാമെങ്കിൽ, നിങ്ങളറിഞ്ഞാൽ فِيهِمْ അവരിൽ خَيْرًا നൻമ, വല്ല നൻമയും (ഉള്ളതായി) وَآتُوهُمْ അവർക്ക് നിങ്ങൾ കൊടുക്കുകയും ചെയ്യുവിൻ مِن مَالِ اللَّهِ അല്ലാഹുവിന്റെ സ്വത്തിൽനിന്ന് الَّذِي آتَاكُمْ അവൻ നിങ്ങൾക്ക് തന്നിട്ടുള്ളതായ وَلَا تُكْرِهُوا നിങ്ങൾ നിർബന്ധിക്കരുത്, നിർബന്ധപൂർവ്വം ചെയ്യിക്കരുത് فَتَيَاتِكُمْ നിങ്ങളുടെ യുവതികളെ (അടിമകളെ) عَلَى الْبِغَاءِ തോന്ന്യാസവൃത്തിക്ക്, തെമ്മാടിത്തത്തിന് إِنْ أَرَدْنَ അവർ ഉദ്ദേശിക്കുന്നപക്ഷം تَحَصُّنًا ചാരിത്ര്യശുദ്ധി, പാതിവൃത്യം, മാനസംരക്ഷണം لِتَبْتَغُوا നിങ്ങൾക്ക് ലഭിക്കുവാനായി, നിങ്ങൾ തേടുന്നതിനായി عَرَضَ الْحَيَاةِ ജീവിതത്തിന്റെ വിഭവത്തെ (വസ്തുക്കളെ) الدُّنْيَا ഐഹികമായ, ഇഹത്തിലെ وَمَن يُكْرِههُّنَّ ആരെങ്കിലും അവരെ നിർബന്ധിക്കുന്നതായാൽ فَإِنَّ اللَّهَ

എന്നാൽ നിശ്ചയമായും അല്ലാഹു مِنۢ بَعۡدِ إِكۡرَٰهِهِنَّ അവരെ നിർബന്ധിച്ചതിന് ശേഷം غَفُورٌ പൊറുക്കുന്നവനാണ് رَّحِيمٌ കരുണചെയ്യുന്നവനാണ് ﴾34﴿ وَلَقَدۡ أَنزَلۡنَآ തീർച്ചയായും നാം ഇറക്കിയിരിക്കുന്നു إِلَيۡكُمۡ നിങ്ങൾക്ക്, നിങ്ങളിലേക്ക് ءَايَٰتٍ പല ദൃഷ്ടാന്തങ്ങളെ مُّبَيِّنَٰتٍ വ്യക്തമാക്കിത്തരുന്ന, വ്യക്തങ്ങളായ وَمَثَلًا ഉദാഹരണങ്ങളും, ഉപമയും مِّنَ ٱلَّذِينَ خَلَوۡاْ കഴിഞ്ഞുപോയവരിൽ നിന്ന് مِن قَبۡلِكُمۡ നിങ്ങൾക്ക് മുമ്പ് وَمَوۡعِظَةً ഉപദേശവും, സദുപദേശവും لِّلۡمُتَّقِينَ ഭയഭക്തൻമാർക്ക്, സൂക്ഷിക്കുന്നവർക്ക്

ആദ്യത്തെ ആയത്തിൽ പ്രധാനമായും അഞ്ച് കാര്യങ്ങൾ അടങ്ങിയിട്ടുണ്ട്:

1) വിവാഹം കഴിപ്പാൻ സാധിക്കാതെ വരുന്നവർ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് അതിന് സാധ്യത ഉണ്ടാകുന്നതുവരെ ക്ഷമ കൈകൊണ്ടു തങ്ങളുടെ ചാരിത്ര്യശുദ്ധിക്ക് കളങ്കം വരുത്താതെ സൂക്ഷിക്കേണ്ടതാകുന്നു. 'വിവാഹത്തിന് സൗകര്യം ലഭിക്കാത്തവർ' (وَالَّذِينَ لَا يَجِدُونَ نِكَاحًا) എന്ന് പറഞ്ഞതുകൊണ്ടുദ്ദേശ്യം, 'മഹ്ർ' കൊടുപ്പാൻ കഴിയാത്തവരാണെന്നാണ് പൊതുവിൽ പറയപ്പെടുന്നത്. മഹ്ർ കൊടുപ്പാൻ കഴിയുമെന്നിരുന്നാൽ തന്നെയും, മറ്റ് കാരണങ്ങളാൽ വിവാഹം ചെയ്യാൻ തരപ്പെടാതെ വന്നേക്കാമെന്ന് പറയേണ്ടതില്ല. അങ്ങനെയുള്ളവർക്കും ഈ ഉപദേശം ബാധകമാണ്. ചാരിത്ര്യശുദ്ധിക്ക് ഭംഗം നേരിട്ടേക്കാമോ എന്ന് സ്വയം ഭയപ്പെടുന്നവർക്ക് നബിﷺ നൽകുന്ന ഉപദേശം ഇപ്രകാരമാകുന്നു:

يا معشر الشباب من استطاع منكم الباءة فليتزوج فانه اغض للبصر واحصن للفرج ومن لم يستطع فعليه بالصوم فانه له وجاء - متفق

സാരം: ഹേ യുവാക്കളുടെ കൂട്ടമേ! നിങ്ങളിൽ ആർക്ക് വിവാഹം ചെയ്യാൻ കഴിവുണ്ടോ അവൻ വിവാഹം ചെയ്തുകൊള്ളട്ടെ. കാരണം, അത് (വിരോധിക്കപ്പെട്ട നോട്ടത്തിൽ നിന്ന്) ദൃഷ്ടിയെ താഴ്ത്തിക്കളയുന്നതും, ഗുഹ്യസ്ഥാനത്തെ കാത്തുരക്ഷിക്കുന്നതുമാകുന്നു. ആർക്കെങ്കിലും, കഴിവില്ലാതെ വരുന്നപക്ഷം, അവൻ നോമ്പ് അനുഷ്ഠിച്ചുകൊള്ളട്ടെ. എന്നാൽ അത് അവന് രക്ഷാമാർഗമായിരിക്കും (ബു; മു.) സൂറത്തുന്നിസാഅ് 25 ൽ സ്വതന്ത്രരായ സ്ത്രീകളെ വിവാഹം ചെയ്യാൻ കഴിവില്ലാത്തവർ അടിമസ്ത്രീകളെ വിവാഹം കഴിച്ചുകൊള്ളുവാൻ അല്ലാഹു നിർദ്ദേശിച്ചിട്ടുണ്ട്. അത് സാധിക്കാതെ വരുമ്പോഴത്തെ സ്ഥിതിയാണ് ഇവിടെ പറഞ്ഞിട്ടുള്ളതെന്ന് മനസ്സിലാക്കാം. വിവാഹത്തിന് ആവശ്യം നേരിടുകയും, ഒരു വിധത്തിലും അത് സാധ്യമാകാതെ വരികയും ചെയ്യുന്നവരോട് ക്ഷമ കൈക്കൊള്ളുവാൻ കൽപിക്കുന്നതോടൊപ്പം, അങ്ങനെ ചെയ്താൽ അല്ലാഹുവിന്റെ അനുഗ്രഹംകൊണ്ട് അവർക്ക് വഴിയെ സാധ്യമായേക്കുമെന്ന് ഒരു വാഗ്ദാനവും കൂടി ഈ ആയത്തിൽ അടങ്ങിയിരിക്കുന്നു.

2) സ്വതന്ത്രരാകുവാൻ ആഗ്രഹിക്കുന്ന അടിമകൾ ഒരു നിശ്ചിത കാലത്തിൽ ഒരു നിശ്ചിത സംഖ്യമോചനമൂല്യമായി കൊടുത്തുതീർക്കുന്ന പക്ഷം സ്വാതന്ത്ര്യം നൽകാമെന്ന് യജമാനനും അടിമയും തമ്മിൽ ചെയ്യുന്ന കരാറിന് **مكاتبة** (സ്വാതന്ത്ര്യക്കച്ചീട്ട്) എന്ന് പറയുന്നു. ഒരു അടിമ ഈ ആവശ്യം ഉന്നയിച്ചാൽ, അത് ചെയ്തുകൊടുക്കണമെന്നാണ് ഈ ആയത്ത് ശാസിക്കുന്നത്. ഏതെങ്കിലും വിഷയത്തിൽ അടിമത്തം ഇല്ലാതാക്കി അടിമകളെ സ്വതന്ത്രരാക്കി വിടുവാൻ ഇത് പോലെ വേറെയും പലപല സന്ദർഭ

ങ്ങളും, നിയമങ്ങളും അല്ലാഹു ഏർപ്പെടുത്തിയിട്ടുണ്ട്. യുദ്ധത്തിൽ പിടിച്ച് അടിമയാക്കപ്പെട്ടവരും നിയമാനുസൃതമായ മറ്റ് രൂപത്തിൽ കൈവശത്തിലിരിക്കുന്ന അടിമകളും ഇക്കാര്യത്തിൽ വ്യത്യസ്തരല്ല. 'അവരിൽ നന്മയുള്ളതായി നിങ്ങൾക്കറിയാമെങ്കിൽ' (إِنْ عَلِمْتُمْ فِيهِمْ خَيْرًا) എന്ന നിബന്ധന കേവലം വിപുലാർത്ഥത്തിലുള്ളതാകുന്നു. കൊടുത്തുവീട്ടാൻ നിശ്ചയിച്ച സംഖ്യ അടച്ചു തീർക്കുവാനുള്ള സന്നദ്ധതയും സൗകര്യവും മാത്രമല്ല, സ്വാതന്ത്ര്യക്കച്ചീട്ട് ആവശ്യപ്പെടുന്നവന്റെ പൊതുനന്മയും കൂടി അതിൽ പരിഗണിക്കേണ്ടതുണ്ട്.

3) അങ്ങനെയുള്ള അടിമകൾക്ക് അവരുടെ കച്ചീട്ടിലെ നിശ്ചയപ്രകാരം മോചിതരാകുന്നതിനും, അവരുടെ വിഷമതകൾ തീർക്കുന്നതിനും ധനസഹായം ചെയ്യണമെന്ന് യജമാനൻമാരടക്കം കഴിവുള്ള എല്ലാവരോടും തുടർന്ന് കൽപിക്കുന്നു. നിശ്ചയിച്ച സംഖ്യയിൽ ഇളവ് ചെയ്തും, ജോലികൾ സൗകര്യപ്പെടുത്തിക്കൊടുത്തും മറ്റും യജമാനന്മാർക്ക് ഈ കൽപന സ്വീകരിക്കാവുന്നതാണ്. സ്വത്തുക്കളെല്ലാം വാസ്തവത്തിൽ അല്ലാഹുവിന്റെതാകുന്നു. അവൻ ഇഷ്ടപ്പെടുന്ന മാർഗത്തിൽ ചിലവഴിക്കുവാനായി അത് ചിലരുടെ കൈകളിൽ അനാമത്ത് വെച്ചിരിക്കുകയാണ്. കൈവശക്കാരന്റെ ഇഷ്ടത്തിനൊത്ത് മാത്രം ചിലവാക്കുവാനുള്ളതല്ല. സാക്ഷാൽ ഉടമസ്ഥനായ അല്ലാഹു കൽപിക്കുന്ന പ്രകാരം അത് വിനിയോഗിക്കേണ്ടതുണ്ട്. അങ്ങനെ അവർ ചെയ്യുന്ന പക്ഷം അല്ലാഹു തക്കതായ പ്രതിഫലം കൊടുക്കുകയും, വീണ്ടും, പകരം നൽകിക്കൊണ്ടിരിക്കുകയും ചെയ്യും. ആകയാൽ സ്വത്ത് കൈവശമുള്ളവർ അവരെ സഹായിക്കുന്നതിൽ പിന്നോക്കം വെക്കുവാൻ പാടില്ല. എന്നൊക്കെയാണ് مَالِ اللَّهِ الَّذِي آتَاكُمْ (അല്ലാഹു നിങ്ങൾക്ക് തന്നിട്ടുള്ള അവന്റെ സ്വത്ത്) എന്ന പ്രയോഗത്തിൽ അടങ്ങിയ സൂചനകൾ.

4) അടിമ സ്ത്രീകൾ ചാരിത്ര്യദൂഷ്യം ചെയ്യാൻ ഇഷ്ടപ്പെടാതിരിക്കെത്തന്നെ, അവർ മൂലം ഐഹികമായ വരുമാനങ്ങൾ കരസ്ഥമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി വ്യഭിചാരം പോലെയുള്ള നീചവൃത്തികൾ ചെയ്യാൻ യജമാനൻമാർ അവരുടെ അടിമകളെ നിർബന്ധിക്കരുത്. പ്രസ്തുത സ്ത്രീകൾ സ്വയംതന്നെ അതിന് അനുകൂലികളാണെങ്കിൽ അതിന് നിർബന്ധിക്കാമെന്നോ, അനുവദിക്കാമെന്നോ ഇതിൽനിന്ന് വ്യംഗ്യാർത്ഥം ഉദ്ദേശിക്കപ്പെട്ടിട്ടില്ല. ഐഹികലാഭം ഉദ്ദേശിക്കുന്നില്ലെങ്കിൽ അങ്ങനെ ചെയ്യാമെന്നും അർത്ഥമില്ല. വ്യഭിചാരാദി ദുർവൃത്തികളെ കഴിയുന്നത്ര തടയുന്നത് ഓരോ മുസ്ലിമിന്റെയും കടമയാണ്. എന്നിരിക്കെ അതിന് നിർബന്ധിക്കുന്നത് പോകട്ടെ, മനസ്സുകൊണ്ട് അനുകൂലിക്കാൻപോലും പാടില്ലാത്തതാണ്. അവനവന്റെ ഉത്തരവാദിത്വത്തിലും, ചൊൽപടിയിലും ഇരിക്കുന്ന സ്ത്രീകളെ അതിന് നിർബന്ധിക്കുക, അതും തുച്ഛമായ ഭൗതിക വരുമാനം മോഹിച്ചുകൊണ്ടായിരിക്കുക, ഇതിലേറെ നിന്ദ്യവും, നികൃഷ്ടവുമായ മനഃസ്ഥിതി മറ്റെന്താണ്?! ഇതാണ് ഇവിടെ ആക്ഷേപത്തിന് വിഷയമായിരിക്കുന്നത്. ഈ ആക്ഷേപം ഈ രൂപത്തിൽ അവതരിക്കുവാൻ കാരണം 'ജാഹിലിയ്യാ' കാലത്ത് (ഇസ്ലാമിന്ന് മുമ്പ്) ചില യജമാനൻമാർ അവരുടെ അടിമകളെ ഇപ്രകാരം വ്യഭിചാരശാല നടത്തുവാൻ നിർബന്ധിച്ചിരുന്നതാകുന്നു. പലരും അങ്ങനെ ചെയ്തിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. കപടവിശ്വാസികളുടെ തലവനായിരുന്ന അബ്ദുല്ലാഹിബ്നുഉബയ്യ് തന്റെ രണ്ട് അടിമ സ്ത്രീകളെ അതിന്ന് നിർബന്ധിക്കുകയും അവർ നബിﷺയോട് സങ്കടം ബോധിപ്പിക്കുകയും, അതിനെത്തുടർന്ന് ഈ വചനം അവതരിക്കുകയും ചെയ്തു എന്ന് മുസ്ലിം (റ), അബൂദാവൂദ് (റ) മുതലായവർ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽനിന്ന് ആയത്തിന്റെ ഉദ്ദേശ്യം കൂടുതൽ സ്പഷ്ടമാകുന്നതാണല്ലോ.

5) നിഷ്ഠൂരബുദ്ധികളായ യജമാനൻമാരുടെ നിർബന്ധം മൂലം ആ പാവങ്ങൾ വല്ല നീചപ്രവൃത്തിയും ചെയ്തുപോകുന്ന പക്ഷം, അല്ലാഹു അവർക്ക് പൊറുത്തുകൊടുക്കുമെന്നും, അവൻ കരുണാനിധിയാണെന്നും അല്ലാഹു അവർക്ക് സന്തോഷവാർത്ത നൽകുന്നു. ഒഴിഞ്ഞുമാറാൻ സാധിക്കാത്ത വിധമുള്ള നിർബന്ധങ്ങൾക്ക് വിധേയമായി ചെയ്യപ്പെടുന്ന തെറ്റുകുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടുകയില്ല എന്നത് അല്ലാഹു നമുക്ക് നൽകിയിട്ടുള്ള ഒരു അനുഗ്രഹമത്രെ.

ഇങ്ങനെ, നമ്മുടെ നൻമക്കും വിജയത്തിനും ആവശ്യമായ എല്ലാ നിയമനിർദ്ദേശങ്ങളും, ലക്ഷ്യദൃഷ്ടാന്തങ്ങളും, ഉദാഹരണ പാഠങ്ങളും, സദുപദേശങ്ങളും ഈ ക്വുർആൻ മുഖേന അല്ലാഹു വിവരിച്ചു തന്നിരിക്കുന്നു. അതിമഹത്തായ ഈ അനുഗ്രഹത്തെ ഓർമ്മപ്പെടുത്തുകയാണ് 34-ാം വചനം ചെയ്യുന്നത്.

തുടർന്നുകൊണ്ട് അല്ലാഹു അവന്റെ പ്രകാശത്തിന് ഒരു ഉപമ വിവരിക്കുന്നു. ഓരോ മനുഷ്യനും തന്റെ ഈമാൻ, ബുദ്ധി, ചിന്താശക്തി, അറിവ് എന്നിവയുടെ തോതനുസരിച്ച്- അകംകണ്ണുകൊണ്ടും പുറംകണ്ണുകൊണ്ടും- കണ്ടറിയാൻ കഴിയുന്ന നിത്യവും അനർഘമായ ആ പ്രകാശത്തിന്റെ ഉദാഹരണചിത്രം ഹൃദയസാന്നിദ്ധ്യത്തോടുകൂടി ചിന്തിച്ചു വായിക്കുക:-

വിഭാഗം - 5

۞ ٱللَّهُ نُورُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۚ

﴾35﴿ **അല്ലാഹു ആകാശങ്ങളുടെയും ഭൂമിയുടെയും പ്രകാശമാകുന്നു.**

مَثَلُ نُورِهِۦ كَمِشْكَوٰةٍ فِيهَا مِصْبَاحٌ ۖ ٱلْمِصْبَاحُ فِى زُجَاجَةٍ ۖ

അവന്റെ പ്രകാശത്തിന്റെ ഉപമ (വിളക്ക് വെക്കുവാനുള്ള) ഒരു മാടം പോലെയാകുന്നു; അതിൽ ഒരു വിളക്കുണ്ട്; വിളക്കാകട്ടെ, ഒരു സ്ഫടികത്തിലാകുന്നു;

ٱلزُّجَاجَةُ كَأَنَّهَا كَوْكَبٌ دُرِّىٌّ يُوقَدُ مِن شَجَرَةٍ مُّبَٰرَكَةٍ زَيْتُونَةٍ لَّا شَرْقِيَّةٍ وَلَا غَرْبِيَّةٍ يَكَادُ زَيْتُهَا يُضِىٓءُ وَلَوْ لَمْ تَمْسَسْهُ نَارٌ ۚ

സ്ഫടികമാകട്ടെ, അതൊരു രത്നമയമായ (പ്രശോഭിത) നക്ഷത്രംപോലെയിരിക്കുന്നു! അനുഗൃഹീതമായ ഒരു വൃക്ഷത്തിൽനിന്ന് -പൗരസ്ത്യമല്ലാത്ത, പാശ്ചാത്യവുമല്ലാത്ത ഒലീവ് വൃക്ഷത്തിൽനിന്നു(ള്ള എണ്ണയാൽ)- അത് കത്തിക്കപ്പെടുന്നു; അതിന്റെ [വൃക്ഷത്തിന്റെ] എണ്ണ- അതിനെ തീ സ്പർശിച്ചിട്ടില്ലെങ്കിൽപോലും- (സ്വയം) വെളിച്ചം നൽകുമാറാകുന്നതാണ്!-

نُّورٌ عَلَىٰ نُورٍ ۗ يَهْدِى ٱللَّهُ لِنُورِهِۦ مَن

(അങ്ങനെ) പ്രകാശത്തിനുമേൽ പ്രകാശം! അല്ലാഹു, അവൻ ഉദ്ദേശി

يَشَآءُ ۚ وَيَضْرِبُ ٱللَّهُ ٱلْأَمْثَٰلَ لِلنَّاسِ
ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌ ﴿٣٥﴾

ക്കുന്നവരെ അവന്റെ പ്രകാശത്തിലേക്ക് മാർഗദർശനം ചെയ്യുന്നു. അല്ലാഹു ജനങ്ങൾക്ക് ഉപമകളെ വിവരിച്ചുകൊടുക്കുകയും ചെയ്യുന്നു. അല്ലാഹു എല്ലാ കാര്യങ്ങളെക്കുറിച്ചും അറിയുന്നവനുമാണ്.

فِى بُيُوتٍ أَذِنَ ٱللَّهُ أَن تُرْفَعَ وَيُذْكَرَ
فِيهَا ٱسْمُهُۥ يُسَبِّحُ لَهُۥ فِيهَا بِٱلْغُدُوِّ
وَٱلْءَاصَالِ ﴿٣٦﴾

﴾36﴿ ചില വീടുകളിലാകുന്നു (അത്); അവ ഉയർത്തപ്പെടുവാനും, അവയിൽവെച്ച് തന്റെ നാമം സ്മരിക്കപ്പെടുവാനും അല്ലാഹു ഉത്തരവ് നൽകിയിരിക്കുന്നു (-അങ്ങനെയുള്ള വീടുകളിലാണ് ആ വിളക്കുള്ളത്) അവയിൽവെച്ച് രാവിലെയും, സന്ധ്യാസമയങ്ങളിലും അവന് മഹത്വപ്രകീർത്തനം [തസ്ബീഹ്] ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു;-

رِجَالٌ لَّا تُلْهِيهِمْ تِجَٰرَةٌ وَلَا بَيْعٌ عَن
ذِكْرِ ٱللَّهِ وَإِقَامِ ٱلصَّلَوٰةِ وَإِيتَآءِ
ٱلزَّكَوٰةِ ۙ
يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ ٱلْقُلُوبُ
وَٱلْأَبْصَٰرُ ﴿٣٧﴾

﴾37﴿ ചില ആളുകൾ: അല്ലാഹുവിന്റെ സ്മരണ, നമസ്കാരം നിലനിറുത്തൽ, സക്കാത്ത് കൊടുക്കൽ എന്നിവയിൽനിന്ന് കച്ചവടമാകട്ടെ, വ്യാപാരമാകട്ടെ, അവരെ മിനക്കെടുത്തുകയില്ല! (അങ്ങനെയുള്ളവരാണ് തസ്ബീഹ് നടത്തുന്നത്;)-

ഹൃദയങ്ങളും, ദൃഷ്ടികളും അവതാളത്തിലായിപ്പോകുന്ന ഒരു ദിവസത്തെ [ക്വിയാമത്ത് നാളിനെ] അവർ ഭയപ്പെട്ടുകൊണ്ടിരിക്കുന്നു-;

لِيَجْزِيَهُمُ ٱللَّهُ أَحْسَنَ مَا عَمِلُوا۟
وَيَزِيدَهُم مِّن فَضْلِهِۦ ۗ
وَٱللَّهُ يَرْزُقُ مَن يَشَآءُ بِغَيْرِ حِسَابٍ
﴿٣٨﴾

﴾38﴿ അവർ പ്രവർത്തിക്കുന്നതിൽ നല്ലതിന് അല്ലാഹു അവർക്ക് പ്രതിഫലം നൽകുവാനും, അവന്റെ അനുഗ്രഹത്തിൽനിന്ന് അവർക്ക് വർദ്ധിപ്പിച്ചുകൊടുക്കുവാനും വേണ്ടിയത്രെ (അവരത് ചെയ്യുന്നത്).

അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ കണക്കില്ലാതെ കൊടുത്തരുളുന്നതാകുന്നു.

﴿35﴾ اللَّهُ അല്ലാഹു نُورُ السَّمَاوَاتِ ആകാശങ്ങളുടെ പ്രകാശമാകുന്നു وَالْأَرْضِ ഭൂമിയുടെയും مَثَلُ نُورِهِ അവന്റെ പ്രകാശത്തിന്റെ ഉപമ كَمِشْكَاةٍ ഒരു മാടം (ചുമർ പൊത്ത്) പോലെയാണ് فِيهَا അതിലുണ്ട് مِصْبَاحٌ ഒരു വിളക്ക് الْمِصْبَاحُ വിളക്ക് فِي زُجَاجَةٍ ഒരു സ്ഫടികത്തിലാണ്, പളുങ്കിലാണ് الزُّجَاجَةُ പളുങ്ക് كَأَنَّهَا كَوْكَبٌ അത് ഒരു നക്ഷത്രംപോലെയിരിക്കുന്നു دُرِّيٌّ രത്നമയമായ, രത്നം പോലെയുള്ള, മുത്തുമയമായ يُوقَدُ അത് കത്തിക്കപ്പെടുന്നു مِنْ شَجَرَةٍ ഒരു മരത്തിൽനിന്ന്, ഒരു വൃക്ഷത്താൽ مُبَارَكَةٍ അനുഗൃഹീതമായ زَيْتُونَةٍ അതായത് ഒരു സൈതൂൻ (ഒലീവ്) മരത്തിൽനിന്ന് لَا شَرْقِيَّةٍ പൗരസ്ത്യമല്ലാത്ത, കിഴക്കുള്ളതല്ലാത്ത وَلَا غَرْبِيَّةٍ പാശ്ചാത്യവുമല്ലാത്ത, പടിഞ്ഞാറുള്ളതുമല്ലാത്ത يَكَادُ ആകുമാറാകും زَيْتُهَا അതിന്റെ എണ്ണ يُضِيءُ വെളിച്ചം നൽകും, ശോഭിക്കു(മാറാകും) وَلَوْ لَمْ تَمْسَسْهُ അതിനെ സ്പർശിച്ചിട്ടില്ലെങ്കിലും نَارٌ തീ, അഗ്നി نُورٌ പ്രകാശം عَلَىٰ نُورٍ പ്രകാശത്തിനുമേൽ, പ്രകാശത്തിൽ കൂടി يَهْدِي اللَّهُ അല്ലാഹു മാർഗദർശനം നൽകുന്നു لِنُورِهِ അവന്റെ പ്രകാശത്തിലേക്ക് مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരെ وَيَضْرِبُ اللَّهُ അല്ലാഹു വിവരിച്ചുകൊടുക്കയും ചെയ്യുന്നു الْأَمْثَالَ ഉപമകളെ, ഉദാഹരണങ്ങളെ لِلنَّاسِ ജനങ്ങൾക്ക്, മനുഷ്യർക്ക് وَاللَّهُ അല്ലാഹു بِكُلِّ شَيْءٍ എല്ലാ കാര്യത്തെക്കുറിച്ചും عَلِيمٌ അറിയുന്നവനാണ് ﴿36﴾ فِي بُيُوتٍ ചില വീടുകളിലാണ് أَذِنَ اللَّهُ അല്ലാഹു ഉത്തരവ് നൽകിയിരിക്കുന്നു أَنْ تُرْفَعَ അവ ഉയർത്തപ്പെടുവാൻ وَيُذْكَرَ സ്മരിക്കപ്പെടുവാനും, കീർത്തനം ചെയ്യപ്പെടുന്നു فِيهَا അവയിൽവെച്ച് اسْمُهُ തന്റെ നാമം يُسَبِّحُ തസ്ബീഹ് (മഹത്വപ്രകീർത്തനം) ചെയ്യപ്പെടുന്നു لَهُ അവന്ന് فِيهَا അവയിൽവെച്ച് بِالْغُدُوِّ രാവിലെ, കാലത്ത് وَالْآصَالِ സന്ധ്യാസമയങ്ങളിലും, വൈകുന്നേരവും ﴿37﴾ رِجَالٌ ചില പുരുഷൻമാർ, ആളുകൾ لَا تُلْهِيهِمْ അവരെ മിനക്കെടുത്തുക (ശ്രദ്ധവിടുത്തുക)യില്ല تِجَارَةٌ കച്ചവടം (ആകട്ടെ) وَلَا بَيْعٌ വ്യാപാരവും ഇല്ല, വ്യാപാരമാകട്ടെ (ഇല്ല) عَنْ ذِكْرِ اللَّهِ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് وَإِقَامِ الصَّلَاةِ നമസ്കാരം നിലനിറുത്തുന്നതിൽനിന്നും وَإِيتَاءِ الزَّكَاةِ സകാത്ത് കൊടുക്കുന്നതിൽ നിന്നും يَخَافُونَ അവർ ഭയപ്പെടുന്നു يَوْمًا ഒരു ദിവസത്തെ تَتَقَلَّبُ അവതാളത്തിലാകുന്നു, മറിഞ്ഞുപോകുന്നു فِيهِ അതിൽ الْقُلُوبُ ഹൃദയങ്ങൾ وَالْأَبْصَارُ ദൃഷ്ടികളും, കണ്ണുകളും ﴿38﴾ لِيَجْزِيَهُمُ അവർക്ക് പ്രതിഫലം നൽകുവാൻ വേണ്ടി اللَّهُ അല്ലാഹു أَحْسَنَ വളരെ നല്ലതിന്ന് مَا عَمِلُوا അവർ പ്രവർത്തിക്കുന്നതിൽ وَيَزِيدَهُمْ അവർക്ക് അവൻ വർദ്ധിപ്പിക്കുവാനും مِنْ فَضْلِهِ അവന്റെ അനുഗ്രഹത്താൽ, അനുഗ്രഹത്തിൽനിന്ന് وَاللَّهُ അല്ലാഹു يَرْزُقُ അവൻ കൊടുത്തരുളുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് بِغَيْرِ حِسَابٍ കണക്കില്ലാതെ

مِشْكَاة (മാടം)കൊണ്ട് ഉദ്ദേശ്യം ചുവരുകളിലും മറ്റും തിരിവിളക്കുകൾ വെക്കുന്നതിന് ഉണ്ടാക്കപ്പെടുന്ന പൊത്താകുന്നു. പരിഷ്കരിച്ച മണ്ണെണ്ണ വിളക്കുകളും, വൈദ്യുത വിളക്കുകളുമെല്ലാം നടപ്പിൽ വരുന്നതിന് മുമ്പ്, കാറ്റുമൂലം വിളക്ക് കെട്ടുപോകാതിരി

പ്പാനും, വെളിച്ചം ശരിക്ക് കാണുവാനുമായിരുന്നു ഇവ ഉണ്ടാക്കപ്പെട്ടിരുന്നത്. 'പൗരസ്ത്യവും, പാശ്ചാത്യവുമല്ലാത്ത' -അല്ലെങ്കിൽ കിഴക്കും പടിഞ്ഞാറുമുള്ളതല്ലാത്ത 'ഒലീവ്' (زَيْتُونَةٍ لَّا شَرْقِيَّةٍ وَلَا غَرْبِيَّةٍ) എന്ന് പറഞ്ഞതിനെ പണ്ഡിതൻമാർ പലതരത്തിൽ വ്യാഖ്യാനിച്ചു കാണുന്നു. പൗരസ്ത്യവും പാശ്ചാത്യവുമല്ലാത്ത സീനാ പ്രദേശങ്ങളിൽ വളരുന്നത്, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വെയിൽ കൊള്ളാവുന്ന സ്ഥലത്തുള്ളത്, സാധാരണ നാടുകളിലൊന്നും കാണപ്പെടാത്ത തരത്തിലുള്ളത്, എന്നിങ്ങനെ വ്യത്യസ്തമായ വ്യഖ്യാനങ്ങൾ നൽകപ്പെട്ടുകാണാം. ഏതഭിപ്രായം എടുത്താലും ശരി, അസാധാരണവും ഉയർന്ന ജാതിയുമായ ഒരുതരം സൈതൂൻ (ഒലീവ് മരത്തിൽ) നിന്ന് എടുക്കപ്പെടുന്ന വിശേഷതരം എണ്ണകൊണ്ടാണ് ആ വിളക്ക് കത്തിക്കപ്പെടുന്നത് എന്ന് സാരമാകുന്നു. 'ഉയർത്തപ്പെടുവാനും തന്റെ നാമം സ്മരിക്കപ്പെടുവാനും അല്ലാഹു അനുവാദം നൽകിയ വീടുകൾ' എന്ന് പറഞ്ഞത് അല്ലാഹുവിന്റെ പള്ളികളാണ്. അവ വന്ദിക്കപ്പെടേണ്ടതും, അല്ലാഹുവിന്റെ 'ദിക്റി'നുവേണ്ടി സ്ഥാപിക്കപ്പെട്ടതുമാണല്ലോ.

ഹൃദയമുള്ളവർക്ക് ചിന്തിക്കുവാനും, കണ്ണുള്ളവർക്ക് കാണുവാനും, കാതുള്ളവർക്ക് കേൾക്കുവാനും സത്യാന്വേഷികൾക്ക് കാര്യം മനസ്സിലാക്കുവാനും, ഭാഗ്യവാൻമാർക്ക് വിജയം സിദ്ധിക്കുവാനും മതിയായ പ്രകൃതിദൃഷ്ടാന്തങ്ങൾ, ദിവ്യലക്ഷ്യങ്ങൾ, വേദപ്രമാണങ്ങൾ, പ്രവാചകാദ്ധ്യാപനങ്ങൾ ആദിയായവ മുഖേന ആകാശഭൂമിയിലുള്ളവർക്കെല്ലാം സത്യപ്രകാശം നൽകിയവൻ അല്ലാഹുവത്രെ. ദുർമാർഗത്തിൽനിന്ന് സൻമാർഗത്തിലേക്കും, ദൗർഭാഗ്യത്തിൽനിന്ന് സൗഭാഗ്യത്തിലേക്കും, പരാജയത്തിൽനിന്ന് വിജയത്തിലേക്കും, അജ്ഞാനാന്ധകാരത്തിൽനിന്ന് വിജ്ഞാനവെളിച്ചത്തിലേക്കും, പരിഭ്രമത്തിൽ നിന്ന് ശാന്തിയിലേക്കും വെളിച്ചം നൽകുന്ന പ്രകാശം അല്ലാഹുവിന്റേതത്രെ. ശരീരത്തിനും, ആത്മാവിനും, മനസ്സിനും, കണ്ണിനും വെളിച്ചം നൽകുന്നതും ആ പ്രകാശം തന്നെ. സകലചരാചരങ്ങൾക്കും അതതിന്റെ ആകൃതവും പ്രകൃതവുമായ സവിശേഷതകളിലേക്ക് മാർഗദർശനം നൽകുന്ന വെളിച്ചവും അവനിൽനിന്നുതന്നെ. സൂര്യനും, സൂര്യനെ വെല്ലുന്ന കോടാനുകോടി നക്ഷത്രലോകങ്ങൾക്കും വെളിച്ചം നൽകുന്നതും, പരമാണുവിലെ പരമരഹസ്യത്തിലേക്ക് വെളിച്ചം കാട്ടുന്നതും അതേ പ്രകാശം തന്നെ. അതെ, അഖിലാണ്ഡവും, അഖില വസ്തുക്കളും ആ പ്രകാശത്തിനാൽ മാത്രം പ്രകാശിതമാകുന്നു. എവിടെ, എന്ത്, എങ്ങനെ, അന്ധകാരമയമല്ലാതിരിക്കുന്നുവോ അവിടെ, അത്, അപ്രകാരം പ്രകാശമയമാകുന്നത് ആ പ്രകാശത്താൽ മാത്രമായിരിക്കും. എല്ലാം അല്ലാഹുവിന്റെ പ്രകാശം! അവനത്രെ ആകാശഭൂമികളുടെ പ്രകാശം! اللَّهُ نُورُ السَّمَاوَاتِ وَالْأَرْضِ

അളന്നോ, മറ്റോ കണക്കാക്കാവതല്ല, അവന്റെ പ്രകാശം. അതിന്റെ പ്രഭയും പ്രഭാവവും ഭാവനക്കതീതമാകുന്നു.ക്ലിപ്തത്തിന് ഒരിക്കലും അത് വിധേയമല്ല. ബുദ്ധിക്കോ യുക്തിക്കോ അതിനെ തിട്ടപ്പെടുത്തുകയും സാധ്യമല്ല. ക്വുർആന്റെ അവതരണകാലത്തെ പരിതഃസ്ഥിതികളെ കണക്കിലെടുത്തുകൊണ്ട്, പരിമിതവും സുപരിചിതവുമായ ചില വസ്തുക്കളോട് ഉദാഹരിച്ചുകൊണ്ട് ഒരു ഉപമ പറയുകയാണെങ്കിൽ- അഥവാ ഓരോരുവന്റെ മനസ്സാന്നിദ്ധ്യത്തിന്റെയും, മനോവികാസത്തിന്റെയും തോതനുസരിച്ച് ഗ്രഹിക്കാവുന്ന ഒരു ചിത്രീകരണം നൽകുകയാണെങ്കിൽ- അതിനെ വിളക്ക് വെച്ചിട്ടുള്ള ഒരു മാടത്തോട് ഉപമിക്കാവുന്നതാണ്. مَثَلُ نُورِهِ كَمِشْكَاةٍ فِيهَا مِصْبَاحٌ

വിളക്ക് മാടത്തിലായതുകൊണ്ട് കാറ്റിനാലോ മറ്റോ കെട്ടുപോകയില്ല, അതിന്റെ വെളിച്ചനാളം ചരിഞ്ഞും വളഞ്ഞും കൊണ്ടിരിക്കയുമില്ല. വേണ്ട സ്ഥലത്തേക്ക് നേർക്കുനേരെ, ശോഭയോടെ, പ്രകാശം നൽകിക്കൊണ്ടിരിക്കും. എന്നാൽ, മാടം കേവലം

സാധാരണ മാടമല്ല. കാരണം, അതിലെ വിളക്ക് ഒരു പ്രത്യേക തരം വിളക്കാകുന്നു. ആ വിളക്ക് ഒരു സ്ഫടികത്തിലാണുള്ളത്.(الْمِصْبَاحُ فِي زُجَاجَةٍ)അതിനാൽ, വിളക്കിന് ഭദ്രതയും, ശോഭയും, അഴകും– എല്ലാം തന്നെ– ഒരുപോലെ ഒത്തിണങ്ങിയിരിക്കുകയാണ്. ഈ സ്ഫടികമാകട്ടെ, സാധാരണമായ പളുങ്കോ, ചിമ്മിനിയോ അല്ല; മിന്നിത്തിളങ്ങി പ്രശോഭിതമായിക്കൊണ്ടിരിക്കുന്ന നക്ഷത്രം പോലെയിരിക്കുന്നു! (الزُّجَاجَةُ كَأَنَّهَا كَوْكَبٌ دُرِّيٌّ) അത് സ്വയം തന്നെ അത്രമേൽ ശോഭാപൂരിതമത്രെ. എന്നിരിക്കെ, അതിൽ വിളക്ക് കൂടി ഉണ്ടായാലുള്ള അവസ്ഥ പറയേണ്ടതുണ്ടോ?!

വിളക്ക് കത്തിക്കുവാൻ ഉപയോഗിച്ച എണ്ണയാകട്ടെ, ഏറ്റവും വിശേഷപ്പെട്ട ഒലീവെണ്ണ. സാധാരണ ഒലീവ് വൃക്ഷത്തിൽ നിന്നുള്ളതല്ല. പരിശുദ്ധ താഴ്‌വരയിൽ (بِالْوَادِ الْمُقَدَّسِ) വളരുന്നതും, സീനാമലയിൽനിന്ന് ഉല്പാദിക്കുന്നതും (وَشَجَرَةً تَخْرُجُ مِن طُورِ سَيْنَاءَ) സകലഅംശങ്ങളും ഉപയോഗപ്രദവുമായ ഒരുസവിശേഷ വൃക്ഷമാണത്. പടിഞ്ഞാറൻ പ്രദേശങ്ങളിലോ കിഴക്കൻ പ്രദേശങ്ങളിലോ ഒന്നുംതന്നെ അത്തരം വൃക്ഷം കാണപ്പെടുകയില്ല. ചുരുക്കിപ്പറഞ്ഞാൽ, ആ വിളക്ക് കത്തിക്കപ്പെടുന്നത്– അഥവാ അതിനുള്ള എണ്ണ എടുക്കുന്നത് – പൗരസ്ത്യവും പാശ്ചാത്യവുമല്ലാത്ത അനുഗൃഹീതമായ ഒലീവ്‌വൃക്ഷത്തിൽ നിന്നാകുന്നു. (يُوقَدُ مِن شَجَرَةٍ مُّبَارَكَةٍ زَيْتُونَةٍ) (لَّا شَرْقِيَّةٍ وَلَا غَرْبِيَّةٍ) സാധാരണ എണ്ണ വിളക്കുകളും വാതകവിളക്കുകളും കത്തിക്കുവാൻ തീ കൂടാതെ കഴിയുകയില്ല. വൈദ്യുത വിളക്കാകട്ടെ എണ്ണയും തീയും ആവശ്യമില്ലെങ്കിലും– അതിനും രണ്ട് വസ്തുക്കൾ തമ്മിൽ സംബന്ധിക്കേണ്ടതുണ്ട്. *(*)* നമ്മുടെ വിളക്ക് ഇക്കാര്യത്തിലും വ്യത്യസ്തമാണ്. അതിലെ എണ്ണ തീ സ്പർശിച്ചില്ലെങ്കിൽപോലും, സ്വയം തന്നെ വെളിച്ചം നൽകുമാറാകുന്നതാണ്! (يَكَادُ زَيْتُهَا يُضِيءُ وَلَوْ لَمْ تَمْسَسْهُ نَارٌ) ആകയാൽ അത് മറ്റുള്ളതിനെ കരിച്ചുകളയുകയില്ല, വായുകിട്ടാത്തപക്ഷം ശോഭിക്കാതിരിക്കുകയുമില്ല. കാരണം, അത് സാധാരണമായ തീ വെളിച്ചമല്ല– പ്രകാശത്തിൻമേൽ പ്രകാശമാണ്! (نُّورٌ عَلَىٰ نُورٍ)

ആകാശങ്ങളും, ഭൂമിയുമെല്ലാം പ്രശോഭിതമാക്കിയ ആ പ്രകാശത്തെ– യാഥാർത്ഥ്യവും, വണ്ണവലിപ്പവും ഭാവനകൊണ്ട് നിർണയിക്കുക സാധ്യമല്ലാത്ത ആ മഹത്തായ പ്രകാശത്തെ– അതിന്റെ ശരിക്കുശരിയും, സസൂക്ഷ്മവുമായ രൂപത്തിൽ മനസ്സിലാക്കുവാൻ അല്ലാഹുവിനല്ലാതെ ആർക്കാണ് സാധിക്കുക?! അല്ലാഹുവിന്റെ അനുഗ്രഹവും മാർഗദർശനവും ആർക്ക് ലഭിക്കുന്നുവോ അവർക്ക് മാത്രമേ അത് ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ. അതെ, അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ അവന്റെ പ്രകാശത്തിലേക്ക് മാർഗദർശനം ചെയ്യുന്നു! (يَهْدِي اللَّهُ لِنُورِهِ مَن يَشَاءُ) ഈ മഹാ പ്രകാശത്തെപ്പറ്റി ഉപമാരൂപത്തിൽ ചിത്രീകരിച്ചു കാണിക്കപ്പെടുവാൻ മാത്രമേ മനുഷ്യബുദ്ധി പ്രാപ്തമാകുകയുള്ളൂ. അതുകൊണ്ട് മനുഷ്യന് ചിന്തിച്ചു മനസ്സിലാക്കുവാനായി ഖുർആനിൽ ധാരാളം ഉപമകളും ഉദാഹരണങ്ങളും അല്ലാഹു വിവരിച്ചുകൊടുക്കുന്നു. (وَيَضْرِبُ اللَّهُ الْأَمْثَالَ لِلنَّاسِ) മനുഷ്യരുടെ എല്ലാ സ്ഥിതിഗതികളുമടക്കം സകലകാര്യങ്ങളും അല്ലാഹു അറിയുന്നതാണ്. (وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ) ആർക്കെല്ലാമാണ് അവന്റെ

(*) അഥവാ ജനനശക്തിയും ഹനനശക്തിയും കൂടി (الايجابى والسلبي അല്ലെങ്കിൽ Positive & Negative) സമ്മേളിക്കേണ്ടതുണ്ട്.

മാർഗദർശനം ഉപയോഗപ്പെടുക, ആരെല്ലാമാണ് അതിനെ നിരസിച്ചു കളയുക, ആരെല്ലാമാണ് അതുമൂലം വിജയികളായിത്തീരുക എന്നിവയും അവൻ അറിയുന്നു.

ഇവിടെ വിളക്കുമാടത്തോട് സാദൃശ്യപ്പെടുത്തപ്പെട്ടിട്ടുള്ളത് സത്യവിശ്വാസികളുടെ ഹൃദയവും, വിളക്കിനോട് ഉപമിക്കപ്പെട്ടിരിക്കുന്നത് ക്വുർആന്റെ മാർഗദർശനവുമാണെന്നാണ് ഇബ്നു അബ്ബാസ് (റ), ഉബയ്യുബ്നു കഅ്ബ് (റ) മുതലായവർ പറഞ്ഞിട്ടുള്ളത്. ഈ അടിസ്ഥാനത്തിൽ, മുൻഗാമികളായ ക്വുർആൻ വ്യാഖ്യാതാക്കളിൽ പ്രമുഖനായ ഇമാം ഇബ്നു ജരീർ (റ) ഈ ഉപമയെ വിവരിച്ചു കാണാം. അതിന്റെ ചുരുക്കസാരം ഇപ്രകാരം മനസ്സിലാക്കാം: 'സ്ഫടികംപോലെ തെളിഞ്ഞും, കറപിടിക്കാതെയും സത്യവിശ്വാസിയുടെ നെഞ്ചിനകത്ത് നിലകൊള്ളുന്ന പ്രശോഭിതമായ ഹൃദയം -അതിന്റെ നേരായ ചിന്താഗതിയും, ബോധപൂർവ്വമായ വിശ്വാസദാർഢ്യവും നിമിത്തം- സ്വയംതന്നെ നേർമാർഗത്തിന്റെ പ്രകാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കും. അതോട് കൂടി, വ്യക്തങ്ങളാകുന്ന തെളിവുകളും ലക്ഷ്യങ്ങളുമാകുന്ന ക്വുർആന്റെ സന്ദേശങ്ങൾ ലഭിക്കുമ്പോൾ അത് കൂടുതൽ കൂടുതൽ പ്രകാശമയമായിത്തീരുന്നു. അതെ, പ്രകാശത്തിൻമേൽ പ്രകാശവും, സൻമാർഗത്തിന്നുമേൽ സൻമാർഗവും!' ഈ ചിത്രീകരണം തുടർന്നുള്ള ആയത്തിലേക്ക് കൂടുതൽ വെളിച്ചം നൽകുന്നതാണെന്ന് കാണാം.

മേൽ വിവരിച്ച വിളക്ക് സ്ഥിതിചെയ്യുന്നതും, പ്രകാശം പരത്തികൊണ്ടിരിക്കുന്നതുമായ സ്ഥലം ഏതാണ്? 'അല്ലാഹുവിന്റെ വീടുകൾ' (بيوت الله) എന്ന പേരുകൊണ്ട് ബഹുമാനിക്കപ്പെട്ട പള്ളികളാണത്. അവ നിർമിക്കപ്പെടുവാനും, വന്ദിക്കപ്പെടുവാനും, തന്റെ നാമം അതിൽവെച്ച് കീർത്തിക്കപ്പെടുവാനും, ഓർമിക്കപ്പെടുവാനും തന്റെ ആരാധനാകർമങ്ങൾ മുഖേന അലങ്കരിച്ചു ഉന്നതപ്പെടുത്തുവാനും അല്ലാഹു ഉത്തരവിട്ടിരിക്കുന്നു. 'അല്ലാഹുവിന്റെ പ്രീതിയെ ഉദ്ദേശിച്ചുകൊണ്ട് ആരെങ്കിലും ഒരു പള്ളി സ്ഥാപിക്കുന്നതായാൽ അവന് സ്വർഗത്തിൽ അത്പോലെയുള്ളതൊന്ന് അല്ലാഹു നിർമിച്ചു കൊടുക്കുന്നതാണ്' എന്ന് നബി തിരുമേനിﷺയും അരുളിച്ചെയ്തിരിക്കുന്നു *(*)* അങ്ങനെ, ഉയർത്തപ്പെടുവാനും, അല്ലാഹുവിന്റെ നാമം കീർത്തിക്കപ്പെടുവാനും അല്ലാഹു അനുമതി കൊടുത്തിട്ടുള്ള ഭവനങ്ങളിലാണ് അതുള്ളത്. (فِي بُيُوتٍ أَذِنَ اللَّهُ أَن تُرْفَعَ وَيُذْكَرَ فِيهَا اسْمُهُ)

പ്രസ്തുത പള്ളികളാകട്ടെ, ജനപ്പെരുമാറ്റമില്ലാതെ ശൂന്യമായിക്കിടക്കുന്നവയല്ല: വെള്ളിയാഴ്ചയിലോ, മറ്റോ മാത്രം തുറക്കപ്പെടുന്നവയുമല്ല; വിളക്കിന്റെ പ്രകാശം നിത്യവും തന്നെ അവിടെ ആസ്വദിക്കപ്പെടുന്നുണ്ട്. രാവിലെയും വൈകുന്നേരവും- സദായ്പ്പോഴും- അതിൽവെച്ച് അല്ലാഹുവിന്റെ സ്തോത്രകീർത്തനങ്ങൾ നടത്തപ്പെടുന്നുണ്ട്. (يُسَبِّحُ لَهُ فِيهَا بِالْغُدُوِّ وَالْآصَالِ) ഈ വിശുദ്ധ കീർത്തനങ്ങൾ നടത്തുന്ന ആളുകളോ അവർക്ക് വേറെ ജോലികളൊന്നും ഇല്ലാത്തതുകൊണ്ട് അതിന് മിനക്കെട്ടിരിക്കുകയില്ല. അവർക്ക് മക്കളും കുടുംബവുമുണ്ട്. അവർക്ക് വേണ്ടി- തങ്ങൾക്ക് വേണ്ടിതന്നെയും- കച്ചവടം, വ്യാപാരം മുതലായ ജോലിത്തിരക്കുകളും അവർക്കുണ്ട്. 'ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെ സ്വത്തുക്കളും, നിങ്ങളുടെ മക്കളും അല്ലാഹുവിന്റെ സ്മരണയിൽനിന്ന് നിങ്ങളെ മിനക്കെടുത്തിക്കളയരുത്.' എന്നും (സൂ: മുനാഫിക്വൂൻ 9) മറ്റുമുള്ള തിരുവചനങ്ങളെ തികച്ചും, അവർ അനുസരിച്ചു വരുന്നതിൽനിന്നും, സകാത്ത് കൊടുക്കുന്നതിൽനിന്നും മിനക്കെടുത്താത്ത- മുടക്കിക്കളയാത്ത- ആളുകളാണ് അവർ.

(*) ഹദീഥ് ഇതാണ്: من بنى مسجدا يبتغي به وجه الله له بنى الله مثله فى الجنة – متفق عليه

رِجَالٌ لاَّ تُلْهِيهِمْ تِجَارَةٌ وَلا بَيْعٌ عَن ذِكْرِ اللَّهِ وَإِقَامِ الصَّلاةِ وَإِيتَاءِ الزَّكَاةِ

അവർ, അല്ലാഹുവിന്റെ സ്മരണയിലും, നമസ്കാരാദി പുണ്യകർമങ്ങളിലും വ്യാപൃതരാകുവാനും, ദാനധർമങ്ങളിൽ താൽപര്യമുള്ളവരായിരിക്കുവാനും കാരണമെന്ത്? കേവലം ചില ആചാരങ്ങളെന്ന നിലക്കോ, ജനമദ്ധ്യേ പേര് ലഭിക്കുവാനോ ഒന്നുമല്ല അവരങ്ങനെ ചെയ്യുന്നത്. ഒരു ദിവസം വരുവാനുണ്ട്; അന്ന് മനുഷ്യന്റെ സകല കർമങ്ങളെപ്പറ്റിയും അല്ലാഹുവിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടും. അവരവർ ചെയ്ത സൽക്കർമങ്ങളല്ലാതെ അന്ന് ആർക്കും ഉപയോഗപ്പെടുകയില്ല, എന്നൊക്ക അവർക്ക് ബോധമുണ്ട്. ആ ദിവസത്തിന്റെ ഭയങ്കരത നിമിത്തം ഹൃദയങ്ങളും ദൃഷ്ടികളുമെല്ലാം പേടിച്ചു വിറച്ചു നിലതെറ്റി അവതാളപ്പെട്ടുപോകുന്നതാണ്. ആ ദിവസത്തെ അവർ ഭയപ്പെടുകയാണ്. يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالأَبْصَارُ ഇതാണ് അതിന് കാരണം. എന്നാൽ വെറും ഭയം നിമിത്തം അവരങ്ങനെ ചെയ്തുവരുവാൻ നിർബന്ധിതരായി ത്തീർന്നുവെന്നല്ലാതെ, മറ്റൊരു കാര്യലാഭവും അവർക്കത് മൂലം പ്രതീക്ഷിക്കുവാനില്ലേ? നിശ്ചയമായും ഉണ്ട്; അന്നത്തെ ദിവസം ശിക്ഷയിൽനിന്ന് ഒഴിവായിക്കിട്ടുക മാത്രമല്ല, വമ്പിച്ച പ്രതിഫലവും അവർക്ക് ലഭിക്കുന്നതുമാണ്. അതവർ പ്രതീക്ഷിക്കുകയും ചെയ്യുന്നു. അവർ പ്രവർത്തിക്കുന്ന സൽക്കർമങ്ങൾക്ക് അല്ലാഹു പ്രതിഫലം നൽകുവാനും, അവന്റെ വകയായി അവന്റെ അനുഗ്രഹം വർദ്ധിപ്പിച്ചു കൊടുക്കുവാനും വേണ്ടിയാണ് അവർ അതനുഷ്ഠിക്കുന്നത്. يَجْزِيَهُمُ اللَّهُ أَحْسَنَ مَا عَمِلُوا وَيَزِيدَهُم مِّن فَضْلِهِ അതിനാൽ, ആ ദിവസത്തിന്റെ ഭയം മാത്രമല്ല, ആവേശവും, പ്രതീക്ഷയും കൂടിയാണ് അവരെ അതിന് പ്രേരിപ്പിക്കുന്നത്.

അല്ലാഹുവാകട്ടെ, അവൻ ഉദ്ദേശിക്കുന്ന ആളുകൾക്ക് കണക്കില്ലാതെ നൽകുന്നതുമാകുന്നു. وَاللَّهُ يَرْزُقُ مَن يَشَاءُ بِغَيْرِ حِسَابٍ എന്നിരിക്കെ, അവർക്ക് അവന്റെ പക്കൽനിന്ന് എന്തെന്നെ പ്രതീക്ഷിച്ചുകൂടാ! അല്ലാഹുവേ! നിന്റെ കണക്കറ്റ അനുഗ്രഹത്താൽ, ഞങ്ങളുടെ മേൽ ദയവുണ്ടായി, ഞങ്ങളെയെല്ലാം നിന്റെ ഇത്തരം സദ്‌വൃത്തരായ അടിയാന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിത്തരേണമേ! آمين

കഴിഞ്ഞ ആയത്തുകളിൽ പ്രസ്താവിച്ചിരുന്നത് അല്ലാഹുവിന്റെ മാർഗദർശനമാകുന്ന പ്രകാശത്തിന്റെയും ആ പ്രകാശത്തിന്റെ വെളിച്ചത്തിൽ സൽക്കർമങ്ങൾ ചെയ്തു സൽഭാഗ്യം പ്രാപിച്ചവരുടെയും ഉപമയായിരുന്നു. അടുത്ത വചനങ്ങളിൽ അതിന്റെ മറുവശത്തെപ്പറ്റിയാണ് പ്രസ്താവിക്കുന്നത്.

وَالَّذِينَ كَفَرُوا أَعْمَالُهُمْ كَسَرَابٍ بِقِيعَةٍ يَحْسَبُهُ الظَّمْآنُ مَاءً حَتَّى إِذَا جَاءَهُ لَمْ يَجِدْهُ شَيْئًا وَوَجَدَ اللَّهَ عِندَهُ

﴾39﴿ അവിശ്വസിച്ചിട്ടുള്ളവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ കാനൽ (ജലം) പോലെയാകുന്നു; ദാഹിച്ചവൻ, അത് വെള്ളമാണെന്ന് ധരിക്കുന്നു; അങ്ങനെ, അവൻ അതിന്നടുത്ത് ചെല്ലുമ്പോൾ അതിനെ യാതൊരു വസ്തുവായും കണ്ടെത്തുകയില്ല; അവൻ അതിനടുത്ത് അല്ലാഹുവിനെ കണ്ടെത്തുന്ന

فَوَفَّىٰهُ حِسَابَهُۥ ۗ وَٱللَّهُ سَرِيعُ ٱلْحِسَابِ ﴿٣٩﴾

താണ്; അപ്പോൾ അവന്റെ വിചാരണ അവൻ [അല്ലാഹു] തികച്ചും നടത്തുന്നതാകുന്നു. അല്ലാഹു വിചാരണ വേഗം കഴിക്കുന്നവനത്രെ.

أَوْ كَظُلُمَٰتٍ فِى بَحْرٍ لُّجِّىٍّ يَغْشَىٰهُ مَوْجٌ مِّن فَوْقِهِۦ مَوْجٌ مِّن فَوْقِهِۦ سَحَابٌ ۚ ظُلُمَٰتٌۢ بَعْضُهَا فَوْقَ بَعْضٍ إِذَآ أَخْرَجَ يَدَهُۥ لَمْ يَكَدْ يَرَىٰهَا ۗ وَمَن لَّمْ يَجْعَلِ ٱللَّهُ لَهُۥ نُورًا فَمَا لَهُۥ مِن نُّورٍ ﴿٤٠﴾

﴾40﴿ അല്ലെങ്കിൽ, (അവരുടെ കർമങ്ങൾ) ആഴമേറിയ ഒരു സമുദ്രത്തിലെ അന്ധകാരങ്ങളെപ്പോലെയാകുന്നു; അതിനെ [ആ സമുദ്രത്തെ] തിരമാല മൂടിക്കൊണ്ടിരിക്കുന്നു; അതിനുമീതെയും തിരമാലയുണ്ട്; അതിനുമീതെ കാർമേഘവും!

(അങ്ങനെ) ഒന്നിനുമീതെ ഒന്നായിക്കൊണ്ടുള്ള (വിവിധ) അന്ധകാരങ്ങൾ! തന്റെ കൈകൾ പുറത്തുകാട്ടിയാൽ അവന് അത് കാണുമാറാകയില്ല (അത്രയും വമ്പിച്ചഇരുട്ട്)! അല്ലാഹു ആർക്ക് പ്രകാശം ഏർപ്പെടുത്തിക്കൊടുത്തിട്ടില്ലയോ, അവന് യാതൊരു പ്രകാശവും ഇല്ലതന്നെ.

﴾39﴿ وَٱلَّذِينَ كَفَرُوٓا۟ അവിശ്വസിച്ചിട്ടുള്ളവരാകട്ടെ أَعْمَٰلُهُمْ അവരുടെ കർമങ്ങൾ, പ്രവൃത്തികൾ كَسَرَابٍۭ ഒരു കാനൽ (കാനൽ ജലം) പോലെയാണ് بِقِيعَةٍ മരുഭൂമിയിലുള്ള يَحْسَبُهُ അതിനെ കണക്കാക്കുന്നു, ധരിക്കുന്നു ٱلظَّمْـَٔانُ ദാഹിച്ചവൻ مَآءً വെള്ളമാണെന്ന് حَتَّىٰٓ إِذَا جَآءَهُۥ അങ്ങനെ അവൻ അതിന്നടുത്തുചെന്നാൽ, ചെല്ലുമ്പോൾ لَمْ يَجِدْهُ അതിനെ അവർ കണ്ടെത്തുകയില്ല شَيْـًٔا ഒരു വസ്തുവായും, ഒരു സാധനമായും وَوَجَدَ അവൻ കണ്ടെത്തുകയും ചെയ്യും ٱللَّهَ അല്ലാഹുവിനെ عِندَهُۥ അതിനടുത്ത് فَوَفَّىٰهُ അപ്പോൾ (എന്നിട്ട്) അവൻ അവന്ന് നിറവേറ്റിക്കൊടുക്കും, (തികച്ചും നടത്തും) حِسَابَهُۥ അവന്റെ വിചാരണ وَٱللَّهُ അല്ലാഹു سَرِيعُ ٱلْحِسَابِ വിചാരണ വേഗം കഴിക്കുന്നവനാണ്, വേഗം വിചാരണ ചെയ്യുന്നവനാണ് ﴾40﴿ أَوْ അല്ലെങ്കിൽ كَظُلُمَٰتٍ ചില അന്ധകാരങ്ങളെ (ഇരുട്ടുകളെ)പ്പോലെയാണ് فِى بَحْرٍ ഒരു സമുദ്രത്തിലെ لُّجِّىٍّ ആഴമേറിയ يَغْشَىٰهُ അതിനെ മൂടുന്നു مَوْجٌ തിരമാല مِّن فَوْقِهِۦ അതിനുമീതെയുമുണ്ട് مَوْجٌ തിരമാല مِّن فَوْقِهِۦ അതിനുമീതെയുണ്ട് سَحَابٌ കാർമേഘം ظُلُمَٰتٌ അന്ധകാരങ്ങൾ, ഇരുട്ടുകൾ بَعْضُهَا അവയിൽ ചിലത് فَوْقَ بَعْضٍ ചിലതിന് മീതെയാണ് (ഒന്നൊന്നിന് മീതെയാണ്) إِذَآ أَخْرَجَ അവൻ പുറത്തുകാട്ടിയാൽ يَدَهُۥ തന്റെ കൈ لَمْ يَكَدْ ആകാറാവുകയില്ല يَرَىٰهَا അവനത്

കാണു(മാറ്) وَمَنْ ആർ, ഏതൊരാൾ لَمْ يَجْعَلِ اللَّهُ അല്ലാഹു ഏർപ്പെടുത്തിക്കൊടുത്തില്ല
لَهُ അവന് نُورًا പ്രകാശം فَمَا لَهُ എന്നാൽ അവന്നില്ല مِن نُّورٍ യാതൊരു പ്രകാശവും

അല്ലാഹുവിന്റെ മാർഗദർശനങ്ങൾ സ്വീകരിക്കാത്ത അവിശ്വാസികൾ ഈ ലോകത്ത് വെച്ച് ചെയ്യുന്ന കർമങ്ങൾ, അവരുടെ അവിശ്വാസം നിമിത്തം ഫലശൂന്യമായിരിക്കുമെന്ന് ഈ ഉദാഹരണങ്ങൾമൂലം അല്ലാഹു വെളിപ്പെടുത്തുന്നു. രണ്ട് ഉദാഹരണങ്ങളാണ് ഇവിടെ പറഞ്ഞത്. ഒന്നാമത്തേത്: ദാഹിച്ചു വലഞ്ഞ ഒരാൾ വെള്ളത്തിന് ആർത്തിയോടെ, ഒഴിഞ്ഞ സമതല പ്രദേശത്തേക്ക് നോക്കുമ്പോൾ, അകലെ വെയിലിൽ മിനുങ്ങിക്കാണുന്ന കാനൽ ഒരു ജലാശയമാണെന്ന് വിചാരിച്ച് മുന്നോട്ട് ചെന്ന് നോക്കുമ്പോൾ അവിടെ യാതൊന്നുംതന്നെ ഉണ്ടായിരിക്കുകയില്ല. അതുപോലെ, പരലോകത്തുവെച്ച് ഏറ്റവും വിഷമം പിടിച്ച ആ സന്ദിഗ്ദ്ധഘട്ടത്തിൽ തന്റെ കർമങ്ങൾകൊണ്ട് താൻ പ്രതീക്ഷിച്ചിരുന്ന യാതൊരു പ്രയോജനവും ലഭിക്കാതെ വരുമെന്ന് സാരം. മറ്റൊരു സ്ഥലത്ത് അവരെപ്പറ്റി അല്ലാഹു പറയുന്നു:

وَقَدِمْنَا إِلَىٰ مَا عَمِلُوا مِنْ عَمَلٍ فَجَعَلْنَاهُ هَبَاءً مَّنثُورًا - الفرقان

സാരം: അവർ വല്ല കർമവും പ്രവർത്തിച്ചിട്ടുള്ളതിലേക്ക് ചെന്നുനാം അതിനെ വിതറപ്പെട്ട ധൂളിയാക്കിക്കളയുന്നതാണ്.) ചെയ്ത കർമങ്ങൾ പാഴായിപ്പോകുന്നതുകൊണ്ടും കാര്യം അവസാനിക്കുന്നില്ല. കർമഫലം അനുഭവിക്കേണ്ടുന്ന സ്ഥാനത്ത് അല്ലാഹുവിന്റെ വിചാരണയും, ശിക്ഷയും അഭിമുഖീകരിക്കേണ്ടിവരികയും ചെയ്യും. തങ്ങളുടെ ചെയ്തികളിൽ ഒന്നൊഴിയാതെ, സകലത്തെക്കുറിച്ചും അല്ലാഹു പൂർണവും വിശദവുമായ വിചാരണ നടത്തുകയും, അനന്തരം തക്കശിക്ഷ കൽപിക്കുകയും ചെയ്യും. വിചാരണ ചെയ്യപ്പെടുന്നവരുടെ ആധിക്യമോ വിസ്തരിച്ചു വിശദീകരിച്ചുകൊണ്ടുള്ള അതിന്റെ സ്വഭാവമോ ഒന്നുംതന്നെ അല്ലാഹുവിനെ സംബന്ധിച്ചിടത്തോളം ഒരു പ്രശ്നമല്ല. ഒന്ന് മറ്റൊന്നിന് തടസ്സമായിത്തീരുന്നതുമല്ല. എല്ലാം വേഗത്തിൽ വിചാരണ കഴിക്കുന്നതാകുന്നു. ഇതിനെക്കുറിച്ച് കൂടുതൽ വിവരം സൂ: മആരിജ് മുതലായ ചില സൂറത്തുകളിൽ വരുന്നതാണ്. إِنْ شَاءَ الله

രണ്ടാമത്തെ ഉപമ മിക്കവാറും അവിശ്വാസികളുടെ ഈ ജീവിതത്തിലെ അവസ്ഥയെയാണ് കാണിക്കുന്നത്. അല്ലാഹുവിൽ നിന്നുള്ള മാർഗദർശനങ്ങളൊന്നും വകവെക്കായ്ക നിമിത്തം അവന്റെ പ്രകാശം ആസ്വദിക്കുവാൻ കഴിയാതെ അവർ വമ്പിച്ച അന്ധകാരത്തിൽ കഴിഞ്ഞു കൂടുകയാണ്. കാർമേഘത്തോളം വരുന്ന ഉയരത്തിൽ മേൽക്കുമേൽ തിരമാലകളും അതിനുമീതെ കാർമേഘവും കൂടി ഇരുളടഞ്ഞ ഒരു വമ്പിച്ച മഹാ സമുദ്രത്തിൽ പെട്ടവരെപ്പോലെ, വിവിധ അന്ധകാരങ്ങളിൽ മുഴുകിക്കൊണ്ടാണവർ കഴിഞ്ഞുകൂടുന്നത്. വിശ്വാസത്തിലും അന്ധകാരം; വാക്കിലും അന്ധകാരം, പ്രവൃത്തിയിലും അന്ധകാരം, ഇങ്ങനെ ഒരു വശത്ത്. സത്യം ചിന്തിക്കുവാൻ കഴിയാതെയും, കണ്ടുംകേട്ടും കാര്യം ഗ്രഹിക്കാതെയും ഇരിക്കത്തവണ്ണം, അവരുടെ ഹൃദയത്തിനും, കണ്ണിനും കാതിനും ബാധിച്ച അന്ധകാരങ്ങൾ വേറൊരു വശത്തും. ലക്ഷ്യദൃഷ്ടാന്തങ്ങൾ ഗ്രാഹ്യമാകാതിരിക്കുക, ഉപദേശങ്ങൾ ഫലപ്പെടാതിരിക്കുക, ജ്ഞാനബോധമില്ലാതിരിക്കുക മുതലായവ മറ്റൊരു വശത്തും! എല്ലാംകൂടി അന്ധകാരത്തിനു മേൽ അന്ധകാരം! (ظُلُمَاتٌ بَعْضُهَا فَوْقَ بَعْضٍ)

സത്യവിശ്വാസികളുടെ ഹൃദയങ്ങളെ പ്രകാശത്തോടും, അവിശ്വാസികളുടെ ഹൃദ

യങ്ങളെ അന്ധകാരത്തോടും ഉപമിച്ചശേഷം തൗഹീദിനെ സ്ഥാപിക്കുന്ന ചില ദൃഷ്ടാന്തങ്ങളെ തുടർന്നുള്ള വചനങ്ങളിൽ വിവരിക്കുന്നു:-

വിഭാഗം - 6

أَلَمْ تَرَ أَنَّ ٱللَّهَ يُسَبِّحُ لَهُۥ مَن فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ وَٱلطَّيْرُ صَـٰٓفَّـٰتٍ ۖ كُلٌّ قَدْ عَلِمَ صَلَاتَهُۥ وَتَسْبِيحَهُۥ ۗ وَٱللَّهُ عَلِيمٌۢ بِمَا يَفْعَلُونَ ﴿٤١﴾

《41》 ആകാശങ്ങളിലും ഭൂമിയിലും ഉള്ളവരും, അണിനിരന്നു (വായുവിൽ ചിറക് വിടർത്തി) ക്കൊണ്ടുള്ള പറവകളും അല്ലാഹുവിന് 'തസ്ബീഹ്' [മഹത്വപ്രകീർത്തനം] നടത്തുന്നുണ്ടെന്ന് നീ കാണുന്നില്ലേ?! എല്ലാറ്റിനും തന്നെ, അതതിന്റെ നമസ്കാരവും 'തസ്ബീഹും' അറിയാവുന്നതാണ്. അവർ ചെയ്യുന്നതിനെപ്പറ്റി അല്ലാഹു അറിയുന്നവനാകുന്നു.

وَلِلَّهِ مُلْكُ ٱلسَّمَـٰوَٰتِ وَٱلْأَرْضِ ۖ وَإِلَى ٱللَّهِ ٱلْمَصِيرُ ﴿٤٢﴾

《42》 ആകാശങ്ങളുടെയും, ഭൂമിയുടെയും രാജത്വം അല്ലാഹുവിനാണ്. അല്ലാഹുവിങ്കലേക്കാണ് മടങ്ങിയെത്തലും.

《41》 أَلَمْ تَرَ നീ കാണുന്നില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു يُسَبِّحُ لَهُ അവന് തസ്ബീഹ് നടത്തുന്നു (എന്ന്) مَنْ فِي السَّمَاوَاتِ ആകാശത്തിലുള്ളവർ وَالأَرْضِ ഭൂമിയിലും وَالطَّيْرُ പറവകളും, പക്ഷികളും صَافَّاتٍ അണിനിരന്നുകൊണ്ട് كُلٌّ എല്ലാം തന്നെ قَدْ عَلِمَ അറിഞ്ഞിട്ടുണ്ട് (എല്ലാറ്റിനും അറിയാം) صَلَاتَهُ അതിന്റെ നമസ്കാരം وَتَسْبِيحَهُ അതിന്റെ തസ്ബീഹും وَاللهُ അല്ലാഹു عَلِيمٌ അറിയുന്നവനാണ് بِمَا يَفْعَلُونَ അവർ ചെയ്യുന്നതിനെപ്പറ്റി 《42》 وَلِلَّهِ അല്ലാഹുവിന്നാണ് مُلْكُ السَّمَاوَاتِ ആകാശങ്ങളുടെ രാജത്വം, ആധിപത്യം وَالأَرْضِ ഭൂമിയുടെയും وَإِلَى اللهِ അല്ലാഹുവിങ്കലേക്ക് തന്നെയാണ് الْمَصِيرُ മടങ്ങി എത്തൽ, തിരിച്ചുചെല്ലൽ

'ആകാശങ്ങളിലും ഭൂമിയിലും ഉള്ളവർ' എന്ന് പറഞ്ഞതിൽ പക്ഷികളും ഉൾപ്പെടുന്നു. എങ്കിലും , ഒരു നിലക്ക് ആകാശത്തും ഭൂമിയിലുമല്ലാത്തവണ്ണം- അന്തരീക്ഷത്തിൽ- അണിനിരന്ന് ചിറകുകൾ വിടർത്തി പാറിക്കുതിച്ചും, പാടിക്കളിച്ചുംകൊണ്ടിരിക്കുന്ന പക്ഷികളിൽ അടങ്ങിയിട്ടുള്ള അൽഭുതത്തെയും, ദൃഷ്ടാന്തത്തെയും ഓർമിപ്പിക്കുവാനായി അവയുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞിരിക്കുകയാണ്.

ഓരോ വസ്തുവും തന്നെ, അല്ലാഹു അതതിന് നിശ്ചയിച്ചുകൊടുത്ത സ്തോത്ര കീർത്തനങ്ങളും, കർമങ്ങളും നിർവിഘ്നം നടത്തിവരുന്നു. അതതിന്റെ ചുമതലാനിർവ്വഹണത്തെപ്പറ്റി ഓരോന്നിനും ശരിക്കും അറിയുകയും ചെയ്യാം. ഈ വിഷയകമായി സൂ: അൻബിയാഉ്: 79-ന്റെ വിവരണത്തിലും മറ്റും നാം വിവരിച്ചിട്ടുള്ളത് ഓർക്കുക.

أَلَمْ تَرَ أَنَّ ٱللَّهَ يُزْجِى سَحَابًا ثُمَّ يُؤَلِّفُ بَيْنَهُۥ ثُمَّ يَجْعَلُهُۥ رُكَامًا فَتَرَى ٱلْوَدْقَ يَخْرُجُ مِنْ خِلَٰلِهِۦ وَيُنَزِّلُ مِنَ ٱلسَّمَآءِ مِن جِبَالٍ فِيهَا مِنۢ بَرَدٍ فَيُصِيبُ بِهِۦ مَن يَشَآءُ وَيَصْرِفُهُۥ عَن مَّن يَشَآءُ ۖ يَكَادُ سَنَا بَرْقِهِۦ يَذْهَبُ بِٱلْأَبْصَٰرِ ﴿٤٣﴾

﴿43﴾ നീ കാണുന്നില്ലേ: അല്ലാഹു കാർമേഘത്തെ പതുക്കെത്തെളിച്ച് കൊണ്ടുവരുന്നു, പിന്നീട് അതിനിടയിൽ ഇണക്കിച്ചേർക്കുന്നു, പിന്നീടതിനെ അട്ടിയാക്കുന്നു എന്ന്?!

അങ്ങനെ, അതിനിടയിൽകൂടി മഴ പുറത്തു വരുന്നതായി നീ കാണുന്നു; ആകാശത്തുനിന്ന്, ഹിമക്കട്ടയായി അതിൽ സ്ഥിതിചെയ്യുന്ന മലകളെ [കൂമ്പാരങ്ങളെ] അവൻ ഇറക്കി വിടുകയും ചെയ്യുന്നു; എന്നിട്ട്, അവൻ ഉദ്ദേശിക്കുന്നവർക്ക് അതിനെ ബാധിപ്പിക്കുന്നു. അവൻ ഉദ്ദേശിക്കുന്നവരിൽനിന്ന് അത് (ബാധിക്കാതെ) തിരിച്ചുവിടുകയും ചെയ്യുന്നു.

അതിലെ [മേഘത്തിലെ] മിന്നിന്റെ തിളക്കം കാഴ്ചകളെ (റാഞ്ചി) ക്കൊണ്ടു പോകുമാറാകും!

يُقَلِّبُ ٱللَّهُ ٱلَّيْلَ وَٱلنَّهَارَ ۚ إِنَّ فِى ذَٰلِكَ لَعِبْرَةً لِّأُو۟لِى ٱلْأَبْصَٰرِ ﴿٤٤﴾

﴿44﴾ അല്ലാഹു, രാവും പകലും മാറ്റിമറിച്ചു കൊണ്ടിരിക്കുന്നു.

നിശ്ചയമായും അതിൽ, (മനോ) ദൃഷ്ടികളുള്ളവർക്ക് ചിന്താവിഷയമുണ്ട്.

﴿43﴾ أَلَمْ تَرَ നീ കാണുന്നില്ലേ أَنَّ اللهَ നിശ്ചയമായും അല്ലാഹു يُزْجِي പതുക്കെത്തെളിക്കുന്നു, തട്ടിക്കൂട്ടുന്നു (എന്ന്) سَحَابًا കാർമേഘത്തെ ثُمَّ يُؤَلِّفُ പിന്നീട് അവൻ ഇണക്കിച്ചേർക്കുന്നു, ഘടിപ്പിക്കുന്നു بَيْنَهُ അതിന്നിടയിൽ ثُمَّ يَجْعَلُهُ പിന്നെ അതിനെ ആക്കുന്നു رُكَامًا അട്ടി, അടുക്ക് فَتَرَى അങ്ങനെ നിനക്ക് കാണാം, നീ കാണുന്നു الْوَدْقَ മഴ يَخْرُجُ പുറത്തുവരുന്നതായി مِنْ خِلَالِهِ അതിന്റെ ഇടയിൽകൂടി وَيُنَزِّلُ അവൻ ഇറക്കുകയും ചെയ്യുന്നു مِنَ السَّمَاءِ ആകാശത്ത്നിന്ന് مِنْ جِبَالٍ മലകളെ فِيهَا അതിലുള്ള مِنْ بَرَدٍ ഹിമക്കട്ടയായി, ഹിമക്കട്ടയാകുന്ന فَيُصِيبُ بِهِ എന്നിട്ട് അതിനെ ബാധിപ്പിക്കുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് وَيَصْرِفُهُ അതിനെ തിരിച്ചുവിടുകയും ചെയ്യുന്നു عَنْ مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവരിൽനിന്ന് يَكَادُ ആകാറാകും سَنَا بَرْقِهِ അതിന്റെ മിന്നലിന്റെ തിളക്കം يَذْهَبُ പോകുമാറ് بِالْأَبْصَارِ കാഴ്ചകളെക്കൊണ്ട് ﴿44﴾ يُقَلِّبُ اللهُ

അല്ലാഹു മാറ്റിമറിച്ചു കൊണ്ടിരിക്കുന്നു ٱللَّيۡلَ രാത്രിയെ وَٱلنَّهَارَ പകലിനെയും إِنَّ فِي ذَٰلِكَ നിശ്ചയമായും അതിലുണ്ട് لَعِبۡرَةٗ ചിന്താവിഷയം لِّأُوْلِي ٱلۡأَبۡصَٰرِ കാഴ്ചയുള്ളവർക്ക്, മനോദൃഷ്ടിയുള്ളവർക്ക്.

അവിടവിടെയായി ചിതറിക്കിടക്കുന്ന മഴക്കാറുകളെ പതുക്കെ തട്ടിക്കൂട്ടി ഒന്നിച്ചു ചേർത്തു വലിയ മലപോലെയുള്ള അട്ടികളാക്കി, പിന്നീടതിൽ നിന്ന് അല്ലാഹു മഴ വർഷിപ്പിക്കുന്നു. ഈ മേഘപർവ്വതങ്ങളെ ഭൂമിയിലുള്ളവർക്ക് ശരിക്ക് കാണുവാൻ സാധ്യമല്ലെങ്കിലും ഇന്ന് വിമാനയാത്രക്കാർ അതിശയോക്തി ഒട്ടും കലരാത്ത ഈ പരമാർത്ഥം കണ്ടുകൊണ്ടിരിക്കുന്നുണ്ട്. അതേ മേഘപർവ്വതങ്ങളിൽ നിന്ന്തന്നെ, ഹിമക്കട്ടകളും, ഹിമമഞ്ഞും താഴോട്ടിറങ്ങുന്നു. ചിലപ്പോൾ ചിലർക്ക് ഹിമവർഷംകൊണ്ട് വിഷമങ്ങളും ആപത്തുകളും നേരിടുന്നു. മറ്റുള്ളവർക്ക് അവ ബാധിക്കാതെയും ഇരിക്കുന്നു. തണുത്ത ജലവും, മഞ്ഞുകട്ടയും ഒഴുകുന്ന അതേ മേഘത്തിൽനിന്ന് ശക്തിയേറിയ ഒരുതരം തീ നാളമാകുന്ന മിന്നൽപിണറുകളും പുറപ്പെടുന്നു. അത് ബാധിച്ചാലുള്ള ആപത്ത് ആരെയും പറഞ്ഞറിയിക്കേണ്ടതില്ല. മനുഷ്യന് അതിന്റെ നേരെ കണ്ണ് തുറക്കുവാൻ പോലും അസാധ്യമാണ്. കണ്ണിന്റെ കാഴ്ച തന്നെ നശിപ്പിക്കുവാൻ മാത്രം ഊക്കേറിയതാണത്. ഇതെല്ലാം അല്ലാഹുവിന്റെ ഏക മഹാശക്തികൊണ്ടും, അവന്റെ മാത്രം നിയന്ത്രണമനുസരിച്ചും നടക്കുന്നതത്രെ. ഇതുപോലെത്തന്നെ, രാപ്പകലുകൾ മാറിമാറിയും, ഏറിക്കുറഞ്ഞും കൊണ്ടിരിക്കുന്നു. ഈ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ ലോകത്ത് ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ അനുദിനം നടന്നുകൊണ്ടിരിക്കുന്നുവെന്ന് കണക്കാക്കുക സാധ്യമല്ല. ഇങ്ങനെയുള്ള ഓരോ കാര്യത്തെക്കുറിച്ചും ഹൃദയപൂർവ്വം ചിന്തിക്കുകയാണെങ്കിൽ എത്രയെത്ര പാഠങ്ങൾ മനുഷ്യർക്ക് ലഭിക്കുവാനുണ്ട്?!

ഈ ആയത്തിന്റെ അവസാനത്തിൽ 'അതിൽ മനോദൃഷ്ടികളുള്ളവർക്ക് ചിന്താവിഷയമുണ്ട്' എന്ന് പറഞ്ഞത് പ്രത്യേകം ശ്രദ്ധേയമാകുന്നു. ഇതുപോലെയുള്ള വാക്യങ്ങൾ ക്വുർആനിൽ പലേടത്തും കാണാം. സത്യവിശ്വാസത്തെ ശക്തിപ്പെടുത്തുകയും, അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെ ഗ്രഹിക്കുകയും ചെയ്യാനുള്ള ചിന്താഗതിയാണ് ഇതുകൊണ്ടെല്ലാം ഉദ്ദേശ്യം. അങ്ങനെയുള്ള ചിന്താഗതിയാണ് ചിന്തിക്കുന്നവന്റെ യഥാർത്ഥഗുണത്തിനുവേണ്ടിയുള്ളത്. അല്ലാത്ത ചിന്തകൾ, ശാസ്ത്രത്തിന്റെയും യന്ത്രത്തിന്റെയും പുരോഗമനത്തിന് മാത്രമായിരിക്കും ഉപയോഗപ്പെടുക.

وَٱللَّهُ خَلَقَ كُلَّ دَآبَّةٖ مِّن مَّآءٖۖ فَمِنۡهُم مَّن يَمۡشِي عَلَىٰ بَطۡنِهِۦ وَمِنۡهُم مَّن يَمۡشِي عَلَىٰ رِجۡلَيۡنِ وَمِنۡهُم مَّن يَمۡشِي عَلَىٰٓ أَرۡبَعٖۚ يَخۡلُقُ ٱللَّهُ مَا يَشَآءُۚ إِنَّ ٱللَّهَ عَلَىٰ كُلِّ شَيۡءٖ قَدِيرٞ ﴿٤٥﴾

﴿45﴾ അല്ലാഹു, എല്ലാ ജന്തുക്കളെയും വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. എന്നാൽ, അവരിൽ ചിലർ ഉദരത്തിന്മേൽ (ഇഴഞ്ഞു) നടക്കുന്നവരുണ്ട്; രണ്ടുകാലിൽ നടക്കുന്നവരും അവരിലുണ്ട്; നാലുകാലിൽ നടക്കുന്നവരും അവരിലുണ്ട്, അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. നിശ്ചയമായും അല്ലാഹു എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു.

لَّقَدْ أَنزَلْنَآ ءَايَـٰتٍ مُّبَيِّنَـٰتٍ ۚ وَٱللَّهُ يَهْدِى مَن يَشَآءُ إِلَىٰ صِرَٰطٍ مُّسْتَقِيمٍ ﴿٤٦﴾

《46》 തീർച്ചയായും, (യാഥാർത്ഥ്യങ്ങളെ) വ്യക്തമാക്കുന്ന പല ദൃഷ്ടാന്തങ്ങളും നാം അവതരിപ്പിച്ചിരിക്കുന്നു. അല്ലാഹു, അവൻ ഉദ്ദേശിക്കുന്നവരെ നേരായ മാർഗത്തിലേക്ക് മാർഗദർശനം ചെയ്യുന്നു.

《45》 وَاللَّهُ അല്ലാഹു خَلَقَ സൃഷ്ടിച്ചിരിക്കുന്നു كُلَّ دَابَّةٍ എല്ലാ ജന്തുക്കളെയും مِنْ مَاءٍ വെള്ളത്തിൽ നിന്ന് فَمِنْهُمْ എന്നാൽ അവരിൽനിന്ന്, അവരിലുണ്ട് مَنْ يَمْشِي നടക്കുന്ന ചിലർ, ചിലർ നടക്കുന്നു عَلَىٰ بَطْنِهِ തന്റെ ഉദരത്തിൻമേൽ, പള്ളമേൽ وَمِنْهُمْ مَنْ അവരിലുണ്ട് ചിലർ يَمْشِي നടക്കുന്ന, അവർ നടക്കുന്നു عَلَىٰ رِجْلَيْنِ രണ്ട് കാലിൻമേൽ وَمِنْهُمْ അവരിലുണ്ട്, അവരിൽനിന്ന് مَنْ ചിലർ يَمْشِي നടക്കുന്നു, നടക്കുന്ന عَلَىٰ أَرْبَعٍ നാലെണ്ണത്തിൻമേൽ (നാല് കാലിൻമേൽ) يَخْلُقُ اللَّهُ അല്ലാഹു സൃഷ്ടിക്കുന്നു مَا يَشَاءُ അവൻ ഉദ്ദേശിക്കുന്നത് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു عَلَىٰ كُلِّ شَيْءٍ എല്ലാ കാര്യത്തിനും قَدِيرٌ കഴിയുന്നവനാണ്. 《46》 لَقَدْ أَنْزَلْنَا തീർച്ചയായും നാം ഇറക്കിയിരിക്കുന്നു آيَاتٍ പല ദൃഷ്ടാന്തങ്ങളെ, ലക്ഷ്യങ്ങളെ مُبَيِّنَاتٍ വ്യക്തമാക്കുന്ന, സ്പഷ്ടമാക്കുന്ന وَاللَّهُ يَهْدِي അല്ലാഹു മാർഗദർശനം നൽകുന്നു مَنْ يَشَاءُ അവൻ ഉദ്ദേശിക്കുന്നവർക്ക് إِلَىٰ صِرَاطٍ പാതയിലേക്ക്, മാർഗത്തിലേക്ക് مُسْتَقِيمٍ നേരായ, ചൊവ്വായ

ഭൂമിയിൽ ചലിക്കുന്ന എല്ലാ ജീവികൾക്കും دَابَّة (ജന്തു) എന്ന് പറയുന്നു. വാഹനത്തിനും, ജോലിക്കും ഉപയോഗിക്കുന്ന മൃഗങ്ങളെ മാത്രം ഉദ്ദേശിച്ചും دابة എന്ന് ഉപയോഗിക്കാറുണ്ട്. ആദ്യം പറഞ്ഞ അർത്ഥമാണിവിടെ ഉദ്ദേശ്യം. ജീവജന്തുക്കളെല്ലാം വെള്ളത്തിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതിനെക്കുറിച്ച് സു: അൻബിയാഉ് 30-ൽവെച്ച് നാം വിവരിച്ചിട്ടുണ്ട്. ജീവികളുടെ സൃഷ്ടിയിൽ വെള്ളമല്ലാത്ത ധാതുക്കളുടെ അംശവും അടങ്ങിയിട്ടുണ്ടെങ്കിലും ഘടനയിലും, ഘടനക്ക് ശേഷവും, ജലാംശത്തിന്നുള്ള പ്രാധാന്യത്തെ ഇത് കുറിക്കുന്നു. നാല് കാലുകളിൽ കൂടുതലുള്ള എത്രയോ ജന്തുക്കളുണ്ടെന്ന് പറയേണ്ടതില്ല. അപ്രകാരം തന്നെ രൂപം, ആകൃതി, പ്രകൃതി തുടങ്ങിയവയിലെല്ലാം പരസ്പരം വ്യത്യസ്തങ്ങളായ കണക്കറ്റ ജീവികൾ ലോകത്തുണ്ട്. ചിന്തിക്കുവാൻവേണ്ടി രണ്ടുമൂന്നുതരം ഉദാഹരണമായി എടുത്തുപറഞ്ഞശേഷം, അല്ലാഹു ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു' (يَخْلُقُ اللَّهُ مَا يَشَاءُ) എന്ന വാക്കിൽ ബാക്കിയെല്ലാം അടങ്ങിയിരിക്കുകയാണ്.

അല്ലാഹുവിന്റെ പ്രകാശത്താൽ പ്രശോഭിതരായ സജ്ജനങ്ങളെയും, പ്രകാശം ലഭിക്കാതെ അന്ധകാരത്തിൽ നട്ടം തിരിയുന്ന അവിശ്വാസികളെയും ഉദാഹരിച്ചു കാണിച്ചു. അനന്തരം, അല്ലാഹുവിന്റെ ശക്തിമാഹാത്മ്യങ്ങളെ സാക്ഷീകരിക്കുന്ന ചില പ്രത്യക്ഷ ദൃഷ്ടാന്തങ്ങളും വിവരിച്ചു. ശേഷം, മേൽപറഞ്ഞ രണ്ട് തരക്കാർക്കുമിടയിൽ കഴിഞ്ഞുകൂടുന്ന കപടവിശ്വാസികളെപ്പറ്റിയാണ് അടുത്ത വചനങ്ങൾ പ്രതിപാദിക്കുന്നത്:-

وَيَقُولُونَ ءَامَنَّا بِٱللَّهِ وَبِٱلرَّسُولِ وَأَطَعْنَا ثُمَّ يَتَوَلَّىٰ فَرِيقٌ مِّنْهُم مِّنۢ بَعْدِ ذَٰلِكَ ۚ وَمَآ أُو۟لَٰٓئِكَ بِٱلْمُؤْمِنِينَ ﴿٤٧﴾

﴿47﴾ അവർ പറയുന്നു: 'ഞങ്ങൾ അല്ലാഹുവിലും, റസൂലിലും വിശ്വസിക്കുകയും, ഞങ്ങൾ അനുസരിക്കുകയും ചെയ്തിരിക്കുന്നു' എന്ന്. അതിന് ശേഷം പിന്നെയും (അതാ) അവരിൽപ്പെട്ട ഒരു വിഭാഗം പിൻമാറിപ്പോകുന്നു! അക്കൂട്ടർ സത്യവിശ്വാസികളല്ലതന്നെ.

وَإِذَا دُعُوٓا۟ إِلَى ٱللَّهِ وَرَسُولِهِۦ لِيَحْكُمَ بَيْنَهُمْ إِذَا فَرِيقٌ مِّنْهُم مُّعْرِضُونَ ﴿٤٨﴾

﴿48﴾ അവരുടെ ഇടയിൽ വിധിപറയുവാൻ വേണ്ടി, അല്ലാഹുവിലേക്കും, അവന്റെ റസൂലിലേക്കും അവർ ക്ഷണിക്കപ്പെടുന്നതായാൽ അപ്പോഴതാ, അവരിൽ ഒരു വിഭാഗം തിരിഞ്ഞുപോകുന്നു!

وَإِن يَكُن لَّهُمُ ٱلْحَقُّ يَأْتُوٓا۟ إِلَيْهِ مُذْعِنِينَ ﴿٤٩﴾

﴿49﴾ ന്യായം അവർക്കാണ് [അവരുടെ പക്ഷത്താണ്] ഉള്ളതെങ്കിലോ, അവർ അദ്ദേഹത്തിന്റെ [റസൂലിന്റെ] അടുക്കലേക്ക് അനുസരണമുള്ളവരായിക്കൊണ്ട് വരുന്നതുമാകുന്നു!

أَفِى قُلُوبِهِم مَّرَضٌ أَمِ ٱرْتَابُوٓا۟ أَمْ يَخَافُونَ أَن يَحِيفَ ٱللَّهُ عَلَيْهِمْ وَرَسُولُهُۥ ۚ بَلْ أُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٥٠﴾

﴿50﴾ അവരുടെ ഹൃദയങ്ങളിൽ വല്ല രോഗവുമുണ്ടോ? അതല്ല, അവർക്ക് സംശയം പിടിപെട്ടിരിക്കുകയാണോ?! അതോ, അല്ലാഹുവും, അവന്റെ റസൂലും, അവരുടെമേൽ അനീതി പ്രവർത്തിക്കുമെന്ന് അവർ ഭയപ്പെടുകയാണോ?! എന്നാൽ, (വാസ്തവത്തിൽ) അക്കൂട്ടർ തന്നെയാണ് അക്രമികൾ.

﴿47﴾ وَيَقُولُونَ അവർ പറയുന്നു آمَنَّا بِاللَّهِ ഞങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിരിക്കുന്നു وَبِالرَّسُولِ റസൂലിലും وَأَطَعْنَا ഞങ്ങൾ അനുസരിക്കയും ചെയ്തിരിക്കുന്നു ثُمَّ يَتَوَلَّى പിന്നെ പിൻമാറിപ്പോകുന്നു فَرِيقٌ مِّنْهُم അവരിൽ നിന്നൊരുവിഭാഗം مِّن بَعْدِ ذَٰلِكَ അതിനുശേഷം وَمَا أُولَٰئِكَ അക്കൂട്ടർ അല്ല بِالْمُؤْمِنِينَ സത്യവിശ്വാസികൾ (തന്നെ അല്ല) ﴿48﴾ وَإِذَا دُعُوا അവർ ക്ഷണിക്കപ്പെട്ടാൽ, വിളിക്കപ്പെട്ടാൽ إِلَى اللَّهِ അല്ലാഹുവിങ്കലേക്ക് وَرَسُولِهِ അവന്റെ റസൂലിലേക്കും لِيَحْكُمَ അദ്ദേഹം വിധിക്കുവാൻ بَيْنَهُمْ അവരുടെ ഇടയിൽ إِذَا فَرِيقٌ അപ്പോഴതാ ഒരു വിഭാഗം, ഒരു സംഘം مِّنْهُمْ അവരിൽ നിന്ന്, അവ

രിൽപ്പെട്ട مُعۡرِضُونَ തിരിഞ്ഞുപോകുന്നവർ (ആകുന്നു) ﴿49﴾ وَإِن يَكُن ആയിരുന്നുവെങ്കിൽ لَّهُمُ അവർക്ക് (ഗുണമായി) ٱلۡحَقُّ ന്യായം, സത്യം يَأۡتُوٓاْ അവർ വരുന്നതാണ് إِلَيۡهِ അദ്ദേഹത്തിലേക്ക്, അതിലേക്ക് مُذۡعِنِينَ അനുസരണമുള്ളവരായിട്ട് ﴿50﴾ أَفِي قُلُوبِهِم അവരുടെ ഹൃദയങ്ങളിലുണ്ടോ مَّرَضٌ വല്ല രോഗവും أَمِ ٱرۡتَابُوٓاْ അതോ അവർക്ക് സംശയം പിടിപെട്ടിരിക്കുന്നുവോ, അവർ സന്ദേഹപ്പെട്ടിരിക്കുന്നുവോ أَمۡ يَخَافُونَ അതോ അവർ ഭയപ്പെടുന്നുവോ أَن يَحِيفَ ٱللَّهُ അല്ലാഹു അനീതി ചെയ്യുമെന്ന് عَلَيۡهِمۡ അവരുടെമേൽ, അവരോട് وَرَسُولُهُۥ അവന്റെ റസൂലും بَلۡ എന്നാൽ, എങ്കിലും أُوْلَٰٓئِكَ അക്കൂട്ടർ هُمُ അവർ തന്നെയാണ് ٱلظَّٰلِمُونَ അക്രമികൾ

ഭാവംകൊണ്ടും, സംസാരംകൊണ്ടും മുസ്‌ലിംകളാണെന്ന് നടിക്കുന്നവരാണ് കപടവിശ്വാസികൾ (മുനാഫിഖുകൾ). ഞങ്ങൾ വിശ്വാസികളാണെന്നും, അല്ലാഹുവിനെയും, റസൂലിനെയും അനുസരിക്കുന്നവരാണെന്നും അവർ ജൽപിച്ചുകൊണ്ടിരിക്കും. വല്ല പ്രശ്നവും നേരിടുമ്പോൾ, അതിൽ റസൂൽ തിരുമേനിയുടെ തീരുമാനവും വിധിയും കേൾക്കാനോ, സ്വീകരിക്കുവാനോ അവർ തയ്യാറുണ്ടാകുകയില്ല, സത്യത്തിന്റെ മുമ്പിൽ കപടന്മാർക്ക് വിജയസാദ്ധ്യത കുറവായിരിക്കുമല്ലോ. വല്ലപ്പോഴും, അവരുടെ ഭാഗത്ത് സത്യവും ന്യായവും ഉണ്ടെന്നും, വിധി തങ്ങൾക്ക് അനുകൂലമായിരിക്കുമെന്നും കണ്ടാൽ, അവിടെ അവർ സവിനയം തിരുമേനിയുടെ മുമ്പിൽ വരുകയും ചെയ്യും. അവർക്കറിയാം: നബി തിരുമേനിﷺ സത്യവും, ന്യായവും അനുസരിച്ചല്ലാതെ പ്രവർത്തിക്കയില്ലെന്ന്. അവരുടെ ഈ നിലപാടിന് കാരണം ഒന്നുകിൽ അവരുടെ ഹൃദയത്തിൽ ഒരുതരം രോഗം- കാപട്യം- ഉണ്ടായിരിക്കണം. അല്ലെങ്കിൽ അവർ യഥാർത്ഥ സത്യത്തിൽ സംശയിക്കുന്നവരായിരിക്കണം, അതുമല്ലെങ്കിൽ അല്ലാഹുവും റസൂലും അന്യായം പ്രവർത്തിക്കുന്നവരാണെന്ന ആശങ്ക അവർക്കുണ്ടായിരിക്കണം. ഈ മൂന്നിൽ ഓരോന്നുംതന്നെ അവിശ്വാസമാണ് താനും.

വിഭാഗം - 7

إِنَّمَا كَانَ قَوۡلَ ٱلۡمُؤۡمِنِينَ إِذَا دُعُوٓاْ إِلَى ٱللَّهِ وَرَسُولِهِۦ لِيَحۡكُمَ بَيۡنَهُمۡ أَن يَقُولُواْ سَمِعۡنَا وَأَطَعۡنَاۚ وَأُوْلَٰٓئِكَ هُمُ ٱلۡمُفۡلِحُونَ ﴿٥١﴾

﴿51﴾ നിശ്ചയമായും, സത്യവിശ്വാസികളുടെ വാക്ക് അവർക്കിടയിൽ വിധിപറയുവാനായി അല്ലാഹുവിലേക്കും, അവന്റെ റസൂലിലേക്കും അവർ ക്ഷണിക്കപ്പെടുന്നതായാൽ- 'ഞങ്ങൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നു' എന്ന് പറയുക മാത്രമായിരിക്കും. (അങ്ങനെയുള്ള) അക്കൂട്ടർ തന്നെയാണ് വിജയികളും.

وَمَن يُطِعِ ٱللَّهَ وَرَسُولَهُۥ وَيَخۡشَ ٱللَّهَ وَيَتَّقۡهِ فَأُوْلَٰٓئِكَ هُمُ ٱلۡفَآئِزُونَ ﴿٥٢﴾

﴿52﴾ ആർ, അല്ലാഹുവിനെയും അവന്റെ റസൂലിനെയും, അനുസരിക്കുകയും. അല്ലാഹുവിനെ ഭയപ്പെടുകയും, അവനെ സൂക്ഷിക്കുകയും

ചെയ്യുന്നുവോ അവർ തന്നെയാണ് ഭാഗ്യവാൻമാർ.

﴾51﴿ إِنَّمَا كَانَ നിശ്ചയമായും ആയിരിക്കും قَوْلَ الْمُؤْمِنِينَ സത്യവിശ്വാസികളുടെ
വാക്ക് إِذَا دُعُوا അവർ ക്ഷണിക്കപ്പെട്ടാൽ إِلَى اللَّهِ അല്ലാഹുവിലേക്ക് وَرَسُولِهِ അവന്റെ
റസൂലിലേക്കും لِيَحْكُمَ അദ്ദേഹം വിധിക്കുവാൻ بَيْنَهُمْ അവർക്കിടയിൽ أَن يَقُولُوا
അവർ പറയുക (മാത്രം) ആയിരിക്കും سَمِعْنَا ഞങ്ങൾ കേട്ടു وَأَطَعْنَا ഞങ്ങൾ അനുസരി
ക്കുകയും ചെയ്തു (എന്ന്) وَأُولَٰئِكَ هُمُ അക്കൂട്ടർ തന്നെയാണ് الْمُفْلِحُونَ വിജയികൾ
﴾52﴿ وَمَن يُطِعِ اللَّهَ അല്ലാഹുവിനെ ആർ അനുസരിക്കുന്നുവോ, വഴിപ്പെടുന്നുവോ
وَرَسُولَهُ അവന്റെ റസൂലിനെയും وَيَخْشَ اللَّهَ അല്ലാഹുവിനെ ഭയപ്പെടുകയും وَيَتَّقْهِ
അവനെ സൂക്ഷിക്കുകയും فَأُولَٰئِكَ എന്നാൽ അക്കൂട്ടർ هُمُ അവർ തന്നെയാണ് الْفَائِزُونَ
ഭാഗ്യവാൻമാർ, വിജയം നേടിയവർ

അല്ലാഹുവിലേക്കും, റസൂലിലേക്കും ക്ഷണിക്കുക എന്നതിന്റെ താൽപര്യം, അല്ലാഹുവിന്റെ ക്വുർആനിലേക്കും റസൂലിന്റെ സുന്നത്തിലേക്കും ക്ഷണിക്കുക എന്നത്രെ. അല്ലാഹു അവതരിപ്പിച്ചതോ, അവൻ അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിലുള്ളതോ അല്ലാതെ യാതൊരു വിധിയും നബി തിരുമേനിﷺയിൽ നിന്ന് ഉണ്ടാവുകയില്ലെന്ന് തീർച്ചയാണ്. നബിﷺ ഒരു കാര്യത്തെപ്പറ്റി എന്ത് വിധി കൊടുത്തുവോ അത് അപ്പടി- യാതൊരു അനിഷ്ടമോ ചോദ്യം ചെയ്യലോ കൂടാതെ- പൂർണമനസ്സോടെ സ്വീകരിക്കുന്നത് സത്യവിശ്വാസികളുടെ ഒഴിച്ചുകൂടാത്ത കടമയത്രെ. മാത്രമല്ല, അത് സത്യവിശ്വാസത്തിന്റെ ലക്ഷണം കൂടിയാണ്. അതിൽ വിസമ്മതം തോന്നുന്നവനും, വിമർശനം കാണുന്നവനും യഥാർത്ഥത്തിൽ 'മുഅ്മിൻ' (സത്യവിശ്വാസി) ആയിരിക്കയില്ല- കപട വിശ്വാസിയായിരിക്കും. സൂറത്തുന്നിസാഉ് 65-ലും, സൂ: അഹ്സാബ് 36-ലും മറ്റും അല്ലാഹു ഇത് വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളത് കാണാം. കപടവിശ്വാസികളുടെ കാപട്യത്തിന്റെ മറ്റൊരു ഉദാഹരണം കൂടി അല്ലാഹു വെളിപ്പെടുത്തുന്നു.

۞ وَأَقْسَمُوا بِاللَّهِ جَهْدَ أَيْمَانِهِمْ لَئِنْ أَمَرْتَهُمْ لَيَخْرُجُنَّ ۖ

﴾53﴿ (നബിയേ) താൻ അവരോട് കൽപിക്കുന്നപക്ഷം അവർ നിശ്ചയമായും പുറപ്പെട്ടു പോരുമെന്ന് -തങ്ങൾക്ക് കഴിയും പ്രകാരമുള്ള ശപഥം- അവർ അല്ലാഹുവിൽ സത്യം ചെയ്തു പറയുന്നു:-

قُل لَّا تُقْسِمُوا ۖ طَاعَةٌ مَّعْرُوفَةٌ ۚ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ ﴿٥٣﴾

പറയുക: 'നിങ്ങൾ സത്യം ചെയ്യേണ്ടതില്ല; (നിങ്ങളുടേത്) പരിചയപ്പെട്ട ഒരു അനുസരണമാണ്; നിശ്ചയമായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കാറുള്ളതിനെപ്പറ്റി സൂക്ഷ്മമായറിയുന്നവനാകുന്നു.'

قُلْ أَطِيعُوا۟ ٱللَّهَ وَأَطِيعُوا۟ ٱلرَّسُولَ ۖ فَإِن تَوَلَّوْا۟ فَإِنَّمَا عَلَيْهِ مَا حُمِّلَ وَعَلَيْكُم مَّا حُمِّلْتُمْ ۖ

﴾54﴿ പറയുക: 'നിങ്ങൾ അല്ലാഹുവിനെയും, റസൂലിനെയും അനുസരിച്ചുകൊള്ളുവിൻ! എന്നാൽ, നിങ്ങൾ പിൻമാറുകയാണെങ്കിലോ, അദ്ദേഹം [റസൂൽ] ചുമതലപ്പെടുത്തപ്പെട്ടത് മാത്രമായിരിക്കും അദ്ദേഹത്തിന്റെ പേരിൽ (ബാധ്യത) ഉണ്ടായിരിക്കുക; നിങ്ങൾ ചുമതലപ്പെടുത്തപ്പെട്ടത് നിങ്ങളുടെ പേരിൽ തന്നെ (ബാധകമായതും) ആയിരിക്കും.

وَإِن تُطِيعُوهُ تَهْتَدُوا۟ ۚ وَمَا عَلَى ٱلرَّسُولِ إِلَّا ٱلْبَلَٰغُ ٱلْمُبِينُ ﴿٥٤﴾

നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ, നിങ്ങൾ സൻമാർഗം പ്രാപിക്കുന്നതാണ്. റസൂലിന്റെമേൽ വ്യക്തമായ പ്രബോധനമല്ലാതെ (വേറെ ബാധ്യത) ഇല്ല.'

﴾53﴿ وَأَقْسَمُوا അവർ സത്യം ചെയ്തുപറയുന്നു بِاللَّهِ അല്ലാഹുവിൽ, അല്ലാഹുവിനെക്കൊണ്ട് جَهْدَ أَيْمَانِهِمْ അവർക്ക് കഴിയും പ്രകാരമുള്ള ശപഥം (ഏറ്റവും ശക്തിമത്തായ സത്യം) لَئِنْ أَمَرْتَهُمْ നീ അവരോട് കൽപിച്ചുവെങ്കിൽ لَيَخْرُجُنَّ നിശ്ചയമായും അവർ പുറപ്പെട്ടുപോരും (എന്ന്) قُل നീ പറയുക لَا تُقْسِمُوا നിങ്ങൾ സത്യം ചെയ്യരുത്, (ചെയ്യേണ്ടതില്ല) طَاعَةٌ അനുസരണമാണ് مَعْرُوفَةٌ പരിചയപ്പെട്ട, അറിയപ്പെട്ട, പുണ്യപ്പെട്ട إِنَّ اللَّهَ നിശ്ചയമായും അല്ലാഹു خَبِيرٌ സൂക്ഷ്മമായറിയുന്നവനാണ് بِمَا تَعْمَلُونَ നിങ്ങൾ പ്രവർത്തിച്ചു വരുന്നതിനെപ്പറ്റി ﴾54﴿ قُلْ നീ പറയുക أَطِيعُوا اللَّهَ നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ وَأَطِيعُوا الرَّسُولَ റസൂലിനെയും അനുസരിക്കുവിൻ فَإِن تَوَلَّوْا എനി നിങ്ങൾ പിൻമാറുകയാണെങ്കിൽ فَإِنَّمَا عَلَيْهِ എന്നാലദ്ദേഹത്തിന്റെ പേരിൽ ഉള്ളത് مَا حُمِّلَ അദ്ദേഹം ചുമതലപ്പെടുത്തപ്പെട്ടത് وَعَلَيْكُم നിങ്ങളുടെ പേരിലായിരിക്കും مَا حُمِّلْتُمْ നിങ്ങൾ ചുമതലപ്പെടുത്തപ്പെട്ടത് وَإِن تُطِيعُوهُ നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുന്നതായാൽ تَهْتَدُوا നിങ്ങൾ നേർമാർഗം പ്രാപിക്കും, സൻമാർഗത്തിലാകും وَمَا عَلَى الرَّسُولِ റസൂലിന്റെ പേരിൽ ഇല്ല إِلَّا الْبَلَاغُ പ്രബോധനം (എത്തിച്ചു കൊടുക്കൽ) അല്ലാതെ الْمُبِينُ വ്യക്തമായ

വല്ല യുദ്ധത്തിലോ, സേനയിലോ, പങ്കെടുക്കേണമെന്ന് നബി ﷺ ആവശ്യപ്പെടുന്ന പക്ഷം, യാതൊരു മടിയും കൂടാതെ തങ്ങൾ പോയിക്കൊള്ളാമെന്നും നബി(സ) എങ്ങോട്ട് പോകാൻ കൽപിച്ചാലും അതിന് തങ്ങൾ തയ്യാറാണെന്നും അവർ കഴിയുന്നത്ര ശക്തിമത്തായ നിലയിൽ സത്യം ചെയ്ത് പറയാറുണ്ട്. പക്ഷെ– 63-ാം വചനത്തിൽ കാണുംപോലെ– സന്ദർഭം വരുമ്പോൾ അവർ ഒഴിഞ്ഞുമാറുകയും ചെയ്യും. അതുകൊണ്ട് അവരോട് ഇപ്രകാരം താക്കീത് ചെയ്യാൻ അല്ലാഹു നബി ﷺ യോട് കല്പി

ക്കുകയാണ്; 'നിങ്ങൾ വൃഥാ സത്യം ചെയ്യേണ്ടതില്ല. നിങ്ങളുടെ അനുസരണത്തിന്റെ യഥാർത്ഥ നില മുമ്പേ പരിചയമുള്ളതാണ്. അത് നാവിൽ മാത്രമേയുള്ളൂ. ഹൃദയ ത്തിലും പ്രവൃത്തിയിലുമില്ല. ഇതൊക്കെ അല്ലാഹു അറിയും. അതിന്റെ അനന്തരഫലം നിങ്ങൾക്ക് പിന്നീട് അറിയാറാകും. നിങ്ങൾ അനുസരിക്കായ്കകൊണ്ട് അല്ലാഹുവിന്റെ റസൂലിന് ഒന്നും നേരിടുവാനില്ല. അല്ലാഹുവിന്റെ കല്പനകൾ പ്രബോധനം ചെയ്യുക മാത്രമാണ് അദ്ദേഹത്തിന്റെ ബാധ്യത. അതദ്ദേഹം നിർവ്വഹിക്കുന്നുമുണ്ട്. നിങ്ങൾ യഥാർത്ഥമായ അനുസരണം പ്രകടിപ്പിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് തന്നെ ഗുണ കരമായിത്തീരും........'

طَاعَةٌ مَّعْرُوفَةٌ എന്ന വാക്കിനാണ് 'പരിചയപ്പെട്ട അനുസരണം' എന്ന് നാം അർത്ഥം കൊടുത്തത്. ഇതനുസരിച്ചാണ് നാം മേൽ കണ്ട വിവരണം നൽകിയതും. 'ഒരു പുണ്യ കർമ്മമായ - അഥവാ ഐച്ഛികമായ - അനുസരണം എന്നും ഇതിന് അർത്ഥം കല്പി ക്കപ്പെട്ടിട്ടുണ്ട്. അതായത്, കേവലം ഒരു പുണ്യപ്പെട്ട കാര്യം മാത്രമാണ് ഈ വിഷയ ത്തിലുള്ള നിങ്ങളുടെ അനുസരണം; എന്നിരിക്കെ അതിനെപ്പറ്റി ഇത്ര ശക്തിയായി സത്യം ചെയ്യേണ്ടതൊന്നുമില്ല, എന്നിങ്ങനെ അതിന് വ്യാഖ്യാനവും നൽകപ്പെടുന്നു. അല്ലാഹുവിനെയും, റസൂലിനെയും അനുസരിച്ചുപോരുന്നത് നിമിത്തം പരലോകത്തിൽ മാത്രമല്ല, ഇഹത്തിൽവെച്ചും പല നേട്ടങ്ങൾ കൈവരുന്നതാണെന്ന് അടുത്ത വചന ത്തിൽ അല്ലാഹു സത്യവിശ്വാസികൾക്ക് സന്തോഷവാർത്ത നൽകുന്നു:-

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُواْ مِنكُمْ وَعَمِلُواْ ٱلصَّٰلِحَٰتِ لَيَسْتَخْلِفَنَّهُمْ فِي ٱلْأَرْضِ كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِي ٱرْتَضَىٰ لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِي لَا يُشْرِكُونَ بِي شَيْـًٔا ۚ وَمَن كَفَرَ بَعْدَ ذَٰلِكَ فَأُوْلَٰٓئِكَ هُمُ ٱلْفَٰسِقُونَ ﴿٥٥﴾

﴿55﴾ നിങ്ങളിൽനിന്ന് വിശ്വസിക്കു കയും, സൽക്കർമങ്ങൾ പ്രവർത്തി ക്കുകയും ചെയ്യുന്നവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു: 'അവ രുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെ, നിശ്ചയമായും ഭൂമിയിൽ അവർക്ക് അവൻ പ്രാതി നിധ്യം നൽകുന്നതാണ്; അവർക്ക് അവൻ തൃപ്തിപ്പെട്ടു കൊടുത്തിട്ടുള്ള അവരുടെ മതത്തിന് സ്വാധീനം നൽകുന്നതുമാണ്; അവർക്ക് ഭയ ത്തിന് ശേഷം അഭയത്തെ പകരം നൽകുകയും ചെയ്യും' എന്ന്. അവർ എന്നോട് യാതൊന്നിനെയും പങ്ക് ചേർക്കാതെ എന്നെ ആരാധിച്ചുവരു ന്നു. (അതാണ് കാരണം.) അതിനു ശേഷം, ആർ നന്ദികേട് ചെയ്തുവോ അവർ തന്നെയാണ് തോന്നിയവാസി കൾ.

وَأَقِيمُواْ ٱلصَّلَوٰةَ وَءَاتُواْ ٱلزَّكَوٰةَ

﴿56﴾ നിങ്ങൾ നമസ്കാരം നിലനി റുത്തുവിൻ, 'സക്കാത്ത്' കൊടുക്കു

وَأَطِيعُواْ ٱلرَّسُولَ لَعَلَّكُمْ تُرْحَمُونَ ﴿٥٦﴾

കയും ചെയ്യുവിൻ. റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ- നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കുന്നതാണ്.

لَا تَحْسَبَنَّ ٱلَّذِينَ كَفَرُواْ مُعْجِزِينَ فِي ٱلْأَرْضِ ۚ وَمَأْوَىٰهُمُ ٱلنَّارُ ۖ وَلَبِئْسَ ٱلْمَصِيرُ ﴿٥٧﴾

《57》 (നബിയേ!) അവിശ്വസിച്ചിട്ടുള്ളവർ ഭൂമിയിൽവെച്ച് (അല്ലാഹുവിനെ) അസാധ്യമാക്കിക്കളയുന്നവരാണെന്ന് നിശ്ചയമായും നീ ധരിച്ചുപോകേണ്ട! അവരുടെ വാസസ്ഥലം നരകമാകുന്നു. അത് വളരെ മോശപ്പെട്ട പ്രാപ്യസ്ഥാനം തന്നെ!

《55》 وَعَدَاللهُ അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു الَّذِينَ യാതൊരു കൂട്ടരോട് آمَنُوا അവർ വിശ്വസിച്ചിരിക്കുന്നു مِنكُمْ നിങ്ങളിൽനിന്ന് وَعَمِلُوا الصَّالِحَاتِ സൽക്കർമങ്ങൾ പ്രവർത്തിക്കയും ചെയ്തിരിക്കുന്നു لَيَسْتَخْلِفَنَّهُمْ നിശ്ചയമായും അവർക്ക് പ്രാതിനിധ്യം നൽകുന്നതാണ് (എന്ന്) فِي الْأَرْضِ ഭൂമിയിൽ كَمَا اسْتَخْلَفَ അവൻ പ്രാതിനിധ്യം നൽകിയത് പോലെ الَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവർക്ക് وَلَيُمَكِّنَنَّ لَهُمْ നിശ്ചയമായും അവർക്ക് സ്വാധീനം നൽകുകയും ചെയ്യും دِينَهُمُ അവരുടെ മതത്തിന് الَّذِي ارْتَضَىٰ അവൻ തൃപ്തിപ്പെട്ടു കൊടുത്തിട്ടുള്ള لَهُمْ അവർക്ക് وَلَيُبَدِّلَنَّهُم അവർക്ക് പകരം നൽകുകയും ചെയ്യും مِّن بَعْدِ خَوْفِهِمْ അവരുടെ ഭയത്തിന് ശേഷം أَمْنًا അഭയത്തെ يَعْبُدُونَنِي അവർ എന്നെ ആരാധിക്കുന്നു, എനിക്ക് ഇബാദത്ത് ചെയ്യുന്നു لَا يُشْرِكُونَ بِي അവർ എന്നോട് പങ്ക് ചേർക്കാതെ شَيْئًا യാതൊന്നും وَمَن كَفَرَ ആരെങ്കിലും നന്ദികേട് കാട്ടിയാൽ, അവിശ്വസിച്ചാൽ بَعْدَ ذَٰلِكَ അതിന്ശേഷം فَأُولَٰئِكَ هُمُ എന്നാൽ അക്കൂട്ടർ തന്നെയാണ് الْفَاسِقُونَ ദുർന്നടപ്പുകാർ, തോന്നിയവാസികൾ 《56》 وَأَقِيمُوا നിങ്ങൾ നിലനിറുത്തുകയും ചെയ്യുവിൻ الصَّلَاةَ നമസ്കാരം وَآتُوا الزَّكَاةَ സക്കാത്ത് കൊടുക്കുകയും ചെയ്യുവിൻ وَأَطِيعُوا അനുസരിക്കുകയും ചെയ്യുവിൻ الرَّسُولَ റസൂലിനെ, ദൈവദൂതനെ لَعَلَّكُمْ تُرْحَمُونَ നിങ്ങൾ കരുണ ചെയ്യപ്പെട്ടേക്കും, കരുണ ചെയ്യപ്പെടുവാനായി 《57》 لَا تَحْسَبَنَّ നിശ്ചയമായും നീ ധരിക്കേണ്ട, ഗണിക്കരുത് الَّذِينَ كَفَرُوا അവിശ്വസിച്ചിട്ടുള്ളവരെ مُعْجِزِينَ അസാധ്യമാക്കുന്നവരാണ് (പരാജയപ്പെടുത്തുന്നവരാണെന്ന്) فِي الْأَرْضِ ഭൂമിയിൽ വെച്ച് وَمَأْوَاهُمُ അവരുടെ വാസസ്ഥലം, അഭയസ്ഥാനം, ചെന്നണയുന്ന സ്ഥലം النَّارُ നരകമാകുന്നു وَلَبِئْسَ വളരെ മോശപ്പെട്ടത്തന്നെ الْمَصِيرُ പ്രാപ്യസ്ഥാനം, ചെന്നെത്തുന്ന സ്ഥലം, മടക്കസ്ഥലം

സൂറത്തുൽ അൻബിയാഅ്: 105-ൽ 'എന്റെ സദ്‌വൃത്തരായ അടിയാൻമാർ ഭൂമിയെ അനന്തരമെടുക്കുന്നതാണ്' (أَنَّ الْأَرْضَ يَرِثُهَا عِبَادِيَ الصَّالِحُونَ) എന്ന അല്ലാഹുവിന്റെ

നിശ്ചയത്തെപ്പറ്റി വിവരിക്കുന്ന മദ്ധ്യേ ഈ ആയത്തുകളെ ഉദ്ധരിച്ചുകൊണ്ട് നാം സംസാരിച്ചിട്ടുള്ള സംഗതികൾ ഇവിടെ സ്മരണീയമാകുന്നു. അതിവിടെ ആവർത്തിക്കേണ്ടതില്ല. നബി തിരുമേനിﷺ ഇഹലോകവാസം വിടുന്നതിന് മുമ്പ് തന്നെ അറേബ്യാ ഉപദ്വീപ് മിക്കവാറും ഇസ്‌ലാമിന് അധീനപ്പെട്ടു. അക്കാലത്തുള്ള പ്രധാന രാജാക്കൾ, തിരുമേനിക്ക് സമ്മാനങ്ങൾ കൊടുത്തയച്ചു. ഹിജ്റിലെയും, ചില സിറിയൻ നാടുകളിലെയും ജനങ്ങൾ ഇസ്‌ലാമിന്റെ മേൽക്കോയ്മ അംഗീകരിച്ചു കപ്പം കൊടുത്തുവരുവാൻ തുടങ്ങി. ഖുലാഫാഉ- റാശിദീന്റെ കാലത്ത് കൊസ്രു *(*)* സാമ്രാജും മുഴുവനും, കൈസർ *(**)* സാമ്രാജ്യത്തിന്റെ പല ഭാഗങ്ങളും മുസ്‌ലിംകൾ അധീനമാക്കി. ഇതെല്ലാം ഈ ആയത്തിലെ വാഗ്ദാനത്തിന്റെ പുലർച്ചയത്രെ. ഇമാം ബുഖാരി (റ) മുതലായവർ രിവായത്ത് ചെയ്യുന്ന ഒരു ഹദീഥ് ഇവിടെ പ്രസ്താവ്യമാകുന്നു:-

അറേബ്യയിലെ ശ്രുതിപ്പെട്ട ഉദാരമതിയായിരുന്ന ഹാതിംത്വാഈയുടെ പുത്രൻ അദിയ്യ് (**عدى بن حاتم الطائى - رض**) നബിﷺയുടെ അടുക്കൽ നിവേദനം വരികയുണ്ടായി. ആ അവസരത്തിൽ തിരുമേനിയും അദ്ദേഹവും തമ്മിൽ നടന്ന സംഭാഷണത്തിൽ ഇപ്രകാരം പറഞ്ഞിരുന്നു.

'നബിﷺ: അദിയ്യേ! താൻ ഹീറാ *(***)* രാജ്യം അറിയുമോ?

അദിയ്യ് (റ): ഞാൻ അറിയുകയില്ല- കേട്ടിട്ടുണ്ട്.

'നബിﷺ: എന്റെ ദേഹം യാതൊരുവന്റെ കൈവശമാണോ അവൻ (അല്ലാഹു) തന്നെയാണ! അല്ലാഹു ഇക്കാര്യത്തെ (ഇസ്‌ലാമിനെ) നിശ്ചയമായും പൂർത്തിയാക്കും. അങ്ങനെ, യാത്രക്കാരിയായ ഒരു സ്ത്രീ ഹീറായിൽ നിന്ന് പുറപ്പെട്ടു, യാതൊരാളുടെ രക്ഷയും കൂടാതെത്തന്നെ കഅ്ബഃ ത്വവാഫ് (പ്രദക്ഷിണം) ചെയ്തുപോകുന്ന ഒരു കാലം വരും. ഹുർമുസിന്റെ മകൻ കിസ്രായുടെ നിക്ഷേപങ്ങൾ ജയിച്ചടക്കപ്പെടുകയും ചെയ്യും.

അദിയ്യ് (റ): (പേർസ്യൻ ചക്രവർത്തിയായ) ഹുർമുസിന്റെ മകൻ കിസ്രായുടെയോ?!

നബി ﷺ: അതെ, ഹുർമുസിന്റെ മകൻ കിസ്രായുടെ തന്നെ. സ്വീകരിക്കുവാൻ ആളില്ലാതെ വരുമാറ് ധനം ചിലവഴിക്കപ്പെടുകയും ചെയ്തേക്കും.'

പിന്നീട് (നബിയുടെ കാലശേഷം) ഈ സംഭാഷണം ഉദ്ധരിച്ചുകൊണ്ട് അദിയ്യ് (റ) പ്രസ്താവിക്കുകയാണ്: 'ഇതാ! ഹീറായിൽനിന്ന് ഒരു യാത്രക്കാരി ആരുടെയും രക്ഷ കൂടാതെത്തന്നെ ഇന്ന് കഅ്ബഃ ത്വവാഫ് ചെയ്തുപോകുന്നു. ഹുർമുസ് മകൻ കിസ്രായുടെ നിക്ഷേപങ്ങൾ (മദാഇനിലും, അൻബാറിലുംവെച്ച്) ജയിച്ചടക്കിയ കൂട്ടത്തിൽ ഞാനും പങ്കെടുത്തിരുന്നു. അല്ലാഹുതന്നെയാണ! എനി, മൂന്നാമത്തെ കാര്യവും സംഭ

(*) പേർസ്യാ, ഇറാക് മുതലായവ കൊസ്രു (كسرى - اوخسرو) സാമ്രാജ്യത്തിൽ ഉൾപ്പെടുന്നു.

(**) കൈസർ (قيصر) സാമ്രാജ്യത്തിന്റെ തലസ്ഥാനം യൂറോപ്പിലെ കാൺസ്റ്റിനോപ്പ്ൾ (قسطنطينية) ആണെങ്കിലും, സിറിയാ, ഈജിപ്ത് മുതലായവ അതിന്റെ കീഴിലായിരുന്നു. റോമാ സാമ്രാജ്യമെന്ന പേരിലും ഇത് അറിയപ്പെടുന്നു

(***) ഹിറാഃ ഇറാകിലെ ഒരു രാജ്യം (حيرة)

വിക്കുകതന്നെ ചെയ്യും. കാരണം: റസൂൽ തിരുമേനിﷺ അത് അരുളിച്ചെയ്തിട്ടുണ്ട് എന്നതുതന്നെ.' (رواه البخاري) അദിയ്യ് (റ) ഇത് പ്രസ്താവിച്ചതിന്ശേഷം കുറച്ച് കൊല്ലങ്ങൾകൂടി കഴിഞ്ഞപ്പോൾ വാസ്തവത്തിൽ മൂന്നാമത്തെ പ്രവചനവും പുലർന്നു കഴിഞ്ഞിട്ടുണ്ടെന്ന് ഇസ്ലാമിക ചരിത്രത്തിന്റെ താളുകൾ മറിച്ചുനോക്കുമ്പോൾ കാണുവാൻ കഴിയും *(*)*

وَمَن كَفَرَ بَعْدَ ذَٰلِكَ എന്ന വാക്കിന് 'അതിന് ശേഷം ആരെങ്കിലും അവിശ്വസിച്ചാൽ' എന്നും അർത്ഥം കൽപിക്കപ്പെട്ടിട്ടുണ്ട്. كَفَرَ (കഫറ) എന്ന വാക്കിന് 'അവിശ്വസിച്ചു' എന്നും 'നന്ദികേട് കാണിച്ചു' എന്നും അർത്ഥം വരും. രണ്ടായിരുന്നാലും ഇവിടെ സാരത്തിൽ ഒന്നുതന്നെ. വിശ്വാസത്തിലും പ്രവൃത്തിയിലും, അല്ലാഹുവും അവന്റെ റസൂലും കാണിച്ചുതന്ന നേർവഴിയിൽ നിന്ന് മുസ്ലിംകൾ, എന്ന് മുതൽക്കാണ് എത്രകണ്ടാണ്, വ്യതിചലിച്ചുപോയതെങ്കിൽ, അതനുസരിച്ച് അവരുടെ യശസ്സിനും കോട്ടം വന്നുവെന്നുള്ളത് തർക്കമറ്റ സംഗതിയാകുന്നു.

അവിശ്വാസികളെ ഭൂമിയിൽതന്നെവെച്ച് ശിക്ഷിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ, അവന് അതിന് യാതൊരു പ്രയാസവുമില്ല; അല്ലാഹുവിന് പിടിയിൽ കിട്ടാതിരിക്കത്തക്കവണ്ണം അവനെ അസാധ്യപ്പെടുത്തിക്കളയുവാൻ അവർക്ക് ഒരിക്കലും സാധ്യമല്ല, എന്നുള്ള വസ്തുത 57-ാം വചനത്തിൽ നബി തിരുമേനിﷺയെ അഭിമുഖീകരിച്ചാണ് പ്രസ്താവിക്കുന്നതെങ്കിലും, വാസ്തവത്തിൽ അത് അവിശ്വാസികളോടുള്ള കനത്ത ഒരു താക്കീതാകുന്നു. മേൽ പ്രസ്താവിച്ച വാഗ്ദാനത്തിന്റെ പുലർച്ചയോട്കൂടി- അതെ, ഇസ്ലാമിന്റെ വിജയങ്ങളോട് കൂടി- കുഫ്റിന്റെ പരാജയവും സംഭവിച്ചു കഴിഞ്ഞത് നാം കണ്ടുവല്ലോ. അതും അവർക്ക് ഭൂമിയിൽവെച്ച് ലഭിച്ച ഒരു ശിക്ഷയായിരുന്നു. പരലോകത്തിലോ നരകവും!

സൂറത്തിന്റെ ആദ്യഭാഗങ്ങളിൽ പ്രസ്താവിച്ച നിയമങ്ങളുമായി ബന്ധപ്പെട്ട ചില വിശദീകരണങ്ങളാണ് അടുത്ത ആയത്തുകളിൽ കാണുന്നത്:-

വിഭാഗം - 8

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لِيَسْتَـْٔذِنكُمُ ٱلَّذِينَ مَلَكَتْ أَيْمَٰنُكُمْ وَٱلَّذِينَ لَمْ يَبْلُغُوا۟ ٱلْحُلُمَ مِنكُمْ ثَلَٰثَ مَرَّٰتٍ ۚ مِّن قَبْلِ صَلَوٰةِ ٱلْفَجْرِ وَحِينَ تَضَعُونَ ثِيَابَكُم مِّنَ ٱلظَّهِيرَةِ وَمِنۢ

﴿58﴾ **ഹേ, വിശ്വസിച്ചിട്ടുള്ളവരേ! നിങ്ങളുടെ വലങ്കൈകൾ ഉടമപ്പെടുത്തിയവരും, നിങ്ങളിൽ പ്രായപൂർത്തി എത്തിയിട്ടില്ലാത്തവരും മൂന്ന് അവസരങ്ങളിൽ നിങ്ങളോട് (പ്രവേശനത്തിന്) അനുവാദം തേടിക്കൊള്ളട്ടെ.**

അതായത്: 'ഫജ്ർ' [പ്രഭാത] നമസ്കാരത്തിന് മുമ്പും, ഉച്ചവേളയിൽ നിങ്ങൾ നിങ്ങളുടെ വസ്ത്രങ്ങൾ എടുത്തുവെക്കുന്ന നേരത്തും,

***(*)* മുസ്ലിംകൾ ലോകത്ത് എവിടെയെല്ലാം പ്രചരിച്ചുവെന്ന് 7-ാം പടത്തിൽ കാണാം.**

بَعۡدِ صَلَوٰةِ ٱلۡعِشَآءِۚ ثَلَٰثُ عَوۡرَٰتٖ لَّكُمۡۚ

‘ഇശാ’ [സന്ധ്യാ] നമസ്കാരത്തിന് ശേഷവും, (ഇങ്ങനെ) നിങ്ങൾക്ക് മൂന്ന് ഗോപ്യാവസരങ്ങളാണുള്ളത്.

لَيۡسَ عَلَيۡكُمۡ وَلَا عَلَيۡهِمۡ جُنَاحُۢ بَعۡدَهُنَّۚ طَوَّٰفُونَ عَلَيۡكُم بَعۡضُكُمۡ عَلَىٰ بَعۡضٖۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلۡأٓيَٰتِۗ وَٱللَّهُ عَلِيمٌ حَكِيمٞ ﴿٥٨﴾

അവയ്ക്കുശേഷം, (മറ്റ് വേളകളിൽ) നിങ്ങൾക്കാകട്ടെ, അവർക്കാകട്ടെ, (അനുവാദം ചോദിക്കാത്തതിൽ തെറ്റില്ല;- (അവർ) നിങ്ങളിൽകൂടി- അതായത്: നിങ്ങളിൽ ചിലർ ചിലരിൽകൂടി- ചുറ്റിപ്പറ്റിക്കൊണ്ടിരിക്കുന്നവരത്രെ. ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങളെ വിവരിച്ചു തരുന്നു. അല്ലാഹു, സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

وَإِذَا بَلَغَ ٱلۡأَطۡفَٰلُ مِنكُمُ ٱلۡحُلُمَ فَلۡيَسۡتَـٔۡذِنُواْ كَمَا ٱسۡتَـٔۡذَنَ ٱلَّذِينَ مِن قَبۡلِهِمۡۚ كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمۡ ءَايَٰتِهِۦۗ وَٱللَّهُ عَلِيمٌ حَكِيمٞ ﴿٥٩﴾

﴾59﴿ നിങ്ങളിൽ നിന്നുള്ള കുട്ടികൾ പ്രായപൂർത്തി എത്തിയാൽ, അവരുടെ മുമ്പുള്ള (വലിയ)വർ സമ്മതം ചോദിച്ചത് പോലെ അവരും സമ്മതം ചോദിച്ചുകൊള്ളട്ടെ. ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് അവന്റെ ലക്ഷ്യങ്ങൾ വിവരിച്ചുതരുന്നു. അല്ലാഹു സർവ്വജ്ഞനും, അഗാധജ്ഞനുമാകുന്നു.

﴾58﴿ يَا أَيُّهَا الَّذِينَ ഹേ, യാതൊരു കൂട്ടരെ آمَنُوا വിശ്വസിച്ചിട്ടുള്ള لِيَسْتَأْذِنكُمُ നിങ്ങളോട്, അനുവാദം തേടിക്കൊള്ളട്ടെ, സമ്മതം ചോദിക്കട്ടെ الَّذِينَ യാതൊരു കൂട്ടർ مَلَكَتْ (അവരെ) ഉൾപ്പെടുത്തിയിരിക്കുന്നു أَيْمَانُكُمْ നിങ്ങളുടെ വലങ്കൈകൾ وَالَّذِينَ യാതൊരു കൂട്ടരും لَمْ يَبْلُغُوا അവർ എത്തിയിട്ടില്ല, പ്രാപിച്ചിട്ടില്ല الْحُلُمَ തന്റേടം, ബുദ്ധി, പ്രായപൂർത്തി مِنكُمْ നിങ്ങളിൽ നിന്ന് ثَلَاثَ مَرَّاتٍ മൂന്ന് പ്രാവശ്യങ്ങളിൽ (അവസരങ്ങളിൽ) مِن قَبْلِ മുമ്പായി صَلَاةِ الْفَجْرِ ഫജ്ർ (സ്വുബ്ഹ്- പ്രഭാത) നമസ്കാരത്തിന്റെ وَحِينَ تَضَعُونَ നിങ്ങൾ എടുത്തുവെക്കുന്ന നേരത്തും ثِيَابَكُم നിങ്ങളുടെ വസ്ത്രങ്ങളെ مِّنَ الظَّهِيرَةِ ഉച്ചവേളയിലായി وَمِن بَعْدِ ശേഷവും صَلَاةِ الْعِشَاءِ ഇശാ (സ

ന്ധ്യാ) നമസ്കാരത്തിന്റെ ثَلَاثُ عَوْرَاتٍ മൂന്ന് ഗോപ്യാവസരങ്ങളാണ് (മറ്റുള്ളവർ അറിയാവതല്ലാത്തവയാണ്) لَكُمْ നിങ്ങൾക്ക് لَيْسَ عَلَيْكُمْ നിങ്ങളുടെ മേൽ ഇല്ല وَلَا عَلَيْهِمْ അവരുടെ മേലും ഇല്ല جُنَاحٌ കുറ്റം, തെറ്റ് بَعْدَهُنَّ അവയ്ക്കുശേഷം, അവയ്ക്കുപുറമെ طَوَّافُونَ ചുറ്റി(പ്പറ്റി) നടക്കുന്നവരാണ് عَلَيْكُمْ നിങ്ങളിൽ കൂടി بَعْضُكُمْ അതായത് നിങ്ങളിൽ ചിലർ عَلَىٰ بَعْضٍ ചിലരിൽ കൂടി كَذَٰلِكَ അപ്രകാരം, ഇപ്രകാരം يُبَيِّنُ اللَّهُ അല്ലാഹു വിവരിക്കുന്നു لَكُمُ നിങ്ങൾക്ക് الْآيَاتِ ലക്ഷ്യങ്ങളെ وَاللَّهُ عَلِيمٌ അല്ലാഹു സർവ്വജ്ഞനാണ് حَكِيمٌ അഗാധജ്ഞനുമാണ് ﴾59﴿ وَإِذَا بَلَغَ എത്തിയാൽ, പ്രാപിച്ചാൽ, തികഞ്ഞാൽ الْأَطْفَالُ കുട്ടികൾ, ശിശുക്കൾക്ക് مِنكُمُ നിങ്ങളിൽ നിന്ന് الْحُلُمَ തന്റേടം, പ്രായപൂർത്തി فَلْيَسْتَأْذِنُوا എന്നാലവർ സമ്മതം ചോദിക്കട്ടെ كَمَا اسْتَأْذَنَ സമ്മതം ചോദിച്ചത് പോലെ الَّذِينَ مِن قَبْلِهِمْ അവരുടെ മുമ്പുള്ളവർ كَذَٰلِكَ ഇപ്രകാരം, അപ്രകാരം يُبَيِّنُ اللَّهُ അല്ലാഹു വിവരിച്ചു തരുന്നു لَكُمْ നിങ്ങൾക്ക് آيَاتِهِ അവന്റെ ലക്ഷ്യങ്ങളെ وَاللَّهُ അല്ലാഹു عَلِيمٌ സർവ്വജ്ഞനാണ് حَكِيمٌ അഗാധജ്ഞനുമാണ്

പുറത്തുനിന്ന് വീടുകളിൽ പ്രവേശിക്കുവാൻ വരുന്നവർ അനുവാദം ചോദിക്കുന്നതിനെ സംബന്ധിച്ച് മുമ്പ് ചില ആയത്തുകളിൽ പ്രസ്താവിച്ചു. വീട്ടിനുള്ളിൽ തന്നെ അന്യോന്യം പ്രവേശിക്കുന്നതിൽ ആചരിക്കേണ്ടുന്ന ചില മര്യാദകളാണ് ഇവിടെ പറയുന്നത്. അന്യോന്യം ഇടകലർന്നു കഴിഞ്ഞുകൂടുന്ന കുടുംബാംഗങ്ങളെപ്പറ്റി പൊതുവിലും കുട്ടികളെയും അടിമകളെയും സംബന്ധിച്ച് പ്രത്യേകിച്ചും– അവർ ആണായാലും പെണ്ണായാലും ശരി– മൂന്ന് സന്ദർഭങ്ങളിൽ നിയന്ത്രണം ആവശ്യമാണെന്ന് ഈ വചനം വ്യക്തമാക്കുന്നു:

1) 'സ്വുബ്ഹ്' നമസ്ക്കാരത്തിന് മുമ്പ്. അതായത്: കാലത്ത് ഉറക്കത്തിൽനിന്ന് എഴുന്നേൽക്കുന്ന സമയം. സാധാരണ ഉപയോഗിക്കാറുള്ള വസ്ത്രങ്ങൾ നീക്കം ചെയ്ത് അർദ്ധവസ്ത്രങ്ങൾ ധരിച്ചുകൊണ്ടാണല്ലോ മിക്കവാറും ഉറങ്ങാൻ കിടക്കുക. ഉറക്കത്തിലാണെങ്കിൽ ഒരു പക്ഷേ ധരിച്ച വസ്ത്രങ്ങൾ തന്നെ യഥാസ്ഥാനങ്ങളിൽ നിന്ന് നീങ്ങിപ്പോയിരിക്കുകയും ചെയ്യും. കൂടാതെ, എഴുന്നേൽക്കുന്നതോട് കൂടി ആ വസ്ത്രങ്ങൾ മാറ്റി ഉടുക്കുന്ന സമയവുമായിരിക്കും.

2) ഉച്ചസമയം. അതായത്: ഉഷ്ണാധിക്യംകൊണ്ടോ മറ്റോ മദ്ധ്യാഹ്നവിശ്രമത്തിനായി കിടക്കുന്ന സമയം. അപ്പോഴും മേൽപറഞ്ഞ പ്രകാരം അല്പമാത്രമായ വസ്ത്രധാരണത്തിന്റെ അവസരമാണല്ലോ;

3) 'ഇശാ' നമസ്ക്കാരാനന്തരം. എന്നുവെച്ചാൽ; സാധാരണ വസ്ത്രങ്ങൾ മാറ്റിവെച്ചു കിടക്കുവാൻ പോകുന്ന സമയം. പൊതുവിലുള്ള പതിവനുസരിച്ച് ഇങ്ങനെ മൂന്ന് അവസരങ്ങൾ കണക്കാക്കപ്പെട്ടിരിക്കുകയാണ്. ഇത്തരം അവസരങ്ങളിൽ കുട്ടികളായാലും, സ്വന്തം അടിമകളായാലും കിടപ്പറയിലേക്ക് മുന്നറിയിപ്പും, സമ്മതവും കൂടാതെ പ്രവേശിക്കരുതെന്ന് സാരം.

ഇങ്ങനെയുള്ള സന്ദർഭങ്ങളല്ലാത്തപ്പോൾ സമ്മതം ചോദിക്കാതെ അന്യോന്യം പ്രവേശിക്കുകയും കാണുകയും ചെയ്യാവുന്നതാകുന്നു. അതിൽ വിശേഷിച്ച് നിയന്ത്രണമൊന്നും നിശ്ചയിക്കപ്പെടാതിരിക്കുവാനുള്ള കാരണമായിട്ടാണ് ചിലർ ചിലരിൽകൂടി

(പരസ്പരം) ചുറ്റിപ്പറ്റി കഴിയുന്നവരാണ്, (طَوَّافُونَ عَلَيْكُم بَعْضُكُمْ عَلَىٰ بَعْضٍ) എന്ന് അല്ലാഹു പ്രസ്താവിച്ചത്. ഇതിൽനിന്ന് ചില കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം.

1) എപ്പോഴും അന്യോന്യം കൂടിക്കലർന്നും, പരസ്പരം ഇടപെട്ടും കഴിയുന്നവരല്ലാത്ത ആളുകളെ സംബന്ധിച്ച് കുറെക്കൂടി നിഷ്കർഷപാലിക്കേണ്ടതുണ്ട്.

2) കുട്ടികളും, അടിമകളുമല്ലാത്ത അടുത്ത ബന്ധുക്കൾ– 31-ാം വചനത്തിൽ ഒഴിവാക്കപ്പെട്ട കുടുംബങ്ങൾ– അന്യോന്യം കൂടിക്കലർന്നു ജീവിച്ചുപോരുന്നവരാണെങ്കിൽ, അവരും മേൽപറഞ്ഞ പ്രത്യേകാവസരങ്ങളിൽ പ്രവേശനത്തിന് അനുമതി തേടേണ്ടതുണ്ട്. കുട്ടികൾക്ക് പോലും പ്രവേശിക്കാൻ പാടില്ലാത്തപ്പോൾ വലിയവർക്ക് പ്രത്യേകിച്ചും അത് വിരോധമാണെന്ന് പറയേണ്ടതില്ലല്ലോ.

ഈ മൂന്ന് സന്ദർഭങ്ങളിൽ പ്രത്യേകം സമ്മതം ചോദിക്കുവാൻ കൽപിക്കപ്പെട്ടതിനെക്കുറിച്ച് ഇബ്നു അബ്ബാസ് (റ)നോട് ചോദിക്കപ്പെടുകയുണ്ടായി. അദ്ദേഹം കൊടുത്ത മറുപടി ഇതായിരുന്നു: അന്ന് ജനങ്ങൾക്ക് അവരുടെ വാതിലുകളിൽ വിരിയോ, വീടുകളിൽ (വധൂവരൻമാർക്ക് തയ്യാറാക്കപ്പെടുന്ന) അറകളോ പതിവുണ്ടായിരുന്നില്ല. ആകയാൽ, ചിലപ്പോൾ ഒരാളുടെ അടുക്കൽ അവന്റെ ഭൃത്യരോ, മക്കളോ, വളർത്തുന്ന അനാഥയോ പെട്ടന്ന് കടന്നുചെന്നേക്കാം. ഒരു പക്ഷേ, അപ്പോൾ അവൻ തന്റെ ഭാര്യയോടൊന്നിച്ചായിരിക്കും ഉള്ളത്. അതുകൊണ്ടാണ് അല്ലാഹു ഈ അവസരങ്ങളിൽ പ്രത്യേകം പ്രവേശനം മുടക്കുവാൻ കാരണം. പിന്നീട്, ജനങ്ങൾക്ക് അല്ലാഹു കൂടുതൽ കഴിവ് നൽകി അനുഗ്രഹിച്ചു. അപ്പോൾ അവർ വിരികളും അറകളും ഏർപ്പെടുത്തി. ആകയാൽ, ജനങ്ങൾക്ക് ഇപ്പോൾ ഈ മറകൊണ്ട് മതിയാക്കാമെന്ന് വന്നിരിക്കുകയാണ്. (رواه ابن أبي حاتم ولأبي داود نحوه في طريق آخر)

സന്ദർഭോചിതമായ ചില സംഗതികൾ ഇവിടെ ഓർമിക്കുന്നത് നന്നായിരിക്കും; 1) ഇടവും വലവും തിരിച്ചറിയാത്ത ശിശുക്കളെ സംബന്ധിച്ച് മേപ്പടി നിയന്ത്രണം ആവശ്യമില്ലെന്ന് സ്പഷ്ടമാണ്. 2) ആ മൂന്ന് സമയങ്ങളിൽ മാത്രമല്ല, വസ്ത്രങ്ങൾ മാറ്റുകയും, കുറഞ്ഞ വസ്ത്രങ്ങൾ മാത്രം ധരിക്കുകയും ചെയ്യുന്ന അത് പോലെയുള്ള എല്ലാ സന്ദർഭങ്ങളിലും, വിശേഷിച്ച് കുളിപ്പുര, കക്കൂസ്, കിടപ്പറ മുതലായ സ്ഥലങ്ങളിലും പെട്ടെന്ന്– മുന്നറിയിപ്പില്ലാതെ– മറ്റൊരാൾക്ക് കടന്നു ചെല്ലുവാൻ പാടില്ലാത്തതാകുന്നു. 3) പർദ്ദാ നിയമം അന്യൻമാരായവരെ സംബന്ധിച്ചാണ് പാലിക്കേണ്ടതെങ്കിലും, 'ഔറത്ത്' (മുട്ടുപൊക്കിളിന് ഇടയിലുള്ള ഭാഗം) എല്ലാവരിൽ നിന്നും മറയ്ക്കേണ്ടതും, അന്യോന്യം വെളിപ്പെടുത്തുവാനും കാണുവാനും പാടില്ലാത്തതുമാകുന്നു 4) 'ഔറത്ത്' സൂക്ഷ്മമായി മറയ്ക്കുന്ന കാര്യത്തിൽ ഇസ്ലാം എത്രമാത്രം നിഷ്കർഷിക്കുന്നുണ്ടെന്ന് ഇത്തരം ഖുർആൻ വചനങ്ങളിൽ നിന്നും, പല ഹദീഥുകളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. ഇന്ന് മുസ്ലിംകൾക്കിടയിൽ പൊതുവെ ഇക്കാര്യത്തിൽ വേണ്ടത്ര നിഷ്കർഷ കാണുന്നില്ലെന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ഈ രണ്ട് ആയത്തുകളുടെയും അവസാനഭാഗം സൂക്ഷിച്ചു നോക്കുക: ഇപ്രകാരം 'അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങൾ വിവരിച്ചു തരുന്നു'വെന്ന് പറഞ്ഞത് നാം ഗൗരവപൂർവ്വം മനസ്സിരുത്തേണ്ടതാണ്.ചില ഹദീഥുകൾ കൂടി നമുക്ക് ഇവിടെ ഉദ്ധരിക്കാം:-

1. പുരുഷൻ പുരുഷന്റെ ഔറത്തിലേക്കും, സ്ത്രീ സ്ത്രീയുടെ ഔറത്തിലേക്കും നോക്കുന്നതും, ഒരേ വസ്ത്രം മേലിട്ടുകൊണ്ട് രണ്ട് പുരുഷൻമാരോ, രണ്ട് സ്ത്രീകളോ ഒന്നിച്ചു കിടക്കുന്നതും നബിﷺ വിരോധിച്ചിരിക്കുന്നു. (മുസ്ലിം.) 2. അന്യൻമാരായ ഒരു പുരുഷനും ഒരു സ്ത്രീയും കൂടി ഒരു വീട്ടിലോ, മുറിയിലോ തനിച്ചിരിക്കുന്നതും നബിﷺ വിരോധിച്ചിരിക്കുന്നു (ബുഖാരി; മുസ്ലിം.) 3. കുളിക്കുന്നവൻ തുറന്ന സ്ഥ

ലത്ത്‌വെച്ച് കുളിക്കാതെ, എന്തെങ്കിലും ഒരു മറ സ്വീകരിക്കണമെന്നും നബിﷺ കൽപിച്ചിട്ടുണ്ട്. (അബൂദാവൂദ്; നസാഈ.) 4. നബി തിരുമേനിﷺ വെളിക്കിരിക്കുവാൻ പോകുന്നപക്ഷം, ആരും കാണാത്തിടത്ത് പോകുമായിരുന്നു. (അബൂദാവൂദ്.) 5. ഇരുന്ന് മൂത്രിക്കുവാൻ സൗകര്യപ്പെടാത്തപ്പോൾ തിരുമേനി നിന്ന് മൂത്രിക്കുകയുണ്ടായിട്ടുണ്ടെങ്കിലും, സാധാരണനിലക്ക് നിന്നുകൊണ്ട് മൂത്രിക്കുന്നതിനെ അവിടുന്ന് വിരോധിച്ചിരിക്കുന്നു. (തിർമദി; ഇബ്നുമാജഃ) 6. രണ്ട് പേർ അടുത്തിരുന്നു സംസാരിച്ചുകൊണ്ട് ഔറത്ത് തുറന്ന് വെളിക്കിരിക്കുന്നത് അല്ലാഹുവിന്റെ ക്രോധത്തിന് കാരണമാണെന്ന് അവിടുന്ന് പറഞ്ഞിരിക്കുന്നു. (അഹ്മദ്; അബൂദാവൂദ്; ഇബ്നുമാജഃ) 7. മൂത്രിക്കുവാനോ, കാഷ്ടിക്കുവാനോ ഇരിക്കുമ്പോൾ, ഇരിക്കും മുമ്പായി വസ്ത്രം പൊക്കാതെ, നിലത്തോടടുക്കുന്നതോടൊപ്പം മാത്രമേ തിരുമേനി വസ്ത്രം പൊക്കിയിരുന്നുള്ളൂ. (തിർമദീ; അബൂദാവൂദ്; ദാരിമീ.)

സ്ത്രീപുരുഷ സമ്പർക്കത്തിലും, ഔറത്ത് വെളിവാക്കുന്നതിലും അനിയന്ത്രിതമാ ഇന്നത്തെ ചുറ്റുപാടിൽ മുസ്‌ലിംകളായ നാം, അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകളെ മാനിച്ചു പോരുവാൻ അല്ലാഹു നമുക്ക് 'തൗഫീക്' നൽകട്ടെ (آمين). സ്ത്രീകൾ തങ്ങളുടെ സൗന്ദര്യവും, അലങ്കാരവും മറച്ചുവെക്കുന്നതിൽ എത്രമാത്രം നിഷ്കർഷ പാലിക്കേണ്ടതുണ്ടെന്നും, അത് വെളിയിൽ പ്രകടമാക്കുന്നത് എത്രമാത്രം ആക്ഷേപകരമായിട്ടുള്ളതാണെന്നും ഇതാ ഈ ക്വുർആൻ വചനം മാത്രം മനസ്സിരുത്തിയാൽ ആർക്കും മനസ്സിലാക്കാം:

وَٱلْقَوَٰعِدُ مِنَ ٱلنِّسَآءِ ٱلَّـٰتِى لَا يَرْجُونَ نِكَاحًا فَلَيْسَ عَلَيْهِنَّ جُنَاحٌ أَن يَضَعْنَ ثِيَابَهُنَّ غَيْرَ مُتَبَرِّجَـٰتٍۭ بِزِينَةٍ ۖ وَأَن يَسْتَعْفِفْنَ خَيْرٌ لَّهُنَّ ۗ وَٱللَّهُ سَمِيعٌ عَلِيمٌ ﴿٦٠﴾

﴿60﴾ സ്ത്രീകളിൽനിന്ന് - (വാർദ്ധക്യം നിമിത്തം) വിവാഹം പ്രതീക്ഷിക്കാവതല്ലാത്ത - ഇരുപ്പിലായവരാകട്ടെ, അവർക്ക് അവരുടെ (പർദ്ദാ) വസ്ത്രങ്ങൾ - അലങ്കാരമൊന്നും പ്രദർശിപ്പിക്കുന്നവരല്ലാത്ത നിലയിൽ - എടുത്തുവെക്കുന്നതിന് തെറ്റില്ല:- ചാരിത്ര്യ സംരക്ഷണത്തിന് ശ്രമിക്കുന്നത് അവർക്ക് നല്ലതുമത്രെ. അല്ലാഹു (എല്ലാം) കേൾക്കുന്നവനും അറിയുന്നവനുമാകുന്നു.

﴾60﴿ وَالْقَوَاعِدُ ഇരുപ്പിലായ സ്ത്രീകൾ مِنَ النِّسَاءِ സ്ത്രീകളിൽ നിന്ന് اللاتِي യാതൊരു സ്ത്രീകൾ لا يَرْجُونَ അവർ പ്രതീക്ഷിക്കുകയില്ല, പ്രതീക്ഷിക്കാവതല്ല نِكَاحًا വിവാഹത്തെ فَلَيْسَ عَلَيْهِنَّ അവരുടെ മേൽ ഇല്ല جُنَاحٌ തെറ്റ്, കുറ്റം أَنْ يَضَعْنَ അവർ എടുത്തുവെക്കുന്നത് ثِيَابَهُنَّ അവരുടെ വസ്ത്രങ്ങൾ غَيْرَ مُتَبَرِّجَاتٍ പ്രദർശിപ്പിക്കുന്ന (പുറത്തുകാട്ടുന്ന)വരല്ലാത്ത നിലയിൽ بِزِينَةٍ ഒരു അലങ്കാരത്തെയും وَأَنْ يَسْتَعْفِفْنَ അവർ ചാരിത്ര്യം സൂക്ഷിക്കൽ, മാനം സംരക്ഷിക്കാൻ ശ്രമിക്കൽ, خَيْرٌ لَهُنَّ അവർക്ക് നല്ലതാണ് وَاللهُ അല്ലാഹു سَمِيعٌ കേൾക്കുന്നവനാണ് عَلِيمٌ അറിയുന്നവനാണ്, സർവ്വജ്ഞനാണ്

الْقَوَاعِدُ (ഇരുപ്പിലായ സ്ത്രീകൾ) എന്ന് പറഞ്ഞാൽ, വാർദ്ധക്യം നിമിത്തം ഭർത്താവിന്റെ ആവശ്യവും പ്രതീക്ഷയുമില്ലാതെയും, സന്താനങ്ങൾ ജനിക്കാതെയുമുള്ള

അവസ്ഥ എത്തിയ സ്ത്രീകളാകുന്നു. അന്യപുരുഷന്മാരിൽ നിന്ന് ശരീരം മറക്കേണ്ടുന്ന വിഷയത്തിൽ, സാധാരണ സ്ത്രീകളുടെ അത്രതന്നെ നിഷ്‌കർഷ ഇവർക്ക് ആവശ്യമില്ലെന്നാണ് ഈ ആയത്ത് കാണിക്കുന്നത്. 'അവരുടെ വസ്ത്രങ്ങൾ എടുത്തുവെക്കുക' (أَن يَضَعْنَ ثِيَابَهُنَّ) എന്ന് പറഞ്ഞത് കൊണ്ടുദ്ദേശ്യം, തീരെ വസ്ത്രമില്ലാതിരിക്കുക എന്നല്ല; പർദ്ദയുടെ വസ്ത്രങ്ങളായ ചുറ്റിപ്പുത, മൂടുവസ്ത്രം മുതലായവ എടുത്തുവെച്ച് സാധാരണരീതിയിലുള്ള തുണി, കുപ്പായം, മക്കന എന്നിവയുമായി പുരുഷന്മാർക്കിടയിൽ പ്രത്യക്ഷപ്പെടാം എന്ന് മാത്രമേ ഉദ്ദേശ്യമുള്ളൂ. ഇവിടെ 'വസ്ത്രങ്ങൾ' കൊണ്ടുദ്ദേശ്യം ഇപ്പറഞ്ഞതാണെന്നുള്ളതിൽ ആർക്കും ഭിന്നാഭിപ്രായമുള്ളതായി അറിയപ്പെടുന്നില്ല. എന്നാൽ അതും 'അലങ്കാരമൊന്നും പ്രദർശിപ്പിക്കുന്നവരല്ലാത്ത നിലയിൽ (غَيْرَ مُتَبَرِّجَاتٍ بِزِينَةٍ) ആയിരിക്കണമെന്ന നിബന്ധന പ്രത്യേകം ഗൗനിക്കേണ്ടിയിരിക്കുന്നു. കിഴവിയായിരുന്നാൽ പോലും വേഷഭൂഷണങ്ങൾ നിമിത്തം ചിലപ്പോൾ അവൾ സൗന്ദര്യവതിയായി തോന്നിപ്പോകുവാനിടയുള്ളത് കൊണ്ടാണ് ഇക്കാര്യം അല്ലാഹു ഇവിടെ ഓർമപ്പെടുത്തുന്നത്. അലങ്കാരമൊന്നും പ്രദർശിപ്പിക്കാത്ത വിധത്തിലായാൽ തന്നെയും, സാധാരണ വസ്ത്രങ്ങൾകൊണ്ട് മതിയാക്കാതെ -മറ്റ് സ്ത്രീകളെപ്പോലെ -അവരും പർദ്ദ ഉപയോഗിക്കുകയാണ് കൂടുതൽ നല്ലതെന്നത്രെ.............(ചാരിത്യം സംരക്ഷിക്കുവാൻ ശ്രമിക്കുന്നത് അവർക്ക് നല്ലതുമാണ്) എന്ന വാക്യം വ്യക്തമാക്കുന്നത്. ചിന്തിക്കുന്നവർക്ക് ഇതിൽ നിന്ന് മനസ്സിലാക്കാം പർദ്ദയുടെ പ്രാധാന്യം. ഇതെല്ലാം പ്രസ്താവിച്ചു കഴിഞ്ഞശേഷം ആയത്തിന്റെ അവസാനത്തിൽ, 'അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്' എന്ന ഒരു താക്കീതും!

ഇസ്‌ലാമിലെ പർദ്ദാ നിയമങ്ങളെ പഴഞ്ചനും, മാമൂലുമായി ചില മുസ്ലിംകൾപോലും കരുതിവശായിട്ടുണ്ട്. ഏതോ ചുരുക്കം ചില സ്ത്രീകൾ- ഇന്ന് അത്തരക്കാരെ വളരെ വിരളമായേ കാണുകയുള്ളൂ- അന്ധമായി അതിര് കവിഞ്ഞതിന്റെ പേരിൽ, നിയമാനുസൃതമായ പർദ്ദാനിയമങ്ങളെപ്പോലും ആക്ഷേപിക്കുകയും പരിഹാസ്യമായി ചിത്രീകരിക്കുകയും ചെയ്യുന്ന ചിലരെയും കാണാം. കുത്തഴിഞ്ഞ അധാർമിക പ്രസ്ഥാനങ്ങളുടെയും, പരിപൂർണ നഗ്നനൃത്തംവരെയുള്ള അശ്ലീല കലകളുടെയും ഒഴുക്കിൽപെട്ടു മനുഷ്യന്റെ മനുഷ്യത്വവും, പുരുഷന്റെ പുരുഷത്വവും, സ്ത്രീയുടെ സ്ത്രീത്വവുമെല്ലാം നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണല്ലോ ഇത്. മാനുഷിക മൂല്യങ്ങളെ അതിജയിച്ചു മുന്നേറിക്കൊണ്ടിരിക്കുന്ന ആധുനികപരിഷ്കാരസംസ്ക്കാരങ്ങളുടെ ദൃഷ്ടിയിൽ ഇസ്‌ലാമിലെ പർദ്ദാനിയമം അപമാനിക്കപ്പെടുന്നതിൽ അത്ഭുതമില്ല. പക്ഷേ, പണ്ഡിതവേദികളിൽ നിന്ന് തന്നെ ചില ആളുകൾ, പർദ്ദാ നിയമങ്ങളെ നിരുത്സാഹപ്പെടുത്തുകയും, ജനഹിതത്തിനൊത്ത് ലഘൂകരിച്ചു വ്യാഖ്യാനിക്കുകയും ചെയ്തുകാണുന്നതാണ് അത്ഭുതം! പർദ്ദയെ സംബന്ധിച്ചിടത്തോളം, അതിൽ അതിരുകവിഞ്ഞാലുണ്ടായേക്കാവുന്ന ദോഷഭവിഷ്യത്തുകളെക്കാൾ എത്രയോ മടങ്ങ് അപായകരമാണ് അത് കൈവെടിയുന്നതിന്റെ അനന്തരഫലങ്ങളെന്ന് അവർ ഓർക്കുന്നില്ല.

അത്യാവശ്യതോതിലെങ്കിലും പർദ്ദാനിയമങ്ങൾ പാലിക്കുന്ന സ്ത്രീകൾ ഇന്ന് കേരളമുസ്‌ലിംകളിൽ താരതമ്യേന കുറവാണെന്നതാണ് പരമാർത്ഥം. അതേ സമയത്ത് ഒരു വിഭാഗം സ്ത്രീകൾ- യഥാർത്ഥ മതവിജ്ഞാനം ലഭിക്കാത്ത അഭ്യസ്തവിദ്യരിലും, പുരോഗമന മ്ലേച്ഛുക്കളെന്ന് അവകാശപ്പെടുന്നവരിലുമാണ് ഇപ്പോൾ കൂടുതലുള്ളത്- അർധ നഗ്നരായും പുരുഷന്മാരെ ആകർഷിക്കുന്ന വേഷഭൂഷാദികളണിഞ്ഞും പരസ്യ വിഹാരം ചെയ്യാൻ സങ്കോചമില്ലാത്തവരാണെന്ന വസ്തുതയും നിഷേധിക്കുക സാധ്യമല്ല. അമുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം ഇതിന്റെവിധി എന്ത് തന്നെ ആയി

രുന്നാലും ശരി, മുസ്ലിംകളാണെന്ന് അവകാശപ്പെടുന്നവർക്ക് ഇതൊട്ടും ചേർന്നതല്ല. ഇത്തരം സംസ്ക്കാരവും ഇസ്ലാമുമായി വിദൂരബന്ധംപോലുമില്ലതന്നെ. വസ്ത്രം ധരിച്ചിട്ടുണ്ടെങ്കിലും, ശരീരത്തിന്റെ കുറേഭാഗം വെളിക്കുകാണാവുന്ന വിധം അർദ്ധ ധാരണംകൊണ്ട് മതിയാക്കുകയോ, ശരീരാവയവങ്ങളെ പ്രത്യക്ഷത്തിൽ കാണാവുന്ന വിധം (നൈലോൺപോലുള്ള) സ്ഫടിക സമാനമായ നേർമവസ്ത്രങ്ങൾ ധരിക്കുകയോ ചെയ്യുന്നവരും, പുരുഷൻമാരെ ആകർഷിക്കുമാറുള്ള പെരുമാറ്റങ്ങളും നടപടികളും സ്വീകരിച്ചു വരുന്നവരുമായ സ്ത്രീകളെ (**نساء كاسيات عاريات مميلات مائلات**)ക്കുറിച്ച് ഇമാം മുസ്ലിം (റ) നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീഥിൽ നബിﷺ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: **لا يدخلن الجنة ولا يجدن ريحها**(അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല, അവർക്കതിന്റെ പരിമളംപോലും ലഭിക്കുകയുമില്ല.)

പർദ്ദാവിഷയകമായി സൂറത്തുൽ അഹ്സാബി (**الاحزاب**)ലും ചില പ്രസ്താവനകൾ കാണാവുന്നതാണ്. അടുത്ത വചനത്തിൽ ഭക്ഷണസംബന്ധമായ ചില കാര്യങ്ങളെ വിവരിക്കുന്നു:

لَّيْسَ عَلَى ٱلْأَعْمَىٰ حَرَجٌ وَلَا عَلَى ٱلْأَعْرَجِ حَرَجٌ وَلَا عَلَى ٱلْمَرِيضِ حَرَجٌ وَلَا عَلَىٰٓ أَنفُسِكُمْ أَن تَأْكُلُوا۟ مِنۢ بُيُوتِكُمْ

﴿61﴾ നിങ്ങളുടെ വീടുകളിൽ നിന്ന് (ഭക്ഷണം) തിന്നുന്നതിന് അന്ധന്റെ മേൽ വിഷമമില്ല; മുടന്തന്റെ മേലും വിഷമമില്ല; രോഗിയുടെ മേലും- നിങ്ങളുടെ സ്വന്തം പേരിലും തന്നെ- വിഷമമില്ല;-

أَوْ بُيُوتِ ءَابَآئِكُمْ أَوْ بُيُوتِ أُمَّهَـٰتِكُمْ أَوْ بُيُوتِ إِخْوَٰنِكُمْ أَوْ بُيُوتِ أَخَوَٰتِكُمْ أَوْ بُيُوتِ أَعْمَـٰمِكُمْ أَوْ بُيُوتِ عَمَّـٰتِكُمْ أَوْ بُيُوتِ أَخْوَٰلِكُمْ أَوْ بُيُوتِ خَـٰلَـٰتِكُمْ أَوْ مَا مَلَكْتُم مَّفَاتِحَهُۥٓ

അല്ലെങ്കിൽ നിങ്ങളുടെ പിതാക്കളുടെ വീടുകൾ, അല്ലെങ്കിൽ മാതാക്കളുടെ വീടുകൾ, അല്ലെങ്കിൽ സഹോദരൻമാരുടെ വീടുകൾ, അല്ലെങ്കിൽ സഹോദരിമാരുടെ വീടുകൾ, അല്ലെങ്കിൽ പിതൃവ്യന്മാരുടെ വീടുകൾ, അല്ലെങ്കിൽ പിതൃസഹോദരികളുടെ വീടുകൾ, അല്ലെങ്കിൽ മാതൃസഹോദരൻമാരുടെ വീടുകൾ, അല്ലെങ്കിൽ മാതൃസഹോദരിമാരുടെ വീടുകൾ, അല്ലെങ്കിൽ നിങ്ങൾക്ക് താക്കോൽ അധീനമായിട്ടുള്ളവ,

أَوْ صَدِيقِكُمْ ۚ لَيْسَ عَلَيْكُمْ جُنَاحٌ أَن تَأْكُلُوا۟ جَمِيعًا أَوْ أَشْتَاتًا ۚ

അല്ലെങ്കിൽ നിങ്ങളുടെ ചങ്ങാതിയുടേത്; (എന്നിവയിൽ നിന്നും ഭക്ഷണം കഴിക്കുന്നതിന് വിഷമമില്ല;) നിങ്ങൾ ഒരുമിച്ചോ, അല്ലെങ്കിൽ വെവ്വേറെയോ തിന്നുന്നതിന് നിങ്ങളുടെ മേൽ തെറ്റില്ല.

فَإِذَا دَخَلْتُم بُيُوتًا فَسَلِّمُوا۟ عَلَىٰٓ أَنفُسِكُمْ تَحِيَّةً مِّنْ عِندِ ٱللَّهِ مُبَـٰرَكَةً طَيِّبَةً ۚ

എന്നാൽ, നിങ്ങൾ വല്ല വീടുകളിലും പ്രവേശിക്കുന്നതായാൽ, നിങ്ങൾ നിങ്ങൾക്ക് തന്നെ- അല്ലാഹുവിങ്കൽ നിന്നുള്ള പാവനമായ ഒരു അനുഗൃഹീത ഉപചാരമെന്ന നിലക്ക്- സലാം ചൊല്ലണം.

كَذَٰلِكَ يُبَيِّنُ ٱللَّهُ لَكُمُ ٱلْـَٔايَـٰتِ لَعَلَّكُمْ تَعْقِلُونَ ﴿٦١﴾

ഇപ്രകാരം, അല്ലാഹു നിങ്ങൾക്ക് ലക്ഷ്യങ്ങളെ വിവരിച്ചു തരുകയാണ്- നിങ്ങൾ മനസ്സിരുത്തുവാൻ വേണ്ടി.

﴾61﴿ لَيْسَ عَلَى الأَعْمَى അന്ധന്റെ (കുരുടന്റെ) മേൽ ഇല്ല حَرَجٌ വിഷമം, ബുദ്ധിമുട്ട് وَلاَ عَلَى الأَعْرَجِ മുടന്തന്റെ മേലും ഇല്ല حَرَجٌ വിഷമം وَلاَ عَلَى الْمَرِيضِ രോഗിയുടെ മേലും ഇല്ല حَرَجٌ വിഷമം وَلاَ عَلَى أَنفُسِكُمْ നിങ്ങളുടെ സ്വന്തം പേരിലും ഇല്ല أَن تَأْكُلُوا നിങ്ങൾ ഭക്ഷിക്കൽ, തിന്നൽ مِن بُيُوتِكُمْ നിങ്ങളുടെ വീടുകളിൽ നിന്ന് أَوْ بُيُوتِ آبَائِكُمْ അല്ലെങ്കിൽ നിങ്ങളുടെ പിതാക്കളുടെ വീടുകളിൽ أَوْ بُيُوتِ أُمَّهَاتِكُمْ അല്ലെങ്കിൽ നിങ്ങളുടെ മാതാക്കളുടെ വീടുകളിൽ أَوْ بُيُوتِ إِخْوَانِكُمْ അല്ലെങ്കിൽ നിങ്ങളുടെ സഹോദരൻമാരുടെ വീടുകളിൽ أَوْ بُيُوتِ أَخَوَاتِكُمْ അല്ലെങ്കിൽ നിങ്ങളുടെ സഹോദരിമാരുടെ വീടുകളിൽ أَوْ بُيُوتِ أَعْمَامِكُمْ അല്ലെങ്കിൽ നിങ്ങളുടെ പിതൃവ്യൻമാരുടെ വീടുകളിൽ أَوْ بُيُوتِ عَمَّاتِكُمْ അല്ലെങ്കിൽ നിങ്ങളുടെ അമ്മായികളുടെ വീടുകളിൽ أَوْ بُيُوتِ أَخْوَالِكُمْ അല്ലെങ്കിൽ നിങ്ങളുടെ അമ്മാവൻമാരുടെ വീടുകളിൽ أَوْ بُيُوتِ خَالاَتِكُمْ അല്ലെങ്കിൽ നിങ്ങളുടെ ചിറ്റമ്മ (ഇളയമ്മ-മൂത്തമ്മ)കളുടെ വീടുകളിൽ أَوْ مَا അല്ലെങ്കിൽ യാതൊന്നിൽ مَلَكْتُم നിങ്ങൾക്ക് അധീനമായിരിക്കുന്നു, നിങ്ങൾ ഉടമപ്പെടുത്തിയിരിക്കുന്നു مَفَاتِحَهُ അതിന്റെ താക്കോലുകൾ أَوْ صَدِيقِكُمْ അല്ലെങ്കിൽ നിങ്ങളുടെ ചങ്ങാതിയുടെ (വീട്ടിൽ നിന്ന്) لَيْسَ عَلَيْكُمْ നിങ്ങളുടെ മേൽ ഇല്ല جُنَاحٌ തെറ്റ് أَن تَأْكُلُوا നിങ്ങൾ തിന്നുന്നതിന് جَمِيعًا ഒന്നായി, എല്ലാവരും കൂടി, ഒരുമിച്ച് أَوْ أَشْتَاتًا അല്ലെങ്കിൽ വെവ്വേറെ, പിരിഞ്ഞുകൊണ്ട് فَإِذَا دَخَلْتُم എന്നാൽ നിങ്ങൾ പ്രവേശിക്കുന്നതായാൽ بُيُوتًا വല്ല വീടുകളിലും فَسَلِّمُوا അപ്പോൾ നിങ്ങൾ സലാം ചൊല്ലുവിൻ

عَلَىٰٓ أَنفُسِكُمْ നിങ്ങൾക്ക് തന്നെ, നിങ്ങളുടെ സ്വന്തം ദേഹങ്ങൾക്ക് تَحِيَّةً കാഴ്ചയായി (ഉപചാരമെന്ന നിലയിൽ) مِّنْ عِندِ ٱللَّهِ അല്ലാഹുവിങ്കൽ നിന്നുള്ള مُبَٰرَكَةً ആശീർവ്വദിക്കപ്പെട്ട, അനുഗൃഹീതമായ طَيِّبَةً പാവനമായ, നല്ലതായ, ശുദ്ധമായ كَذَٰلِكَ അപ്രകാരം يُبَيِّنُ ٱللَّهُ അല്ലാഹു വിവരിച്ചുതരുന്നു لَكُمُ നിങ്ങൾക്ക് ٱلْءَايَٰتِ ലക്ഷ്യങ്ങളെ لَعَلَّكُمْ നിങ്ങളാകുവാൻ, നിങ്ങളായേക്കാം تَعْقِلُونَ മനസ്സിരുത്തുന്ന, മനസ്സിലാക്കുന്ന(വർ)

അന്ധൻമാർ, മുടന്തൻമാർ, രോഗികൾ എന്നിവരുടെ കൂടെ ഭക്ഷണം തിന്നുന്നതിന് വിഷമമില്ല എന്ന് പറഞ്ഞതിന്റെ താൽപര്യം വിവരിക്കുന്നതിൽ, മുൻഗാമികളായ മഹാൻമാർക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ കാണപ്പെടുന്നു.

1) സാധാരണ ആരോഗ്യവാൻമാരായ ആളുകളൊന്നിച്ച് ഭക്ഷണം കഴിക്കുമ്പോൾ, ഇവർക്ക് മറ്റുള്ളവരെപ്പോലെത്തന്നെ അത് ഉപയോഗിക്കുവാനുള്ള കഴിവും, സാമർത്ഥ്യവും ഇല്ലാതിരിക്കുന്നത് കൊണ്ട് അവരൊന്നിച്ച് ഭക്ഷണം കഴിക്കുന്നത് അന്യായമാണെന്ന് ചിലർ കരുതി വന്നിരുന്നു. 'നിങ്ങളുടെ ധനം നിങ്ങൾക്കിടയിൽ അന്യായമായി തിന്നരുത്' (وَلَا تَأْكُلُوٓا۟ أَمْوَٰلَكُم بَيْنَكُم بِٱلْبَٰطِلِ) എന്ന ക്വുർആൻ വാക്യത്തിന്റെ അർത്ഥവ്യാപ്തിയിൽ ഇതും ഉൾപ്പെട്ടേക്കുമോ എന്നും അവർ ഭയപ്പെട്ടിരുന്നു. ആകയാൽ, അതിന്ന് വിരോധമില്ലെന്ന് കാണിക്കുകയാണ് ഈ ആയത്തിന്റെ താൽപര്യം എന്നാണ് ഒരഭിപ്രായം. ഇപ്രകാരം ഇബ്നുഅബ്ബാസ് (റ) പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു.

2) ഇങ്ങനെയുള്ളവർ, മറ്റുള്ളവരോടൊപ്പം ഭക്ഷണം കഴിക്കുന്നത് അവർക്ക് തൃപ്തികരമായിരിക്കയില്ലെന്ന് കരുതി ഇവർ സ്വയം തന്നെ ഒഴിഞ്ഞു നിൽക്കാറുണ്ടായിരുന്നു. ഇതിനെപ്പറ്റിയാണ് ഈ വചനത്തിൽ പറയുന്നതെന്ന് ചിലർ അഭിപ്രായപ്പെടുന്നു.

3) നേരെമറിച്ച് ഇവരൊടൊപ്പം ഇരുന്നു ഭക്ഷണം കഴിക്കുന്നത് ചില ആളുകൾ മ്ലേച്ഛമായി കരുതിയിരുന്നതിനെക്കുറിച്ചാണിത് എന്നാണ് മറ്റൊരഭിപ്രായം.

4) അന്ധൻമാർ മുതലായ വൈകല്യമുള്ളവരെ തങ്ങളുടെ സ്വന്തം വീടുകളിൽവെച്ച് സ്വീകരിക്കുവാൻ സൗകര്യം കുറവായിരുന്നതുകൊണ്ട് ചില ആളുകൾ അവരെ തങ്ങളുടെ കുടുംബങ്ങളുടെ ഗൃഹങ്ങളിലേക്ക് കൂട്ടിക്കൊണ്ടുപോകാറുണ്ടായിരുന്നുവെന്നും, അത് ഇവർക്ക് -അന്ധന്മാർ തുടങ്ങിയവർക്ക് -അസുഖമായിത്തോന്നാറുണ്ടായിരുന്നുവെന്നും, അതിനെപ്പറ്റിയാണിവിടെ പറഞ്ഞതെന്നും വേറെ ചിലർ അഭിപ്രായപ്പെടുന്നു.

5) ഇനി ഒരഭിപ്രായമുള്ളത് സഈദുബ്നുൽ മുസയ്യബ് (റ), ഉബൈദുല്ലാഹിബ്നു അബ്ദില്ലാ (റ) മുതലായവരുടെ അഭിപ്രായമാണ്. അതായത്: മുസ്ലിംകൾ യുദ്ധയാത്രകൾ ചെയ്യുമ്പോൾ, അവരുടെ ബന്ധുക്കളും, യുദ്ധത്തിന് പോകാൻ കഴിയാത്തവരുമായ മേപ്പടി ആളുകളുടെ വശം, തങ്ങളുടെ വീടുകളുടെ താക്കോൽ കൊടുത്തേൽപിക്കുക പതിവായിരുന്നു. അവർ മടങ്ങിവരുന്നത് വരെ ആ വീടുകളിൽ നിന്ന് ഭക്ഷണവും മറ്റും ഉപയോഗിച്ചുകൊള്ളുവാൻ അവരോട് പറയുകയും ചെയ്യും. എന്നാൽ വീട്ടുടമസ്ഥന്മാരുടെ അഭാവത്തിൽ അവർ അതിന് മടിക്കുമായിരുന്നു. ഇങ്ങനെയുള്ള വിഷമങ്ങളൊന്നും സഹിക്കേണ്ടുന്ന ആവശ്യമില്ല എന്നാണ് ആയത്തിന്റെ താൽപര്യമെന്നത്രെ ഇവർ പറയുന്നത്. ഈ ഒടുവിൽ പറഞ്ഞ അഭിപ്രായത്തിന്നാണ് മഹാനായ ഇബ്നു ജരീർ (റ)പോലെയുള്ള ചില വ്യാഖ്യാതാക്കൾ കൂടുതൽ പ്രാധാന്യം കൽപിച്ചിരിക്കു

ന്നത്. ഒന്നാമത്തെ അഭിപ്രായവും പലരും ബലപ്പെടുത്തിയിട്ടുണ്ട്. الله اعلم

ഏതായാലും, തത്വപരമായി നോക്കുമ്പോൾ ഈ അഭിപ്രായങ്ങൾ തമ്മിൽ പരസ്പര വൈരുദ്ധ്യമുള്ളവയല്ല. ആയത്തിന്റെ അവതരണഹേതു ഏതായിരുന്നുവെന്നതിലുള്ള വ്യത്യസ്താഭിപ്രായങ്ങൾ മാത്രമാണവ. മേൽപറഞ്ഞ തരത്തിലുള്ള യാതൊരു വിഷമങ്ങളും അവരെ– അന്ധരെയും, മുടന്തരെയും, രോഗികളെയും– സംബന്ധിച്ച് മതത്തിൽ ഇല്ല എന്നാണ് ആയത്തിന്റെ സാരമെന്ന് നമുക്ക് മൊത്തത്തിൽ മനസ്സിലാക്കാം. അപ്പോൾ ആയത്തിന്റെ ആകെസാരം ഇങ്ങനെ സംഗ്രഹിക്കാം: 'അന്ധൻമാർ, മുടന്തൻമാർ, രോഗികൾ മുതലായവരും, അല്ലാത്ത ആളുകളും തങ്ങളുടെ സ്വന്തം വീടുകളിൽനിന്നോ, അല്ലെങ്കിൽ (തുടർന്നു വിവരിച്ചിട്ടുള്ള) ബന്ധുക്കളുടെയും സ്നേഹജനങ്ങളുടെയും വീടുകളിൽനിന്നോ ഭക്ഷണം കഴിക്കുന്നതിനാകട്ടെ, ഒന്നിച്ചോ, വെവ്വേറെയോ ഭക്ഷണം കഴിക്കുന്നതിനാകട്ടെ മതത്തിൽ യാതൊരു വിരോധവുമില്ല.'

بُيُوتِكُمْ (നിങ്ങളുടെ വീടുകൾ) എന്ന് പറഞ്ഞതിൽ, സ്വഭാര്യമാരുടെയും മക്കളുടെയും വീടുകൾ ഉൾപ്പെടുന്നു. 'നീയും നിന്റെ ധനവും നിന്റെ പിതാവിന്റേത് തന്നെ.' എന്നും, 'നിങ്ങൾ ഭക്ഷിക്കുന്നതിൽവെച്ച് ഏറ്റവും ശുദ്ധമായത് നിങ്ങളുടെ സമ്പാദ്യത്തിൽ നിന്നുള്ളതാണ്; നിങ്ങളുടെ മക്കളും നിങ്ങളുടെ സമ്പാദ്യത്തിൽ പെട്ടതാകുന്നു.' എന്നും നബിﷺ പ്രസ്താവിച്ചതായി ഹദീഥിൽ വന്നിട്ടുണ്ട്. 'താക്കോൽ അധീനമാകുക' എന്നതിന്റെ വിവക്ഷ, വീട്ടിന്റെ കൈകാര്യം കൈവശമുണ്ടായിരിക്കുക എന്നത്രെ. ഒരു വീട്ടിന്റെയോ, സ്വത്തിന്റെയോ കൈകാര്യം ഏൽപിക്കപ്പെട്ട കാര്യസ്ഥൻമാർക്കും, അടിമകൾ, കുട്ടികൾ മുതലായവരുടെ കൈകാര്യങ്ങൾ നടത്തുവാൻ ചുമതലപ്പെട്ടവർക്കും, അതാത് വീടുകൾ അധീനപ്പെട്ടവയായിരിക്കുന്നതാണ്. കുടുംബബന്ധം ഉണ്ടായാലും ഇല്ലെങ്കിലും ശരി, പരസ്പരം സ്നേഹവും ഇണക്കവും ഉള്ളവരെല്ലാം ചങ്ങാതി (صديق)മാരിൽ ഉൾപ്പെടുന്നു.

മേൽപ്രസ്താവിച്ച വീടുകളിൽ നിന്നെല്ലാം ഭക്ഷണം കഴിക്കുന്നതിന് വിഷമമില്ല എന്നതിന്റെ താൽപര്യം; പ്രത്യേകം ക്ഷണിക്കാതെയും, വീട്ടുകാർ ഹാജറില്ലാത്തപ്പോഴും അവിടെ പ്രവേശിക്കുന്നതിനും, ഭക്ഷണം കഴിക്കുന്നതിനും, തെറ്റില്ല എന്നാണ്. പക്ഷേ, സാധാരണ മര്യാദയിൽ കവിഞ്ഞ് അമിതമായോ, വീട്ടുകാരുടെ തൃപ്തി കൂടാതെയോ, വീട്ടുകാർക്ക് ഏതെങ്കിലും വിഷമം നേരിടത്തക്ക വിധത്തിലോ ഒന്നും പാടില്ലെന്ന് പ്രത്യേകം പറയേണ്ടതില്ല. അത് പോലത്തന്നെ, തമ്മിൽ കാണുവാൻ പാടില്ലാത്ത ആളുകൾ അകത്തുള്ളപക്ഷം, അനുവാദം ചോദിച്ചും, മുകളിൽ കണ്ട മര്യാദകൾ പാലിച്ചും കൊണ്ടേ വീടുകളിൽ പ്രവേശിക്കുവാനും പാടുള്ളൂ.

മുമ്പ്, അറബികളിൽ ചിലർ, ഒറ്റയായി ഭക്ഷണം കഴിപ്പാൻ മടിച്ചിരുന്നതായും കൂട്ടുകാരെ കിട്ടാത്തപ്പോൾ ഭക്ഷണം ഉപേക്ഷിച്ചിരുന്നതായും, ഇബ്നുഅബ്ബാസ് (റ)ൽ നിന്ന് നിവേദനം ചെയ്യപ്പെട്ടിരിക്കുന്നു. മറിച്ച് വേറെചിലർ കൂട്ടത്തിൽ ഭക്ഷണം കഴിപ്പാൻ ഇഷ്ടപ്പെടാത്തവരും ഉണ്ടായിരിക്കാമെന്നതും സ്വാഭാവികമാണല്ലോ. ഒറ്റയായോ കൂട്ടായോ മാത്രമേ ഭക്ഷണം കഴിക്കാവൂ എന്ന് നിർബന്ധമില്ലെന്നും, സൗകര്യംപോലെ രണ്ടും ആവാമെന്നും ഈ ആയത്ത് സ്പഷ്ടമാക്കുന്നു. ആപേക്ഷികമായി നോക്കുമ്പോൾ ഒറ്റയായിരുന്ന് ഭക്ഷണം കഴിക്കുന്നതിനെക്കാൾ ഉത്തമം കൂട്ടായിട്ടാണെന്ന് ഹദീഥുകളാലും മറ്റും സ്ഥാപിതമായിട്ടുള്ളതാണ്.

ഒരാൾ വന്നു നബിﷺയോട്: 'ഞങ്ങൾ ഭക്ഷണം കഴിച്ചിട്ട് വയറ് നിറയുന്നില്ല (മതിതോന്നുന്നില്ല)' എന്ന് പറയുകയുണ്ടായി. തിരുമേനി പറഞ്ഞു: 'നിങ്ങൾ വേറിട്ടായിരിക്കാം

ഭക്ഷണം കഴിക്കുന്നത്? നിങ്ങൾ നിങ്ങളുടെ ഭക്ഷണത്തിന് ഒരുമിച്ചിരിക്കുകയും, അല്ലാഹുവിന്റെ നാമം (ബിസ്മി) പറയുകയും ചെയ്യുവിൻ. എന്നാൽ നിങ്ങൾക്ക് ബർക്കത്തുണ്ടാകും.' (رواه احمد وابوداود وابن ماجه) മറ്റൊരു ഹദീഥിൽ നബി ﷺ ഇപ്രകാരം അരുളിച്ചെയ്യുന്നു: 'നിങ്ങൾ ഒരുമിച്ചു ഭക്ഷണം കഴിക്കുവിൻ: വേറിട്ട് കഴിക്കരുത്. കാരണം: ബർക്കത്ത് (അഭിവൃദ്ധി) സംഘത്തോടൊപ്പമായിരിക്കും'. كلوا جميعا ولا تفرقوا فان البركة مع الجماعة - ابن ماجه വാസ്തവത്തിൽ, അനുഭവങ്ങൾതന്നെ ഈ നബി വചനത്തിന് സാക്ഷ്യം നൽകുന്നത് കാണാം.

മേൽപറഞ്ഞ ഏത് വീട്ടിൽനിന്നും ഭക്ഷണം കഴിക്കാം, ആരൊന്നിച്ചും കഴിക്കാം. വേണമെങ്കിൽ ഒറ്റക്കിരുന്നും കഴിക്കാം, എന്നൊക്കെ നമ്മുടെ സൗകര്യത്തിന് വിട്ടുതന്നശേഷം ഒരു കാര്യം അല്ലാഹു പ്രത്യേകം ഓർമിപ്പിക്കുന്നത് നോക്കുക: 'നിങ്ങൾ ഏത് വീട്ടിൽ ചെല്ലുമ്പോഴും സലാം പറഞ്ഞു കടക്കണം.' ഇതാണത്, 'വീട്ടുകാർക്ക് സലാം പറയണം' എന്ന് പറയാതെ, 'നിങ്ങൾക്ക് തന്നെ സലാം പറയണം' (فَسَلِّمُوا عَلَىٰٓ أَنفُسِكُمْ) എന്ന് പറഞ്ഞി ട്ടുള്ളത് വളരെ സാരഗർഭമാകുന്നു. നിങ്ങളെല്ലാവരും- നിങ്ങളും നിങ്ങളുടെ കുടുംബങ്ങൾ തുടങ്ങിയ ബന്ധുക്കളും- അല്ല മുസ്‌ലിംകളെല്ലാവരുംതന്നെ- ഒരൊറ്റ ദേഹമാണ്! അതുകൊണ്ട് നിങ്ങൾ പരസ്പരം സലാം പറയുന്നതും, ആ സലാമിന്റെ ഫലം ലഭിക്കുന്നതും നിങ്ങൾക്കുതന്നെയാണ്, ഇക്കാര്യം നിങ്ങൾ പ്രത്യേകം മനസ്സിരുത്തണം, എന്നൊക്കെ ആ വാക്ക് സൂചിപ്പിക്കുന്നു. സ്വന്തം വീട്ടിൽ ചെല്ലുമ്പോൾ, ഭാര്യക്കും മക്കൾക്കും സലാം പറയണമെന്ന് ഹദീഥിൽ പ്രത്യേകം പ്രോൽസാഹിപ്പിക്കപ്പെട്ടിട്ടുണ്ട്. ദൈർഘ്യംകൊണ്ട് ഹദീഥുകൾ ഉദ്ധരിക്കുന്നില്ല. ഒരു വീട്ടിൽ ചെല്ലുമ്പോൾ അവിടെ ആരെയും കാണാത്തപക്ഷം സ്വന്തം ദേഹത്തിന് തന്നെ, السلام علينا (നമുക്ക് സാമാധാനശാന്തി ഉണ്ടാവട്ടെ) എന്ന് സലാം പറയേണ്ടതാണെന്ന് മുജാഹിദ് (റ), ക്വത്താദഃ (റ) മുതലായവരിൽ നിന്ന് പ്രമാണിക്കപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള ഇസ്‌ലാമിക മര്യാദകൾ മുസ്‌ലിംകൾക്കിടയിൽ ഇന്ന് മിക്കവാറും വിസ്മരിക്കപ്പെട്ടിരിക്കുകയാണ്! വാസ്തവത്തിൽ അതിന്റെ അനന്തരഫലം സമുദായം ഇന്ന് അനുഭവിക്കുന്നുമുണ്ട്.

സലാമിന്റെ പ്രാധാന്യം എത്രമാത്രമാണെന്ന് മനസ്സിലാക്കുവാൻ അല്ലാഹു അതിന് കൊടുത്തിരിക്കുന്ന നാമവിശേഷണം മാത്രം ആലോചിച്ചാൽ മതിയാകും: تَحِيَّةً مِّنْ عِندِ اللَّهِ مُبَارَكَةً طَيِّبَةً ഹാ! എത്ര മഹത്തായ ഒന്നായിട്ടാണ് അല്ലാഹു അതിനെ വർണിച്ചത്?! അല്ലാഹുവിങ്കൽ നിന്നുള്ള ഉപചാര വാക്കാണത്. അവന്റെ വക കാഴ്ചയാണത് (تَحِيَّةً مِّنْ عِندِ اللَّهِ). അനുഗ്രഹീതമാണ്, അഭിവൃദ്ധിയുള്ളതാണ്, ആശീർവ്വദിക്കപ്പെട്ടതാണ് (مُبَارَكَةً). പരിപാവനമാണ്, പരിശുദ്ധമാണ്, നല്ലതാണ്, ഹൃദയശുദ്ധിയോടുകൂടിയതാണ് (طَيِّبَةً). എനി സലാമിന്റെ അർത്ഥമാണെങ്കിലോ? 'നിങ്ങൾക്ക് സമാധാന ശാന്തി ഉണ്ടാകട്ടെ' എന്ന പ്രാർത്ഥനയുമാണത്. സലാം മടക്കുന്നവൻ 'നിങ്ങൾക്കും സമാധാനശാന്തി ഉണ്ടാവട്ടെ' എന്ന് പ്രത്യുത്തരം പറയുകയും ചെയ്യുന്നു. ഇതിലപ്പുറം എന്തൊരു ഉപചാരവചനമാണ് മനുഷ്യർ തമ്മിൽ പറയുവാനുള്ളത്?! നബി ﷺ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു:

لا يدخلون الجنة حتى تؤمنوا ولاتؤمنوا حتى تحابوا اولا ادلكم على شيء اذا فعلتموه تحاببتم افشوا السلام بينكم - مسلم

'നിങ്ങൾ വിശ്വസിക്കുന്നത് വരെ സ്വർഗത്തിൽ നിങ്ങൾ പ്രവേശിക്കുന്നതല്ല. നിങ്ങൾ അന്യോന്യം സ്നേഹിക്കുന്നത് വരെ നിങ്ങൾക്ക് വിശ്വാസമുണ്ടാകുകയില്ല. നിങ്ങൾക്ക് ഞാൻ ഒരു കാര്യം അറിയിച്ചു തരട്ടെയോ? അത് നിങ്ങൾ ചെയ്താൽ നിങ്ങൾക്ക് അന്യോന്യം സ്നേഹമുണ്ടാകും. അതായത്;നിങ്ങൾ നിങ്ങൾക്കിടയിൽ സലാം പ്രചാരപ്പെടുത്തുവിൻ'! (മുസ്‌ലിം.)

ഇങ്ങനെയുള്ള ഇസ്‌ലാമിക മര്യാദകളും ആചാരോപചാരങ്ങളും ഇത്ര വിസ്തരിച്ചു വെളിവാക്കുവാനുള്ള കാരണം 58-ഉം, 59-ഉം ആയത്തുകളിൽ പ്രസ്താവിച്ചിരിക്കുന്നു. ഇവിടെ വീണ്ടും അല്ലാഹു ആവർത്തിച്ചു പറയുന്നത് നോക്കുക: كَذَٰلِكَ يُبَيِّنُ اللَّهُ لَكُمُ الآيَاتِ لَعَلَّكُمْ تَعْقِلُون അതെ, 'നിങ്ങൾ മനസ്സിരുത്തുവാൻവേണ്ടിയാണ് അല്ലാഹു ലക്ഷ്യങ്ങളെ ഇപ്രകാരം വിവരിച്ചു തരുന്നത്.'

വിഭാഗം - 9

إِنَّمَا ٱلْمُؤْمِنُونَ ٱلَّذِينَ ءَامَنُوا۟ بِٱللَّهِ وَرَسُولِهِۦ وَإِذَا كَانُوا۟ مَعَهُۥ عَلَىٰٓ أَمْرٍ جَامِعٍ لَّمْ يَذْهَبُوا۟ حَتَّىٰ يَسْتَـْٔذِنُوهُ ۚ إِنَّ ٱلَّذِينَ يَسْتَـْٔذِنُونَكَ أُو۟لَـٰٓئِكَ ٱلَّذِينَ يُؤْمِنُونَ بِٱللَّهِ وَرَسُولِهِۦ ۚ فَإِذَا ٱسْتَـْٔذَنُوكَ لِبَعْضِ شَأْنِهِمْ فَأْذَن لِّمَن شِئْتَ مِنْهُمْ وَٱسْتَغْفِرْ لَهُمُ ٱللَّهَ ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿٦٢﴾

﴾62﴿ നിശ്ചയമായും, അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിച്ചവർ മാത്രമാണ് സത്യവിശ്വാസികൾ, അവർ അദ്ദേഹത്തിന്റെ [റസൂലിന്റെ] കൂടെ പൊതുവായ ഒരു കാര്യത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നാൽ, അദ്ദേഹത്തോട് സമ്മതം ചോദിക്കാതെ അവർ (വിട്ട്) പോകുന്നതല്ല.

(നബിയേ!) നിശ്ചയമായും, യാതൊരു കൂട്ടർ നിന്നോട് സമ്മതം ചോദിക്കുന്നുവോ അക്കൂട്ടർ തന്നെയാണ് അല്ലാഹുവിലും, അവന്റെ റസൂലിലും, വിശ്വസിക്കുന്നവർ.

അതിനാൽ, അവർ തങ്ങളുടെ ചില കാര്യങ്ങൾക്കുവേണ്ടി (വിട്ട് പോകുവാൻ) നിന്നോട് സമ്മതം ചോദിക്കുന്നതായാൽ, അവരിൽനിന്ന് നീ ഉദ്ദേശിച്ചവർക്ക് സമ്മതം കൊടുത്തുകൊള്ളുക: അവർക്ക് വേണ്ടി അല്ലാഹുവിനോട് പാപമോചനം തേടുകയും ചെയ്യുക. നിശ്ചയമായും, അല്ലാഹു പൊറുക്കുന്നവനും കരുണാനിധിയും ആകുന്നു.

﴾62﴿ إِنَّمَا الْمُؤْمِنُونَ നിശ്ചയമായും സത്യവിശ്വാസികൾ الَّذِينَ آمَنُوا വിശ്വസിച്ചവർ (മാത്രമാണ്) بِاللَّهِ അല്ലാഹുവിൽ وَرَسُولِهِ അവന്റെ റസൂലിലും, ദൂതനിലും وَإِذَا كَانُوا അവർ ആയിരുന്നാൽ مَعَهُ അദ്ദേഹത്തിന്റെ കൂടെ عَلَىٰ أَمْرٍ ഒരു കാര്യത്തിൽ جَامِعٍ പൊതുവായ لَمْ يَذْهَبُوا അവർ പോകയില്ല حَتَّىٰ يَسْتَأْذِنُوهُ അദ്ദേഹത്തോട് അവർ സമ്മതം ചോദിക്കുന്നതുവരെ (ചോദിക്കാതെ) إِنَّ الَّذِينَ നിശ്ചയമായും യാതൊരുകൂട്ടർ يَسْتَأْذِنُونَكَ അവർ നിന്നോട് സമ്മതം ചോദിക്കും أُولَٰئِكَ അക്കൂട്ടർ തന്നെയാണ് الَّذِينَ يُؤْمِنُونَ വിശ്വസിക്കുന്നവർ بِاللَّهِ അല്ലാഹുവിൽ وَرَسُولِهِ അവന്റെ റസൂലിലും فَإِذَا اسْتَأْذَنُوكَ ആകയാൽ അവർ നിന്നോട് സമ്മതം ചോദിച്ചാൽ لِبَعْضِ شَأْنِهِمْ അവരുടെ ചില കാര്യത്തിനുവേണ്ടി فَأْذَنْ അപ്പോൾ സമ്മതം കൊടുക്കുക لِمَنْ شِئْتَ നീ ഉദ്ദേശിച്ചവർക്ക് مِنْهُمْ അവരിൽ നിന്ന് وَاسْتَغْفِرْ നീ പാപമോചനം (പൊറുതി) തേടുകയും ചെയ്യുക لَهُمُ അവർക്ക് اللَّهَ അല്ലാഹുവിനോട് إِنَّ اللَّهَ നിശ്ചയമായും അല്ലാഹു غَفُورٌ പൊറുക്കുന്നവനാണ് رَحِيمٌ കരുണാനിധിയുമാണ്

വീട്ടിലെ അംഗങ്ങൾ, കുടുംബങ്ങൾ, സ്നേഹജനങ്ങൾ എന്നീ നിലക്ക് തമ്മതമ്മിൽ ആചരിക്കേണ്ടുന്ന പല മര്യാദകളും നിയമനിർദ്ദേശങ്ങളും വിവരിച്ചശേഷം, സംഘങ്ങളും, സംഘടനകളും അനുഷ്ഠിക്കേണ്ടുന്ന ചില ബാധ്യതകളെ ഈ വചനത്തിൽ അല്ലാഹു അറിയിക്കുന്നു.

കുറൈശികളും, അറബികളായ മറ്റ് പല കക്ഷികളും കൂടി ഒത്തൊരുമിച്ച് മുസ്‌ലിംകളുമായി നടത്തിയ ശ്രുതിപ്പെട്ട 'അഹ്സാബ്' (الاحزاب) യുദ്ധത്തിൽ, മദീനാപരിസരങ്ങളിൽ മുസ്‌ലിംകൾ വമ്പിച്ച ഒരു കിടങ്ങ് (الخندق) കുഴിച്ചിരുന്നുവല്ലോ. ഈ ജോലി നടന്നുകൊണ്ടിരിക്കുമ്പോൾ, കപടവിശ്വാസികളായ പലരും തക്കം നോക്കി ഉപായത്തിൽ അതിൽനിന്ന് ഒഴിഞ്ഞുമാറുകയും, കഴിച്ചലായിപ്പോകുകയും ചെയ്തിരുന്നു. സത്യവിശ്വാസികളാകട്ടെ, അനിവാര്യമായ ആവശ്യം നേരിടുമ്പോൾ നബിﷺയോട് അനുവാദം വാങ്ങിക്കൊണ്ട് മാത്രം സ്ഥലം വിട്ട് പോകുകയും, ആവശ്യം തീർന്ന ഉടനെ തിരിച്ചുവരികയും ചെയ്തിരുന്നു. ഈ യുദ്ധത്തിൽ കപടവിശ്വാസികൾ മൂലം വേറെയും ചില ശല്യങ്ങൾ മുസ്‌ലിംകൾക്ക് ഉണ്ടായിട്ടുണ്ട്. പ്രസ്തുത സംഭവമാണ് ഈ ആയത്തും അടുത്ത ആയത്തും അവതരിക്കുവാൻ ഹേതുവെന്ന് പറയപ്പെടുന്നു.الله اعلم

അവതരണഹേതു ഏതായിരുന്നാലും ശരി, ഒരു സംഘവും അതിന്റെ നേതാവും തമ്മിലുള്ള ബന്ധത്തെയും ആ നേതാവിനെ അനുസരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രവർത്തന പരിപാടികളിൽ അച്ചടക്കത്തോടെ സഹകരിക്കുന്നതിന്റെ പ്രാധാന്യത്തെയുമാണ് ഇത് ചൂണ്ടിക്കാട്ടുന്നത്. നബി തിരുമേനിﷺയുടെ സാന്നിദ്ധ്യത്തിലും, അവിടുത്തെ നേതൃത്വത്തിലും നടന്നുകൊണ്ടിരിക്കുന്ന ഒരു സംരംഭത്തിൽ നിന്നു ഒഴിഞ്ഞുമാറി കഴിച്ചലാകുകയെന്നത് നിശ്ചയമായും ഒരു സത്യവിശ്വാസിയിൽ നിന്ന് ഉണ്ടാകുവാൻ നിവൃത്തിയില്ല. അത് കപടവിശ്വാസത്തിന്റെ വ്യക്തമായ ലക്ഷണമാണ്. നേരെമറിച്ച് അതിൽ അച്ചടക്കവും അനുസരണവും പാലിക്കുന്നത് സത്യവിശ്വാസത്തിന്റെ ലക്ഷണവുമാണ് എന്ന് അല്ലാഹു പ്രസ്താവിക്കുന്നു. നബിﷺയുടെ മുമ്പിൽ സത്യവിശ്വാസികൾ എത്രമാത്രം ബഹുമാനത്തോടും, അച്ചടക്കത്തോടും വർത്തിക്കേണ്ടതുണ്ടെന്ന്

അടുത്ത ആയത്തിൽനിന്ന് കൂടുതൽ മനസ്സിലാക്കാം.

'അവർ തങ്ങളുടെ ചില കാര്യങ്ങൾക്കുവേണ്ടി സമ്മതം ചോദിച്ചാൽ നീ ഉദ്ദേശിക്കുന്നവർക്ക് സമ്മതം കൊടുത്തുകൊള്ളുക' എന്ന് പറഞ്ഞത് സാരഗർഭമാകുന്നു. സമ്മതം ചോദിക്കുന്നവർ ഉന്നയിക്കുന്ന കാരണങ്ങൾ ന്യായീകരിക്കാവുന്നതാണോ, അവർ സമ്മതിക്ക് അർഹരാണോ, സന്ദർഭം അതിന് യോജിച്ചതാണോ എന്നൊക്കെ ആലോചിച്ചു യുക്തംപോലെ ചെയ്യാമെന്നല്ലാതെ, ചോദിക്കുന്നവർക്കെല്ലാം സമ്മതം കൊടുക്കേണ്ടതില്ല എന്ന് സാരം. ആയത്തിന്റെ ആദ്യഭാഗം നേതാവിനോടുള്ള കടമയും, രണ്ടാമത്തെ ഭാഗം നേതാവിന്റെ അധികാരാവകാശത്തെയും കുറിക്കുന്നു. അത്യാവശ്യകാര്യങ്ങൾക്ക്പോലും- അതും തിരുമേനിയുടെ സമ്മതപ്രകാരം- കൂട്ടായി നടത്തപ്പെടുന്ന പ്രവർത്തനങ്ങളിൽ നിന്ന് ഇടക്കുവെച്ച് ഒഴിവായിപ്പോകുന്നവർക്ക് വേണ്ടി പാപമോചനം തേടണമെന്ന് അല്ലാഹു തുടർന്നു പറയുന്നു. പൊതുവായ അടിയന്തരഘട്ടങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിന്റെ ഗൗരവം എത്രമാത്രമുണ്ടെന്ന് ഇതിൽ നിന്നൊക്കെ ഊഹിക്കാവുന്നതാണ്.

امر جامع (പൊതുവായ കാര്യം) എന്നതിന് ഉദാഹരണമായി മുൻഗാമികളായ പണ്ഡിതൻമാരിൽ ചിലർ, യുദ്ധകാര്യങ്ങളെയും, വേറെ ചിലർ, ജുമുഅഃ, പെരുന്നാൾ, ജമാഅത്ത് നമസ്കാരങ്ങൾ മുതലായവയെയും, എടുത്തുകാണിച്ചിട്ടുള്ളത് സ്മരണീയമാകുന്നു. പ്രസംഗം (**الخطبة**) നടക്കുന്ന എല്ലാ നമസ്ക്കാരയോഗങ്ങളും ഇതിൽ ഉൾപ്പെടുമെന്ന് ദ്വഹ്ഹാക്കും (**الضحاك** رح) ഇബ്നുസൈദ് (റ) മുതലായവരും പറയുന്നു. ഇന്ന് നാം പല സ്ഥലങ്ങളിലും വെച്ച് ആളുകളെ വിളിച്ചുകൂട്ടി നടത്താറുള്ള സദുപദേശങ്ങൾ, കൂടിയാലോചനകൾ, പ്രസ്താവനകൾ മുതലായവ ആദ്യകാലങ്ങളിൽ പള്ളികളിൽവെച്ചും, നമസ്കാരാനന്തരവുമായിരുന്നു മിക്കവാറും നിർവ്വഹിക്കപ്പെട്ടിരുന്നത്. പള്ളികളും പൊതുജനങ്ങളുമായുള്ള ബന്ധം ഇന്ന് നാമമാത്രമായിരിക്കകൊണ്ട് നമുക്ക് അതിന് അങ്ങാടികളും പീടികകളും മറ്റും ആശ്രയിക്കേണ്ടി വന്നിരിക്കുകയാണ്. അത്തരം കാര്യങ്ങൾ നബി തിരുമേനിﷺയുടെ നേതൃത്വത്തിൽ നടക്കുമ്പോൾ, അവിടുത്തോട് സമ്മതം വാങ്ങാതെ സ്ഥലം വിടുന്നതിനെപ്പറ്റിയാണ് ആയത്തിൽ പ്രതിപാദിച്ചത്. എങ്കിലും, മുസ്‌ലിംകൾ, അവരുടെ നേതാക്കളോട് ആചരിക്കേണ്ടുന്ന പൊതുമര്യാദയാണ് ഇതെന്ന് -ഹസൻ (റ) മുതലായ പലരും പറഞ്ഞതായി നിവേദനം ചെയ്യപ്പെട്ടിട്ടുള്ളതുപോലെ -നാം ഓർമിക്കേണ്ടിയിരിക്കുന്നു. യോഗങ്ങളുടെയും, സദസ്സുകളുടെയും നേതൃസ്ഥാനത്തുള്ള ആളുകളുമായി സദസ്യർക്ക് യാതൊരു ബന്ധവും കടപ്പാടും ഇല്ലാത്ത ഒരു നിലയാണ് ഇന്ന് പൊതുവിലുള്ളത്. ഇസ്‌ലാമിക വീക്ഷണത്തിൽ ഇത് ശരിയല്ലെന്ന് ഈ ആയത്തിൽ നിന്ന് ഗ്രഹിക്കാവുന്നതാണ്.

لَّا تَجْعَلُوا۟ دُعَآءَ ٱلرَّسُولِ بَيْنَكُمْ

﴾63﴿ നിങ്ങൾക്കിടയിൽവെച്ച് റസൂലിനെ വിളിക്കുന്നത്, നിങ്ങളിൽ ചിലർ ചിലരെ വിളിക്കുന്ന പ്രകാരം നിങ്ങളാക്കരുത്.

كَدُعَآءِ بَعْضِكُم بَعْضًا ۚ

قَدْ يَعْلَمُ ٱللَّهُ ٱلَّذِينَ يَتَسَلَّلُونَ

നിങ്ങളിൽനിന്ന് ഒളിഞ്ഞുകൊണ്ട് ചോർന്നു (കഴിച്ചലായി) പോകുന്നവരെ തീർച്ചയായും അല്ലാഹു അറി

مِنكُمْ لِوَاذًا ۚ فَلْيَحْذَرِ ٱلَّذِينَ يُخَالِفُونَ عَنْ أَمْرِهِۦٓ أَن تُصِيبَهُمْ فِتْنَةٌ أَوْ يُصِيبَهُمْ عَذَابٌ أَلِيمٌ ﴿٦٣﴾

യുന്നതാണ്. ആകയാൽ, അദ്ദേഹ ത്തിന്റെ കല്പനക്ക് എതിര് പ്രവർത്തി ക്കുന്നവർ, അവർക്ക് വല്ല പരീക്ഷ ണവും [ആപത്തും] ബാധിക്കുക യോ, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് കരുതി (സൂക്ഷിച്ചു)കൊള്ളട്ടെ!

《63》 لَاتَجْعَلُوا നിങ്ങൾ ആക്കരുത് دُعَاءَ الرَّسُولِ റസൂലിനെ വിളിക്കുന്നത് بَيْنَكُمْ നിങ്ങൾക്കിടയിൽവെച്ച് كَدُعَاءِ വിളിക്കുന്ന പ്രകാരം, വിളിപോലെ بَعْضِكُم നിങ്ങളിൽ ചിലർ, നിങ്ങളിൽ ചിലരുടെ بَعْضًا ചിലരെ قَدْيَعْلَمُ اللهُ തീർച്ചയായും അല്ലാഹു അറിയുന്നതാണ് الَّذِينَ يَتَسَلَّلُونَ ചോർന്നുപോകുന്നവരെ, ഊരിക്കഴിഞ്ഞുപോകുന്നവരെ مِنكُمْ നിങ്ങളിൽ നിന്ന് لِوَاذًا ഒളിഞ്ഞുകൊണ്ട്, മറഞ്ഞുകൊണ്ട് فَلْيَحْذَرِ അതുകൊണ്ടുകരുതിക്കൊള്ളട്ടെ, കാത്തുകൊള്ളട്ടെ, ജാഗ്രതയായിരിക്കട്ടെ الَّذِينَ يُخَالِفُونَ എതിര് പ്രവർത്തിക്കുന്നവർ عَنْ أَمْرِهِ അദ്ദേഹത്തിന്റെ കൽപനക്ക് أَن تُصِيبَهُمْ അവർക്ക് ബാധിക്കുന്നത് فِتْنَةٌ വല്ല പരീക്ഷണവും, ആപത്തും, കുഴപ്പവും أَوْ يُصِيبَهُمْ അല്ലെങ്കിൽ അവർക്ക് ബാധിക്കുന്നത് عَذَابٌ വല്ല ശിക്ഷയും أَلِيمٌ വേദനയേറിയ

സാധാരണമായി ജനങ്ങൾ പരസ്പരം പേരും മറ്റും വിളിച്ചു സംബോധന ചെയ്യുന്നതുപോലെ നബി തിരുമേനിﷺയെ വിളിക്കുവാൻ പാടില്ലെന്നും, 'നബിയേ, റസൂലേ' (പ്രവാചകരേ, ദൈവദൂതരേ) എന്നിങ്ങനെ ആദരപൂർവ്വം മാത്രമേ തിരുമേനിയെ സംബോധന ചെയ്യാവൂ എന്നുമാണ് അല്ലാഹു കൽപിക്കുന്നത്. നബി തിരുമേനിﷺയോട് വാക്കിലും പെരുമാറ്റത്തിലുമെല്ലാം തന്നെ എത്രമേൽ മര്യാദയോടെ വർത്തിക്കണമെന്ന് മനസ്സിലാക്കുവാൻ ഈ ഒരേഒരു ക്വുർആൻ വാക്യം മതിയാകും. വിശുദ്ധക്വുർആനിൽ പോലും തിരുമേനിയെ 'മുഹമ്മദേ' എന്നോ 'മനുഷ്യാ' എന്നോ അല്ലാഹു വിളിച്ചിട്ടില്ല. മാത്രമല്ല-'നബിയേ, റസൂലേ, പുതപ്പിട്ടിരിക്കുന്ന ആളേ' (ياايها النبي - ياايها الرسول -ياايها المدثر) എന്നും മറ്റുമാണ് വിളിച്ചിട്ടുള്ളത്. ഈ ആയത്തും തന്നെ, നബിﷺയെ സംബന്ധിച്ചാണ് പ്രതിപാദിക്കുന്നതെങ്കിലും, മഹാൻമാരായ ആളുകളോടുള്ള സംസാരത്തിലും, സംബോധനകളിലുമെല്ലാം ചില മര്യാദകൾ പാലിക്കേണ്ടതുണ്ടെന്ന വസ്തുതയും ഈ വചനത്തിന്റെ വെളിച്ചത്തിൽ നമുക്ക് ഗ്രഹിക്കുവാൻ സാധിക്കുന്നതാണ്.

دُعَاء (ദുആ) എന്ന വാക്കിന് ഇവിടെ പ്രാർത്ഥന എന്നും ചിലർ അർത്ഥം കല്പിച്ചിട്ടുണ്ട്. അപ്പോൾ ആയത്തിന്റെ സാരം, റസൂലിന്റെ പ്രാർത്ഥന നിങ്ങൾ തമ്മതമ്മിൽ (ഗുണമായോ ദോഷമായോ) ചെയ്യുന്ന പ്രാർത്ഥനപോലെ കണക്കാക്കരുത് എന്നായിരിക്കും. അതായത്: നബിﷺയുടെ പ്രാർത്ഥന അല്ലാഹുവിങ്കൽ പ്രത്യേകം സ്വീകാര്യമായിരിക്കുന്നതാകകൊണ്ട് അദ്ദേഹത്തിൽനിന്നും നിങ്ങൾക്ക് ഗുണത്തിന് വേണ്ടിയുള്ള പ്രാർത്ഥന ലഭിക്കുവാൻതക്ക സാഹചര്യങ്ങൾ നിങ്ങൾ ഉണ്ടാക്കണം, നിങ്ങളുടെ ഗുണത്തിലല്ലാതെ കലാശിക്കത്തക്ക പ്രാർത്ഥന അദ്ദേഹത്തിൽനിന്നുണ്ടാകുവാൻ ഇടവരു

ത്തരുത് എന്നൊക്കെ മുസ്‌ലിംകളെ ഉണർത്തുകയായിരിക്കും ആ അർത്ഥപ്രകാരം ആയത്തിന്റെ താല്പര്യം.

തുടർന്നുകൊണ്ട്- കഴിഞ്ഞ ആയത്തിൽ ചൂണ്ടിക്കാട്ടിയത് പോലെ -പൊതുകാര്യങ്ങളിൽനിന്ന് നബിﷺയുടെ സമ്മതം കൂടാതെ ഉപായത്തിലും, തന്ത്രത്തിലും ചോർന്നുപോകുന്നവരെ അല്ലാഹു ശക്തിയായി താക്കീത് ചെയ്യുന്നു. അവരെപ്പറ്റി അല്ലാഹു ശരിക്ക് അറിയുമെന്ന് പറഞ്ഞതിന് പുറമെ, അവർ കാത്തുകൊള്ളട്ടെ- ഒന്നുകിൽ പരീക്ഷണം, അല്ലെങ്കിൽ വേദനയേറിയ ശിക്ഷ- എന്ന് കനത്ത ഒരു താക്കീതും! അല്ലാഹു നമ്മെ കാത്തുരക്ഷിക്കട്ടെ. آمين

ഏതെങ്കിലും ഒന്നിന്റെ മറപിടിച്ചു രക്ഷപ്പെടുവാൻ ശ്രമിക്കുന്നതിനാണ് لواذا എന്ന് സാധാരണ ഉപയോഗിക്കപ്പെടുന്നത്. വല്ല ഉപായവും തക്കിടിയും പറഞ്ഞു, ഒഴിഞ്ഞുമാറുക എന്നതാണ് ഇവിടെ ഉദ്ദേശ്യം. എല്ലാ നല്ല പൊതുകാര്യങ്ങളിൽനിന്നും, പ്രധാനപ്പെട്ട രംഗങ്ങളിൽനിന്നും, എന്തെങ്കിലും കാരണങ്ങളുടെ പേരിൽ ഒഴിഞ്ഞുമാറുന്നവരും ഈ താക്കിത് ഗൗനിക്കേണ്ടതാകുന്നു. നബി തിരുമേനിﷺയുടെ കാലക്കാർക്ക് മാത്രമല്ല ഈ ആയത്ത് ബാധകമാകുന്നത്. അവിടുത്തെ കാലശേഷം, അവിടുത്തെ കല്പനക്കും, ചര്യക്കും എതിർ പ്രവർത്തിക്കുകയും, അത് ന്യായീകരിക്കുവാൻവേണ്ടി എന്തെങ്കിലും ദുർന്യായങ്ങളും, യുക്തിവാദങ്ങളും പറഞ്ഞൊപ്പിക്കുകയും ചെയ്യുന്ന ആളുകളും ഈ താക്കീത് സഗൗരവം ഗൗനിക്കേണ്ടിയിരിക്കുന്നു. 'പരീക്ഷണം' (فِتنة) മിക്കവാറും ഇഹത്തിൽ വെച്ചും 'വേദനയേറിയ ശിക്ഷ (عذاب اليم) മിക്കവാറും പരത്തിൽവെച്ചും സംഭവിക്കുന്നതായിരിക്കുമെന്നാണ് വിചാരിക്കേണ്ടത്. الله اعلم

ഈ അദ്ധ്യാത്തെ അല്ലാഹു ഇപ്രകാരം അവസാനിപ്പിക്കുന്നു:-

أَلَآ إِنَّ لِلَّهِ مَا فِي ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ قَدْ يَعْلَمُ مَآ أَنتُمْ عَلَيْهِ وَيَوْمَ يُرْجَعُونَ إِلَيْهِ فَيُنَبِّئُهُم بِمَا عَمِلُوا۟ ۗ وَٱللَّهُ بِكُلِّ شَىْءٍ عَلِيمٌۢ ﴿٦٤﴾

﴾64﴿ അല്ലാ! (അറിയുക) നിശ്ചയമായും, ആകാശങ്ങളിലും, ഭൂമിയിലും ഉള്ളത് (മുഴുവനും) അല്ലാഹുവിന്റേതാകുന്നു.

നിങ്ങൾ ഏതൊരു നിലയിലാണുള്ളതെന്നും, അവർ [കപടവിശ്വാസികളായുള്ളവർ] അവന്റെ അടുക്കലേക്ക് മടക്കപ്പെടുന്ന ദിവസവും അവൻ തീർച്ചയായും അറിയുന്നു; അപ്പോൾ അവർ പ്രവർത്തിച്ചതിനെപ്പറ്റി അവൻ അവരെ ബോധപ്പെടുത്തുന്നതാകുന്നു. അല്ലാഹു എല്ലാ കാര്യത്തെപ്പറ്റിയും അറിയുന്നവനാണ്.

﴾64﴿ أَلَآ അല്ലാ, അറിയുക إِنَّ لِلَّهِ നിശ്ചയമായും അല്ലാഹുവിന്റെതാണ്, അല്ലാഹുവിനാണ് مَا യാതൊന്ന് فِي السَّمَاوَاتِ ആകാശത്തിലുള്ള وَالأَرْضِ ഭൂമിയിലും قَدْ يَعْلَمُ തീർച്ചയായും അവൻ അറിയും مَا യാതൊന്നിനെ أَنتُمْ നിങ്ങൾ عَلَيْهِ അതിലാണ് (അങ്ങനെയുള്ള) وَيَوْمَ يُرْجَعُونَ അവർ മടക്കപ്പെടുന്ന ദിവസവും إِلَيْهِ അവങ്കലേക്ക് بِمَا عَمِلُوا

അവർ പ്രവർത്തിച്ചതിനെപ്പറ്റി وَاللَّهُ അല്ലാഹു بِكُلِّ شَيْءٍ എല്ലാ വസ്തുവിനെപ്പറ്റിയും عَلِيمٌ അറിയുന്നവനാണ്

അല്ലാഹുവിന്റെ നിയമനിർദ്ദേശങ്ങൾ സ്വീകരിച്ചും, നബി തിരുമേനിﷺയുടെ ചര്യ അനുസരിച്ചും ജീവിച്ചുവരുന്ന സജ്ജനങ്ങളുടെ കൂട്ടത്തിൽ അവൻ നമ്മളെയെല്ലാം ഉൾപ്പെടുത്തട്ടെ! آمين

﴿كان الفراغ من تبييض تفسير هذه السورة يوم الاحد ٢٩ رمضان المبارك ١٣٨٢ هجرية (٢٤ فيراير ١٩٦٣ م) كتبه بيده افقر العباد الى الله محمد الامانى بجامع تدكبلم ـ جعله الله تعالى عملا صالحا بارا نافعا ـ ولله الحمد اولا واخراوله الفضل والمنة وهو الموفق والمعين وصلى الله على النبي الكريم محمد واله وصحبه والتابعين لهم بإحسان الى يوم الدين﴾